# മലയാള പാഠപുസ്തകം

(പദ്യവും ഗദ്യവും വ്യാകരണവും)

## +2 MALAYALAM
### (POETRY, PROSE & GRAMMAR)

TAMILNADU
TEXTBOOK CORPORATION
College Road, Chennai - 600 006

# മലയാള പാഠപുസ്തകം

(പദ്യവും ഗദ്യവും വ്യാകരണവും)

ഹയർസെക്കൻഡറി - രണ്ടാംവർഷം

അയിത്തം ഒരു പാപമാണ്.

അയിത്തം ഒരു മഹാപാതകമാണ്.

അയിത്തം മനുഷ്യത്വമില്ലായ്മയാണ്.


**TAMILNADU TEXTBOOK CORPORATION**

College Road, Chennai - 600 006

## COMMITTEE


CHAIRPERSON: -

**Dr. C.G. Rajendra Babu, M.A, Ph.D.,**
Head of the Dept. of Malayalam,
University of Madras,
Madras - 600 005.

REVIEWERS :-

**Dr. E.K. Purushothaman, M.A. Ph.D.,**
Professor of Malayalam (Rtd.)
Madras Christian College
Madras - 600 059.

**Mrs. A. Radhamani Amma, M.A, M. Phil.,**
Head of the Dept. of Malayalam
Presidency College
Madras 600 005.

**AUTHORS :-**

**T.P. Viswanathan Nambiar,**
**M.A. (Mal), M.A. (Eng), M.A. (Hindi), M.Ed.,**
PG Asst. in Malayalam
Madras Christian College HSS,
Madras - 600 031.

**V.N. Krishna Pillai, M.A. M.Ed.,**
PG Asst. in Malayalam
TCK Hgr. Sec. School,
Padanthalumoodu
Kanyakumari Dist.



**PRICE : Rs. 12·50**

This book has been printed on 60 G.S.M. paper.

**Printed by Web-Offset at SUN PRINTS. Madras - 600 014.**

# ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ സിന്‌ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്‌കല ബംഗാ

വിന്‌ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്‌ഛല ജലധി തരംഗ
തവശുഭ നാമേ ജാഗേ
തവശുഭ ആശിഷമാഗേ,
ഗാഹേ തവ ജയ ഗാഥാ

ജനഗണ മംഗള ദായക ജയഹേ
ഭാരത ഭാഗ്യ വിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

# ദേശീയ ഗാനം - സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്‌ധ്, ഗുജറാത്ത്, മറാഠാ, ദ്രാവിഡം, ഉൽക്കൽ, വംഗം ആദിയായ പ്രദേശങ്ങളും വിന്‌ധ്യ ഹിമാചലാദി പർവ്വതങ്ങളും യമുനാ ഗംഗാദി നദികളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു; അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു; അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു. ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേല്‌ക്കുമേൽ വിജയിക്കട്ടെ!

# ദേശീയ ഉദ്ഗ്രഥന പ്രതിജ്ഞ

രാജ്യത്തിൻെറ സ്വാതന്ത്ര്യവും സമന്വയവും സംരക്ഷിക്കുന്നതിനും സുശക്തമാക്കുന്നതിനും ഞാൻ ആത്മാർപ്പണത്തോടെ പ്രവർത്തിക്കുമെന്നു് പ്രതിജ്ഞ ചെയ്യുന്നു.

"കൂടാതെ, ഞാൻ ഒരിക്കലും അക്രമം അവലംബിക്കുകയില്ലെന്നും മതം, ഭാഷ, പ്രാന്തം, രാഷ്ട്രീയമോ, സാമ്പത്തികമോ ആയ അസ്വസ്ഥതകൾ ഇവ സംബന്ധിച്ച എല്ലാ അഭിപ്രായ വ്യത്യാസങ്ങളും വിവാദങ്ങളും സമാധാനപരവും ഭരണഘടനാനുസൃതവുമായ മാർഗ്ഗങ്ങളിലൂടെ തീരുമാനിക്കേണ്ടതാണെന്നും ഞാൻ ഉറപ്പിച്ചു പറയുന്നു."

# തമിഴ് തായ്സ്തുതി

നീരാറും കടലുടുത്ത നിലമടന്തൈക്കെഴിലൊഴുകും
ശീരാറും വദനമെനത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിടനൽ തിരുനാടും
തക്ക ചിറു പിറൈനുതലും ധരിത്തനറും തിലകമുമേ
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണക്ക ഇരുന്ത പെരുന്തമിഴണങ്കേ!
ഉൻ ശീരിളമൈത്തിറം വിയന്തു
ചെയൽ മറന്തു വാഴ്ത്തുതുമേ! വാഴ്ത്തുതുമേ! വാഴ്ത്തുതുമേ!

— 'മനോൻമണീയം' പെ. സുന്ദരം പിള്ള

# പ്രസ്താവന

തമിഴ്നാട്ടിൽ ന്യൂനപക്ഷമായ മലയാള വിദ്യാർത്ഥികൾക്കുവേണ്ടി തമിഴ്നാട് സർക്കാരിന്റെ നിർദ്ദേശാനുസരണം പാഠപുസ്തക കോർപ്പറേഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകമാണിത്. പ്രൊഫസർ യശ്പാൽ കമ്മറ്റിയും മാൽക്കം ആദിശേഷയ്യ കമ്മറ്റിയും സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ച എം.എൽ.എൽ (മിനിമം ലെവൽ ലേണിംഗ്) പദ്ധതി പ്രകാരം തയ്യാറാക്കിയ സിലബസ്സ് അനുസരിച്ച് രൂപം നല്കിയിട്ടുള്ളതാണ് ഈ പാഠപുസ്തകം. വിദ്യാർത്ഥികൾക്ക് ഭാഷാപഠനം ഭാരമായി തോന്നാതിരിക്കണമെന്ന വിചാരത്തോടെയാണ് ഈ പുസ്തകത്തിലെ പാഠങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളത്.

പത്തു പദ്യപാഠങ്ങളും എട്ടു ഗദ്യ പാഠങ്ങളും ആണ് ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അവ കേരളത്തിലെയും തമിഴ്നാട്ടിലെയും സാംസ്ക്കാരിക ജീവിതവുമായി വിദ്യാർത്ഥികൾക്കുള്ള പരിചയം വർദ്ധിപ്പിക്കാൻ സഹായകമാകുമെന്നാണ് പ്രതീക്ഷ. മറ്റു മൂല്യങ്ങളോടൊപ്പം വിദ്യാർത്ഥികളിൽ ദേശീയബോധം ഉണർത്താനും പരസ്പര സൌഹാർദ്ദം വളർത്താനും ഈ പുസ്തകം പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

ഡോ. സി.ജി. രാജേന്ദ്രബാബു
ചെയർമാൻ

# വിഷയ വിവരം

## പദ്യം


| | | പേജ് |
|---|---|---|
| 1. | ലങ്കാദഹനം (എഴുത്തച്ഛൻ) | 1 |
| 2. | നള-കാർക്കോടക സമാഗമം (ഉണ്ണായിവാര്യർ) | 7 |
| 3. | ചിന്താവിഷ്ടയായ സീത (കുമാരനാശാൻ) | 13 |
| 4. | പെരുന്തച്ചൻ (ജി. ശങ്കരക്കുറുപ്പ്) | 22 |
| 5. | വീരകേരളം (പി. കുഞ്ഞിരാമൻനായർ) | 28 |
| 6. | കളങ്കമറ്റ കൈ (ബാലാമണിയമ്മ) | 36 |
| 7. | കാളിദാസൻെറ സിംഹാസനം (എൻ. വി. കൃഷ്ണവാര്യർ) | 40 |
| 8. | നല്ല ഹൈമവതഭൂവിൽ (വയലാർ രാമവർമ്മ) | 51 |
| 9. | കോതമ്പുമണികൾ (ഒ.എൻ.വി. കുറുപ്പ്) | 56 |
| 10. | പ്രിയതമേ, പ്രഭാതമേ (അയ്യപ്പപ്പണിക്കർ) | 62 |

## ഗദ്യം

പേജ്

1. കലാകാരന്റെ ലോകം (സഞ്ജയൻ) 65
2. വിന്ധ്യഹിമാലയങ്ങൾക്കിടയിൽ (ജോസഫ് മുണ്ടശ്ശേരി) 75
3. ഗോപാലൻനായരുടെ താടി -- കഥ (ഉറൂബ്) 85
4. മഹാകവി കമ്പരുടെ ഭാവനാവിലാസം (ഡോ. എസ്.കെ. നായർ) 103
5. ആത്മകഥ - സത്യവുമായി അടുത്തു നില്ക്കുന്ന നോവൽ (തായാട്ട് ശങ്കരൻ) 119
6. ധർമ്മക്ഷേത്രേകുരുക്ഷേത്രേ – നാടകം (ജി. ശങ്കരപ്പിള്ള) 129
7. കാവ്യമേഖലയിലേക്ക് ആദ്യപടവുകൾ (എം. കെ. സാനു) 151
8. പരസ്യത്തിന്റെ ചരിത്രവും വികാസവും (ജെ.വി. വിളനിലം) 161

വ്യാകരണം - ശൈലീശില്പം (രണ്ടാംഭാഗം) 172

# 1. ലങ്കാദഹനം

## എഴുത്തച്ഛൻ

വറ്റാത്ത ചില സമുദ്രങ്ങളുണ്ട്; മങ്ങാത്ത ചില ജ്യോതിസ്സുകളുണ്ട്; വീഴാത്ത ചില മരങ്ങളുണ്ട്. അതുപോലെ അനശ്വരരായ ചില മനുഷ്യരുമുണ്ട് - അവരിലൊരാളാണ് ആധുനിക ഭാഷാ സാഹിത്യത്തിൻെറ ഗുരുനാഥനും പ്രോദ്ഘാടകനുമായിരുന്ന തുഞ്ചത്തെഴുത്തച്ഛൻ. പതിനാറാം നൂറ്റാണ്ടാണ് അദ്ദേഹത്തിൻെറ ജീവിതകാലമെന്ന് വിശ്വസിക്കപ്പെടുന്നു. എങ്കിലും കേരളീയ ജനതാഹൃദയങ്ങളിൽ നാസ്തികത്വം തിരുത്തി, ഭക്തിയുടെ ദീപം പ്രകാശിപ്പിച്ചുകൊണ്ട് അദ്ദേഹം ഇന്നും ജീവിക്കുന്നുണ്ട്. എഴുത്തച്ഛനെപ്പോലെ വ്യക്തിപ്രഭാവമുളള ഒരു മഹാകവി അദ്ദേഹത്തിന്മുമ്പ് ഉണ്ടായിട്ടില്ല. തനിക്ക് പറയേണ്ട കാര്യങ്ങളും വർണ്ണിക്കേണ്ട വിഷയങ്ങളും വ്യഞ്ജിപ്പിക്കേണ്ട ഭാവങ്ങളും ഏറ്റവും വ്യക്തവും ശക്തവും യുക്തവുമായ ഭാഷയിലൂടെ വായനക്കാരൻെറ മനസ്സിൽ മുദ്രണം ചെയ്യുകയാണ് അദ്ദേഹത്തിൻെറ ലക്ഷ്യം. ഭക്തിയായിരുന്നു എഴുത്തച്ഛൻെറ ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്ന ഭാവം. ഇതിഹാസ പുരാണങ്ങളെ ആസ്പദമാക്കി വിശിഷ്ടങ്ങളായ സാഹിത്യകൃതികൾ നിർമ്മിച്ച് തൻെറ മാതൃഭാഷയെ ധന്യമാക്കാനും ജൻമഭൂമിയെ സംസ്ക്കാരഭാസുരമാക്കാനും കഴിഞ്ഞു എന്നതാണ ദ്ദേഹത്തിൻെറ ഗണ്യമായ നേട്ടം. 'അദ്ധ്യാത്മരാമായണത്തിൻെറ വിവർത്തനമായ 'അദ്ധ്യാത്മരാമായണം കിളിപ്പാട്ട്,' മഹാ ഭാരതത്തിൻെറ സംഗ്രഹരൂപത്തിലുളള വിവർത്തനമായ 'മഹാഭാരതം കിളിപ്പാട്ട്', എന്നിവയാണ് എഴുത്തച്ഛൻെറ പേരും പെരുമയും പെറ്റ കൃതികൾ. ഭാഗവതം കിളിപ്പാട്ട്, ഹരിനാമകീർത്തനം, ചിന്താരത്നം തുടങ്ങിയവും അദ്ദേഹത്തിൻെറ കൃതികളാണെന്ന് ചില പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. അതിഗഹനങ്ങളായ വേദാന്തതത്വങ്ങളുടെ അക്ഷയഭണ്ഡാഗാരമാണ് അദ്ധ്യാത്മ രാമായണം.

അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ 'സുന്ദരകാണ്ഡ'ത്തിൽ നിന്നും എടുത്തു ചേർത്ത ഭാഗമാണ് 'ലങ്കാദഹനം'. ഹനുമാൻ ശ്രീരാമദൂതനായി ലങ്കയിലെത്തി സീതാദേവിയെ സന്ദർശിച്ച് സമാശ്വസിപ്പിച്ചശേഷം രാവണൻെറ ഉദ്യാനമെല്ലാം തല്ലി ത്തകർക്കുകയും എതിർത്തുചെന്ന രാക്ഷസൻമാരെ - അക്ഷ കുമാരനടക്കം - കൊന്നൊടുക്കുകയും ചെയ്തു. ഒരു കുരങ്ങിൽ നിന്നുണ്ടായ അനർത്ഥങ്ങൾ ലങ്കേശ്വരനെ ലജ്ജാപരവശനാക്കി. ഒടുവിൽ ഇന്ദ്രജിത്ത് ബ്രഹ്മാസ്ത്രം പ്രയോഗിച്ച് വായുപുത്രനെ പിടിച്ചു കെട്ടി രാവണസന്നിധിയിലെത്തിച്ചു. അതും ഒരു വിനോദമായിട്ടാണ് മാരുതി കരുതിയത്. രാക്ഷസൻമാരുടെ ചോദ്യങ്ങൾക്ക് മറുപടിയായി രാമമാഹാത്മ്യമത്രേ ഹനുമാൻ വിസ്തരിച്ചത്. മാത്രമല്ല, പാപത്തിനെല്ലാം പ്രായശ്ചിത്തം ചെയ്ത് "വൈകുണ്ഠലോകം ഗമിക്കാൻ" വഴി നോക്കിക്കൊള്ളാനും അദ്ദേഹം രാവണനെ ഉപദേശിച്ചു. അത് കേട്ട് രാവണൻ കോപിഷ്ടനായി ഹനുമാനെ കൊല്ലാൻ മുതിർന്നു. ദൂതനെ കൊല്ലുന്നതു ശരിയല്ലെന്ന് പറഞ്ഞ് വിഭീഷണൻ രാവണനെ തടഞ്ഞു. അതിനാൽ ഹനുമാൻെറ വാലിൽ തീ കൊളുത്തി വിടാൻ രാവണൻ ആജ്ഞാപിച്ചു. ഹനുമാനാകട്ടെ തൻെറ വാലിൽ രാക്ഷസൻമാർ കൊളുത്തിയ തീകൊണ്ട് ലങ്കാനഗരം മുഴുവൻ ചുട്ടുകരിച്ചു. ]

പവനസുതവചനമിതികേട്ടു ദശാസ്യനും,
പാർശ്വസ്ഥിതൻമാരൊടാശുചൊല്ലീടിനാൻ :-
"ഇവിടെ നിശിചരരൊരുവരായുധപാണിയാ-
യില്ലയോ കള്ളനെക്കൊല്ലുവാൻ ചൊല്ലുവിൻ?"
അതുപൊഴുതിലൊരുവനവനോടടുത്തീടിനാ-
നപ്പോൾ വിഭീഷണൻ ചൊല്ലിനാൻ മെല്ലവേ-
"അരുതരുതുദുരിതമിതു ദൂതനെക്കൊല്ലുകെ-
ന്നാർക്കടുത്തു നൃപൻമാർക്കു ചൊല്ലീടുവിൻ
ഇവനെവയമിവിടെ വിരവോടുകൊന്നീടിനാ-
ലെങ്ങനേയങ്ങറിയുന്നിതു രാഘവൻ?
അതിനുപുനരിവനൊരടയാളമുണ്ടാക്കിനാ-
മങ്ങയയ്ക്കേണമതല്ലോ നൃപോചിതം"

ഇതിസദസിദശവദനസഹജവചനേനതാ-
നെങ്കിലതങ്ങനേ ചെയ്കെന്നു ചൊല്ലിനാൻ
* ["വദനമപികരചരണമല്ല ശൌര്യാസ്പദം
വാനരൻമാർക്കുവാൽമേൽ ശൌര്യമാകുന്നു.
വയമതിനുത്ധടിതിവസനേനവാൽ വേഷ്ടിച്ചു
വഹ്നി കൊളുത്തിപ്പുരത്തിലെല്ലാടവും
രജനിചരപരിവൃഢരെടുത്തു വാദ്യം കൊട്ടി
രാത്രിയിൽ വന്നൊരു കള്ളനെന്നിങ്ങനെ
നിഖിലദിശിപലരുമിഹകേൾക്കുമാറുച്ചത്തിൽ
നീളേവിളിച്ചു പറഞ്ഞു നടത്തുകിൽ
കുലഹതകനിവനറിക നിസ്തേജനെന്നുതൻ
കൂട്ടത്തിൽ നിന്നു നീക്കീടും കപികുലം."
തിലരസഘൃതാദി സംസിക്ത വസ്ത്രങ്ങളാൽ
തീവ്രം തെരുതെരെച്ചുറ്റും ദശാന്തരേ
അതുലബലനചലതരമവിടെ മരുവീടിനാ-
നത്യായതസ്ഥൂലമായിതു വാൽ തദാ.
വസനഗണമഖിലവുമൊടുങ്ങിച്ചമഞ്ഞിതു
വാലുമതീവ ശേഷിച്ചിതു പിന്നെയും
നിഖിലനിലയന നിഹിതപട്ടാംബരങ്ങളും
നീളെത്തിരഞ്ഞു കൊണ്ടന്നു ചുറ്റീടിനാർ
അതുമുടനൊടുങ്ങി വാൽ ശേഷിച്ചു കണ്ടള-
വങ്ങുമിങ്ങും ചെന്നു കൊണ്ടുവന്നീടിനാർ
തിലജഘൃതസുസ്നേഹസംസിക്തവസ്ത്രങ്ങൾ
ദിവ്യപട്ടാംശുകജാലവും ചുറ്റിനാർ
നികൃതി പെരുതിവനുവസനങ്ങളില്ലൊന്നിനി
സ്നേഹവുമെല്ലാമൊടുങ്ങീതശേഷവും]
അലമലമിതമലനിവനെത്രയും ദിവ്യനി-

---

*[ ] മനഃപാഠമാക്കാനുള്ള വരികൾ

താർക്കുതോന്നീ വിനാശത്തിനെന്നാർ ചിലർ
അനലമിഹവസനമിതിനനലമിനിവാലധി-
യ്ക്കാശു കൊളുത്തുവിൻ വൈകരുതേതുമേ
പുനരവരുമതു പൊഴുതു തീ കൊളുത്തീടിനാർ
പുച്ഛാഗ്രദേശേ പുരന്ദരാരാതികൾ
ബലസഹിതമബലമിവരജ്ജുഖണ്ഡം കൊണ്ടു
ബദ്ധ്വാദൃഢതരംധൃത്വാകപിവരം
കിതവമതികളുമിതൊരുകള്ളനെന്നിങ്ങനേ
കൃത്വാരവമരം ഗത്വാ പുരവരം
പറകളെയുമുടനുടനറഞ്ഞറഞ്ഞങ്ങനേ
പശ്ചിമദ്വാരദേശേചെന്നനന്തരം,
പവനജനുമതികൃശശരീരനായീടിനാൻ
പാശവുമപ്പോൾ ശിഥിലമായ് വന്നിതു
ബലമൊടവനതിചപലമചലനിഭഗാത്രനായ്
ബന്ധവും വേർപെട്ടുമേല്പോട്ടു പൊങ്ങിനാൻ
ചരമഗിരിഗോപുരാഗ്രേവായുവേഗേന
ചാടിനാൻ വാഹകൻമാരെയും കൊന്നവൻ
ഉഡുപതിയൊടുരസുമടവുയരമിയലുന്നര-
ത്നോത്തുംഗ സൌധാഗ്രമേറി മേവീടിനാൻ
ഉദവസിതനികരമുടനുടനുപരി വേഗമോ-
ടുൽപ്ലുത്യപിന്നെയുമുൽപ്ലുത്യസത്വരം
കനകമണിമയനിലയമഖിലമനിലാത്മജൻ
കത്തിച്ചു കത്തിച്ചു വർദ്ധിച്ചിതഗ്നിയും
പ്രകൃതി ചപലതയൊടവനചലമോരോമണി-
പ്രാസാദജാലങ്ങൾ ചുട്ടുതുടങ്ങിനാൻ
ഗജതുരഗരഥബലപദാതികൾ പംക്തിയും
ഗമ്യങ്ങളായുള്ള രമ്യഹർമ്മ്യങ്ങളും
അനലശിഖകളുമനിലസുത ഹൃദയവും തെളി-

ഞ്ഞാഹന്ത വിഷ്ണുപദം ഗമിച്ചൂതദാ
വിബുധപതിയൊടുനിശിചരാലയം വെന്തോരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയർന്നു ചെന്നൂമുദാ
ഭുവനതലഗത വിമല ദിവ്യരത്നങ്ങളാൽ
ഭൂതിപരിപൂർണ്ണമായുള്ള ലങ്കയും
പുനരനിലസുതനിതി ദഹിപ്പിച്ചിതെങ്കിലും
ഭൂതിപരിപൂർണ്ണമായ്‌വന്നിതദ്ഭുതം!
ദശവദനസഹജഗൃഹമെന്നിയേ മറ്റുള്ള
ദേവാരിഗേഹങ്ങൾ വെന്തുകൂടീജവം
രഘുകുലപതിപ്രിയഭൃത്യനാം മാരുതി
രക്ഷിച്ചുകൊണ്ടാൻ വിഭീഷണമന്ദിരം
കനകമണിമയനിലയനികരമതുവെന്തോരോ-
കാമിനീവർഗ്ഗം വിലാപം തുടങ്ങിനാർ
ചികുരഭരവസനചരണാദികൾ വെന്താശു
ജീവനും വേർപെട്ടുഭൂമൌ പതിക്കയും
ഉടലുരുകിയുരുകിയുടനുഴറിയലറിപ്പാഞ്ഞു-
മുന്നതമായ സൌധങ്ങളിലേറിയും
ദഹനനുടനവിടെയുമടുത്തു ദഹിപ്പിച്ചു
താഴത്തു വീണു പിടഞ്ഞുമരിക്കയും
"മമതനയ! രമണ! ജനക! പ്രാണനാഥ! ഹാ
മാമകം കർമ്മമയ്യോ! വിധി! ദൈവമേ!
മരണമുടനുടലുരുകിമറുകിവരികെന്നതു
മാറ്റുവാനാരുമില്ലയ്യോ ശിവ! ശിവ!
ദുരിതമിതുരജനിചരവരവിരചിതം ദൃഢം;
മറ്റൊരു കാരണമില്ലിതിനേതുമേ
പരധനവുമമിതപരദാരങ്ങളും ബലാൽ

പാപി ദശാസ്യൻ പരിഗ്രഹിച്ചാൻ തുലോം
അറികിലനുചിതമിതി മദേന ചെയ്യീടായ്‌വ-
നാരുമതിൻെറ ഫലമിതു നിർണ്ണയം
മനുജതരുണിയെയൊരുമഹാപാപികാമിച്ചു
മറ്റുള്ളവർക്കു വിപത്തായിതിങ്ങനെ
സുകൃതദുരിതങ്ങളും കാര്യമകാര്യവും
സൂക്ഷിച്ചുകൊള്ളേണം ബുധജനം
മദനശരപരവശതയൊടു ചപലനായിവൻ-
മാഹാത്മ്യമുള്ള പതിവ്രതമാരെയും,
കരബലമൊടനുദിനമണഞ്ഞു പിടിച്ചതി-
കാമി ചാരിത്രഭംഗം വരുത്തീടിനാൻ
അവർ മനസിമരുവിനതപോമയപാവക-
നദ്യരാജ്യേ പിടിപെട്ടിതു കേവലം.''
നിശിചരികൾ ബഹുവിധമൊരോന്നേപറകയും
നില്ക്കും നിലയിലേ വെന്തുമരിക്കയും
ശരണമിഹകിമിതിപലവഴിയുമുടനോടിയും
ശാഖികൾ വെന്തുമുറിഞ്ഞുടൻ വീഴ്കയും
രഘുകുലവരേഷ്ടദൂതൻ ത്രീയാമാചര-
രാജ്യമെഴുന്നൂറു യോജനയും ക്ഷണാൽ
സരസബഹുവിഭവയുതഭോജനം നൽകിനാൻ
സന്തുഷ്ടനായിതു പാവകദേവനും
ലഘുതരമനിലതനയനമൃതനിധിതന്നിലേ
ലാംഗൂലവും തച്ചു തീ പൊലിച്ചീടിനാൻ

# 2. കാർക്കോടക - നളസമാഗമം

## ഉണ്ണായിവാര്യർ

[കോട്ടയത്ത് തമ്പുരാൻെറ കാലത്തിനുശേഷം അപ്രതിമമായ പ്രതിഭാപ്രഭാവത്തോടും അനിതരസാധാരണമായ സ്വാതന്ത്ര്യത്തോടും കൂടി ആട്ടക്കഥാലോകത്തിൽ പ്രത്യക്ഷപ്പെട്ട ഒരു ജ്യോതിസ്സാണ് ഉണ്ണായിവാര്യർ. പതിനേഴാം ശതകത്തിൻെറ അവസാനദശകങ്ങൾക്കും പതിനെട്ടാം ശതകത്തിൻെറ മധ്യദശകങ്ങൾക്കും ഇടയ്ക്കായിരിക്കണം അദ്ദേഹം ജീവിച്ചിരുന്നതെന്ന് പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. 'നളചരിതം' എന്ന ഒരേയൊരു കൃതിയിൽക്കൂടി അദ്ദേഹം പ്രശസ്തിയുടെ പാരമ്യത്തിലെത്തി. മഹാഭാരതം വനപർവ്വത്തിൽ ദ്യൂതദോഷത്തെ ഉദാഹരിക്കുന്നതിന്നായി ബൃഹദശ്വൻ എന്ന മുനി പാണ്ഡവരോട് പ്രതിപാദിച്ചിട്ടുള്ള നളോപാഖ്യാനമാണ് നളചരിതം കഥകളിയുടെ ഇതിവൃത്തത്തിന്ന് ആധാരമായി വർത്തിച്ചിട്ടുള്ളത്. മലയാളപദങ്ങളും സംസ്കൃതപദങ്ങളും യാതൊരു ഭേദവും കൂടാതെ ഉച്ഛൃംഖലമായ സ്വാതന്ത്ര്യത്തോടെ കൂട്ടിക്കലർത്തിയിട്ടുള്ള ഒരു ഭാഷാ ശൈലിയാണ് ഉണ്ണായിവാര്യർ നളചരിതം ആട്ടക്കഥയിൽ പ്രയോഗിച്ചിട്ടുള്ളത്. അർത്ഥാലങ്കാരങ്ങളെപ്പോലെതന്നെ ശബ്ദാലങ്കാരങ്ങൾക്കും അദ്ദേഹം തൻെറ കവിതയിൽ പ്രാധാന്യം നൽകിയിരുന്നു. 'കനക്കുമർത്ഥവും സുധകണക്കെ പദനിരയും അനർഗ്ഗളം യമകവും അനുപ്രാസമുപമാദി ഇണക്കം കലർന്ന് രമ്യം ജനിക്കും നൽസാരസ്വതം' - എന്നതായിരുന്നു കവിതയെക്കുറിച്ച് ഉണ്ണായിവാര്യർക്കുണ്ടായിരുന്ന സങ്കല്പമെന്നു പറയാം. നാടകീയമായ ആഖ്യാനകൗശലംകൊണ്ട് നളചരിതത്തെ മലയാളത്തിലെ അത്യുത്തമ മഹാകാവ്യങ്ങളിലൊന്നായി കരുതുന്നു. 'കേരളത്തിൻെറ ശാകുന്തളം' എന്ന വിശേഷണം ഈ കൃതിയെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമാണ്.

നാല് ദിവസംകൊണ്ട് അഭിനയിച്ചു തീർക്കാൻ കഴിയുന്നവിധം രചിച്ചിട്ടുള്ള ഒരു ആട്ടക്കഥയാണ് 'നളചരിതം'. അതിലെ മൂന്നാം

ഭാഗത്തുനിന്നും ഉദ്ധരിച്ച വരികളാണ് പഠിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. മൂന്നാം ദിവസത്തെ കഥയിൽ നായകന്റെ അടവീസഞ്ചാരവും കാർക്കോടക സമാഗമവും ഋതുപർണ്ണ സാരഥ്യവും മറ്റും പ്രതിപാദിക്കുന്നു. വനഭൂമിയിൽ ഉഴന്ന് നടന്നിരുന്ന നളൻ കാട്ടുതീയുടെ നടുവിൽപ്പെട്ടുപോയ കാർക്കോടകൻ എന്ന സർപ്പത്തെ രക്ഷിക്കുന്നു. തുടർന്ന് ആ സർപ്പവും നളനും തമ്മിൽ നടക്കുന്ന സംഭാഷണമാണ് ഈ വരികളിൽ വിവരിച്ചിട്ടുള്ളത്. ]

## രംഗം രണ്ട് : വനാന്തരം

ഭൈരവി - ചെമ്പട

ശ്ലോകം 1

അങ്ങോടിങ്ങോടുഴന്നും വിപിനഭുവി
തളർന്നും വിചാരം കലർന്നും
തുംഗാതങ്കം വളർന്നും തൃണതതിഷു
കിടന്നും സുരേന്ദ്രാനിരന്നും
തിങ്ങും ഖേദം മറന്നും ദിവസമനു
നടന്നീടുമന്നൈഷധേന്ദ്രൻ
വൻകാട്ടിൽ കാട്ടുതീതൻ നടുവിലൊരു
ഗിരംകേട്ടു വിസ്പഷ്ടവർണ്ണാം

**കാർക്കോടകൻ**

പദം 1 പല്ലവി

അന്തികേ വന്നീടേണം, അഴലെ നീ തീർത്തീടേണം

അനുപല്ലവി

എന്തിവണ്ണ, മെൻമൊഴി, നീ കേട്ടീലയോ പുണ്യകീർത്തേ

ചരണം 1

കാട്ടുതീയിൽ പതിച്ചേനേ, കളിയല്ലയ്യോ! വേകുന്നേനേ
കൂട്ടിക്കൊണ്ടുപോകതാനേ, കുശലം തവ വൈരസേനേ!

(അന്തികേ)

ചരണം 2

വെന്തുദേഹം പാതി, പോരും; വിധിവശൻമാരെല്ലാപേരും
ബന്ധുനീയൊഴിഞ്ഞില്ലാരും, വിവശത മേ നിന്നാൽതീരും

(അന്തികേ)

ചരണം 3
നിന്നുദന്തം ഭൈമീജാനേ! നിഖിലവും ഞാനറിഞ്ഞേനേ
മന്ദിക്കൊല്ല്വാമയി ദീനേ മരണവേദനാതിദുനേ

(അന്തികേ)

ശങ്കരാഭരണം - മുറിയടന്ത

ശ്ലോകം 2
"പേടിക്കേണ്ടാ വരുവനരികേ,
വൻകൊടും കാട്ടുതീയിൽ
ചാടിക്കൊണ്ടാലൊരു ഭയമെനിക്കില്ല
ഞാൻ തൊട്ടവർക്കും
കൂടിക്കണ്ടാലുടനഴലൊഴിച്ചീടുവേൻ"'
എന്നു ചൊല്ലി -
ത്തേടിക്കണ്ടോരുരഗപതിയോടുചിവാൻ
നൈഷധേന്ദ്രൻ

നളൻ
പദം 2 പല്ലവി
കത്തുന്ന വനശിഖിമദ്ധ്യഗനാരെടോനീ
തത്ത്വമേവ വദ മേ

അനുപല്ലവി
ചത്തുപോമിവിടെയെന്നു നീ നിനയ്ക്കേണ്ടാ
ശാപം കൊണ്ടോ, ചതികൊണ്ടോ,
ചാപലംകൊണ്ടോ....... (കത്തുന്ന)

ചരണം 1
എരിഞ്ഞതീയിൽനിന്നല്ലിനിവേണ്ടൂ സല്ലാപം
ഇരുന്നുകൊള്ളുക എൻെറ ചുമലിൽ നീ ഗതതാപം
അറിഞ്ഞതെങ്ങനെ നീ നൈഷധനെന്നപേരെ?
പറഞ്ഞീടേണമിപ്പോളാരെന്നുള്ളതുംനേരേ......

(കത്തുന്ന)

ചരണം 2
ഭുജംഗമെന്നുതോന്നീരൂപം കൊണ്ടുനിന്നെ
വിശങ്കയെന്തെന്നല്ലീ, അതുചൊല്ലാം പിന്നെ
ഭൃശംഗതോസിനൂനമാപദം വനവഹ്നേ
രുജം കളഞ്ഞുപറഞ്ഞീടേണം നേരുതന്നേ......

(കത്തുന്ന)

ചരണം 3
എന്നുടെ കഥകളെ എങ്ങനെ നീയറിഞ്ഞൂ?
നന്നുനിൻമഹിമാ നമുക്കു തിരിഞ്ഞു
എന്നോടെന്തു മറവിന്നുതുനിഞ്ഞു?
ചൊന്നമൊഴിയാൽ നിന്നെ ഞാൻ ദിവ്യനെന്നറിഞ്ഞു
(അന്തികേ)

ശ്ലോകം 3

ഗൗളിപന്തു - ചമ്പ

ദഹനമോചിതഏഷമഹീഭുജാ
ദശപദശ്രവണേകൃതദംശന :
വിഷധരാധിപതിർ വിഗതജ്വരോ
നിഷധ രാജ്മശാദ്ധികൃതാകൃതിം

കാർക്കോടകൻ

പദം 5 പല്ലവി
നൈഷധേന്ദ്ര! നിന്നോടു ഞാൻ നേരുതന്നെചൊല്ലാം
അനുപല്ലവി
വൈഷമ്യമായി മമ വലുതഹോ വിധിജഗതി
ചരണം 1
മതിമതി വിശങ്കതവ, മമജനനി കദ്രുവല്ലൊ
മഹിമാതിരേകത്തിനു മന്ദതപിണഞ്ഞുമമ........
(നൈഷധേന്ദ്രാ)
ചരണം 2
ഊക്കേറുമഹിവരരിൽ കാർക്കോടകാഖ്യനഹം
ഓർക്കേണമൊരുമുനിയേ മാർഗ്ഗേ ചതിച്ചിതഹം
(നൈഷധേന്ദ്ര)
ചരണം 3
വായ്ക്കും കോപം പൂണ്ടുമുനി ദീർഘമൊരുശാപം തന്നു
പോക്കുമഴൽ നളനെന്നു മോക്ഷവഴിയരുളി പിന്നെ......
(നൈഷധേന്ദ്രാ)
ചരണം 4
ചാപല്യജാതമിഹശാപവുമകന്നുമമ
തേ പകരം ചെയ്യതുള്ളിൽ കോപകരമല്ലറിക
(നൈഷധേന്ദ്രാ)

ചരണം 5
നിന്നഴൽക്കുമൂലം കലിവന്നകമേ വാഴുന്നവൻ
എന്നുടെ വിഷമേറ്റുനിന്നെയവൻ വിടുമുടനേ
(നൈഷധേന്ദ്ര)
ചരണം 6
നിന്നെയറിയാതൊരുവനെന്നിട്ടുനിന്നുടൽമറച്ചു
പിന്നെ നീ ഈ തുകിലുടുക്കിൽ നിന്നുടൽ നിനക്കുവരും......
(നൈഷധേന്ദ്ര)
നളൻ
പദം 6 പല്ലവി
പൂർവ്വകല്യാണി - ചെമ്പട
കാദ്രവേയകുലതിലക! നിൻ
കാൽത്തളിരെ കൂപ്പുന്നേൻ
അനുപല്ലവി
ആർദ്രഭാവം നിൻമനക്കാമ്പിൽ
ആവോളം വേണമെന്നിൽ......... (കാദ്രവേയ)
ചരണം 1
മാമകദശകളെല്ലാം മനസ്സുകൊണ്ടു കണ്ടുനീതാൻ
ധീമതാംവര! കടിച്ചുദേഹം മറച്ചു, പോയ്മറ്റൊന്നായി
രൂപമെല്ലാം വേറെയൊന്നായി കേൾക്കേണമേ
നാമധേയം, അവനിനീളെ സഞ്ചാരമിനിയാം
(കാദ്രവേയ)
ചരണം 2
സജ്ജനസമാഗമത്താൽ സകല ജനങ്ങൾക്കുമുണ്ടാം
സജ്ജനിഫലമെന്നല്ലോ സത്യവാചകം
സജ്ചരനായ് നിന്നെക്കണ്ടുമിക്കതും
വിപിനത്തിൽനിന്നു
ഇജ്ജനത്തിന്നഴൽതീർന്നു, പോയാലുമറിയാ
കണ്ടാരും....... (കാദ്രവേയ)
ചരണം 3
ഇന്ദുമൌലീഹാരമേ! നീ ഒന്നിനി എന്നോടുചൊൽക
എന്നിനിക്കുണ്ടാവൂ യോഗം ഖിന്നയാതയാ
മുന്നെപ്പോലെ മന്ദിരത്തിൽ ചെന്നുവാണുകൊള്ളുവാനും
എന്നിയേ അറിയാമെന്നാകിൽ ചൊല്ലണമെല്ലാം
നാഗേന്ദ്ര (കാദ്രവേയ)

കാർക്കോടകൻ

പദം 7 പല്ലവി

നാട്ടക്കുറിഞ്ഞി - ചെമ്പട

ചിന്തിതമചിരാൽ വരുമേ നിനക്കൊ-
രന്തരായമില്ല നൃപതേ!

അനുപല്ലവി

അന്തരംഗേതവ വാഴുന്നവൻ കലി
വെന്തുനീറിടുന്നുമേ വിഷശിഖിനാ...... (ചിന്തിത)

ചരണം 1

ഏതെന്നാകിലുമിവൻ വിടുമുടനേ, പിന്നെ
നീതന്നെവേണം തവ ഗുണഘടനേ
പേതന്നെ തോന്നുന്നതുമിഹ ഗഹനേവിട്ടു
ഭൂതനായകനേ നീ ഭജമൃഡനെ
സാകേതം തന്നിലേ പോയ് ഋതുപർണ്ണനെ
നീ കണ്ടു സേവകനായ് വാഴ്ക ഗൂഢം
പോകുമിണ്ടലതുമൂലമായീ വൈകാ-

ചരണം 2

തേ കണ്ടു ഭവിക്കുമേ സംഗതിയും ഭൂപാല .... (കാദ്രവേയ)
ബാഹുജഭാവത്തെ നീ നീക്കിക്കൊള്ളൂ ഇനി
ബാഹുകനെന്നു പേരുമാക്കിക്കൊള്ളൂ
സാകേത പതിയെ സ്വാമിയാക്കിക്കൊള്ളു - പാർത്താൽ
സാധുതയവനേ ഇന്നു മഹിയിലുള്ളു
വിശ്വാസഭാജനമായ്‌വന്നാൽ പിന്നെ
അശ്വഹൃദയമവനായ് നല്കീടുകിൽ
അക്ഷഹൃദയം വശമായ് വരും തവ
അക്ഷമനാം കലിയുമന്നൊഴിയും..... (ചിന്തിത)

ചരണം 3

വന്നൊരു മുനിവരശാപമതും, വന-
വഹ്നിയിൽ വീണുമമ ദാഹമതും,
നിന്നോടിനിക്കു വന്ന യോഗമിതും, നൃപ!
പിന്നെയും നമ്മളിലെ സല്ലാപമിതും
നിത്യമായ് ചിന്തിപ്പവർ ഭൂലോകത്തിൽ
അത്യന്തം മോദിപ്പവരെന്നുള്ളതും,
സത്യംമയാ കഥിതം, പോകനീയും എങ്കിൽ
അസ്തുപുനർദർശനം, രിപുകർശന! (ചിന്തിത)

# ૩. ചിന്താവിഷ്ടയായ സീത

## കുമാരനാശാൻ

[ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ മലയാളകവിതയിലുണ്ടായ നവോത്ഥാനത്തിന് സ്വന്തം കൃതികളിലൂടെ പ്രകടരൂപം നൽകിയ മഹാകവിയാണ് കുമാരനാശാൻ. ഏ.ആർ. രാജരാജവർമ്മ തുടക്കം കുറിച്ച റൊമാൻറിക്ക് പ്രസ്ഥാനം ശക്തിയാർജ്ജിച്ചത് ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കാലഘട്ടത്തിലാണ്. ശ്രീനാരായണ ഗുരുസ്വാമികളുമായുണ്ടായ സമ്പർക്കം ആശാൻെറ ജീവിതത്തിലും കവിതയിലും ദൂരവ്യാപകമായ പ്രതികരണങ്ങൾ ഉളവാക്കി. ആശാൻെറ ഭൌതികവും ആദ്ധ്യാത്മികവുമായ സമസ്തസമുൽക്കർഷത്തിനും നാരായവേര് നാരായണ ഗുരുവായിരുന്നുവെന്നതിന് തർക്കമില്ല. അനന്യസുലഭമായിരുന്നു ആശാൻെറ പ്രതിഭാശക്തി, അചഞ്ചലമായിരുന്നു അദ്ദേഹത്തിൻെറ ആത്മവിശ്വാസം; അസാമാന്യമായിരുന്നു അദ്ദേഹത്തിൽ അന്തർലീനമായിരുന്ന കർമ്മവൈഭവം.

'വീണപൂവ്' എന്ന കവിത ആശാൻ, ഉന്നതനായ ഒരു ദാർശനിക കവിയാണെന്ന സത്യം വിളിച്ചോതുന്നു. ലീല, നളിനി, പ്രരോദനം, ചിന്താവിഷ്ടയായ സീത, ഗ്രാമവൃക്ഷത്തിലെ കുയിൽ, കരുണ, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി തുടങ്ങിയവയാണ് 'വീണപൂവി'ന് പുറമെ അദ്ദേഹം രചിച്ചിട്ടുള്ള പ്രധാന കൃതികൾ. ആശാൻെറ ലഘുകവിതകളുടെ സമാഹാരങ്ങളാണ് 'പുഷ്പവാടി', 'വനമാല', 'മണിമാല' എന്നിവ.

'ചിന്താവിഷ്ടയായ സീത' എന്ന ഖണ്ഡകാവ്യത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് താഴെ ചേർത്തഭാഗം. ആദ്യന്തം ശോകാത്മകവും ജീവിത വിമർശനപരവുമായ ഒരു മനോഹരകാവ്യമാണിത്. ശ്രീരാമൻെറ അശ്വമേധയാഗത്തിൽ സംബന്ധിക്കുന്നതിന് വാല്മീകി മഹർഷി

കുശലവൻമാരോടുകൂടി അയോദ്ധ്യക്കുപോയ ദിവസം സന്ധ്യാസമയത്ത് ശൂന്യപ്രായമായ ആശ്രമത്തിൽ ഇരുന്നുകൊണ്ട് കഴിഞ്ഞ കാലത്തെപ്പറ്റി ഓർക്കുന്ന സീതയുടെ മനസ്സിൽ ഉയർന്നുവന്നിരിക്കാവുന്ന ചിന്തകൾ എന്തെല്ലാമായിരിക്കാം എന്ന ചോദ്യത്തിന് ആശാൻ നൽകുന്ന ഉത്തരമാണ് ഈ കൃതിയെന്നു പറയാം. സീതയുടെ ഏതാനും നാഴിക നേരത്തെ ചിന്തകളിലൂടെ ആശാൻ രാമായണകഥയുടെ മർമ്മപ്രധാനമായ രംഗങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.]

സുതർമാമുനിയോടയോദ്ധ്യയിൽ
ഗതരായ്യോരളവന്നൊരന്തിയിൽ
അതിചിന്തവഹിച്ചു സീത പോയ്
സ്ഥിതി ചെയ്താളുടജാന്തവാടിയിൽ 1

അരിയോരണിപന്തലായ് സതി-
ക്കൊരുപൂവാക വിതിർത്തശാഖകൾ,
ഹരിനീലതൃണങ്ങൾ കീഴിരു-
ന്നരുളും പട്ടുവിരിപ്പുമായിതു. 2

രവിപോയി മറഞ്ഞതും സ്വയം
ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും
അവനീശ്വരിയോർത്തതില്ല, പോ-
ന്നവിടെത്താൻ തനിയേ യിരിപ്പതും. 3

പുളകങ്ങൾ കയത്തിലാമ്പലാൽ
തെളിയിക്കും തമസാ സമീരനിൽ
ഇളകും വനരാജി വെണ്ണിലാ-
വൊളിയാൽ വെള്ളിയിൽ വാർത്തപോലെയായ് 4

വനമുല്ലയിൽ നിന്നുവായുവിൻ
ഗതിയിൽ പാറിവരുന്നപൂക്കൾപോൽ
ഘനവേണി വഹിച്ചു കൂന്തലിൽ
പതിയും തൈജസകീടപംക്തിയെ 5

പതിശോഭകലർന്നിതപ്പൊഴാ-
പ്പുരിവാർകൂന്തളരാജി, രാത്രിയിൽ

തരുവാടിയിലൂടെ കണ്ടിടു-
ന്നൊരു താരാപഥ ഭാഗമെന്നപോൽ. 6

ഉടൽ മൂടിയിരുന്നു ദേവി. ത-
ന്നുടയാടത്തളിരൊന്നുകൊണ്ടുതാൻ
വിടപങ്ങളൊടൊത്തകൈകൾ തൻ -
തുടമേൽ വച്ചുമിരുന്നു സുന്ദരി. 7

ഒരു നോട്ടവുമെന്നിനിന്നിതേ
വിരിയാതല്പമടഞ്ഞ കണ്ണുകൾ,
പരുഷാളക പംക്തി കാറ്റിലാ-
ഞ്ഞുരസുമ്പോഴുമിളക്കമെന്നിയേ. 8

അലസാംഗിനിവർന്നിരുന്നു, മെ-
യ്യുലയാതാനതമേനിയെങ്കിലും
അയവാർന്നിടയിൽ ശ്വസിച്ചു ഹാ!
നിയമം വിട്ടൊരു തെന്നൽമാതിരി 9

നിലയെന്നിയെ ദേവിയാൾക്കക-
ത്തലതല്ലുന്നൊരു ചിന്തയാം കടൽ
പല ഭാവമണച്ചുമെല്ലെ നിർ-
മലമാം ചാരുകവിൾത്തടങ്ങളിൽ 10

ഉഴലും മനതാരടക്കുവാൻ
വഴി കാണാതെ വിചാരഭാഷയിൽ
അഴലാർന്നരുൾചെയ്തിതന്തരാ-
മൊഴിയോരോന്നു മഹാ മനസ്വിനി 11

* [ “ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം;
വിരയുന്നു മനുഷ്യനേതിനോ,
തിരിയാലോകരഹസ്യമാർക്കുമേ 12

തിരിയും രസബിന്ദുപോലെയും
പൊരിയും നെൻമണിയെന്നപോലെയും

---

* [ ] മന: പാഠമാക്കാനുള്ള വരികൾ

ഇരിയാതെ മനം ചലിപ്പു, ഹാ!
ഗുരുവായും ലഘുവായുമാർത്തിയാൽ, 13

ഭുവനത്തിനുമോടി കൂട്ടുമ -
സ്സുഖകാലങ്ങളുമോർപ്പതുണ്ടു ഞാൻ
അവ ദുർവ്വിധിതന്റെ ധൂർത്തെഴും
മുഖഹാസങ്ങൾ കണക്കെ മാഞ്ഞതും 14

അഴലേകിയ വേനൽ പോമുടൻ
മഴയാം ഭൂമിയിലാണ്ടുതോറുമേ
പൊഴിയുംതരുപത്രമാകവേ,
വഴിയേ പല്ലവമാർന്നു പൂത്തിടും 15

അഴലിന്നുമൃഗാദിജന്തുവിൽ
പഴുതേറിടിലു, മെത്തിയാൽ ദ്രുതം
കഴിയാമതു - മാനഹേതുവാ-
ലൊഴിയാത്താർത്തി മനുഷ്യനേ വരൂ!* ] 16

പുഴുപോലെ തുടിക്കയല്ലീ, ഹാ!
പഴുതേയിപ്പൊഴുമെന്നടിത്തുതോൾ;
നിഴലിൻ വഴി പൈതൽ പോലെ പോ-
യുഴലാ ഭോഗമിരന്നു ഞാനിനി. 17

മുനിചെയ്ത മനോജ്ഞകാവ്യമ-
മ്മനുവംശാധിപനിന്നു കേട്ടുടൻ
അനുതാപമിയന്നിരിക്കണം;
തനയൻമാരെയറിഞ്ഞിരിക്കണം. 18

സ്വയമേ പതിരാഗജങ്ങളാം
പ്രിയഭാവങ്ങൾ തുലഞ്ഞിടായ്കിലും
അവ ചിന്തയിലൂന്നിടാതെയായ്
ശ്രവണത്തിൽ പ്രതിശബ്ദമെന്നപോൽ 19

ക്ഷണമാത്രവിയോഗമുൾത്തടം
വ്രണമാക്കും പടിവാച്ചതെങ്കിലും

പ്രണയം, തലപൊക്കിടാതെയി-
ന്നണലിപ്പാമ്പുകണക്കെനിദ്രയായ് 20

സ്വയമിന്ദ്രിയമോദഹേതുവാം
ചില ഭാവങ്ങളൊഴിഞ്ഞുപോകയാൽ
ദയ തോന്നിടുമാറുമാനസം
നിലയായ് പ്രാക്കൾ വെടിഞ്ഞ കൂടുപോൽ 21

ഉദയാസ്തമയങ്ങളെന്നിയെൻ-
ഹൃദയാകാശമതിങ്കലെപ്പൊഴും
കതിർവീശി വിളങ്ങിനിന്ന വെൺ-
മതി താനും സ്മൃതിദർപ്പണത്തിലായ്. 22

പഴകീവ്രതചര്യ, ശാന്തമായ്
കഴിവൂകാലമിതാത്മവിദ്യയാൽ
അഴൽപോയ് - അവമാനശല്യമേ-
യൊഴിയാതുള്ളു വിവേകശക്തിയാൽ 23

സ്വയമന്നുടൽ വിട്ടിടാതെ ഞാൻ
ദയയാൽ ഗർഭഭരം ചുമക്കയാൽ
പ്രിയചേഷ്ടകളാലെനിക്കുനിഷ്-
ക്രിയയായ് കൗതുകമേകിയുണ്ണിമാർ 24

കരളിന്നിരുൾ നീക്കുമുള്ളലി-
ച്ചൊരുമന്ദസ്മിത രശ്മികൊണ്ടവർ
നരജീവിതമായ വേദന-
യ്ക്കൊരുമട്ടർഭകരൗഷധങ്ങൾതാൻ 25

സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടുസിന്ധുവിൽ
ഇടർതീർപ്പതിനേകഹേതുവ-
ന്നിടയാമേതു മഹാവിപത്തിലും 26

പരമിന്നതുപാർക്കിലില്ലതാൻ
സ്ഥിരവൈരം നിയതിക്കു ജന്തുവിൽ

ഒരു കൈ പ്രഹരിക്കവേ പിടി-
ച്ചൊരുകൈകൊണ്ടു തലോടുമേയിവൾ 27

ഒഴിയാതെയതല്ലി ജീവിപോം
വഴിയെല്ലാം വിഷമങ്ങളാവതും
അഴലും സുഖവും സ്ഫുരിപ്പതും
നിഴലും ദീപവുമെന്നപോലവേ. 28

അതുമല്ല സുഖാസുഖങ്ങളായ്-
സ്ഥിതിമാറീടുവതൊക്കെയേകമാം
അതു്താനിളകാത്തതാം മഹാ-
മതിമത്തുക്കളിവറ്റ രണ്ടിലും 29

വിനയാർന്നസുഖം കൊതിക്കയി-
ല്ലിനിമേൽ ഞാൻ - അസുഖം വരിക്കുവൻ!
മനമല്ലൽ കൊതിച്ചുചെല്ലുകിൽ
തനിയേ കൈവിടുമീർഷ്യദുർവിധി 30

ഒരുവേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ്‌വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരുകയ്പുതാനുമേ 31

പിരിയാത്ത ശുഭാശുഭങ്ങളാർ-
ന്നൊരുവിശ്രാന്തിയെഴാതെ ജീവിതം
തിരിയാം ഭുവനത്തിൽ നിത്യമി-
ങ്ങിരുപക്ഷംപെടുമിന്ദുവെന്നപോൽ. 32

നിലയറ്റ സുഖാസുഖങ്ങളാ-
മലയിൽ താണുമുയർന്നുമാർത്തനായ്
പലനാൾ കഴിയുമ്പൊൾ, മോഹമാം
ജലധിക്കക്കരെ ജീവിയേറിടാം. 33

അഥവാ സുഖദുർഗ്ഗമേറ്റുവാൻ
സ്ഥിരമായ് നിന്നൊരു കൈ ശരീരിയെ

വ്യഥയാം വഴിയൂടെയമ്പിനാൽ
വിരവോടുന്തിവിടുന്നുതന്നെയാം. 34

മനമിങ്ങുഗുണം വരുമ്പൊഴും
വിനയെന്നോർത്തു വൃഥാ ഭയപ്പെടും
കനിവാർന്നു പിടിച്ചിണക്കുവാൻ
തുനിയുമ്പോൾ പിടയുന്ന പക്ഷിപോൽ 35

സ്ഫുടമാക്കിയിതെന്നെമന്നവൻ
വെടിവാൻ നല്കിയൊരാജ്ഞലക്ഷ്മണൻ
ഉടനേയിരുളാണ്ടുലോകമ-
ങ്ങിടിവാളേറ്റ കണക്കുവീണുഞാൻ 36

മൃതിവേണ്ടുകിലും സ്വഹത്യയിൽ
പതിയാതായ്മതിഗർഭചിന്തയാൽ
അതിവിഹ്വലയായി, വീണ്ടുമീ-
ഹതി മുമ്പാർന്ന തഴമ്പിലേറ്റ ഞാൻ. 37

ഗതിമുട്ടിയുഴന്നുകാഞ്ഞൊരെൻ-
മതിയുൻമാദവുമാർന്നതില്ല, ഞാൻ-
അതിനാഴലിന്റെ കെട്ടഴി-
ഞ്ഞതിഭാരം കുറവാൻ കൊതിക്കിലും 38

ഒരുവേളയിരട്ടിയാർത്തിതാൻ
തരുമാ വ്യാധിവരാഞ്ഞതാംഗുണം
കരണക്ഷതിയാർന്ന വാഴ്‌വിലും
മരണം നല്ലു മനുഷ്യനോർക്കുകിൽ 39

നിനയാഗുണപുഷ്പവാടി ഞാ-
നിനിയക്കാട്ടുകുരങ്ങിനേകുവാൻ
വനവായുവിൽ വിണ്ടവേണുപോൽ
തനിയേ നിന്നു പുലമ്പുവാനുമേ 40

അഥവാ ക്ഷമപോലെ നൻമചെ-
യ്തരുളാൻ നോറ്റൊരുനല്ല ബന്ധുവും

വ്യഥപോലറിവോതിടുന്ന സദ്-
ഗുരുവും മർത്ത്യനുവേറെയില്ല താൻ. 41

മൃതിതേടിയഘത്തിൽ മാനസം
ചരിയാതായതുഭാഗ്യമായിതേ
അതിനായ് ശുഭമായ് കുലത്തിനി-
പ്പരിപാകം ഫലമായെനിക്കുമേ 42

അരുതോർപ്പതിന്നിന്നുകാർനിറ-
ഞ്ഞിരുളാമെൻ ഹൃദയാങ്കണങ്ങളിൽ
ഉരുചിന്തകൾ പൊങ്ങിടുന്നു ചൂഴ്-
ന്നൊരുമിച്ചീയൽ കണക്കെ മേൽക്കുമേൽ 43

സ്മൃതിധാര, യുപേക്ഷയാം തമോ-
വൃതി നീങ്ങിച്ചിലനാൾ സ്ഫുരിക്കയാം
ഋതുവിൽ സ്വയമുല്ലസിച്ചുടൻ
പുതുപുഷ്പം കലരുന്ന വല്ലിപോൽ 44

പുരികം പുഴുപോൽ പിടഞ്ഞകം
ഞെരിയും തൻ തല താങ്ങികൈകളാൽ
പിരിവാനരുതാഞ്ഞു കണ്ണുനീർ
ചൊരിയും ലക്ഷ്മണനെ സ്മരിപ്പു ഞാൻ 45

അതിധീരനമേയശക്തിയ-
മ്മതിമാനഗ്രജഭക്തനാവിധം
കദനം കലരുന്ന കണ്ടൊരെൻ-
ഹൃദയം വിട്ടഴൽപാതി പോയിതേ. 46

വനപത്തനഭേദചിന്തവി-
ട്ടനഘൻ ഞങ്ങളൊടൊത്തു വാണുനീ
വിനയാർദ്രമെനിക്കു കേവലം
നിനയായ്‌വാൻ പണിതമ്പി! നിൻമുഖം 47

ഗിരികാനനഭംഗിഞങ്ങൾക-
ണ്ടരിയോരുത്സവമായ് കഴിച്ചുനാൾ

അരിഭീഷണ! നീ വഹിച്ചൊര-
പ്പരിചര്യാവ്രതനിഷ്ഠയൊന്നിനാൽ. 48

കടുവാക്കുകൾ കേട്ടുകാനനം
നടുവെയെന്നെ വെടിഞ്ഞുമുമ്പുനീ
വെടിവാൻ തരമായ് മറിച്ചുമേ;
കുടിലം കർമ്മവിപാകമോർക്കുകിൽ 49

കനിവാർന്നനുജാ പൊറുക്കഞാൻ
നിനയാതോതിയ കൊള്ളിവാക്കുകൾ
അനിയന്ത്രിതമായ് ചിലപ്പൊഴീ-
മനമോടാത്തകുമാർഗ്ഗമില്ലെടോ. 50

വിരഹാർത്തിയിൽ വാടിയേകനായ്
കരകാണാത്ത മഹാവനങ്ങളിൽ
തിരിയും രഘുനാഥനെത്തുണ-
ച്ചരിയോരനപായമുദ്ധരിച്ചു നീ. 51

പരദുർജയ നിന്ദ്രജിത്തുമായ്
പൊരുതും നിൻ കഥ കേട്ടുവെമ്പലാൽ
കരൾനിന്നിലിയന്ന കൂറുതൻ
പെരുതാമാഴമറിഞ്ഞിതിന്നിവൾ 52

മുന്നികാട്ടിടുമെൻ കിടാങ്ങളെ-
ക്കനിവാൽ നീ സ്വയമാഞ്ഞുപുല്കിടാം
അനസൂയ വിശുദ്ധമിന്നുനിൻ
മനമാനന്ദസരിത്തിൽ നീന്തിടാം. 53

വിടുകെൻ കഥ, വത്സ! വാഴ്ക നീ
നെടുനാളഗ്രജനേകബന്ധുവായ്
ഇടരെന്നിയെയഗ്ഗുണോൽകരം
തടവും ബന്ധുജനങ്ങളോടുമേ 54

# 4. പെരുന്തച്ചൻ

**- ജി. ശങ്കരക്കുറുപ്പ്**

[ആധുനിക മലയാളകവിത്രയത്തിനുശേഷം മലയാളം കണ്ട ഏറ്റവും സമുന്നതനും ശ്രദ്ധേയനുമായ കവിയായിരുന്നു ജി. ശങ്കരക്കുറുപ്പ്. പ്രകൃത്യുപാസകനും പ്രകൃതിഗായകനുമായിട്ടായിരുന്നു ജി. കവിതാരംഗത്ത് പ്രവേശിച്ചത്. പിന്ക്കാലത്ത് ആത്മീയാനുഭൂതികൾ, മാനസിക ബന്ധങ്ങൾ, രാഷ്ട്രീയവും സാമൂഹികവുമായ രംഗങ്ങളിലെ സംഭവവികാസങ്ങൾ, വൈയക്തിക മണ്ഡലങ്ങളിലെ നേട്ടങ്ങൾ എന്നിങ്ങനെ പലതും അദ്ദേഹത്തിൻെറ കവിതയ്ക്ക് വിഷയമാവുകയുണ്ടായി. അദ്ദേഹത്തിൻെറ കവിതാസമാഹാരങ്ങളിൽ പെടുന്നവയാണ് സാഹിത്യകൗതുകം, സൂര്യകാന്തി, ചെങ്കതിരുകൾ, പഥികൻെറ പാട്ട്, വെള്ളില്പ്പറവകൾ, വിശ്വദർശനം. ജീവനസംഗീതം തുടങ്ങിയവ. മലയാളത്തിൽ ആദ്യത്തെ 'ജ്ഞാനപീഠം' പുരസ്ക്കാരം ലഭിച്ചത് ജി.യുടെ 'ഓടക്കുഴൽ' എന്ന കവിതാസമാഹാരത്തിനാണ്.

'വെള്ളില്പറവകൾ' എന്ന കവിതാസമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു കവിതയാണ് 'പെരുന്തച്ചൻ. പ്രസിദ്ധമായ ഒരൈതിഹ്യത്തെ ഉപജീവിച്ച് രചിച്ചതാണ് ഈ കൃതി. പെരുന്തച്ചൻെറ ഓർമ്മകളിലൂടെ ചുരുളഴിയുന്ന ഇതിവൃത്തത്തിൽ മനുഷ്യമനസ്സിലെ സങ്കീർണ്ണവൈകാരിക ഭാവങ്ങളാണ് കവി ആവിഷ്ക്കരിച്ചിട്ടുള്ളത്.

ഓരോ വ്യക്തിയിലും ഭിന്ന വ്യക്തിത്വങ്ങൾ കുടികൊള്ളുന്നു. അവയിൽ സാഹചര്യങ്ങളുടെ പ്രേരണയാൽ ഒന്ന് ശക്തമായ രീതിയിൽ പ്രകാശനം നേടുമ്പോൾ മറ്റുള്ളവ ഉൾവലിയുന്നു. തുല്യശക്തികൾക്ക് ഒരേ സമയത്ത് വ്യക്തിത്വത്തിൽ പ്രതിഷ്ഠാപനം ലഭിക്കാറില്ല. പെരുന്തച്ചൻ ജനസമ്മതനായ ഒരാശാരിയായിരുന്നു; ആത്മാഭിമാനമുള്ള കലാകാരനും. മകനെ കലാവിദ്യ പഠിപ്പിച്ച് കേമനാക്കിയതിൽ പെരുന്തച്ചന് അഭിമാനമുണ്ടായിരുന്നു. പക്ഷേ,

നാട്ടുകാരുടെ കണ്ണിൽ മകൻ തന്നേക്കാൾ സമർത്ഥനാണെന്ന അഭിപ്രായം പരന്നപ്പോൾ പെരുന്തച്ചന്റെ പിതൃഹൃദയം ആഹ്ലാദിച്ചെങ്കിലും കലാഹൃദയം അസൂയാകലുഷിതമായി. 'തിങ്കളി'നു- മുമ്പിൽ 'ഞായറി'ന് മങ്ങലുണ്ടാവുകയോ! ഈ വിചാരമാണ് മകന്റെ മരണമാകുന്ന ദൂരന്തത്തിൽ കലാശിച്ചത്. യഥാർത്ഥത്തിൽ അത് കൈപ്പിഴയായിരുന്നോ? മകന്റെ കഴുത്ത് മുറിച്ച ഉളി തന്റെ കയ്യിൽനിന്ന് തെറ്റിവീണതായിരുന്നോ? അതോ, അസൂയാകലുഷിതമായ അബോധമനസ്സിൽ നിന്ന് ഉറഞ്ഞുയർന്ന കരുത്ത് തന്റെ കയ്യിനെ ആവേശിച്ചതായിരുന്നോ? വൃദ്ധനായിക്കഴിഞ്ഞ തച്ചൻ തിരിഞ്ഞുനോക്കുമ്പോഴും ആ ചോദ്യങ്ങൾക്കു വ്യക്തമായ ഉത്തരം കിട്ടുന്നില്ല. തച്ചനും അച്ഛനും തമ്മിൽ ഒരേ അന്തഃകരണത്തിൽ വെച്ച് ഏറ്റുമുട്ടുമ്പോഴത്തെ വിക്ഷുബ്ധാവസ്ഥ ഒരു മനഃശാസ്ത്രജ്ഞന്റെ ഉൾക്കാഴ്ചയോടെ ഈ കവിതയിൽ ശങ്കരക്കുറുപ്പ് വർണ്ണിച്ചിരിക്കുന്നു.]

ഇത്തിരിക്കൊരുസുഖം തോന്നുന്നുണ്ടെനിക്കി; ന്നെൻ-
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടു കിടക്കുന്നു!
വാതമെൻ ഞരമ്പിലെ മജ്ജയൊക്കെയും കാർന്നൂ,
പ്രേതമായ്ത്തീർന്നൂഞാ; നെന്നാകിലും ശ്വസിക്കുന്നൂ.

ഉളിവെക്കുമ്പോൾ കട്ടപ്പൊന്നുപോൽമിന്നുംപ്ലാവും
കളിവഞ്ചിവെട്ടീടാൻ ചേലേന്തും വൻ തേൻമാവും
നിറയെപ്പൂത്തും കായ്ച്ചും നില്ക്കുമീ മീനക്കാല-
ത്തിറയത്തുചെന്നൊന്നു നോക്കുവാൻ കഴിഞ്ഞെങ്കിൽ!
എൻപറമ്പിലിില്ലൊറ്റക്കുറ്റിവാഴയു; - മെനി-
ക്കിമ്പമാണെവിടെയാണെങ്കിലും മരം കണ്ടാൽ.

ഒൻപതാൾപിടിച്ചാലും പിടികൂടാതുണ്ടൊറ്റ-
ത്തമ്പക 'മുളിയനൂര'മ്പലമൈതാനത്തിൽ
വളവിലില്ലാ പോടും കേടുമെൻ കണ്ണാൽ ഞാനൊ-
ന്നളന്നിട്ടൊരെൺപതു കോലിന്നപ്പുറം പോവും.
മുറിച്ചാലതുമതി നാട്ടിലെപ്പുരയ്ക്കെല്ലാം
മുളമോന്തായം മാറ്റാ, മുത്തരത്തിനും കിട്ടും.
അല്ലെങ്കിലൂരാണ്മക്കാർ മോഹിക്കും പോലെ ചെത്തി-

യില്ലമാളികകൾക്കു 'ചീലാന്തി'ക്കതൊപ്പിക്കാം.
പൂതലിച്ചുപോയെൻെറയീത്തടി; കൊതിച്ചാലാ-
ക്കാതലിലിലുളി നടത്തീടുവാനാവില്ലല്ലോ! 20

കരിവെറ്റിലത്തുണ്ടും കൊട്ടടയ്ക്കയും നൂറിൻ-
തരിയും പുകയില ഞെട്ടിയും തപ്പിത്തപ്പി,
വെടിവെക്കിലും കൂടി കേൾക്കില്ലാ - കൂനിക്കൂടി
പ്പടിമേലിരിക്കുന്നു; 'നാനി' യും വയർ ചുങ്ങി.
അവളും കെളവിയായ്! പൂത്ത ചെമ്പകത്തെപോൽ
നിവർന്നും, കടഞ്ഞെടുത്തതുപോലുടമ്പാർന്നും,
ചിരിച്ചുമൂന്നും കൂട്ടിപ്പൂത്തവെള്ളിലപോലെ-
ന്നരികത്തിവൾനിന്ന നാളുകൾ ഞാനോർക്കുന്നൂ!
(പുരികം നരച്ചോരാക്കണ്ണുകൾ, ചിതൽത്തിന്ന-
പുറവാതിലിൽക്കൂടിയലഞ്ഞൂകുറെ നേരം)
പൊങ്ങുവാൻ കഴിഞ്ഞെങ്കിൽ നിരങ്ങാം; കിഴവനെ-
ത്താങ്ങുമായിരുന്നാക്കെ..... വിതുമ്പീ പെരുന്തച്ചൻ 32

(വീണ്ടുമാസ്മരണയെമായ്ക്കാനോ, ചുളിവേറെ
വീണനെറ്റിമേൽ മെല്ലെത്തടവീചുണ്ടും കൈയാൽ)
പണിചെയ്യുവാൻ മേലാതാകിലും തൊങ്കിത്തേങ്ങി-
പ്പണിയാലയിൽപ്പുക്കൊന്നിരിക്കാൻ കഴിഞ്ഞെങ്കിൽ,
എങ്കിൽ, ഞാൻ മുഴക്കോലുമുളിയും പണിക്കൂറിൽ-
പ്പങ്കിടാറുള്ളാഫ്ലാദമിപ്പൊഴും നുണഞ്ഞേനേ! 38

കരിവീട്ടിതൻ കാതൽ കടഞ്ഞു കുഴിച്ചവൻ-
മരിക കമഴ്ത്തിയപോലെഴും വിണ്ണിൻ താഴെ,
അകലെക്കാണും ചെമ്പുതാഴികക്കുടംചൂടും
മികവാർന്ന തൃക്കോവിൽ തീർത്തതിക്കൈകൊണ്ടത്രേ
ഉളി ഞാൻ പിടിപ്പിച്ച കൈകളാലെൻകു, ഞപ്പൊ-
ന്നൊളി ചിന്നിടും ക്ഷേത്രധ്വജത്തിൻ തുംഗാഗ്രത്തിൽ,
പറന്നങ്ങിരിക്കുമ്പോൾ ചെത്തിയ ഗരുഡൻെറ ചിറകു
ചലിപ്പതുണ്ടിപ്പൊഴുമെന്നേ തോന്നൂ
ഞാനതിലസൂയാലുവായിപോ, ലേതച്ഛന്നു

മാനമല്ലാമറ്റൊക്കെ മകനെപ്പുകഴ്ത്തുമ്പോൾ?
ആയിരം മണിയുടെ നാക്കടക്കീടാ, മൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?

രണ്ടുഗോപുരത്തിന്റെ തട്ടിലും വെച്ചൂ, തേക്കു-
കൊണ്ടു കൊത്തിയൊരഷ്ടദിക്പാലരൂപം ഞങ്ങൾ
ഒന്നെന്റെയീക്കൈതീർത്ത, തൊന്നവന്റേതും; ജീവൻ
വന്നിട്ടുണ്ടവന്റേതിലെന്റേതിനെക്കാളത്രേ.
എൻ കരം തോറ്റാലെന്താണെൻമകൻ ജയിക്കുമ്പോൾ,
എൻ കണ്ണിലുണ്ണിക്കേലുംപുകളെൻ പുകളല്ലേ?
കൊച്ചനെ സ്തുതിക്കുമ്പോളെൻമുഖം മങ്ങിപോലും,
തച്ചനായാലും ഞാനൊരച്ഛനല്ലാതായ്പോമോ?
"കണക്കും കോപ്പും മൂത്താശാരിക്കു കൂടും, ശില്പ-
ഗുണമാച്ചെക്കന്നേറും"- നാട്ടുകാർക്കെന്തോണാവോ?

ആലയിലടുത്തടുത്തിരുന്നു ഞാനും മോനും
വേലചെയ്യുമ്പോൾ തമ്മിൽ മിണ്ടാതായ്പിന്നെപ്പിന്നെ
ഞാനവന്നപമൃത്യുനേരിടാ, നാരെന്തൊക്കെ-
ത്താനധിക്ഷേപിച്ചാലുമച്ഛനാണാശിക്കുമോ?
ആ മകൻ ഗ്രഹിച്ചതുമഭ്യസിച്ചതു; മെത്ര
കേമനായാലും, തന്റെയച്ഛനിൽനിന്നാണല്ലോ?
'ഞായറുമറഞ്ഞേക്കാം തിങ്കളാലല്ലേ" മൂത്ത-
നായർ. ഞാൻ വീട്ടിൽ ചെല്കെയെന്തിനിങ്ങനെ ചൊല്ലി?

കേവലം നേരംപോക്കിനന്നുഞാനൊരുയന്ത്ര-
പ്പാവയെപ്പാലത്തിന്റെ ചുവടെഘടിപ്പിച്ചു.
കാലുവെക്കുമ്പോൾ പാലത്തിന്റെയറ്റത്താരാനും,
ചേലുലാവുമപ്പാവ ജലദേവതപോലെ,
നീർനിരപ്പിൽനിന്നാരാലുയരും, പൊങ്ങിപ്പൊങ്ങി,
നീടുറ്റപാലത്തിന്റെ മദ്ധ്യത്തിലാളെത്തുമ്പോൾ,
വാ തുറന്നൊരുതുപ്പുതുപ്പു,മാവഴിക്കാര-
നേതുമേ കരുതിടാതരികെക്കൂടിപ്പോകെ!
ഈ വിചിത്രമാം വിദ്യകാണുവാനത്യാശ്ചര്യം

താവിനമിഴികൾതൻ തിരക്കായാറ്റിൻവക്കിൽ
ചന്ദനത്തൈയ്യാണെങ്കിലുരഞ്ഞാൽ മണംപൊങ്ങും;
നിന്ദയാലല്ലെൻ കുഞ്ഞും തൻ മിടുക്കുടൻ കാട്ടി.
നാലുനാൾ ചെല്ലുംമുൻപുപൊങ്ങിമറ്റൊരുപാവ
നാട്ടുകാരുടെ നാവിലവന്റെ പേരോടൊപ്പം
തുപ്പുവാൻ ഭാവിച്ചുംകൊണ്ടെൻപാവപൊങ്ങുമ്പോഴേ-
ക്കപ്പുറത്തവന്റേതിൻകൈ നീളുംപതുക്കനെ
വാതുറക്കുമ്പോഴേക്കും ചെകിടത്തടിവീഴും,
വാശിയാലടിയെനിക്കേറ്റതുപോലെതോന്നി! 86

* [ഇടമില്ലാകാശത്തുരണ്ടുതിങ്കളിന്നെന്നും;
കൂടുവിട്ടവൻപോയി, 'നാനി' കണ്ണീരായ്നില്ക്കെ
ഉമിനീറുപോൽ നീറിയെൻമനം, എന്നാലുംഞാ-
നുരിയാടിയില്ലൊറ്റയക്ഷരം പിരിയുമ്പോൾ
കോവിലിലൊനപ്പന്തൽപുത്തനായ്പണിയുമ്പോൾ
ഞാൻ വിളിച്ചതെന്തിനാക്ഷേമനാം മകനെപ്പോയ്?
"മകനോടാലോചിച്ച് ഭംഗിയാക്കണം പന്തൽ",
മതിലിന്നകം പൂകെത്തമ്പിരാനരുൾചെയ്തു.
പോരുവാൻതോന്നീ, പക്ഷേ പോന്നി; ല്ലക്കാലത്തോള-
മാരുമോതാറില്ലെന്നോടന്യനോടാലോചിക്കാൻ
ഞാനതിലസൂയാലുവായിപോൽ; മകനുള്ള
മാനമച്ഛനുമില്ലേ? മരമോ മരാശാരി? 98

പന്തലൂരാണ്മക്കാർ തൻ കൗതുകത്തോടെപൊങ്ങീ
ചന്തമായ്; മുകപ്പിന്നുകൊത്തുവേലകൾവേണം
"ഞാനതുനോക്കാ, മച്ചുൻ മോന്തായം കേറ്റിക്കോളൂ"
മോനനുവദിക്കണോ മോന്തായം മോളിൽക്കേറ്റാൻ?
ചന്ദനപ്പലകമേൽ കൊത്തുകയാണാക്കൈകൾ
സുന്ദരംമഹാലക്ഷ്മീദേവിതൻ കേളീപത്മം
വാളിന്റെ വായ്പോൽമിന്നും വീതുളിയാലേ, നേരെ
മോളിലാ മോന്തായത്തിന്നാണിചീവുകയാം ഞാൻ
ഊർന്നുകൈയറിയാതെ, യറിയാതെയാണുളി,

*[ ] മനഃപാഠമാക്കാനുള്ള വരികൾ

നേർന്നു ഞാൻ മകൻെറമേലതുപോയി വീഴൊല്ലേ!
കണ്ണിമച്ചുഞാൻ മിഴിക്കുമ്പോഴേ,ക്കയ്യോ!കണ്ടൂ,
മണ്ണിലക്കഴുത്തറ്റൊരെൻമകൻ പിടയുന്നു!

ആളുകൾചുറ്റുംവന്നുകൂടുന്നു, തൂശിത്തുമ്പു
നീളും പോലോരോ കണ്ണുമെൻമുഖത്തേറ്റീടുന്നൂ
കോണിതൻപടിയിലെൻകാലുറയ്ക്കുമോ? താഴെ
വീണുഞാൻ, മകൻ 'മാപ്പെ'ന്നോതിപോൽ; കേട്ടില്ലാഞാൻ.)

ഉതിരം തളംകെട്ടിവേറിട്ടകണ്ഠത്തിങ്കൽ
പതിയും ചുരുൾമുടി കട്ടച്ചൂ, രക്തം മുറ്റി;
വേദനവിഴുങ്ങിയ, കൺമിഴിഞ്ഞൊരാരൂപം
വേറിടുന്നില്ലുൾക്കണ്ണിൽനിന്നെനിക്കെന്തായാലും
ചിരിച്ചു കണ്ടിട്ടില്ല 'നാനി'യെപ്പിന്നീടാരു;-
മെരികണ്ണീരുംവാർന്നുവാർന്നതോടൊപ്പംവറ്റി-
ആരുവിശ്വസിക്കും കൈപ്പിഴയല്ലാതെ,ന്നെത്ര-
പേരുരുച്ചാലും? തന്തയിതുചെയ്യുമോ നാനി!

ആ മകനെനിക്കൂന്നുവടിയായിരുന്നേനേ,
ഭീമമാമപമൃത്യുപിണയാതിരുന്നെങ്കിൽ!
"പിണയ്ക്കാതിരുന്നെങ്കി"ലെന്നുഹാ, തിരുത്തുന്നു-
ണ്ടുണരുന്നൊരെന്നന്തഃകരണം കൂടെക്കൂടെ
ആരുവിശ്വസിക്കും കൈപ്പിഴയല്ലതെന്നെത്ര-
പേരുരച്ചാലും, തന്തയ്ക്കിതുചെയ്യുവാനാമോ?
അടിക്കുന്നുണ്ടെന്നാലുമെൻ നെഞ്ചിലാരോകൊട്ടു-
വടികൊണ്ടിപ്പോളേതോ കൂരാണിയിളക്കുവാൻ

"പൊടിയോമറ്റോ വീണോകണ്ണി? - ലിന്നെന്താവെള്ളം
പൊടിയാൻ? ചൂൽകാണിച്ചിട്ടേറെനാളായീമച്ചിൽ."
മുറുക്കാൻ ചതകല്ലിൽവെച്ചിടിക്കുമ്പോൾ 'നാനി'
മുറിച്ചൂപെരുംതച്ചൻതൻെറയാ മനോരാജ്യം.

# 5. വീരകേരളം

## - പി. കുഞ്ഞിരാമൻനായർ

മലയാളത്തിലെ ഒരദ്ഭുതപ്രതിഭാസമാണ് പി. കുഞ്ഞിരാമൻ നായർ. പദസമ്പത്തിലും ഭാവനാശക്തിയിലും സമ്പന്നനായ ഈ കവിയുടെ കൃതികളിൽ കേരളത്തിന്റെ പ്രകൃതിസൌന്ദര്യം സവിശേഷമായ നിലയിൽ പ്രതിഫലിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ആദ്യകാല കവിതകളിൽ ഭക്തിയും സ്വരാജ്യസ്നേഹവും നിറഞ്ഞു നില്ക്കുന്നു. കാല്പനികമായ ഗൃഹാതുരത, അപ്രാപ്യത്തിന് വേണ്ടിയുള്ള രോദനം, അപരാധബോധം - ഇങ്ങനെ പല ഭാവങ്ങളും അദ്ദേഹത്തിന്റെ കവിതകളിൽ പ്രകടമായിട്ടുണ്ട്. നഷ്ടപ്പെട്ടുപോയ ഒരു സാംസ്ക്കാരിക വസന്തത്തെക്കുറിച്ചുള്ള മധുരസ്മരണകളും സമകാലീന സമൂഹത്തിലെ ജീർണ്ണതയെക്കുറിച്ചുള്ള ധാർമ്മിക രോഷവും അദ്ദേഹം സ്വന്തം കവിതകളിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. കേരളത്തിന്റെ മഹിതസൌന്ദര്യമാണ് പി.യുടെ കാവ്യചേതനയെ രൂപപ്പെടുത്തിയ മുഖ്യഘടകം. അദ്ദേഹത്തിന് ജീവിതം തന്നെ കവിതയാണ്. ശ്വാസോച്ഛ്വാസംപോലെയായിരുന്നു അദ്ദേഹത്തിന് കാവ്യരചന. 'ആർത്തിരമ്പിക്കുതിക്കുന്ന ആകാശഗംഗയെപ്പോലൊരു ഭാവന' എന്നും, 'അതിരും എതിരുമില്ലാത്ത. നിയന്ത്രണാതീതമായ ബിംബാവലികൾ നുര ചിന്നിപ്പതുഞ്ഞുപായുന്ന കല്പനാ പ്രസരം' എന്നും ഈ കവിയുടെ രചനാ പ്രക്രിയയെക്കുറിച്ച് നിരൂപകൻമാർ വിശേഷിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ തനിമയും. ഭാരതീയ ജീവിത പൈതൃകവും, നമ്മുടെ സംസ്ക്കാരത്തെക്കുറിച്ചുള്ള ഊറ്റവും പി.യുടെ കവിതകളുടെ മുഖമുദ്രകളാണ്.

നിറപറ, പിറന്നമണ്ണിൽ, താമരത്തോണി, താമരത്തേൻ തുടങ്ങി രണ്ടു ഡസനോളം കവിതാസമാഹാരങ്ങളുണ്ട് അദ്ദേഹത്തിന്റേതായി. 'പൂക്കളം' എന്ന പേരിൽ തെരഞ്ഞെടുത്ത കവിതകളും 'രഥോത്സവം'

(രണ്ടു ഭാഗങ്ങൾ) എന്ന പേരിൽ സമ്പൂർണ്ണസമാഹാരവും പില്ക്കാലത്ത് പ്രസാധനം ചെയ്തിട്ടുണ്ട്.

'താമരത്തേൻ' എന്ന കവിതാ സമാഹാരത്തിലെ കവിതയാണ് 'വീരകേരളം'. ബിംബകല്പനയിലും വർണ്ണനയിലും പ്രകൃതി ചിത്രീകരണത്തിലും അനുപമനായ കവിയാണ് കുഞ്ഞിരാമൻ നായർ എന്നതിന് ഈ കവിത സാക്ഷ്യം വഹിക്കുന്നു. മലനാടിൻെറ ആത്മാവ് കണ്ടറിഞ്ഞ് ആരാധിക്കുന്നു ഈ മഹാകവി. ആസ്തിക്യം, മാതൃസ്നേഹം, കേരളീയത എന്നിവയിൽ വേരൂന്നിയ കവിതയാണിത്. കിഴക്കൻ മല നിരയ്ക്കും പടിഞ്ഞാറൻ കടലിനും ഇടയ്ക്കുള്ള ഈ മെലിഞ്ഞ ഭൂഖണ്ഡത്തിൻെറ ആകാര സുഷമയെയും ആത്മസത്തയെയും അർപ്പണമനോഭാവത്തോടുകൂടി കവിതയിലേക്ക് ഒപ്പിയെടുത്തതായി ഈ കവിതയിൽ നമുക്ക് കാണാം. കേരളമാകുന്ന ദേവിയുടെ കനകദിവ്യവിഗ്രഹം കാണാൻ നാം ഇനിയും പല മതിലുകളും, ഗോപുരങ്ങളും, പടികളും തരണം ചെയ്യേണ്ടിയിരിക്കുന്നു. നട തുറന്ന് ആ ദേവിയുടെ ദർശനം ലഭിക്കണമെങ്കിൽ സ്വാർത്ഥചിന്താഗതി കൈവെടിഞ്ഞ് നാം പൂർണ്ണമായും മാതൃഭക്തിയിൽ മുഴുകണം. എങ്കിൽ മാത്രമേ സമൃദ്ധവും വിബുദ്ധവുമായ വീരകേരളം യാഥാർത്ഥ്യമാക്കാൻ നമുക്ക് സാധിക്കുകയുള്ളു എന്ന് കവി പ്രഖ്യാപിക്കുന്നു.]

ഉയിരുണർന്നുമേല്ക്കുമേ-
  ലുയരുമാത്മഗീതിയിൽ,
വിമലമൊത്തിണങ്ങിയീ,
  വിതതമന്ദ്രദുന്ദുഭി.

മലതുരന്നുപായുമാ-
  റലകൾതൻ വിരാമമോ?
വികച കാനനങ്ങൾ തൻ
  ശുകപികാളിഗീതമോ?

ഗഗനവീഥിമുങ്ങുമാ
  ജലദഘോഷയാത്രയോ?
മധുകണങ്ങൾ തേടിടും
  മക്ഷികാന്നിനാദമോ?

വിരഹദഗ്ധജനനിതൻ
    രുദിതഗൽഗ്ഗദങ്ങളോ?
പടമൊതുക്കിമാഞ്ഞുപോയ്
    കൊടിയദീർഘരജനികൾ

പൊന്നണിഞ്ഞുമിന്നുമി-
    പ്പുണ്യശൈലസാനുവിൽ,
മുറ്റുമിന്നുപൊൻകതിർ-
    ക്കറ്റയേറ്റിനിൽക്കയായ്,

വികചപുഷ്പമാലകൾ
    നവവസന്തലീലകൾ
കവനഗാനലോലകൾ
    നവവിഭാതവേളകൾ

നീലശൈലവാരണ-
    വാഹനത്തിലേറിയോ,
ദൃപ്തവീരകേസരീ-
    മസ്തകം തലോടിയോ,

കൃഷിനിലങ്ങൾപോറ്റുമാ-
    വൃഷഭവാഹനത്തിലോ,
പുള്ളിമാൻ കിടാങ്ങളെ,
    പ്പൂട്ടിയോരു തേരിലോ,

പീലിചാർത്തിയാടിടും
    പൊൻമയിൽച്ചിറകിലോ,
വന്നു സുകൃതപൂരമേ,
    വന്നു നീ വിഭാതമേ?

അഴലിലാണ്ടുകണ്ണുനീർ-
    പ്പുഴകടന്നുനീന്തിയും
കൂർത്തുമൂർത്തപാതകൾ
    കുസുമശയ്യയാക്കിയും

കടുതരവ്രതാഗ്നിതൻ

കടൽതുഴഞ്ഞുകേറിയും
ചേർന്നണഞ്ഞുഞങ്ങൾനിൻ
കാവിലിന്നു കൈതൊഴാൻ
കണ്ണുനീർനനച്ചൊരീ
സുസ്മിത സുമങ്ങളും,
പോറ്റിയ തപസ്യയിൽ
നീറ്റിയ കരൾകളും,
അമ്പെഴുന്നകാഴ്ചകൾ
അംബ, നിൻപദങ്ങളിൽ
പേർത്തുമിന്നുഞങ്ങൾതൻ
തീർത്ഥയാത്ര പാതിയായ്;
കാൽനട നടിന്നിളം
കഴലുതേഞ്ഞുപോകിലും;
കടുതരവ്രതങ്ങളാ-
ലുടൽ തളർന്നുപോകിലും,
വിസ്മരിക്കയില്ലനിൻ
പരമമാം പദങ്ങളെ
മധുരമാം കിനാവുതൻ
നവവസന്തദേവി നീ!
ഭവുകവാടിപൂവിടും
നവവസന്തറാണിനീ!
വൻമലമതിലുകൾ
നൻമയിലുയർന്നതായ്;
നീലമാം കടലല
കാലുഴിഞ്ഞുകൊൾവതായ്,
പൂചൊരിഞ്ഞുമാമര-
ച്ചാർത്തുപന്തൽതീർപ്പതായ്,
നിത്യരമ്യസന്ധ്യകൾ

പട്ടുചാർത്തിനില്പതായ്
പാർവ്വണനിശാകരൻ
ക്ഷീരധാരചെയ്വതായ്,
അകലെമലയിലാണുനീ-
യധിവസിക്കുമമ്പലം!
ചന്ദനമരങ്ങൾതൻ
തണലിലുള്ളൊരമ്പലം
ഏലശീതപരിമളം
അലയടിയ്ക്കുമമ്പലം
പവിഴമാല, മുളകുകൾ
ചാർത്തിനില്ക്കുമമ്പലം
കുടമെടുത്തുതെങ്ങുകൾ
നടയിൽ നില്ക്കുമമ്പലം
കമുകുരാജി പൂക്കുല-
ച്ചാർത്തു തൂകുമമ്പലം
പൊയ്കയെങ്ങുമാമ്പല-
ത്താലമേന്തുമമ്പലം
അകലെയകലെയാണുനീ-
യധിവസിക്കുമമ്പലം!
വാസരം ചൊരിഞ്ഞിടും
സുസ്മിതത്തിനക്കരെ,
മൂകരാവുതൂകുമാ-
കണ്ണുനീരിനക്കരെ,
ദൂരെദൂരെയാണുനീ
വീരധർമ്മദേവതേ!
ദൂരെയാണിലഞ്ഞികൾ
പൂവിരിച്ച കാവുകൾ
അവിടെയാണു കടുവതൻ

മുലകുടിച്ചു മാനുകൾ
അവിടെ ഹരിയൊടൊത്തഹോ
ലീലയാടി വാരണം

അവിടെ ഗരുഡനോടുതാൻ
സല്ലപിച്ചുപാമ്പുകൾ
അവിടെയാണു കിളികൾ-
തന്നിണകളായി കാക്കകൾ

പലതരം സുമങ്ങളെ-
ച്ചൂടുമേകവല്ലരി
പലതരം ഫലങ്ങളെ-
പ്പെറ്റതങ്ങൊരേ മരം

അവിടെയൊത്തു വാഴ്കയാം
മുള്ളുമസ്സുമങ്ങളും
അവിടെയാണു വാഴ്വതാ-
പ്പരിചയൊത്തു ചേങ്ങലം

അവിടെയാണുവാഴ്വതാ
മുരളിയൊത്തുവാളുകൾ
പൂജയേൽപ്പതവിടെയാം
ഗ്രന്ഥവും നുകങ്ങളും

അലകൾ പാടുമവിടെയാ-
ക്കലകൾ വാണകളരികൾ!
കാട്ടിലാപ്പുലരിയിൽ-
പ്പാടിടുന്ന കന്യകേ,

സന്ധ്യതൻ വിപഞ്ചികൾ
മീട്ടിവന്നകന്യകേ
പൂനിലാക്കിനാവിനാൽ
വാർത്തധർമ്മദേവതേ,

അകലെയകലെയാണുനീ
അധിവസിയ്ക്കുമമ്പലം!

വഴിനടന്നു ഞങ്ങൾ നിൻ
നടവഴിയ്ക്കു താഴെയായ്;
വഴിനടന്നുഞങ്ങൾനിൻ
മതിലുകൾക്കു ചാരെയായ്
മെയ്പുണർന്നു, പൂമണം
പൂശുമസ്സമീരണൻ
ഉമ്മവെച്ചുനിറുകയിൽ
പൂചൊരിഞ്ഞ നിഴലുകൾ
പൊങ്ങിഹൃദയതുഷ്ടികൾ
പൊങ്ങി ദീപയഷ്ടികൾ
ഇന്നു സൻമുഹൂർത്തമായ്
ഗോപുരം തുറന്നു നീ
ദേവിയിന്നുനിൻമണി-
ക്കോവിലിൻ മഹോത്സവം!
നിറവെഴുന്ന ചിറകളിൽ-
ത്തറകളഗ്രശാലകൾ
ഗഗനമേറി നില്ക്കയാം
സിംഹമൊത്തു കൊടിമരം.
ദ്വാരപാലനാരു, വെൺ -
മഴുവുയർത്തുമഗ്നിയോ?
സുസ്മിതം പൊഴിപ്പു ഹാ
ധന്യനായ് മഹാബലി
ഗാനധാരചൊരികയാം
പഞ്ചവർണ്ണമാംശുകം
ഇനിയുമുണ്ടുമതിലുകൾ
ഇനിയുമുണ്ടുഗോപുരം
പടികളെത്രകേറണം
നടയിൽ ഞങ്ങളെത്തുവാൻ?
ഉയരെയുയരെയാണുനിൻ
തിരികളെരിയുമമ്പലം

ഉയരെയാണുദേവിനിൻ
കനകദിവ്യവിഗ്രഹം
കാതിനമൃതമമ്പിലി-
ദ്ദേവി നിൻ ചിലമ്പൊലി

അമ്പിലെന്നു കൈവരും
അമ്പുറന്നദർശനം?
കോട്ടമറ്റ പൈങ്കിളി-
പ്പാട്ടൊടൊത്തു പാവനം

പൊങ്ങി പശ്ചിമാബ്ധിതൻ
പഞ്ചവാദ്യനിസ്വനം
"നടതുറന്നു ദർശനം
കൈവരേണമെങ്കിലോ,

മുഴുക മാതൃഭക്തിയിൽ
വിമലമാംതപസ്യയിൽ
ത്യാഗമാം തപസ്യയിൽ
പൂവിടുന്നു സിദ്ധികൾ

എന്നുദേവി ദർശനം
തന്നനുഗ്രഹിയ്ക്കുമോ-
അന്നു കാട്ടു ചോലകൾ
മധുരഗാനധാരകൾ

വികല പല്ലവങ്ങളോ
വിവിധനാട്യമുദ്രകൾ!
വിമലപുഷ്പകാനനം
നവവിപഞ്ചികാസ്വനം

എന്നുമാഞ്ഞുപോകുമി-
സ്സ്വാർത്ഥനീചകർദ്ദമം
അന്നു ദിവ്യമരതക-
കല്ലുപോൽ വിളങ്ങിടും,

നവസമൃദ്ധകേരളം
നവവിബുദ്ധകേരളം
വികചവീരകേരളം
വിതതവിശ്വകേരളം!

# 6. കളങ്കമറ്റ കൈ

## ബാലാമണിയമ്മ

['മാതൃത്വത്തിൻെറ കവി' എന്ന് പ്രകീർത്തിതയാണ് ബാലാമണിയമ്മ. മനുഷ്യമനസ്സിൽ സദ്ഭാവനകളുടെ വിത്ത് പാകുന്നതാണ് അവരുടെ കവിതകൾ. ശാലീനമായ മാതൃത്വത്തിൻെറ പൊന്നുറവയിൽ ജൻമമെടുത്ത നിരവധി ഭാവഗാനങ്ങളും ആത്മാലാപങ്ങളും ബാലാമണിയമ്മ മലയാളസാഹിത്യത്തിന് സംഭാവന ചെയ്തിട്ടുണ്ട്. തൻെറ കുഞ്ഞിൻെറ ഭാവിയെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന ഈ അമ്മ പടിപടിയായി പ്രപഞ്ചത്തിൻെറ അമ്മയായി വളരുന്നു. ആയുധക്കൂമ്പാരത്തിൻെറ മുകളിൽ ഇരുന്ന് ഭാവിയെക്കുറിച്ച് ദുഃസ്വപ്നം കാണുന്നു. സത്യത്തിൻെറയും ധർമ്മത്തിൻെറയും പേരിൽപോലും വേദനയ്ക്ക് കാരണക്കാരനാകുന്ന മനുഷ്യനെക്കുറിച്ച് അവർ വ്യാകുലചിത്തയാകുന്നു. സ്വന്തം കുഞ്ഞിൽ ഈശ്വരനെ കാണുന്ന ബാലാമണിയമ്മയ്ക്ക് പ്രാർത്ഥനപോലെ ഒരു പാവനകർമ്മമാണ് കവിതയെഴുത്തും.

കൂപ്പുകൈ, അമ്മ, കുടുംബിനി, ധർമ്മമാർഗ്ഗത്തിൽ, സ്ത്രീഹൃദയം, മുത്തശ്ശി, വെയിലാറുമ്പോൾ, അമ്പലത്തിൽ തുടങ്ങിയവ ബാലാമണിയമ്മയുടെ കൃതികളിൽ ഉൾപ്പെടുന്നു. അവരുടെ തെരഞ്ഞെടുത്ത കവിതകളുടെ സമാഹാരങ്ങളാണ് 'സോപാനം', 'നൈവേദ്യം' എന്നിവ. കേരള സാഹിത്യ അക്കാദമിയുടെ പുരസ്ക്കാരവും, മറ്റു പല പുരസ്ക്കാരങ്ങളും ഈ കവിക്ക് ലഭിച്ചിട്ടുണ്ട്. 1995-ൽ 'നൈവേദ്യ' മെന്ന കവിതാ സമാഹാരത്തിന് ലഭിച്ച കെ.കെ. ബിർളാ ഫൌണ്ടേഷൻെറ 'സരസ്വതീ' സമ്മാനമാണ് അവയിൽ ഏറ്റവും ഒടുവിലത്തേത്.

'അമ്മ' എന്ന കൃതിയിലെ ഒരു ഖണ്ഡമാണ് 'കളങ്കമറ്റ കൈ' എന്ന കവിത. ഇതേ പേരിൽതന്നെ 'സോപാനം', 'മാതൃഹൃദയം' എന്നീ

സമാഹാരങ്ങളിലും ഈ കവിത കാണാം. കുട്ടികളുടെ നിർവ്യാജമായ സൗഭ്രാത്രപ്രകടനത്തെ ആനന്ദത്തോടെ നിരീക്ഷിക്കുന്ന ഒരമ്മയുടെ അനുഭവമാണ് ഈ കവിതയിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്. മുറ്റത്തുനിന്ന് കളികഴിഞ്ഞ് ഓടിയെത്തിയ ബാലൻ കൊച്ചനിയത്തിയെ കാണാൻ തൊട്ടിലിൻെറ അരികിലെത്തി. അമ്മ ആട്ടുന്ന തൊട്ടിലിൽ കിടന്നുറങ്ങുകയാണ് മകൾ. ആകാശത്തുനിന്നും ഏതാനും നക്ഷത്രങ്ങൾ അങ്ങോട്ട് എത്തി നോക്കുന്നു. സന്ധ്യാദീപം ആ ഇളംപൂമേനിയിൽ പ്രകാശം വിതറുന്നു. ഏതു തേജസ്സിനെയാണ് ബാല്യം ആകർഷിക്കാത്തത്? ഏതു തേജസ്സാണ് ബാല്യത്തെ പൂജിക്കാത്തത്?

അമ്മ തടഞ്ഞെങ്കിലും ബാലൻ അനിയത്തിയുടെ നെറ്റിയിൽ ഉമ്മ വയ്ക്കുകയും അവളെ തലോടുകയും ചെയ്തു. കുഞ്ഞുണർന്ന് ഇളം പുഞ്ചിരി പൊഴിച്ചു. തന്നെനോക്കിയാണ് അനിയത്തി ചിരിച്ചതെന്ന് പറഞ്ഞ് ചേട്ടൻ തുള്ളിച്ചാടി. മകൻെറ പെരുമാറ്റത്തിൽ സന്തോഷിച്ചുവെങ്കിലും 'നിൻെറ ചളിക്കയ്യുകൊണ്ട് അമ്മുവിൻെറ പൊന്നുമേനി തൊടണ്ട' എന്ന് അമ്മ അവനെ ശാസിക്കുകയാണ്. യഥാർത്ഥത്തിലുള്ള സൻമനോഭാവത്തെ വാക്കുകൾ കൊണ്ട് നാം മൂടി വെയ്ക്കുന്നു. അമ്മയുടെ ശാസന മകനെ ദു:ഖിപ്പിച്ചു. അവൻെറ മുഖം വാടി, കണ്ണിൽ കണ്ണീർ പൊടിഞ്ഞു. ഇതു കണ്ടപ്പോൾ ലോലഹൃദയയായ മാതാവ് തൻെറ മകനെ ആശ്വസിപ്പിക്കാൻ മുതിർന്നു. കുഞ്ഞിൻെറ തങ്കശരീരം തലോടാൻ അർഹമാംവിധം കളങ്കമറ്റതാണ് ചേട്ടൻെറ കൈകൾ എന്ന് അമ്മയുടെ ഹൃദയം മന്ത്രിച്ചു.

കുട്ടികളുടെ നിർവ്യാജമായ സൌഭ്രാത്ര പ്രകടനത്തെ നിരീക്ഷിക്കുക എന്നതു മാതൃത്വത്തിലെ മധുരമായ ഒരനുഭവമാണ്.]

തൊട്ടിലാട്ടും ജനനിയെപ്പെട്ടെന്നു
തട്ടിനീക്കിരണ്ടോമനക്കയ്യുകൾ;
കേട്ടുപിന്നിൽനിന്നക്കളഗീതി ഞാൻ;
'കാട്ടുകെന്നുടെ കൊച്ചനിയത്തിയെ'

മണ്ണുവാരിമതിയാംവരെക്കളി-
ച്ചുണ്ണിയപ്പോൾ തിരിച്ചെത്തിയേയുള്ളു.
അന്തിവിൺനിറംപൂണ്ടവദനത്തി-
ലങ്കുരിച്ച വിശദസ്മിതത്തൊടും,

വൻതമസ്സിൻ മുളകൾപോലങ്ങിങ്ങു
ചിന്തിവീണ ചുരുൾമുടിച്ചാർത്തൊടും,
ആ മിടുക്കൻ കടന്നാനക, ത്തൊരു
സോമരശ്മിപോലുൾക്കുളിരേകുവോൻ

അമ്മ മന്ദമായാട്ടുന്നതൊട്ടിലിൽ-
ത്തൻമകളുണ്ടുറങ്ങിക്കിടക്കുന്നു:
കാറ്റുലക്കും സരസ്സിൻെറയോളത്തിൽ-
ക്കാണുമാമ്പലമൊട്ടെന്നപോലവേ
എത്തിനോക്കുന്നുവാതായനം വഴി-
ക്കെട്ടുപത്തു നക്ഷത്രക്കുരുന്നുകൾ
ചെറ്റുചെറ്റിളകീടുമത്തൊട്ടിലിൻ-
ചുറ്റഴികളിലൂടെയകം പൂകി.
മേൽക്കുമേൽ വിതറീടുന്നു ചമ്പക-
പ്പൂക്കളെ സ്വയമന്തി വിളക്കൊളി
ഏതു തേജസാപൂജിത മല്ലനിൻ-
നൂതനോദയ സൗഭഗം ബാല്യമേ!
പാഞ്ഞണഞ്ഞിരുകൈകളാൽ ചങ്ങല-
യാഞ്ഞമർത്തിപ്പിടിച്ചു ധൃതൌത്സുക്യം;
ഉറ്റുനോക്കിനാൻ തൊട്ടിലിന്നുള്ളിലേ-
ക്കൊട്ടുനേരമനങ്ങാതെ ബാലകൻ
സ്വച്ഛനീലമാംവാനത്തു സന്ധ്യത-
ന്നുജ്ജ്വലവർണ്ണഭേദങ്ങൾപോലവേ,
വിസ്ഫുരിക്കയാ, യപ്പോഴക്കൺകളി-
ലദ്ഭുതാഹ്ലാദവാത്സല്യഭാവങ്ങൾ

"പോരുമിക്കളി; കുട്ടിയുണർന്നേക്കും;
മാറിനില്ക്കുകെ"ന്നമ്മ തടഞ്ഞാലും,
കൺമണിയുടെ നെറ്റിമേൽസോദരൻ
ചുംബനങ്ങൾപൊഴിച്ചാൻ തെരുതെരെ
അക്കുമാരിയുണർന്നു, തുറന്നുതൻ-
നിഷ്കപടവിശാല നയനങ്ങൾ;
കോമളത്തുടുംചുണ്ടൊന്നു വക്രിപ്പി-
ച്ചോമലാളതാ, പുഞ്ചിരിക്കൊള്ളുന്നു.
"എന്നെ നോക്കിച്ചിരിക്കുകയാണെ"ന്നു
ധന്യനഗ്രജൻ നൃത്തം ചവുട്ടുന്നു!

പൊല്പനിനീർദ്ദളങ്ങളിൽ സാഹ്ലാദം
നിഷ്പതിക്കും ശലഭം കണക്കിനേ
നന്ദനൻെറ വലംകൈ വിളയാടി
നന്ദിനിയുടെ പൂവലംഗങ്ങളിൽ;
അഞ്ചിതാംഗുലികൊണ്ടു പിടിക്കയാൽ-
പ്പിഞ്ചുകയ്യതിൻപ്പൊൻവള ചാർത്തിച്ചും,
തൻ തലോടലലാമുളച്ചുവരും
കുന്തളങ്ങളിൽകൈതപ്പൂചൂടിച്ചും,
നെഞ്ചിടത്തിൽപ്പതക്കമണിയിച്ചും,
നെറ്റിമേൽപ്പുതുഗോരോചനംതേച്ചും,
കൈനഖകാന്തികൊണ്ടുതളിരിളം-
കാലിൽ വെള്ളിച്ചിലങ്കയിടുവിച്ചും,
പൈതലിൻ മെയ്യലംകൃതമാക്കി, ത-
ത്സഹോദരൻെറ വിരുതുതികഞ്ഞകൈ..
ഉണ്ണിതൻെറയിക്കേളികൾ കാൺകയാൽ
കണ്ണിലാനന്ദബാഷ്പം പൊടിഞ്ഞാലും
അമ്മ ശാസിച്ചാൾ; "നിൻ ചളിക്കയ്യുകൊ-
ണ്ടമ്മുവിൻ പോന്നുമേനി തൊടായ്ക നീ"
വാക്കുകളാൽക്കരിംപുതപ്പേന്തുന്നൂ
വാസ്തവമനോഭാവം പലപ്പൊഴും.

ഒന്നു വാടീമുഖാംബുജംബാലനു;
പിന്നെയല്പം തുടുത്തൂ കവിൾത്തടം;
ചഞ്ചലമായി ചിത്തം; വിറക്കൊണ്ടു
ചെഞ്ചോടികളഭിമാനഭംഗത്താൽ,
അമ്മ തന്നുള്ളുരുക്കുമാറേന്തി, യ-
ക്കൺമുനകളിൽത്തപ്താശ്രുബിന്ദുക്കൾ.

മാലിയറ്റീമകനെ. നനുതാപ-
ലോലമായ്ത്തീർന്ന മാതൃഹൃദയത്തിൽ,
മെല്ലെ മന്ത്രിച്ചതേതോ മൃദുസ്വരം;
'ചെല്ലു, കാശ്വസിപ്പിക്കതനയനെ;
പോയ്ത്തലോടട്ടെതന്നനുജത്തിയെ-
പ്പേർത്തുമൻപുറ്റകൊച്ചുകൈകൊണ്ടവൻ;
അത്തനിത്തങ്കമെയ്തോടാൻ മറ്റേതു-
ണ്ടിത്രമാത്രം കളങ്കമറ്റുള്ള കൈ?'

# 7. കാളിദാസൻെറ സിംഹാസനം

## എൻ. വി. കൃഷ്ണവാര്യർ

പ്രണ്ഡിതൻ, കവി, രാഷ്ട്രീയപ്രവർത്തകൻ, പത്രപ്രവർത്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രശസ്തനായ എൻ. വി. കൃഷ്ണ വാര്യർ അസാമാന്യമായ പ്രതിഭാവിലാസവും കർമ്മകുശലതയും ഒത്തിണങ്ങിയ ഒരപൂർവ്യക്തിയാണ്. ചങ്ങമ്പുഴ ശൈലിയുടെ ദുർബലവും ബാലിശവുമായ അനുകരണംകൊണ്ട് മലയാളകവിത കോമളശബ്ദഘോഷം മാത്രമായി അധ:പതിച്ച ഘട്ടത്തിലാണ് 'നീണ്ട കവിതകളുമായി എൻ. വി. രംഗപ്രവേശം ചെയ്തത്. മധുരകോമള പദാവലികൾ അദ്ദേഹത്തിൻെറ കവിതകളിൽ വിരളമാണ്, സംഗീതാത്മകവുമല്ല ആ രചന. എങ്കിലും താൻ ആവിഷ്ക്കരിക്കുന്ന ഭാവങ്ങൾക്കും ആശയങ്ങൾക്കും അനുയോജ്യമായ വാക്കുകളും വൃത്തങ്ങളും തിരഞ്ഞെടുക്കുവാൻ അദ്ദേഹത്തിന് സവിശേഷമായ കഴിവുണ്ട്. 'നീണ്ടകവിതകൾ', 'കുറേക്കൂടി നീണ്ട കവിതകൾ' 'കൊച്ചുതൊമ്മൻ', 'ഗാന്ധിയും ഗോദ്സെ'യും, 'കാളിദാസൻെറ സിംഹാസനം' തുടങ്ങിയവയാണ് അദ്ദേഹത്തിൻെറ കവിതാ സമാഹാരങ്ങൾ. ശ്രദ്ധാർഹങ്ങളായ ഗവേഷണപഠനങ്ങൾ, ആട്ടക്കഥ, നാടകങ്ങൾ, യാത്രാവിവരണം എന്നിവയും അദ്ദേഹത്തിൻെറ സാഹിത്യ സംഭാവനകളിൽ മേൻമയേറിയവയാണ്.

'കാളിദാസൻെറ സിംഹാസനം' അതേപേരിലുള്ള സമാഹാരത്തിൽ ഉൾപ്പെടുന്നു. കാളിദാസനെക്കുറിച്ചുള്ള ഒരു ഐതിഹ്യമാണ് ഈ കവിതയ്ക്ക് അവലംബം. വിക്രമാദിത്യമഹാരാജാവിൻെറ സദസ്യനായിരുന്നു കാളിദാസൻ എന്നാണല്ലോ ഐതിഹ്യം. മാളവം ഭരിച്ചിരുന്ന വിക്രമാദിത്യൻെറ ദൌഹിത്രനായ പ്രവരസേനൻെറ ജീവിതരീതികളെക്കുറിച്ച് അത്ര നല്ല വാർത്തകളല്ല വിക്രമാദിത്യന് ലഭിച്ചു കൊണ്ടിരുന്നത്. അതിനാൽ പ്രവരസേനനെ ഉപദേശിച്ച് നല്ല

വഴിയിലേക്കു തിരിക്കാൻ മഹാരാജാവ് കാളിദാസനെ മാളവത്തിലേക്ക് അയച്ചു.

നർമ്മദാനദിയിൽ ജലകേളികളിൽ ഏർപ്പെട്ടിരുന്ന പ്രവരസേനൻെറ മദ്ധ്യാഹ്ന വിശ്രമസമയത്താണ് കാളിദാസൻ മാളവത്തിലെത്തിയത്. ഉജ്ജയിനിയിൽനിന്ന് ഒരു ദൂതൻ വന്നിരിക്കുന്നു എന്നറിഞ്ഞ പ്രവരസേനൻ അയാളെ തൻെറ മുമ്പിലേക്ക് അയയ്ക്കാൻ നർമ്മസചിവനോട് ആവശ്യപ്പെട്ടു. യാത്രാക്ഷീണംകൊണ്ട് തളർന്ന ശരീരവും മുഷിഞ്ഞ വസ്ത്രങ്ങളുമായാണ് കാളിദാസൻ പ്രവരസേനൻെറ മുമ്പിലെത്തിയത്. മുത്തച്ഛൻെറ കൊട്ടാരത്തിൽ നിന്നെത്തിയ ദൂതൻ കാളിദാസനാണെന്നു ഒരു പക്ഷേ പ്രവരസേനൻ തിരിച്ചറിഞ്ഞിരിക്കില്ല. ചാരിക്കിടന്ന കിടപ്പിൽനിന്ന് അനങ്ങാതെ, ദൂതനോട് ഇരിക്കാൻ ചില്ലിക്കൊടികൾകൊണ്ട് ആവശ്യപ്പെട്ടു. ഈ അപമാനം നിശബ്ദം സഹിച്ചുകൊണ്ട് കാളിദാസൻ മണ്ണിൽ ഇരുന്നു. തൻെറ കേളീവിലാസങ്ങൾക്ക് തടസ്സം വരുന്നതിൽ അക്ഷമനായി പ്രവരസേനൻ. മുത്തച്ഛൻ പറഞ്ഞയച്ചിട്ടുള്ളതെന്താണെന്ന് വേഗം പറയാൻ ദൂതനോട് ആവശ്യപ്പെട്ടു.

അപ്പോഴാണ്, പ്രവരസേനൻെറ അമ്മയായ പ്രഭാവതി അച്ഛൻെറ കൊട്ടാരത്തിൽനിന്ന് ഒരു ദൂതൻ വന്നുവെന്ന് കേട്ട് അങ്ങോട്ടെത്തിയത്. പ്രവരസേനൻെറ മുമ്പിൽ മണ്ണിൽ ചടഞ്ഞിരിക്കുന്ന ദൂതൻ കാളിദാസനാണെന്നറിഞ്ഞ് അവർ അമ്പരന്നു. രാജമാതാവ് കാളിദാസൻെറ മുമ്പിൽ നമസ്ക്കരിച്ചു. ഈ കാഴ്ച കണ്ട് പരിഭ്രമിച്ച പ്രവരസേനൻ പട്ടുചാവട്ടയിൽ നിന്ന് ചാടി എഴുന്നേറ്റു. കാളിദാസന് ഇരിക്കുവാൻ സ്വർണ്ണ സിംഹാസനം കൊണ്ടുവരുവാൻ പ്രഭാവതി ആജ്ഞാപിച്ചു. ഭൃത്യൻ കൊണ്ടുവച്ച സിംഹാസനത്തിലിരിക്കാൻ കാളിദാസനെ പ്രവരസേനൻ ആദരവോടേ ക്ഷണിച്ചു. പക്ഷെ കാളിദാസൻ മഹാമേരുവിനും സപ്തസമുദ്രത്തിനും വിശ്രമസ്ഥാനമായി വിലസുന്ന ഭൂമിതന്നെയാണ് തങ്ങളെപ്പോലുള്ളവർക്ക് യോജിച്ച ഇരിപ്പിടം എന്ന് അക്ഷോഭ്യനായി മറുപടി പറഞ്ഞ് അമ്മയെയും മകനെയും ആശ്വസിപ്പിക്കുകയാണ് ചെയ്തത്

മാളവത്തിൽ കാളിദാസൻ ഒരാണ്ടുകൂടി കഴിച്ചുകൂട്ടി. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം പ്രവരസേനനിൽ എന്തു മാറ്റമുണ്ടാക്കിയെന്ന് നമുക്കറിഞ്ഞുകൂടാ, പക്ഷേ മേഘസന്ദേശം

പോലുള്ള കൃതികൾ കാളിദാസന് മനുഷ്യഹൃദയത്തിൽ സ്ഥിരമായ സ്ഥാനം നൽകുന്നുണ്ട്. വാസ്തവത്തിൽ, മനുഷ്യന്റെ അന്തരംഗം തന്നെയല്ലേ കവികൾക്കു ലഭിക്കാവുന്ന ഏറ്റവും ശ്രേഷ്ഠമായ ഇരിപ്പിടം? ]

അക്രമി വൈദേശ്യശത്രുഗോത്രാന്തകൻ
വിക്രമാദിത്യ നൃപാധിരാജൻ
മന്ത്രിപരിഷത്തിൻ മധ്യത്തിലാസ്ഥാന-
മണ്ഡപമാർന്നു വിളങ്ങിടുന്നു. 1

വെള്ളിഹിമാലയപ്രാകാരം ഭേദിച്ചു
കൊള്ളയ്ക്കുവന്നശകപ്പടകൾ
താളുകണക്കെയരിഞ്ഞിട്ടതീക്ഷ്ണമാം
വാളരപ്പട്ടയിൽത്തൂങ്ങിടുന്നു. 2

മുപ്പത്തിരണ്ടുപൊൻ പാവകൾ കാക്കുന്ന
പത്തുമൊരാറും പടികൾ മേലെ
നാലു ചിറകെഴും സിംഹങ്ങൾ താങ്ങുന്ന
രാജസിംഹാസനമുജ്ജ്വലിച്ചു 3

സ്വർണ്ണദണ്ഡത്തിലുറപ്പിച്ച വെൺകുട
നൻമുത്തുമാലയലുക്കുതൂങ്ങി
രത്നകിരീടത്തിൻമീതേ വിളങ്ങുന്നി-
തർക്കന്നുമീതേ പരിധിപോലെ. 4

പോരിൽത്തടവിൽ പിടിപ്പിച്ച മനോഹരി-
മാരായ നാലു ശകാംഗനമാർ
വെള്ളിവളകൾ കിണുങ്ങവേ, ഭൂപനെ
വെൺ ചാമരങ്ങളാൽ വീശിനില്പൂ 5

പ്രത്യുഷശംഖനിനാദം മഹാകാള-
ക്ഷേത്രത്തിൽ നിന്നങ്ങണഞ്ഞിടുന്നു;
നീർത്താർമണം പൂണ്ടശീതളമാരുതൻ
ശിപ്രാനദിയിൽ നിന്നെത്തിടുന്നു. 6

സേതുഹിമാചലമധ്യഗഭാരത-
സാമ്രാജ്യരക്ഷണം ക്ഷത്രധർമ്മം
മന്ത്രിമാരോടു നിരൂപിച്ചു സംവൃത-
മന്ത്രൻ നരാധിപൻ ചെയ്കയത്രേ. 7

ചന്ദ്രന്റെ ചുറ്റിലും താരങ്ങൾ മാതിരി
മന്നന്റെ ചുറ്റിലും മിന്നിടുന്നു.
ഭാരതം ഭാവന ദീപ്ത്യാവിളക്കിയ
ഭവ്യർ നവരത്നപണ്ഡിതൻമാർ 8

ഉത്തരാതിർത്തി ദുർഗ്ഗങ്ങളുറപ്പിച്ചു-
നിർത്തുവാനൂർജ്ജിതശാസനങ്ങൾ
മന്ത്രിപ്രധാനനാം ഭട്ടിതൻ കർണ്ണത്തിൽ
മന്ത്രിച്ചിടുന്നു മഹീമഹേന്ദ്രൻ 9

പിന്നെ വലത്തുതിരിഞ്ഞു സിംഹാസന-
ത്തിന്നുതൊ, ട്ടുന്നതവിഷ്ടരത്തിൽ
മേവും മഹാകവി കാളിദാസന്റെമേൽ
ഭൂപൻ തിരുമിഴി ചേർത്തിടുന്നു. 10

നന്ദിച്ചെഴുന്നേറ്റ് ദേവൻ ജയിച്ചാലു-
മെന്നുഗംഭീരസ്വരത്തിലോതി
മന്നന്റെയാജ്ഞകേൾക്കാനായ് മഹാകവി
മന്ദസ്മിതം പൂണ്ടു നിന്നിടുന്നു. 11
'മിത്രമേ!' മന്നവൻ ചൊല്ലുന്നു, 'നമ്മുടെ
പുത്രി പ്രഭാവതി മാളവത്തിൽ
രുദ്രസേനന്റെയകാലനിര്യാണത്തി-
ലാർത്തയായ് വാഴ്‌വതറിവതില്ലേ? 12

'വൈധവ്യമേൽക്കിലും വത്സലയെൻമകൾ
വൈധുര്യമേതു മിയന്നിടാതേ
പുത്രൻ പ്രവരസേനന്നായ് നിജം രാജ്യ-
മെത്രയും നന്നായ് ഭരിച്ചു പോന്നു. 13

'പ്രായം തികഞ്ഞ പ്രവരസേനന്നുനാം
രാജാഭിഷേകം കഴിച്ചുപിന്നെ;

കേൾക്കുവാൻ കൊള്ളുന്ന വാർത്തകളല്ലിന്നു
കേൾക്കുന്നു മാളവമണ്ഡലത്തിൽ 14

'രാഷ്ട്രയോഗക്ഷേമചിന്തവെടിഞ്ഞെൻെറ
പൗത്രൻസുഖത്തിൽ മുഴുകിവാഴ്വൂ
കാട്ടിൽമൃഗങ്ങളെ വേട്ടയാടിക്കൊണ്ടും,
നാട്ടിൽ വധുക്കളെ വേട്ടുകൊണ്ടും. 15

'ഉദ്ദാമയൗവനം, വിത്തം, പ്രഭുപദം,
മദ്യാഭിഷങ്ഗം വിവേകലോപം
പുത്രൻെറയാത്ര വിനാശത്തിലേ, യ്ക്കെന്നെൻ
പുത്രി കണ്ണീരാൽക്കുറിച്ചിരിപ്പൂ 16

അപ്രിയമെങ്കിലും പഥ്യം ഹൃദയത്തി-
ലുൾപ്പൂകുമാറുവിളക്കിയോതാൻ
മിത്രമേ! വാഗർത്ഥവിജ്ഞൻ ഭവാൻപോലെ
മറ്റൊരാളീമന്നിലില്ലയല്ലോ. 17

നാളീകനേത്രമാർ നാരിമാർ മേവുന്ന
മാളവദേശമണഞ്ഞു താങ്കൾ
ഭൂപധർമ്മത്തിലെൻ പൗത്രന്നുവേണ്ടതാം
ബോധനം നൽകാൻ കനിയുകില്ലേ? 18

ഒരാണ്ടവിടെ വസിക്കുകെൻ പൗത്രൻെറ
ആചാര്യനാ, യഖിലാദ്യതനായ്;
കാർത്തിക മാസത്തിൽ വീണ്ടുമിങ്ങെത്തുക
കാക്കുമെൻകൺകൾ കുളിർക്കുവാനായ്. 19

രക്ഷിതാവായി ഭവാനെ ലഭിക്കുകിൽ
രക്ഷിതാത്മാവാം പ്രവരസേനൻ;
ഇക്ഷണം യാത്രതിരിക്കുക; ദേവകൾ
രക്ഷിച്ചിടട്ടേ; ഭവാൻെറ മാർഗ്ഗം!' 20

II

അന്തഃപുരത്തിലെസ്സുന്ദരീവൃന്ദങ്ങ-
ളൊന്നിച്ചു മന്നൻ പ്രവരസേനൻ

നർമ്മദയാറ്റിൽ നിദാഘജലകേളീ-
നർമ്മനീലീനനായ്നാൾ കഴിച്ചു. 21

അപ്പുഴവക്കിൽ, വിശാലമാം മാന്തോപ്പിൽ,
അല്പേതരപ്രൌഢിയൊത്തിണങ്ങി
പട്ടു കൂടാരനിരകൾകാണായ് വന്നു,
മറ്റൊരു രാജനഗരിപോലെ് 22

പങ്കായമേന്തിനൃപനുമന്തഃപുര-
പെൺകളുമെത്തും മുഹൂർത്തമെണ്ണി
മേല്ക്കട്ടികെട്ടിയ വള്ളങ്ങളെത്രയോ
തിക്കിക്കിടന്നു പുഴക്കടവിൽ 23

നർമ്മദാനീരിൽ നിതംബിനിമാരൊത്തു
നീന്തിത്തളർന്നു മിഴികൾ ചെങ്ങി
പച്ചിലപ്പന്തലിൽപ്പട്ടുചാവട്ടമേൽ
വിശ്രമിക്കുന്നു പ്രവരസേനൻ 24

പൊൻചഷകത്തിൽപ്പതഞ്ഞുപൊങ്ങീമധു,
പുഞ്ചിരിചെഞ്ചുണ്ടിലെന്നപോലെ;
സ്വാദുഭക്ഷ്യങ്ങൾ തൻ സ്നിഗ്ദ്ധഹൃദ്യം മണം
വായുവിൽത്തേങ്ങീ ലഹരിപോലെ. 25

പീച്ചാങ്കുഴൽപ്പനിനീരിനാൽച്ചേടിമാർ
ഉച്ചവെയിലിൽകുളുർമപൂശീ;
ഇറ്റും വിയർപ്പിൽക്കലർത്തീപരിമളം
കസ്തൂരി ചേർന്ന കളഭലേപം 26

ഗന്ധച്ചുരുൾത്തളിർവെറ്റിലത്താമ്പാള-
മേന്തിയൊരുവൾനൃപാന്തികത്തിൽ
നിന്നാൾ; അവൾക്കു പിൻപന്യയാം പെൺമണി
പൊന്നുകോളാമ്പി വഹിച്ചു നിന്നാൾ 27

വീണ. മൃദംഗം, കുറുങ്കുഴൽ, കൈമണി,
വേണു, കുടം, തുടി, തംബുരുവും,
സംഗീതനിർത്ധരിമാന്തോപ്പിലെങ്ങുമേ
തിങ്ങിനുരഞ്ഞുപരന്നൊലിച്ചു 28

ഗോദാനദീതട ഗ്രാമീണ കർഷക-
ബാലികാമുഗ്ധാനുരാഗവൃത്തം
പീയൂഷതുല്യമാം പ്രാകൃതഭാഷയിൽ
ഗായികമാർ പലർ ചേർന്നുപാടി 29

കച്ചമണിക്കാൽ കിലുങ്ങിയും, മാർത്തട-
മുച്ചലിച്ചും, കൂന്തൽ കെട്ടഴിഞ്ഞും.
ഗ്രാമീണനൃത്ത പ്രഭേദങ്ങളാടിനാർ
വാമാംഗിമാർ ചില നർത്തകിമാർ 30

വീണച്ചുരയ്ക്കപുൽകും മുലപ്പൊക്കത്തിൽ,
വേണുചുംബിക്കും ചൊടിത്തുടുപ്പിൽ,
അർദ്ധനിദ്രാലസം സ്വപ്നിലംഭൂപാല-
നേത്രം വിഹരിച്ചു മാറിമാറി. 31

ദൂതനൊരാളുജ്ജനിയിൽനിന്നുവ-
ന്നാദരാൽക്കൺപാർക്കാൻ കാത്തുനില്പൂ',
നർമ്മസചിവനണഞ്ഞുനൃപാലന്റെ
മുന്നിൽത്തൊഴുതുമയത്തിലോതി. 32

'മുത്തച്ഛനെന്തുപറഞ്ഞയയ്കുന്നു? നാം
കേൾക്കട്ടെ; ദൂതൻ വരട്ടെ, യെന്നായ്
ചാവട്ടചാരിക്കിടക്കവേ മന്നവൻ
സേവകനോടു ചിരിച്ചു ചൊല്ലീ. 33

യാത്രചെയ്തേറെ നിറം കെട്ടതാമുടൽ.
വസ്ത്രത്തിലാകെപ്പൊടിപടലം;
നാരീസദസ്സിൽ നൃപാലന്റെ മുന്നിലേ-
ക്കാനീതനായ് കവി കാളിദാസൻ. 34

കുറ്റിക്കരിമീശമൂടും കവിളിൽ. വേർ-
പ്പിറ്റുന്നമാറിൽ, ച്ചതഞ്ഞദണ്ഡിൽ,
ചാരിക്കിടന്ന കിടപ്പി, നാദരം
ചേരും നൃപന്റെ മിഴികൾ പാറീ 35

'മാളവാധീശൻ ജയിക്കുകെ' ന്നാചാര-
മംഗളമോതിത്തൊഴുതു നില്ക്കേ,

താഴെനിലത്തിരുന്നീടുവാൻ ചില്ലിയാ-
ലാഗതന്നാജ്ഞയരുളി മന്നൻ. 36

അർദ്ധാസനം നല്കിയാരെയർച്ചിച്ചുവോ
വിക്രമാദിത്യനാം ചക്രവർത്തി,
എന്നും രസികഹൃദയസിംഹാസനം
തന്നിലിടംപെറ്റിരിപ്പതാരോ, 37

ശശ്വൽക്കരിച്ചിതാരാത്മപ്രതിഭയാ-
ലാർഷധരിത്രീസുവർണ്ണകാലം,
പാരമെഴാത്തതാം കാവ്യസംസാരത്തി-
നാരൊരാളേക പ്രജാപതിയായ് 38

അക്കാളിദാസൻ, സരസ്വതീവാത്സല്യ-
ദുഗ്ദ്ധന്ധൻമാരിലഗ്രഗണ്യൻ,
മൗനമാർന്നീയപമാനം വിഴുങ്ങി, യാ-
മണ്ണിൽനിലത്തുപടിഞ്ഞിരുന്നു. 39

മധ്യാഹ്നസംഗീതനർത്തന കേളിക്കു
വിഘ്നം വരുന്നതിലക്ഷമയായ്,
'ദൂത! മുത്തച്ഛൻ പറവതെ? ന്തോതുക
വേഗം!' തിടുക്കീ പ്രവരസേനൻ. 40

പെട്ടെന്നു പച്ചിലപ്പന്തൽ നിശ്ശബ്ദമായ്;
ഞെട്ടിയെണീറ്റു പരിജനങ്ങൾ
രാജമാതാവാം പ്രഭാവതിയങ്ങൊരു
ദേവതപോലെ കടന്നുവന്നു. 41

മെയ്യിൽ ഹിമശ്വേതധൗതപട്ടാംബരം.
മയ്യെഴാക്കണ്ണിൽവിഷാദധൂമം,
ആർദ്രഭസ്മക്കുറിനെറ്റിമേൽ, ക്കാഞ്ചന
രുദ്രാക്ഷമാലകൾ മാറിടത്തിൽ 42

ചാരത്തിൽ മൂടിക്കിടക്കും കനൽപോലേ
ധീരയാരാജ്ഞിതൻക്ഷാത്രദർപ്പം
എറ്റം ലളിതമാം. വൈധവ്യവേഷത്തിൽ
മുറ്റും മറഞ്ഞു കിടന്നിരുന്നു. 43

അച്ഛൻെറ ദൂതനണഞ്ഞതാം വാർത്തകേ-
ട്ടുച്ചമയക്കം വെടിഞ്ഞുനേരെ
എത്തിയതത്രേ വിവരം ഗ്രഹിക്കുവാൻ
എത്രയും വെമ്പലാർന്നമ്മറാണി. 44

കണ്ണിൽത്തിരിച്ചറിവാളിപ്പടരുന്നു,
തിണ്ണം ചൊടികൾ വിറച്ചിടുന്നു
രാജമാതാവിൻ വിളർത്ത ഗണ്ഡം തുടു-
പ്പേലുന്നു, വീണ്ടും വിളർത്തിടുന്നു. 45

ചാവട്ടചാരിക്കിടക്കും മകനെയും
ഭൂവിലിരിക്കും കവീന്ദ്രനേയും
നിന്ദയും നന്ദിയും തിങ്ങിത്തിളങ്ങുന്ന
കൺകളാൽ നോക്കിനാളമ്മറാണി 46

മണ്ണിലാദൂതൻെറ കാല്ക്കൽപൊടുന്നനെ
ദണ്ഡനമസ്കാരം ചെയ്തു ദേവി;
പട്ടുചാവട്ടവിട്ടമ്പരപ്പുൾക്കൊണ്ടു
പെട്ടെന്നെണീറ്റു പ്രവരസേനൻ 47

'സ്വർണ്ണസിംഹാസനംകൊണ്ടു വരൂ! പൊടി-
മണ്ണിലിരിക്കയോ കാളിദാസൻ'?
അമ്മയെഴുന്നേറ്റു ഗദ്ഗദകണ്ഠിയായ്
തൻമകനിങ്ങനെയാജ്ഞനൽകി 48

തുംഗമായോരു കനകസിംഹാസന-
മങ്ങോട്ടുടൻ ഭൃത്യർ കൊണ്ടുവന്നു;
ചാവട്ട ചൂണ്ടി യിങ്ങോട്ടിരിക്കാ' മെന്നു
സാദരം ചൊല്ലീ പ്രവരസേനൻ 49

നിന്നുവിയർക്കും മകനെയും, സംഭ്രമ-
മാർന്നു വിറയ്ക്കും ജനനിയേയും
ആശ്വസിപ്പിക്കുമാ, റല്പസ്മിതാർദ്രനായ്
വശ്യവചസ്സാംകവി കഥിച്ചൂ: 50

"ഏതിൽഗിരികുലാധീശൻ മഹാമേരു
ഏതും മടിക്കാതിരിപ്പുനിത്യം,

ഏഴുകടലുകൾ ഭാരമിറക്കിവെ-
ച്ചേതിലിരുന്നഴലാറ്റിടുന്നു, 51

എതു സർപ്പാധിപദേഹമാം സ്തംഭത്തിൽ
ധാതാവുറപ്പിച്ച ദിവ്യപീഠം,
അബ്ഭൂതലത്തിലല്ലാതെമറ്റെങ്ങുവാൻ
അസ്മാദൃശൻമാരിരുന്നിടേണ്ടു?" 52

ഞങ്ങളറിവീല മാളവത്തിൽബ്ഭവാ-
നെങ്ങനെയോരാണ്ടു വാണുവെന്നും
ഭൂപൻ പ്രവരസേനന്നു ഭവച്ഛിഷ്യ-
ഭാവമെമ്മട്ടിലുതകിയെന്നും. 53

എന്നാലുമാടിപ്പിറപ്പിലേക്കാർമുകിൽ
വന്നുമലമേലുരുമ്മിനില്ക്കേ
ഞങ്ങളോർമ്മിപ്പൂ മഹാകവേ! താങ്കള-
ന്നാർന്നതാം വാർഷിക വിപ്രവാസം 54

പെട്ടെന്നൊരായിരം കൈതമലർക്കുല
പൊട്ടിവിരിയുന്നിതുൾക്കളത്തിൽ;
ആയിരം പക്ഷികൾ കൂടുകൂട്ടുന്നതി-
ന്നാരാവമങ്ങു കലമ്പീടുന്നു. 55

ശൂന്യതയാൽ വളചാർത്തുന്നു ജൻമജ-
പ്പൊൻവളയൂർന്നോരിടം പ്രകോഷ്ഠം;
എന്തിനോവേണ്ടിയുരുകുന്ന കണ്ണുനീർ
തൊണ്ടയിലെത്തിത്തടഞ്ഞു നില്പൂ 56

നീളും വരൾച്ചയാൽ വാടിയ ജീവിത-
നാളത്തിലാദ്യോദബിന്ദു വീഴ്കേ
നീപവൃക്ഷത്തിൽ മുകുളങ്ങൾമാതിരി
നീളെപ്പുളകങ്ങൾ പൊന്തിടുന്നു. 57

ഭാവസ്ഥിരജനനാന്തരബന്ധങ്ങൾ
ബോധബാഹ്യങ്ങളുറന്നുപൊങ്ങി
ആകെയുൾക്കണ്ഠാഗൃഹജ്ജ്വരവ്യാകുല-
മാകുന്നുഞങ്ങൾ തന്നന്തരംഗം- 57

അവ്യാകൃതാദ്യപ്രകൃതിരസാതലാ-
ഹങ്കാരശേഷാഹി ശീർഷരത്നം,
മേരുവിൻപൊക്കവു. മേഴുകടലിന്റെ-
യാഴവുമേലും നരാന്തരംഗം. 59

ഈയന്തരംഗമല്ലാതേയേതാകുന്നു
ഭൂതലം, ഭോഗാപവർഗ്ഗമൂലം?
ഈയന്തരംഗമല്ലാതെയുഷ്മാദൃശർ-
ക്കേതുവാൻ ശാശ്വതമഗ്രപീഠം? 60

# 8. നല്ല ഹൈമവതഭൂവിൽ

## - വയലാർ രാമവർമ്മ

വിപ്ലവത്തിൻെറ ചെന്തീനാളങ്ങൾ ചിതറുന്ന കവിതകളിലൂടെ മലയാളസാഹിത്യത്തിൽ ഒരു പുതുയുഗത്തിൻെറ അരുണോദയം കുറിച്ച കവിയായിരുന്നു വയലാർ രാമവർമ്മ. തുടക്കത്തിൽ വള്ളത്തോളിൻെറയും ശങ്കരക്കുറുപ്പിൻെറയും ആരാധകനായിരുന്നു അദ്ദേഹം. ചങ്ങമ്പുഴയുടെ കാവ്യശൈലിയും അദ്ദേഹത്തെ ആകർഷിച്ചിരുന്നു. എന്നാലും പൂർവ്വികരിൽനിന്ന് വ്യത്യസ്തമായ ഒരു ശബ്ദമാണ് വയലാറിൽനിന്ന് കേട്ടത്. പാരമ്പര്യത്തിൻെറ നെടുംതൂണുകളെ പിടിച്ചു കുലുക്കിക്കൊണ്ട് യുവകവിയായ വയലാർ പാടാൻ തുടങ്ങിയപ്പോൾ കേൾക്കാൻ ആൾക്കാരുണ്ടായി. പാരമ്പര്യനിഷേധവും വിപ്ലവബോധവും ആണ് വയലാർ കവിതകളുടെ മുഖമുദ്രകളെന്നു പറയാം. പില്കാലത്ത് ചലച്ചിത്രഗാനരചനയിലേക്ക് തിരിഞ്ഞുവന്നപ്പോൾ സിനിമാ ഗാനങ്ങളെ കവിതയുടെ ഉന്നതനിലവാരത്തിലേക്ക് ഉയർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. "ഈ നല്ല മണ്ണിൻെറ സംഭാവനയാണ് ഞാനുപയോഗിച്ച ചായവും തൂവലും" എന്ന് ആദ്യത്തെ കവിതാസമാഹാരമായ 'നാടിൻെറ നാദ' ത്തിൽ അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. ജനിച്ചു വളർന്ന മണ്ണിനോടും, പ്രകൃതിയോടും ജീവിതത്തോടുംപൂർണ്ണമായും ഹൃദയൈക്യം പ്രാപിച്ച ഒരു കവിയായിരുന്നു വയലാർ. ആശയങ്ങൾക്ക് വികാരത്തിൻെറ പൂഞ്ചിറകുകൾ നൽകുവാനും അവയെ ഭാവനയുടെ നീലാ കാശത്തിലേക്ക് പറപ്പിക്കുവാനുമുള്ള വയലാറിൻെറ കഴിവ് ഒന്നുവേറെതന്നെയാണ്. ഒരു പുരുഷായുസ്സിൻെറ പകുതി യെത്തുംമുമ്പേ മൺമറഞ്ഞുപോയ വയലാർ മലയാളകവിതയിലെ നിലയ്ക്കാത്ത സർഗ്ഗസംഗീതമായിരുന്നു. അദ്ദേഹം വിപ്ലവത്തിൻെറ കവിയായിരുന്നു, കാലഘട്ടത്തിൻെറ കവിയായിരുന്നു.

മനുഷ്യസ്നേഹത്തിൻെറ കവിയായിരുന്നു. 'വെന്തെരിഞ്ഞാലും മണക്കുന്നു ചന്ദനം' എന്നു പറഞ്ഞതുപോലെ മൺമറഞ്ഞിട്ടും ആ പ്രതിഭാശാലിയുടെ പ്രഭാവം മലയാളികളെ കോരിത്തരിപ്പിക്കുന്നു.

വയലാറിൻെറ വിശ്രുതമായ 'സർഗ്ഗസംഗീതം' എന്ന കവിതാസമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു കവിതയാണ് 'നല്ല ഹൈമവതഭൂവിൽ'. ഉത്തുംഗനായ ഹിമവാൻെറ കൊടുമുടിയിൽ കാലുകുത്തിയ മനുഷ്യൻെറ നേട്ടത്തെ കവി ഈ കൃതിയിൽ പ്രശംസിക്കുന്നു. ഇതുവരെക്കും അജയ്യനായി അറിയപ്പെട്ടിരുന്ന തന്നെ കീഴടക്കിയ മനുഷ്യനെ ഹിമവാൻ ആലിംഗനം ചെയ്തു അഭിനന്ദിക്കുന്നതായി കവി സങ്കല്പിക്കുന്നു. മനുഷ്യൻ നേടിയ ഈ ഉയർച്ച കണ്ട് ദേവകൾ അമ്പരന്നിട്ടുണ്ടാകാം. ആകാശഗംഗയെ മണ്ണിലേക്കു ഒഴുക്കിയ ഭാരതീയൻെറ പിൻതലമുറക്കാർ ഇനി ആകാശഗോളങ്ങളെകൊണ്ട് അമ്മാനമാടാനും കരുത്ത് നേടിയെന്നു വരും എന്ന് അവർ പിറുപിറുത്തേക്കാം. അശോകൻെറ നാട്ടിലെ ജയക്കൊടിയുമായി കയറിവന്ന മനുഷ്യരെ കൺകുളിരെ കണ്ട ഹിമവാൻ ഭാരതം അടിമത്തത്തിൽനിന്നു മോചനം നേടിയതിലുള്ള തൻെറ സന്തോഷം പ്രകടിപ്പിക്കുകയും നാളെ ആ രാജ്യം പ്രപഞ്ചത്തിലെ സർഗ്ഗചൈതന്യമായിത്തീരട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.]

നിശ്ചലം നിത്യതപസ്സമാധിസ്ഥനായ്
നില്ക്കും ഹിമവാൻ, ഗിരി വംശപൂർവ്വികൻ.
അമ്പിളിക്കുത്തുവിളക്കുമായ് ശ്രദ്ധിച്ചു
തൻമുടിക്കെട്ടിൽച്ചവിട്ടും മനുഷ്യനെ!
നാലഞ്ചുതാരകൾ തങ്ങിനിന്നൂമിഴി-
പ്പീലിയിൽ ഹർഷാശ്രുബിന്ദുക്കൾ മാതിരി
വൃദ്ധശിരസ്സിൽപ്പദനഖപ്പുള്ളികൾ
കുത്തിനിവർന്നൊരക്കൊച്ചുസഞ്ചാരിയെ
ശുക്രൻ മുഖം പൊക്കിനോക്കീ, ഞൊറിഞ്ഞുപോയ്
ചക്രവാളത്തിൻെറ ജാലകശീലകൾ
ആരീമനുഷ്യ! നൊരിത്തിരിക്കൂണുപോൽ
കേറി നില്ക്കുന്നു പ്രപഞ്ചമേൽക്കൂരയിൽ!

കോടിശ്ശതാബ്ദങ്ങൾമഞ്ഞുവാരിക്കളി-
ച്ചോടിനടന്നു വളർന്ന പാർശ്വങ്ങളിൽ,
പണ്ടു യുഗങ്ങളെ നിർമ്മിച്ചുയർത്തുവാൻ,
ഇന്ത്യപശമണ്ണെടുത്ത പാർശ്വങ്ങളിൽ,
പുഷ്പവിമാനത്തിലീശ്വരൻമാർ വന്നു
തല്പമൊരുക്കുന്ന പുണ്യസ്ഥലങ്ങളിൽ.
മായാത്ത കാൽമുദ്രകുത്തീ - ഹിമാദ്രിതൻ -
മാറിൽ, - പ്രപഞ്ചമവൻെറ കാൽച്ചോട്ടിലായ്!
നിന്നു കൈ നീട്ടിയാലെത്തുന്നിടത്തായി,
മണ്ണിൽ നില്ക്കുന്ന മനുഷ്യന്നു വിണ്ടലം

ഒന്നു ഞടുങ്ങിമറഞ്ഞുപോയ്താരകൾ,
വിണ്ണിലൊളിച്ചു നടന്നു ചന്ദ്രക്കല!
തൻകുതിരപ്പുറത്തുദ്ധതനായ്വന്നു
തങ്കപ്പിടിവാൾ ചുഴറ്റീദിനേശ്വരൻ
ധൂമിലദിങ്മുഖദേവാലയാങ്കണ-
പ്പൂമുഖത്തെത്തീയഹോവ, വിഷണ്ണനായ്,
പശ്ചാത്തപിച്ചൂ, - "പറുദീസയിൽനിന്നു
തച്ചിറക്കേണ്ടായിരുന്നൂ മനുഷ്യനെ!"
സഞ്ജനിതാത്ഭുതസംഭ്രമോദ്വേഗരായ്
തങ്ങളിൽത്തങ്ങളിൽ ജല്പിച്ചു ദേവകൾ:

"പണ്ടൊരിന്ത്യക്കാരനാകാശഗംഗയെ-
ക്കൊണ്ടുപോയ്മണ്ണിലൊഴുക്കീ ഭഗീരഥൻ
നാളെയവൻെറ പിൻഗാമികളീസ്സുര-
ഗോളലക്ഷങ്ങളെയമ്മാനമാടിടും....."
മാനുഷ്യകത്തെ നിയന്ത്രിച്ച വിണ്ണിൻെറ
മായൂരപിഞ്ഛിക കാറ്റിൽപ്പറന്നുപോയ്!

നിശ്ചലം നിത്യസ്സമാധിസ്ഥനായി
നില്കും ഹിമവാൻ തുറന്നുകൺപീലികൾ!
തൻെറ തോളത്തു ചവിട്ടും മനുഷ്യനെ
രണ്ടുകൈ നീട്ടിപ്പുണർന്നൂ പിതാമഹൻ!

ചൊല്ലീഹിമവാൻ: "അശോകൻെറ നാട്ടിലെ
വെന്നിക്കൊടിക്കൂറ കണ്ടുകൊള്ളട്ടെ ഞാൻ.
ചങ്ങലപ്പാടും പടവാൾത്തഴമ്പുമീ-
നിൻകൈയിലില്ലേ, വിടരുന്ന പൂക്കളും?

ആളിജ്ജ്വലിച്ചുതിളച്ചുരുകും, സൂര്യ-
ഗോളത്തിൽനിന്നുമടർന്നതീത്തുള്ളിയായ്,
ദൂരെത്തെറിച്ചുവീ, ണിപ്രപഞ്ചം തണു-
ത്താറി മറ്റൊന്നായി മാറിയ നാൾമുതൽ,
ഉണ്ടെനിക്കോർമ്മ, യുഗസഹസ്രങ്ങളിൽ-
ക്കണ്ടതാണെത്ര പരിണാമലീലകൾ!
എൻമെയ് വിയർപ്പുനീരീക്കടലുകൾ;
എൻ കണ്ണുനീരീമഹാനദശ്രേണികൾ!
ഇന്നലത്തേപ്പോലേ ഞാനോർപ്പു: ഗംഗയും
സിന്ധുവും യാങ്ട്സിയുമുണ്ടായ നാളുകൾ!

ആദിയിലാനദീവെൺപുളിനങ്ങളി-
ലാണു കുരുത്തതീ മാനവസംസ്കൃതി!
ഇപ്രപഞ്ചത്തിൻെറ ഭൗതികാധ്യാത്മിക-
ശില്പമുരുത്തിരിഞ്ഞെത്തിയ നാൾകളിൽ,
എൻമടിത്തട്ടിലെപ്പർണ്ണാശ്രമങ്ങളിൽ
ജൻമമെടുത്തു കലാശാസ്ത്രവേദികൾ!
ഇന്ത്യ നിമിഷങ്ങളിലൂടേ വിശ്വൈക-
വന്ദ്യയായ്, കർമ്മധർമ്മാർത്ഥസമ്പന്നയായ്!
കണ്ടുഞാനന്നൊരു സന്ധ്യയിൽ, കാറ്റുപായ്-
ത്തണ്ടുലഞ്ഞെത്തിയ കപ്പലൊന്നാഴിയിൽ;
എത്ര പെട്ടെന്നാണതിൽനിന്നിറങ്ങിയ
ശക്തികൾ വെട്ടിപ്പിടിച്ച തീനാടിനെ!
പണ്ടുയുഗങ്ങൾക്കു രൂപം കൊടുത്തവർ
തെണ്ടിയലഞ്ഞതു കണ്ടുഞാനിന്ത്യയിൽ
ധർമ്മശാസ്ത്രങ്ങൾ ജയശംഖമൂതിയ
കർമ്മഭൂവിൻെറ ഹൃദയശബ്ദങ്ങളിൽ,

പിന്നെക്കിലുങ്ങിയ, താരോ തളച്ചിട്ട
ചങ്ങലക്കെട്ടിൻകിടുക്കമൊണിത്ര നാൾ!
പത്തു പതിറ്റാണ്ടുകളായിനിങ്ങൾ തൻ-
മുക്തി സമരകഥകളോർക്കുന്നു ഞാൻ
സത്യധർമ്മങ്ങളെ വീണ്ടെടുക്കാ. -നെത്ര-
യെത്ര ജൻമങ്ങൾ കൊഴിഞ്ഞുപോയിന്ത്യയിൽ!
കാത്തിരുന്നൂ ചിരംവത്സ, ജയക്കൊടി
നീർത്തി നീ കേറിവരുന്നതും നോക്കി ഞാൻ.
മക്കളേ, നാളെ പ്രപഞ്ചം വിടർത്തുന്ന
സർഗ്ഗചൈതന്യമായ്ത്തീരട്ടെ ഭാരതം!
മുത്തച്ഛനീക്കൊടിപ്പൂചൂടിനിന്നൊന്നു
ശ്രദ്ധിച്ചുകൊള്ളട്ടെ ലോകാന്തരങ്ങളെ!"

# 9. കോതമ്പുമണികൾ

## ഒ.എൻ.വി. കുറുപ്പ്

[ആധുനിക മലയാളകവികൾക്കിടയിൽ സമുന്നതമായ ഒരു സ്ഥാനമാണ് ഒ.എൻ.വി. കുറുപ്പിനുള്ളത്. വിപ്ലവകവിയുടെ മേലങ്കിയണിഞ്ഞാണ് ഒ.എൻ.വി. സാഹിത്യത്തിലേക്ക് കടന്നു വന്നത്. അദ്ദേഹത്തിൻെറ ആദ്യകാലരചനകൾ പ്രകടമായ ഇടതു പക്ഷചിന്താഗതിയും സമകാലീന സമൂഹത്തിൽ പ്രകടമായിരുന്ന അനീതികളോടുള്ള പ്രതിഷേധ ഭാവവും മുറ്റി നില്ക്കുന്നവയായിരുന്നു. പിന്നീട് ഭാവഗായകൻ എന്ന നിലയിൽ അദ്ദേഹം ജനശ്രദ്ധ പിടിച്ചുപറ്റി. 'മന്ദമായ് സൗമ്യധീരമായ് ദു:ഖമെന്ന സത്യത്തെപ്പറ്റി' അദ്ദേഹം പാടി. വികാരത്തിൽ വേരൂന്നിയ ഭാവനയും ചിന്തയും ആ കാവ്യധാരയ്ക്ക് സവിശേഷമായ സൗഭാഗ്യമണയ്ക്കുന്നു. ഒ.എൻ.വിയുടെ 'ദാഹിക്കുന്ന പാനപാത്ര' ത്തിന് എഴുതിയ അവതാരികയിൽ പ്രൊഫസർ മുണ്ടശ്ശേരി ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി - 'ഒ.എൻ.വി യൗവനത്തിലേക്ക് കടക്കുന്നതേയുള്ളു. പക്ഷേ, ഏതാണ്ടൊരു മനുഷ്യായുസ്സിൻെറ ജോലി ചെയ്തു തീർത്തിരുപ്പാണദ്ദേഹം - മറ്റൊരായുസ്സിൻെറ പണിക്ക് തയ്യാറെടുത്തുകൊണ്ട്." ദാഹിക്കുന്ന പാനപാത്രം, മയിൽപ്പീലി, ഉപ്പ് (വയലാർ അവാർഡും സോവിയറ്റ്ലാൻറ് നെഹ്റു അവാർഡും ലഭിച്ച കൃതി) അഗ്നിശലഭങ്ങൾ (കേരള സാഹിത്യഅക്കാദമി അവാർഡ് ലഭിച്ച കൃതി), അക്ഷരം (കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി) കറുത്ത പക്ഷിയുടെ പാട്ട്, ഭൂമിക്ക് ഒരു ചരമഗീതം തുടങ്ങിയവ ഒ.എൻ.വിയുടെ പ്രസിദ്ധങ്ങളായ കവിതാ സമാഹാരങ്ങളാണ്.

'ഭൂമിക്ക് ഒരു ചരമഗീതം' എന്ന കവിതാ സമാഹാരത്തിൽ ഉൾപ്പെടുന്ന ഒരു കവിതയാണ് 'കോതമ്പു മണികൾ'. ഈ കവിത രചിക്കാനുള്ള പശ്ചാത്തലത്തെപ്പറ്റി കവി തന്നെ ഇപ്രകാരം പറയുന്നു-" എൻെറ നാട്ടിൻപുറത്തെ കായൽക്കരകളിൽ ചീയുന്ന

തൊണ്ട്പോലെ സ്വയം ചീഞ്ഞ് മറ്റുള്ളവരുടെ കയ്യിൽ തങ്കനാരുകളായി മാറുന്ന മനുഷ്യരെയാണ് ഇന്ത്യയുടെ മറ്റു കോൺകളിലും ഞാൻ കണ്ടിട്ടുള്ളത്. 'ആഗ്ര' ('ഉപ്പ്' എന്ന കവിതാസമാഹാരത്തിൽ) എഴുതിയ ശേഷവും, 'കോതമ്പുമണികൾ' എഴുതാൻ എന്നെ പ്രേരിപ്പിച്ചത് ഈ സത്യമാണ്. രണ്ടും ഇന്നത്തെ ഇന്ത്യൻ ജീവിതത്തിന്റെ ദൈന്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.'' പേരറിയാത്ത ഒരു പെൺകിടാവിന്റെ ക്ലേശകരമായ ജീവിതത്തിന്റെ വേദനാനിർഭരമായ അവസ്ഥയാണ് ഈ കവിതയിൽ കവി വിവരിക്കുന്നത്. പഞ്ചാബിലുള്ള ഗോതമ്പുവയലുകളിൽ പണിയെടുക്കുന്നവളാണ് ഈ പെൺകുട്ടി. യൗവനയുക്തകളായ മറ്റു യുവതികളെപ്പോലെ ഈ പെൺകിടാവും ഒട്ടേറെ ആശകൾ മനസ്സിൽ വച്ചു പുലർത്തുന്നുണ്ട്. എന്നാൽ ദാരിദ്ര്യത്തിന്റെ നീർച്ചുഴിയിൽ അവ ആണ്ടുപോകുന്നു. ആ പ്രദേശത്തെ പണക്കാരുടെ വിവാഹഘോഷയാത്രകൾ കാണുമ്പോൾ ഇവളുടെ ഹൃദയവും ത്രസിച്ചുപോകുന്നു. എങ്കിലും പാവപ്പെട്ടവരുടെ നേരെ ആര് കണ്ണ് തുറക്കാൻ! വരൻ വന്നെത്തിയില്ലെങ്കിലും തന്റെ മാനം കാക്കാൻ ഒരു ആങ്ങള ഉണ്ടായിരുന്നെങ്കിൽ! എന്നായിരിക്കണം ഇവളുടെ ഇപ്പോഴത്തെ ചിന്ത എന്ന് കവി ഊഹിക്കുന്നു.]

പേരറിയാത്തൊരുപെൺകിടവേ, നിന്റെ
നേരറിയുന്നു ഞാൻ, പാടുന്നു:
കോതമ്പക്കതിരിന്റെ നിറമാണ്!
പേടിച്ച പേടമാൻ മിഴിയാണ്!
കൈയ്യിൽ വളയില്ല, കാലിൽ കൊലുസില്ല
മെയ്യിലലങ്കാരമൊന്നുമില്ല!
ഏറുന്ന യൗവനം മാടിമറയ്ക്കുവാൻ
കീറിത്തുടങ്ങിയ ചേലയാണ്!
ഗൗരിയോലക്ഷ്മിയോസീതയോ രാധയോ
പേരെന്തുതന്നെ വിളിച്ചാലും,
നീയെന്നും നീയാണ്! - കോതമ്പുപാടത്ത്
നീർപെയ്തുപോകും മുകിലാണ്!
കത്തും വറളിപോൽ ☆ ചുട്ടുപഴുത്തൊരാ-
കുഗ്രാമഭൂവിൻ കുളിരാണ്!

☆ ചാണകവറളി - ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ പാവപ്പെട്ടവരുടെ ഇന്ധനം

ആരെയോ പ്രാകി മടയ്ക്കുമൊരമ്മയ്ക്കു
കൂരയിൽ നീയൊരു കൂട്ടാണ്!
ആരാന്റെ കല്ലിൻമേൽ രാകിയഴിയുന്നൊ-
രച്ഛന്റെ ആശതൻ കൂടാണ്!
താഴെയുള്ളിത്തിരിപ്പോന്നകിടാങ്ങൾക്ക്
താങ്ങാണ്, താരാട്ടു പാട്ടാണ്!
പേരറിയാത്തൊരുപെൺകിടാവേ, എനി-
യ്ക്കേറെപ്പരിചയം നിന്നെ!
കുഞ്ഞായിരുന്നനാൾ കണ്ടു കിനാവുകൾ
കുഞ്ഞുവയർന്നിറച്ചാഹാരം
കല്ലുമണിമാല കൈവള. യുത്സവ-
ച്ചന്തയിലെത്തും പലഹാരം!
തൊട്ടയലത്തെത്തൊടിയിൽക്കയറിയൊ-
രത്തിപ്പഴം നീയെടുത്തുതിന്നു.
ചൂരൽപ്പഴത്തിന്റെ കയ്പുനീരും കണ്ണു-
നീരുമതിന്നെത്രമോന്തീല!
പിന്നെ, മനസ്സിൽ കൊതിയുണർന്നാലതു
പിഞ്ചിലേനുള്ളിയെറിയുന്നൂ!
കൊയ്ത്തു കഴിഞ്ഞൊരുകോതമ്പു പാടത്ത്
കുറ്റികൾ കത്തിക്കരിയുമ്പോൾ,
ഒറ്റയ്ക്കിരുന്നുനിൻതുച്ഛമാം സ്വപ്നങ്ങൾ
ഒക്കെക്കരിഞ്ഞതും കാണുന്നു!
ഞെട്ടുന്നില്ലുള്ള് - നടുങ്ങുന്നില്ല, നീ
ഞെട്ടുറപ്പുള്ളൊരുപൂവല്ലേ?
പേരറിയാത്തൊരുപെൺകിടാവേ. നിന്റെ
നേരറിയുന്നു ഞാൻ, പാടുന്നു!
ഞാറാണെങ്കിൽ പറിച്ചു നട്ടീടണം
ഞാറ്റുവേലക്കാലമെത്തുമ്പോൾ
പെറ്റു വളർന്ന കുടിവിട്ടുപെണ്ണിനു
മറ്റൊരിടത്തുകുടിവെയ്പ്!

വയലിന്നുമപ്പുറത്തേതോ സ്വയംവര-
പ്പുകിലിനുമേലാളർപോകുമ്പോൾ,
വെറുതെയീനിനവുകൾവന്നുപോയീ
വെയിലത്തൊരു മഴച്ചാറൽപോലെ.
കുറുകഴൽപ്പാട്ടുണ്ട്, താളമുണ്ട്
കുതിരപ്പുറത്ത് മണാളനുണ്ട്!
പൊന്നിൻതലപ്പാവ്, പാപ്പാസ് പയ്യന്
മിന്നുന്ന കുപ്പായം, പത്രാസ്!
മുല്ലപ്പൂകോർത്തോരിഴകളല്ലോ
മുഖമാകെ മൂടിക്കിടപ്പുണ്ട്
കുറെയേറെയാളുകൾ കൂടെയു,ണ്ടെത്രയോ-
കുറിയിതേ കാഴ്ചനീ കണ്ടൂലോ★
കുതിരപ്പുറത്തിരുന്നാടിയാടി
പുതുമണവാളനാപ്പോക്കുപോകെ,
തിക്കിത്തിരിക്കിവഴിയരികിൽപ്പണ്ടു
നിൽക്കുവാനുത്സാഹമായിരുന്നു!
കൺകളിലദ്ഭുതമായിരുന്നു, വിടർ-
കണ്ണാലേ. പിന്നാലെപോയിരുന്നു

ഇന്നാക്കുറുകുഴൽപ്പാട്ടുകേൾക്കെ,
ഇന്നാനിറന്ന വരവുകാൺകെ,
പാതവക്കത്തേയ്ക്കുപായുന്നതില്ല! - നീ
പാടാൻ മറന്ന കിളിയല്ലേ?
പേരറിയാത്തൊരു പെൺകിടാവെ, നിന്റെ
നേരറിയുന്നു ഞാൻ, പാടുന്നു!

നിന്നെ വധുവായലങ്കരിക്കാനിങ്ങു
പൊന്നില്ല, പൂവില്ല, ഒന്നുമില്ല!
മയ്യെഴുതി, മൈലാഞ്ചി, ചാർത്തി. ചുറ്റും

---

★ *ഉത്തരേന്ത്യൻ വിവാഹഘോഷയാത്രയിലെ ദൃശ്യങ്ങൾ*

കൈകൊട്ടിപ്പാടാനുമാരുമില്ല!★
വെള്ളക്കുതിരപ്പുറത്തുവന്നെത്തുവാൻ
ഇല്ലൊരാൾ! കൊട്ടും കുഴലുമില്ല!
കൊക്കിലൊതുങ്ങാത്ത ഭാഗ്യങ്ങളൊന്നുമേ
കൊത്തിവിഴുങ്ങാൻ കൊതിയുമില്ല!
തൻപഴങ്കണ്ണുകൊണ്ടേറെക്കണ്ടോ-
രമ്മൂമ്മതൻ ചൊല്ലോർക്കുന്നു
'നമ്മള്‌നോക്കി വളർത്തുമിക്കോതമ്പും
നമ്മളും മക്കളേ, ഒന്നുപോലെ!
ആറ്റുനോറ്റാരോ വളർത്തുന്നൂ - കതി
രാരോ കൊയ്‌തുമെതിയ്ക്കുന്നു
പൊന്നിൻമണികളാക്കമ്പോളങ്ങളി-
ലെങ്ങോപോയിത്തുലയുന്നു.★

ഇന്നുമീരാവിലുറങ്ങാതെ, യെന്തേനിൻ
കൺകളിരുട്ടിൽപരതുന്നൂ?-
കാതോർത്തുതന്നെയിരിക്കുന്നു, വെറും-
കാറ്റിൻമൊഴിയിലും ചൂളുന്നു?
അച്ഛൻെറയുച്ഛ്വാസതാളം മുറുകുമ്പോൾ,
അമ്മയിടയ്ക്കുഞ്ഞരങ്ങുമ്പോൾ,
കെട്ടിപ്പിടിച്ചുകിടക്കും കിടാങ്ങള-
വ്യക്തമുറക്കത്തിൽപേശുമ്പോൾ,
കൂരകൾതോറും കയറിയിറങ്ങുന്ന
ക്രൂരനാം മൃത്യുവെയോർത്തിട്ടോ,
പത്തിവിടർത്തുമാമൃത്യുവിൻ ദൂതനാം
പട്ടിണിനീറ്റുന്നതോർത്തിട്ടോ,
കൂരതൻ വാതിലിൽ കാറ്റൊന്നുതട്ടിയാൽ-
ക്കൂടിമറ്റെന്തൊക്കെയോർത്തിട്ടോ.

---

★ [1] വധുവിനെ മൈലാഞ്ചിയണിയിക്കുന്നതും, ചുറ്റുമിരുന്ന് കൈകൊട്ടിപ്പാടികളിയാക്കുന്നതും വിവാഹത്തോട് ബന്ധപ്പെട്ട ഒരു ചടങ്ങ്

★ [2] ഗ്രാമത്തിൻെറ പൊന്നിൻ മണികൾ നഗരത്തിലെ പെൺവാണിഭത്തെരുവുകളിലെത്തുന്നു എന്നു സൂചന

നീയിന്നുനിന്നിലൊളിക്കുന്നു?
നീയിന്നുനിന്നെ ഭയക്കുന്നു?
പേരറിയാത്തൊരുപെൺകിടാവേ. നിൻെറ
നേരറിയുന്നു ഞാൻ. പാടുന്നു.
പേടിച്ചരണ്ടനിൻകണ്ണുകൾരാപ്പകൽ
തേടുന്നതാരെയെന്നറിവൂഞാൻ
മാരനെയല്ല. മണവാളനെയല്ല. നിൻ
മാനംകാക്കുമോരാങ്ങളയെ!
കുതിരപ്പുറത്തുതന്നുടവാളുമായവൻ
കുതികുതിച്ചെത്തുന്നതെന്നാവോ!

# 10. പ്രിയതമേ, പ്രഭാതമേ

## അയ്യപ്പപ്പണിക്കർ

[മലയാളസാഹിത്യത്തിൽ ആധുനികമെന്നോ അത്യന്താധുനികമെന്നോ വിശേഷിപ്പിക്കപ്പെടുന്ന 'പുതിയ കവിതാ' പ്രസ്ഥാനത്തിൻെറ ഏറ്റവും ശക്തനായ ആവിഷ്ക്കർത്താക്കളിലൊരാളാണ് കെ. അയ്യപ്പപ്പണിക്കർ. ജീവിതദർശനത്തിലും പദ പ്രയോഗത്തിലും വൃത്തശില്പത്തിലും പുതുമയും മൌലികതയുമുള്ള ആധുനിക കവിതയുടെ ലക്ഷണയുക്തമായ ആദ്യമാതൃകയായി അദ്ദേഹത്തിൻെറ കുരുക്ഷേത്രം' എന്ന കവിതയെ പരിഗണിക്കാം. സമകാലിക ജീവിതത്തിൻെറ കാപട്യത്തിൻെറ നേർക്ക് മൂർച്ചയുള്ള പ്രഛന്ന പരിഹാസങ്ങൾ എയ്തുവിടുന്നതിൽ അയ്യപ്പപ്പണിക്കർ പ്രഗല്ഭനാണ്.

'അയ്യപ്പപ്പണിക്കരുടെ കവിതകൾ' എന്ന സമാഹാരത്തിൽ ഉൾപ്പെടുന്ന ഒരു കവിതയാണ് 'പ്രിയതമേ. പ്രഭാതമേ' എന്നത്. സ്വന്തം ഉയിരിൽ ഇരുളടയുന്നതിനെ പശ്ചാത്തലമാക്കിവെച്ചുകൊണ്ടാണ് കവി പ്രഭാതത്തെ അവതരിപ്പിക്കുന്നത്. അനാദികാലം മുതല്ക്കെ സവിതാവിനെയും ഉഷസ്സിനെയും ആരാധിച്ചുപോരുന്ന പാരമ്പര്യം ഭാരതീയനുണ്ട്. 'തമസോ മാ ജ്യോതിർഗമയ' എന്ന ഉപനിഷദ് മന്ത്രം ഇതിന്നുദാഹരണമാണ്. വെളിച്ചം കൊണ്ടുവരുന്ന പ്രഭാതത്തിൻെറ ആഗമനത്തിന് പരഭാഗശോഭ നൽകുവാൻ തമസ്സിൻെറ ഭീകരമായ സാന്നിദ്ധ്യം കവി വെളിപ്പെടുത്തുന്നു. സായന്തനസഖി പോയപ്പോൾ വിഹായസ്സിൽ മാത്രമല്ല, സ്വന്തം ഉയിരിലും ഇരുൾ പരക്കുന്നതായി കവിക്ക് അനുഭവപ്പെടുന്നു. പ്രഭാതം വന്നെത്തിയില്ലെങ്കിലോ അഥവാ സൂര്യൻ കിഴക്കുദിച്ചില്ലെങ്കിലോ എന്ന ശങ്ക കവിയെ വ്യാകുലചിത്തനാക്കുന്നു. പ്രഭാതം വന്നുചേർന്നില്ലെങ്കിൽ ലോകം നിശ്ചലവും നിശ്ചേതനവും ആകുമെന്ന് കവിക്കറിയാം. അതിനാൽ പൂർവ്വികർ ചെയ്തപോലെ കവിയും ആദരവോടെ പ്രഭാതത്തെ സ്വാഗതം ചെയ്യുന്നു. പ്രപഞ്ചത്തേയും മനുഷ്യഹൃദയത്തേയും ശോഭിതമാക്കാൻ അദ്ദേഹം പ്രഭാതത്തോടു അഭ്യർത്ഥിക്കുന്നു.]

(സായന്തനസഖിപോയല്ലോ, നാം
സാഗരതീരമണഞ്ഞല്ലോ
തിരയായ്തിരയായ് വരുന്നു രാവിൻ
കരിനാഗത്തിൻ വിഷവാതം
ഇരുളടിയുന്നെന്നുയിരിൽ, ചുറ്റും
തിമിരമഹോതിമിരം)
പ്രിയതമേ, പ്രഭാതമേ!
വിരിഞ്ഞുനിന്നെനോക്കിടുന്ന-
പൂവുകൾക്കുദാരശോഭ
ചൊരിയുവാനൊരുങ്ങിവരും വൈഭവ - പ്രവാഹമേ!
വിടരുവാൻ മടിച്ചിടുന്ന കൺകളിൽ, കരൾകളിൽ
വിൺവെളിച്ചമിന്നുവാരിവിതറുന്നീ പ്രഭാതമേ!
പ്രിയതമേ, പ്രഭാതമേ!
എന്തിനെന്നറിഞ്ഞിടാതനന്തമസ്വതന്ത്രമായ്നി-
രന്തരം കറങ്ങിടും വസുന്ധരയ്ക്കു നൽക നീ-
യന്ധകാരബന്ധമോചനം
പ്രശാന്തമാം നിശാന്തവേളപോകിലും, വിശാലമി-
പ്രപഞ്ചവേദിനിന്നെയോർത്തുണർന്നുകാത്തിരിക്കിലും
നീ വരാൻ മടിക്കിലോ
നിതാന്തവന്ദ്യദിവ്യ, നാര്യ-
സൗകുമാര്യസൂര്യനി-
ന്നുദിച്ചിടാൻ തരപ്പെടാതിരിക്കുമോ?
തിരിച്ചുപോകുമോ?
കിഴക്കുദിക്കിനെമറന്നുനേർവഴിക്കുതെളിച്ചു
മറ്റു ദിക്കിൽ നോക്കുവാൻ തിരിച്ചുപോകുമോ?
തിരിച്ചുപോവുകിൽ
കാലമിന്നു കേടുവന്ന ടയറുമാറ്റിവീണ്ടുമി-
പ്പാടുകൾ സഹിക്കുവാൻ തയ്യാറെടുക്കുമോ?
ചലനമൊക്കെയസ്തമിക്കുമോ?
ഉലകമെങ്കിൽ നിശ്ചലം
വിരിയുകില്ല പൂവുകൾ
കൂമ്പുകില്ല മൊട്ടുകൾ
കൺതുറന്നുനിന്നെനോക്കി

നില്ക്കുകില്ലമൊട്ടുകൾ
നിവരുകില്ലകൂനുകൾ
പ്രളയമില്ല, പ്രണയമില്ല
പ്രാണനില്ല, പ്രാണിയില്ല
നീ വരാതിരിക്കുകിൽ.
പ്രിയതമേ, പ്രഭാതമേ!
അളകനന്ദയിൽ
പുളകഗംഗയിൽ
മുഴുകിനിന്നൊരാര്യവംശജാതനന്നുവേദമോതി
നിന്നെ വന്നു വാഴ്ത്തിപോൽ
നീ ചിരംകനിഞ്ഞുപോൽ
ഞാനുമിന്നുനിൻെറമുമ്പിൽ വന്നിതാ-വിളിച്ചിടുന്നു;
നീ വരൂ, പ്രഭാതമേ!
നീ വരൂ, പ്രഭാതമേ!
നിൻെറ നീണ്ട കൈകളാൽ വിതറു നീ,
വിതറു നീ നിറങ്ങൾ വാരിനാലുപാടുമായ്
പച്ചചെന്നുപറ്റിടട്ടെ പാഴ്മരപ്പൊടിപ്പിലും
നിത്യനീലമൂറിടട്ടെ കടലിലും നഭസ്സിലും
ചുരുളലിഞ്ഞ വാർമുടിക്കു,
കുറുകി നീണ്ടപെൺമിഴിക്കു
ചൂളമിടും മുകിൽ നിരയ്ക്കു
മെഴുപുരണ്ടകരിന്നിറം
ചൂടു ചിന്ത പതറിടുന്ന ചോരയിൽ. യുവാക്കളിൽ,
ചൊടിയെഴുന്ന കടുചുവപ്പുകോരി നീ നിറയ്ക്കുക!
തിമിരമെൻെറ കണ്ണിൽനിന്നകന്നുമറയവേ,
വിരിയുമിതളിലൊളികൾവിതറി-
വിലസു നീ പ്രഭാതമേ!
ഏഴുനിറം മാരിവില്ലി-
ലെഴുനൂറിപ്പൂവനത്തി-
ലേഴായിരം മർത്ത്യഹൃത്തി-
ലലയടിച്ചു പടരു നീ.
പ്രിയതമേ, പ്രഭാതമേ!

# 1. കലാകാരൻെറ ലോകം

മനുഷ്യൻെറ ഭാവനയെ ആനന്ദിപ്പിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുകയാണ് കലയുടെ ഉദ്ദേശ്യമെങ്കിലും, കലാകാരൻെറ ഭാവനയുടെ വേദനയും അതൃപ്തിയുമാണ് അതിൻെറ ഉത്ഭവസ്ഥാനങ്ങളെന്ന് സാമാന്യമായി പറയാവുന്നതാണ്.

മനുഷ്യജീവിതം, ഉള്ളതുപോലെ വീക്ഷിക്കപ്പെടുകയാണെങ്കിൽ, നയിക്കപ്പെടുന്നതുപോലെതന്നെ ചിത്രീകരിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ, അതിൻെറ രംഗവിധാനത്തിലും നിയന്ത്രണത്തിലും, സംഭവപരമ്പരയുടെ കാര്യകാരണബന്ധത്തിലും സ്വഭാവഗുണങ്ങളുടെ ചേർച്ചയിലും അനേകം കുറ്റങ്ങളും കുറവുകളും പ്രത്യക്ഷപ്പെടുന്നതായി കാണാം. പൂർണ്ണതയേയും, നിയമവിധേയത്വത്തേയും ലക്ഷ്യമാക്കി കുതിക്കുന്ന മനുഷ്യൻെറ ഭാവന സൃഷ്ടിയുടെ അപൂർണ്ണതയെയും കുറ്റങ്ങളെയും, അവകളിൽനിന്ന് അനുനിമിഷം പ്രപഞ്ചത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അനിഷ്ടസംഭവങ്ങളെയും വെറുക്കുന്നു. ഏതു സമയത്തും ദിദൃക്ഷുവിൻെറ പിൻവശത്തേയ്ക്ക് മാറിയൊളിക്കുന്ന സൃഷ്ടിരഹസ്യം ചിന്തകൻെറ മനസ്സിൽ അഗാധവും, രാപ്പകൽ വിട്ടുപിരിയാത്തതായുമുള്ള ഒരു അതൃപ്തിയേയും അശാന്തിയേയും ജനിപ്പിക്കുന്നു. ഈ അതൃപ്തിയുടേയും അശാന്തതയുടേയും മേളനസ്ഥാനമാണ് കലയുടെ ഉത്ഭവസ്ഥാനം.

ഈ പ്രമേയത്തെ ഞാൻ ഒന്നുകൂടി വിശദീകരിക്കാം:

"പൂന്തിങ്കളിൽപ്പങ്കമണച്ചധാതാ-
വപൂർണ്ണതയ്ക്കേ വിരചിച്ചു വിശ്വം."

എന്ന തത്വം കലാകാരൻ ആകസ്മികമായിട്ടെന്നപോലെ കണ്ടുപിടിക്കുന്നു. നിസർഗ്ഗസുന്ദരവും സുരഭിലവുമായ പനിനീർപ്പൂവിൻെറ ഉള്ളിൽ അതിൻെറ സൗഷ്ഠവത്തെ ക്രമേണ നശിപ്പിച്ച് അതിനെ തിന്നൊടുക്കുന്ന കീടത്തെ അയാൾ കണ്ടെത്തുന്നതോടുകൂടി "കഷ്ടം"! എന്ന അനുതാപജന്യമായ ഒരു വിലാപപദവും, ഇതെന്ത് അനീതിയാണ്!'' എന്ന് കർത്താവിനെ സംബന്ധിച്ചിടത്തോളം അനിശ്ചിത ലക്ഷ്യത്തോടുകൂടിയ രോഷപരമായ ഒരു പ്രതിഷേധവാചകവും അയാളുടെ മനസ്സിൽ പൊട്ടിപ്പുറപ്പെടുന്നു.

ഈ അനുതാപവും രോഷവും, അഥവാ. ഈ അതൃപ്തിയും അശാന്തിയും കലാകാരൻെറ ആഹാരത്തിലുള്ള രുചിയും, ഉറക്കത്തിൻെറ സൗഖ്യവും കുറയ്ക്കുന്നു. ക്രമേണ നോക്കുന്നേടത്തെല്ലാം ചേരാത്തതിനോടുള്ള ചേർച്ചയും; ചേരുന്നവയുടെ വേർപാടും, അപൂർണ്ണതയും, ഭിന്നഗുണങ്ങളുടെ അസുഖപ്രദമായ സങ്കലനവും അയാൾ കണ്ടെത്തുന്നു. ഈ ഘട്ടത്തിലാണ് കലാകാരൻ ഓമർഖയാമിൻെറ കൂടെ, ''ഹാ പ്രേമഭാജനമേ, വിധിയുടെ സാഹായ്യമവലംബിച്ച് ഈ താറുമാറായ പ്രപഞ്ചഘടനയെ നമ്മുടെ ഉള്ളംകയ്യിലൊതുക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, നമ്മൾ അതിനെ വലിച്ചെറിഞ്ഞുടുച്ചു തുണ്ടുതുണ്ടാക്കി നമ്മുടെ ആഗ്രഹത്തിന്നനുസരിച്ച് വീണ്ടും ഒരു നവീന സൃഷ്ടി ചെയ്യുകയില്ലേ?" എന്നു ചോദിക്കുന്നത്.

ഓമറിൻെറ ഈ ചോദ്യത്തിലാണ് കവിതയുൾപ്പെടെയുള്ള എല്ലാ കലാസൃഷ്ടികളുടേയും ചോദന അടങ്ങിയിരിക്കുന്നത്. ശില്പിയുടെ ഉളിയേയും, ചിത്രകാരൻെറ തൂലികയേയും കവിയുടെയും ആഖ്യായികാകാരൻേറയും പേനയേയും, സൃഷ്ടിയിലുള്ള മാതൃകകളോട് അത്ഭുതാവഹമായ സാദൃശ്യം വഹിക്കുന്നതെങ്കിലും, അവയെക്കാൾ ഉൽക്കൃഷ്ടങ്ങളും പൂർണ്ണങ്ങളുമായ സങ്കല്പസൃഷ്ടികളെ അവതരിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നത് പ്രപഞ്ചഘടനയെക്കുറിച്ചുള്ള ഈ അതൃപ്തിയും,

മനുഷ്യന്നു മനസ്സിലാക്കുവാൻ കഴിയുന്ന നിയമങ്ങൾക്കു വിധേയമായ ഒരു നൂതന സൃഷ്ടി ചെയ്വാനുള്ള ആഗ്രഹവുമാണ്.

യാഥാർത്ഥ്യത്തിൽനിന്ന് അണുപോലും വ്യതിചലിക്കാതെ, മനുഷ്യലോകത്തിൽ നടക്കുന്നതോ നടക്കാവുന്നതോ ആയ സംഭവങ്ങളേയും പ്രപഞ്ചത്തിൽ കാണപ്പെടുന്ന വസ്തുക്കളെയും, യാതൊന്നും വിടാതെയും യാതൊന്നും കൂട്ടിച്ചേർക്കാതെയും യാതൊന്നിനെയും മാറ്റാതെയും, വർണ്ണിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നത് കലാകാരനായ കവിയുടെയോ ചിത്രകാരൻെറയോ ജോലിയല്ല; അത് പത്രറിപ്പോർട്ടരുടെയും ഫോട്ടോഗ്രാഫറുടെയും പ്രവൃത്തിയാണ്.

ഈ തത്ത്വമാണ് - കലയുടെ ഈ പരമരഹസ്യമാണ് - ചിന്തകൻമാരെന്ന് സ്വയമഭിമാനിച്ച്, കൺമുന്നിൽക്കണ്ടതിനെ പരിശോധിക്കുവാനുള്ള ക്ഷമയോ, അതിനെ മനസ്സിലാക്കുവാനുള്ള ബുദ്ധിയോ, അതിൻെറ ചരിത്രത്തെ അറിയുവാനുള്ള പാണ്ഡിത്യമോ ഇല്ലാതെ, വല്ല വിധത്തിലും ഒരു പേരെടുക്കണമെന്നുള്ള ദുരാഗ്രഹത്തെ മാത്രം മുൻനിർത്തി. സാഹിത്യ സാമ്രാജ്യത്തിൽ ബലം പ്രയോഗിച്ച് കടന്ന് അവിടെ ഒരു വിപ്ലവം ഉണ്ടാക്കിത്തീർക്കുവാൻ ബദ്ധകക്ഷൻമാരായി നില്ക്കുന്ന നമ്മുടെ ചില യുവസാഹിത്യവിമർശകൻമാർ അറിയാത്തത്; അഥവാ, അറിയുമെങ്കിൽ, അവർ വിസ്മരിക്കുന്നത്. ഇന്നത്തെ കല യാഥാർത്ഥ്യത്തെ അലങ്കോലപ്പെടുത്തുന്നുവെന്ന് അവർ ആക്ഷേപിക്കുന്നു; അലങ്കോലപ്പെട്ടുകിടക്കുന്ന യാഥാർത്ഥ്യത്തെ അഭിലഷണീയമായ ഒരു പൂർണ്ണതയിലേക്ക് നയിക്കുകയാണ് കലാകാരൻെറ പരമോദ്ദേശ്യമെന്നുള്ളതിനെ അവർ മറക്കുകയോ. മറയ്ക്കുകയോ ചെയ്യുന്നു. ലോകത്തിലെ അസമത്വത്തേയും, ദാരിദ്രത്തേയും. അവശതയേയും അവയുടെ നഗ്നരൂപത്തിൽ എടുത്തു പ്രദർശിപ്പിച്ച് അവയുടെ പരിഹാരമാർഗ്ഗം ആരായുന്നത്, സർവ്വോൽകൃഷ്ടവും അവതാര പുരുഷൻമാർകൂടി ജൻമ കൃത്യമായി കരുതിവരുന്നതുമായ ഒരു

പാവനോദ്ദേശ്യം തന്നെ. പക്ഷേ, അത് സമുദായ പരിഷ്കർത്താക്കളുടെ പ്രവൃത്തിപരിധിക്കുള്ളിൽപ്പെടുന്ന ഒരു ജോലിയാണ്; കലാസാമ്രാജ്യത്തിൽ ആ ഉദ്ദേശ്യത്തിന്നു സ്ഥാനമുണ്ടെങ്കിലും, അവിടെയുള്ള പ്രവൃത്തിപദ്ധതി വേറെയാണ്.

"കലാകാരൻ സമുദായ പരിഷ്ക്കരണത്തിൽ, അസമത്വ പരിഹാരത്തിൽ, അസ്വതന്ത്രതാനിവാരണത്തിൽ, സ്വഭാവ സംസ്ക്കാരത്തിൽ, രാഷ്ട്രാഭ്യുന്നതിയിൽ, ജീവിതപരിവർത്തനത്തിൽ, ഉൽത്സുകനല്ലേ? ഉൽത്സുകനായിരിക്കേണ്ടേ?" എന്ന പ്രശ്നങ്ങൾ ഇവിടെ ഉത്ഭവിക്കുന്നു. ഉത്സുകൻ തന്നെ; ഉത്സുകനായിരിക്കേണ്ടതുതന്നെ. പക്ഷേ, അവശതയുടെ നഗ്നചിത്രീകരണം കൊണ്ട് ജനതതിയുടെ സഹാനുഭൂതിയേയും അനുകമ്പയേയും ഉണർത്തി അവരെ പരിഷ്ക്കരണോൻമുഖരാക്കിത്തീർക്കുന്നതിലല്ലാ കലാകാരൻ തൻെറ തല്പരമായ ഔത്സുക്യത്തേയും പാടവത്തേയും പ്രദർശിപ്പിക്കുന്നത്.

സ്വാഭാവികമായി ദു:ഖഹേതുക്കളായോ, അതൃപ്തികരങ്ങളായോ ഉള്ള സംഭവങ്ങളേയും വസ്തുക്കളേയും, പുതിയ ഒരു അവലോകനസ്ഥാനത്തെ അവലംബിക്കുകയോ, അവയുടെ ആന്തരമായ പ്രകൃതിയെ സ്പർശിക്കാതെ, ബാഹ്യമായ ആകൃതിയിലോ ഘടനയിലോ തെല്ലൊരു മാറ്റം വരുത്തുകയോ ചെയ്തു ചിത്രീകരിച്ച്, ആ പഴയ സൃഷ്ടികളുടെ പുതിയ രൂപാന്തരങ്ങളെ യാഥാർത്ഥ്യം കണ്ട് മടുത്ത കണ്ണുകൾക്ക് മുമ്പാകെ അവതരിപ്പിച്ച്, ആനന്ദത്തേയും. പരിഷ്ക്കരണേച്ഛയേയും ഏകകാലത്ത് പ്രേക്ഷകൻമാരിൽ ഉളവാക്കുകയാണ് ഒരു ഉത്തമ കലാകാരൻെറ പരമോദ്ദേശ്യം; യാഥാർത്ഥ്യത്തെ അങ്ങനെ തന്നെ പകർത്തിക്കാണിക്കുകയല്ല, പ്രകൃതിയുടെ മുകുരമാണ് കലയെന്ന് ഒരു നിരൂപണസങ്കേതമുണ്ട്. പ്രൊഫസർ മെക്കാർട്നി പറയുന്നു. "ആയിരിക്കാം; പക്ഷേ, ആ മുകുരം മദ്ധ്യം ഉയർന്നതോ കുഴിഞ്ഞതോ ആയിരിക്കും." കലാമുകുരത്തിലുള്ള വസ്തു പ്രതിബിംബം, യാഥാർത്ഥ്യത്തെ മറ്റൊന്നായി തെറ്റിദ്ധരിക്കുവാൻ ഇടയില്ലാത്ത വിധത്തിലാണെങ്കിലും, ഗണ്യമായും സ്പഷ്ടമായും

രൂപാന്തരപ്പെടാതെ നിവൃത്തിയില്ലെന്നാണ് പ്രൊഫസർ മെക്കാർട്ട്നിയുടെ മതം. ഈ അഭിപ്രായത്തിലടങ്ങിയ തത്ത്വം നമ്മുടെ യാഥാർത്ഥ്യാരാധകൻമാരുടെ വീക്ഷണപരിധിയിൽ പെട്ടുകഴിഞ്ഞിട്ടില്ല.

പ്രപഞ്ചസൃഷ്ടിയുടെ അപൂർണ്ണതയെക്കുറിച്ചും, പ്രാപഞ്ചിക സംഭവങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളുടെ അജ്ഞാതത്വത്തെക്കുറിച്ചും, കലാകാരന്ന് തോന്നുന്ന അതൃപ്തിയിലാണ് എല്ലാ കലാസൃഷ്ടിയുടെയും പ്രേരണ ഒളിഞ്ഞുകിടക്കുന്നതെന്ന പ്രമേയം ഒരുവിധം വിശദീകൃതമായെന്ന് ഞാൻ വിശ്വസിക്കുന്നു.

പാശ്ചാത്യസാഹിത്യങ്ങളുടെ ലബ്ധപ്രതിഷ്ഠമായ ഒരു വിഭാഗമാണ് "ട്രാജഡി" എന്ന് ഇംഗ്ലീഷിൽ വിളിക്കപ്പെട്ടുവരുന്ന ദു:ഖപര്യവസായിയായ നാടകം. പ്രഥമദൃഷ്ടത്തിൽ, കലാപ്രേർണയെക്കുറിച്ച് ഇവിടെ പറയപ്പെട്ട അഭിപ്രായവും ട്രാജഡിയുടെ സ്വരൂപവും തമ്മിൽ പരസ്പരവിരോധമുള്ളതായി തോന്നപ്പെട്ടേയ്ക്കാം. "കലാകാരൻ മനുഷ്യമനസ്സിനെ സംതൃപ്തിയിലേയ്ക്കും പരിപൂർണ്ണതയിലേയ്ക്കും നയിക്കുവാൻ പര്യാപ്തമായ ഒരു നവീനലോകത്തെ സൃഷ്ടിക്കുകയാണ് ചെയ്യുന്നതെന്നു നിങ്ങൾ പറഞ്ഞുവല്ലോ. ട്രാജഡികളാകട്ടേ മനുഷ്യൻെറ ഭാവിയുടെ അനിശ്ചിതത്വത്തേയും, അവൻ ഭാവനയിൽ കെട്ടിയുയർത്തുന്ന ആകാശക്കോട്ടകളുടെ അസ്ഥിരത്വത്തേയും, മൃഗീയങ്ങളോ രാക്ഷസങ്ങളോ ആയ ഖലചിന്തകളുടെ അതിദാരുണ ഫലങ്ങളേയുമല്ലയോ ചിത്രീകരിച്ച് കാണിക്കുന്നത്? കലാകാരൻെറ ആദ്യന്ത സുഭഗവും ആത്യന്തികാനന്ദദവും, സംതൃപ്തിയാൽ ദിവാനിശം പ്രകാശിതവുമായ ആ സങ്കല്പനാകത്തിൽ, ചുടുനിണത്തിൽ മുഴുകിയവളും, ആകാലികമായ ശവത്തുണിയാൽ മൂടപ്പെട്ടവളും, കരഞ്ഞു കൊണ്ടിരിക്കുന്ന ബന്ധുക്കളാൽ ചുറ്റപ്പെട്ടവളുമായ ട്രാജഡിയുടെ മൃതദേഹത്തിന്നു സ്ഥാനമെവിടെ? അഥവാ, ട്രാജഡി കലയുടെ ഉത്തമസൃഷ്ടിയല്ലെന്നും, ട്രാജഡി എഴുതി

പേരെടുത്തവർ കലാകാരൻമാരുടെ ഇടയിൽ ഒരു ഉന്നത സ്ഥാനത്തെ അർഹിക്കുന്നവരല്ലെന്നുമാണോ നിങ്ങളുടേ വിവക്ഷ? അങ്ങനെയാണെങ്കിൽ, ഈ മതപ്രകാരം സോഫാക്ലിസ്സും, ഷേക്സ്പിയറും യഥാർത്ഥ കലാകാരൻമാരെന്ന പേരിന്ന് അർഹൻമാരല്ലല്ലോ!'' എന്നാണ് ഈ പൂർവ്വപക്ഷത്തിൻെറ സ്വരൂപം.

ഇതിന് രണ്ട് തരത്തിലുള്ള സമാധാനങ്ങളുണ്ട്.

ഒന്നാമത്തെ സമാധാനം, ട്രാജഡി ശോകത്തിൽ വേരൂന്നി കണ്ണുനീരിനാൽ പോഷിപ്പിക്കപ്പെടുന്നതായതുകൊണ്ട് അത് അസുന്ദരമായിരിക്കാനേ വഴിയുള്ളു എന്ന യുക്തിഭ്രമത്തിൻെറ നിഷേധം മാത്രമാണ്.

''അതോ തടം തല്ലിയലച്ച കണ്ണീർ-
ക്കടല്ക്കകം മുത്തുകളോ കിടപ്പു?''

എന്ന നാലപ്പാടൻെറ ചോദ്യത്തിൽ തന്നെ ഈ സമാധാനത്തിൻെറ ഒരു സൂക്ഷ്മമായ അങ്കുരം മുളച്ച് നില്ക്കുന്നുണ്ട്.

''അഥവാ സുഖദുർഗ്ഗമേറ്റുവാൻ
സ്ഥിരമായ് നിന്നൊരു കൈശരീരിയെ
വ്യഥയാം വഴിയൂടെ, യമ്പിനാൽ
വിരവോടുന്തിവിടുന്നു തന്നെയാം.''

എന്ന 'സീത'യിലെ ശ്ലോകത്തിൽ ഈ സമാധാനത്തെ മഹാകവി ആശാൻ കുറച്ചുകൂടി വെളിവാക്കുന്നുണ്ട്.

''അതുമല്ലസുഖാസുഖങ്ങളായ്
സ്ഥിതിമാറീടുവതൊക്കെയേകമാം.''

എന്ന ആശാൻെറ പിന്നീടുള്ള ഉദ്ബോധനം കലാസാമ്രാജ്യത്തിൻെറ അതിർത്തിക്കപ്പുറം വേദാന്തത്തിലേയ്ക്ക് കടന്നു നില്ക്കുന്ന താണെന്ന് പക്ഷേ, സമർത്ഥിക്കപ്പെട്ടേയ്ക്കാം.

ശോകം അസുന്ദരമല്ലെന്നുള്ള (വേദാന്ത സിദ്ധാന്തത്തിൻെറയല്ല) കലാസിദ്ധാന്തത്തിൻെറ ഏറ്റവും പ്രസ്ഫുടമായ വിശദീകരണം മഹാകവി ഉള്ളൂരിൻെറ "കർണ്ണ ഭൂഷണ"ത്തിലാണുള്ളത്; കലാസംബന്ധിയായ ഒരു പ്രശ്നത്തിന്ന് ഉള്ളൂർ ഒരു കലാകാരൻെറ ഉത്തരം പറയുന്നു.

"ഫുല്ലാംബുജാസ്യയാൾ വാസരാധീശ്വരി;
അല്ലണിക്കൂന്തലാൾ രാത്രിദേവി
മേളിപ്പൂ രണ്ടോടും ഞാ;നെനിക്കാവശ്യ-
മീ ലോകച്ഛായകൾമാറിമാറി

* * * * * * * *

സുന്ദരം താനതിൻ തൂനെറ്റിച്ചിത്രകം;
സിന്ദൂരമായാലും ചാന്തായാലും."

"സിന്ദൂരമായാലും ചാന്തായാലും" സുന്ദരിയുടെ തൂനെറ്റിച്ചിത്രകം അവളുടെ ആനനത്തെ അധികമനോജ്ഞമാക്കിത്തീർക്കുകയേ ചെയ്യുന്നുള്ളൂവെന്ന മഹാകവിയുടെ സിദ്ധാന്തം ആപാദ മധുരാകൃതിയോടുകൂടിയ കുലാംഗനയുടെ കാര്യത്തിൽ ഘടിക്കാതെ വരുന്നതല്ലല്ലോ. ട്രാജഡി ചാന്തുപൊട്ടണിഞ്ഞ കുലാംഗനയാണ്; അവളുടെ "ആനീലസുസ്നിദ്ധപക്ഷ്മ"ങ്ങൾക്കു വെള്ളി യലുക്കിടുന്ന കണ്ണുനീർത്തുള്ളികളിൽ പ്രഭാതത്തിലെ തുഷാര ബിന്ദുക്കളിലെ അഭൗമപ്രകാശം ഒളിഞ്ഞ് കിടക്കുന്നുണ്ട്.

രണ്ടാമത്തെ സമാധാനം, ഒരു പ്രത്യേകതരമായ അതൃപ്തിയുടെ പരിഹാരത്തെയാണ് കലാകാരൻമാർ ട്രാജഡിയിലൂടെ തേടിയിരുന്നത് എന്നുള്ളതാണ്. ജീവിതത്തിൽ സാധാരണയായി കാണപ്പെടുന്ന അനിഷ്ടസംഭവങ്ങൾ ജ്ഞാതങ്ങളായ യാതൊരു നിയമങ്ങൾക്കും വിധേയങ്ങളായി കാണാത്തതിനെക്കുറിച്ച് - ശോകവും നാശവും പ്രപഞ്ചത്തിൻെറ പൂർണ്ണതയ്ക്ക് അത്യാവശ്യങ്ങളെന്ന് സമ്മതിക്കപ്പെട്ടാൽക്കൂടി- കലാകാരൻെറ മനസ്സ് അതൃപ്തമായിത്തീർന്നിരിക്കണം.

ഈ അതൃപ്തി പ്രാചീന ഗ്രീസിലെ കലാകാരൻമാരുടെ മനസ്സിനെ ബാധിക്കുക നിമിത്തമാണ് സോഫോക്ലിസ് മുതലായവരുടെ ട്രാജഡികൾ ജനിച്ചത്. അസാധാരണ ഗുണഗണങ്ങളോടുകൂടിയ ഒരാൾക്ക് പെട്ടെന്ന് അത്യാഹിതങ്ങൾ വന്നു ചേരുന്നു. മറ്റുള്ളവർ അറിയുന്നെടത്തോളം അയാൾ യാതൊരു പാപവും ചെയ്തിട്ടില്ല, പ്രത്യുത, സല്ക്കർമ്മങ്ങൾ മാത്രമേ അയാൾ ചെയ്തിട്ടുള്ളു.; അങ്ങനെയുള്ള ഒരാൾക്ക് വല്ല വിപത്തും എത്തിച്ചേരുമ്പോൾ ആളുകളുടെ മനസ്സ് പതിവിലധികം വേദനപ്പെടുന്നു; പ്രകൃത്യാ മൃദുലമായ കലാകാരൻെറ മനസ്സാകട്ടെ കുറച്ചധികം വ്രണിതമായിത്തീരുന്നു. ഈ വേദനയുടെ പരിഹാരാന്വേഷണ സോപാനത്തിൻെറ ആദ്യത്തെ പടവാണ് പ്രാചീനഗ്രീസിലെ ട്രാജഡി.

പ്രസ്തുതത്തോട് നേരിട്ട് ഘടിക്കാത്തതെങ്കിലും അപ്രകൃത മല്ലാത്ത ഒരു ചോദ്യം ഇവിടെ ചോദിക്കപ്പെട്ടേയ്ക്കാം. എന്തുകൊണ്ടാണ് പ്രാചീനഹൈന്ദവസാഹിത്യത്തിൽ ട്രാജഡി യെന്നൊരു വിഭാഗമില്ലാതിരുന്നത്? ഇതിൻെറ ഉത്തരം ഹൈന്ദവസംസ്ക്കാരത്തിൻെറ അടിയുറവുകൾ അറിയുന്നവർക്ക് സുവിദിതമാകുന്നു. ഹൈന്ദവസാഹിത്യം ഹൈന്ദവസംസ്ക്കാര വൃക്ഷത്തിൻെറ സുരഭില കുസുമം മാത്രമാണ്. ആ സംസ്ക്കാരമാകട്ടെ കർമ്മപദ്ധതിയെ വിശദീകരിക്കുന്ന അധ്യാത്മവിദ്യയാൽ പ്രദീപ്തവുമാകുന്നു. അതാണ് ഹൈന്ദവസാഹിത്യകാരൻമാർക്ക് പ്രപഞ്ചത്തിലെ അനിഷ്ട സംഭവങ്ങൾ കാരണമില്ലാത്ത കാര്യോൽപത്തിയാണെന്ന് തോന്നുകയോ ആ തോന്നലിൽനിന്ന് ഉണ്ടാകാവുന്ന കലാസൃഷ്ടിപ്രേരണ ഉണ്ടാവുകയോ ചെയ്യാതിരുന്നത്. സോഫോക്ലിസ് കലയിൽക്കൂടി അന്വേഷിച്ച ഉത്തരം കാളിദാസൻ പഠിച്ച ഉപനിഷത്തുക്കളിൽ, ബുദ്ധിമാന്നു സംശയത്തിന്നി ടകൊടുക്കാത്ത വിധത്തിൽ, പ്രസ്ഫുടമായി എഴുതപ്പെട്ടിരുന്നു.

"അഥകേന പ്രയുക്തോയംപാപം ചരതിപൂരുഷ:
അനിച്ഛന്നപിവാർഷ്ണേയ! ബലാദിവനിയോജിത"?

എന്ന അർജ്ജുനൻെറ ചോദ്യത്തിന്നു തൃപ്തികരമായ സമാധാനം കിട്ടായ്കയാണ് ഗ്രീക്ക് ട്രാജഡിയുടെ ഉല്പത്തി ഹേതു! ആ ചോദ്യത്തിന്നു പൂർവ്വ പക്ഷസമാധാനങ്ങളോടുകൂടി ഉപനിഷത്തു. കളിൽ മറുപടി പറയപ്പെട്ടതിനാലാണ് പ്രാചീനഹൈന്ദവസാഹിത്യം ട്രാജഡിയിൽനിന്ന് പരാങ്മുഖ മായിത്തീർന്നത്.

ലോകത്തിലെ അനിഷ്ടസംഭവങ്ങൾക്കുളള ഹേതു ഒരൊറ്റവാക്കിലാണ് പുരാണ ഗ്രീസിലെ സാഹിത്യകാരൻമാർ അടക്കിയത്; ആ വാക്ക് 'ദുർവിധി" എന്ന ഒന്നു മാത്രമായിരുന്നു. നല്ലതെന്നും ചീത്തയെന്നും വിശേഷിക്കപ്പെടാവുന്ന രണ്ടുതരം അഭൗമശക്തികളുടെ പിടിയിലാണ് മനുഷ്യർ എതു കാലത്തും വർത്തിക്കുന്നതെന്നും, ഏതെങ്കിലും ഒരു മനുഷ്യൻെറ ജീവിതം ദുർവിധിക്കു വിധേയമായിത്തീരുമ്പോൾ ആ ജീവിതം ഒരു ട്രാജഡിയായി പരിണമിക്കുന്നുവെന്നും അവർ വ്യാഖ്യാനിച്ചു. പിന്നീട് കലയുടെ വികാരജനകത്വത്തെ വർദ്ധിപ്പിക്കുവാനായി ഇന്നതരം ആളുകളുടെ ജീവിതം മാത്രമേ ട്രാജഡിക്ക് വിഷയമായിത്തീരുവാൻ പാടുള്ളു എന്നും മറ്റുമുള്ള അനേകം നിയമങ്ങൾ ഉണ്ടായിത്തീർന്നു.

വളരെ നൂറ്റാണ്ടുകൾ കഴിയുന്നതുവരേയ്ക്കും യൂറോപ്യൻ സാഹിത്യത്തിൽ ട്രാജഡികളിലെ സംഭവപരമ്പരയ്ക്കു ദുർവിധി തന്നെ ഹേതുവായിത്തീർന്നു. പിന്നീട് ഷേക്സ്പിയറുടെ കാലത്താണ് കലാലോകത്തിൽ ട്രാജഡിയെ സംബന്ധിച്ച് ഒരു പരി :വർത്തനമുണ്ടായിത്തീർന്നത്. ഷേക്സ്പിയറുടെ കാലമാവുമ്പോഴേയ്ക്കും പ്രാചീനഗ്രീക്ക് സാഹിത്യകാരൻമാരുടെ ''വിധി'' കലാകാരൻമാരെ തൃപ്തിപ്പെടുത്താതായി ത്തുടങ്ങിയിരുന്നു. വിവേകമോ കാഴ്ചയോ ഇല്ലാത്ത ഒരു അജ്ഞാതശക്തിയെ മനുഷ്യൻെറ അധ:പതനത്തിന്നു ഹേതുവായി സങ്കല്പിക്കുന്നതുകൊണ്ട് മാത്രം കലാകാരൻെറ ഭാവനയിൽ സ്ഥിതിചെയ്യുന്ന ലോകത്തിന്നു പൂർണ്ണതയോ തൃപ്തിജനകത്വമോ വന്നതായി അയാൾക്ക് തോന്നിയില്ല.

ഇതിൻെറ ഫലമായിട്ടാണ് ട്രാജഡിയിലെ കഥാനായകൻെറ അധഃപതനത്തിന്നുള്ള ഉത്തരവാദിത്വം വിധിയുടെ തലയ്ക്ക് വെയ്ക്കാതെ, നായകൻെറ സ്വഭാവദോഷത്തെത്തന്നെ അതിനു ഹേതുവായി അനന്തരകവികൾ സങ്കല്പിച്ചത്. (പാശ്ചാത്യ സിദ്ധാന്തപ്രകാരം) താറുമാറായിക്കിടക്കുന്ന പ്രപഞ്ചത്തിൽ യാതൊരു സ്വഭാവദോഷമോ കർമ്മദോഷമോ ഇല്ലാത്ത ആളുകൾക്ക്പോലും അധഃപതനം സംഭവ്യമാണെങ്കിൽ, തങ്ങളുടെ ഭാവനാസൃഷ്ടമായ ലോകത്തിലെങ്കിലും അങ്ങനെയൊരു അനീതി സംഭവിക്കരുതെന്ന് പാശ്ചാത്യകലാകാരൻമാർ തീർച്ചപ്പെടുത്തി. ഈ നിയമത്തിൽ നിന്ന് അണുപോലും വ്യതിചലിക്കാത്ത ഒരു നാടകകാരൻ ഷേക്സ്പിയറായിരുന്നു.

ഷേക്സ്പിയറുടെ ട്രാജഡികളിൽ മുൻപറഞ്ഞ നിയമം എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ളതിൻെറ ഒരു വിവരണം പ്രസ്തുതത്തിന്നു പുറത്താകയാൽ അതിനു ഞാൻ തല്ക്കാലം ഒരുങ്ങുന്നില്ല. കലയുടെ പ്രേരണാശക്തി. പൂർണ്ണവും തൃപ്തികരവുമായ ഒരു സങ്കല്പ പ്രപഞ്ചത്തെ സൃഷ്ടിക്കുവാനുള്ള യാഥാർത്ഥ്യം കണ്ട് മടുത്ത കലാകാരൻെറ ആഗ്രഹമാണെങ്കിൽ, ആ ആഗ്രഹത്തിൽ നിന്നു ദുഃഖപര്യവസായികളായ നാടകങ്ങൾ എങ്ങനെ ഉണ്ടായി? എന്നുള്ള ചോദ്യത്തിൻെറ രണ്ടാമത്തെ സമാധാനം പറയുകയായിരുന്നുവല്ലോ നമ്മുടെ ഉദ്ദേശ്യം. ആ സമാധാനം ഇത്രയും കൊണ്ട് വ്യക്തവും ഉദാഹൃതവുമായെങ്കിൽ. ഈ വിഷയവിഭാഗചർച്ചയെ ഇതിലധികം ദീർഘിപ്പിക്കേണ്ടുന്ന ആവശ്യം നേരിടുന്നില്ല.

സാഹിത്യ നികഷം.] [എം. ആർ. നായർ

# 2. വിന്ധ്യ ഹിമാലയങ്ങൾക്കിടയിൽ

ആ യാത്രയിൽവച്ച് ഒരു കാര്യം ബോദ്ധ്യമായി - ഇംഗ്ലീഷ് സാഹിത്യത്തിൻെറ പൊരുളറിയാൻ ഇംഗ്ലണ്ടിൽ പോകണമെങ്കിൽ ഇന്ത്യൻ സംസ്ക്കാരത്തിൻെറ വൈചിത്ര്യങ്ങളോരോന്നും യഥായഥമവധാരണം ചെയ്യാൻ ഇന്ത്യയിലങ്ങോളമിങ്ങോളം - വിശേഷിച്ച് വിന്ധ്യ ഹിമാലയങ്ങൾക്കിടയിൽ - ഒന്നു നടന്നു നോക്കുക തന്നെവേണം. ആർക്കായാലും കാര്യങ്ങൾ ഏട്ടിൽ കാണുന്നതിലുമധികം സുഗ്രഹമായിത്തീരും, നിശ്ചയം, ഏട്ടിൽ യാതൊന്നും കാണാത്തവരായാലോ? ആ: ശരി, അവരെ ക്കുറിച്ചോർക്കായ്കയില്ല. ഇന്ത്യയുടെ ഒരറ്റത്തുനിന്നും മറ്റേ അറ്റത്തോളം പാഴ്സൽപോലെ പോയി വരുന്നവരുണ്ട്. പ്രത്യേകിച്ചിക്കാലത്ത് (1939-45). ഞാനുദ്ദേശിക്കുന്നത് ഇറങ്ങിയാൽ കയറുന്നതുവരെ കണ്ണുമിഴിച്ചു നോക്കാനും കാണുന്നതൊക്കെ കരൾകുളുർമയോടേ ഗ്രഹിക്കാനും കൗതുകമുള്ള യാത്രക്കാരെ മാത്രം. അമ്മാതിരി നോട്ടക്കാരിൽ നിന്ന് ഒരു ഹിലർബെല്ലക്കോ, സോമർസെറ്റമോമോ. റ്റി.ഇ. ലാറൻസോ മലയാളത്തിൽ ഉണ്ടായെങ്കിൽ!

ഈ രാജ്യത്തിൻെറ വടക്കേ അറ്റത്തു നമ്മുടെ 'നൂലാമാല' കളിൽനിന്നെല്ലാം പിൻവാങ്ങി ഉയർന്നുയർന്നങ്ങനെ പോയി മേഘവീഥിയേയും പിന്നിട്ടു മാനസസരസ്സിലെ ഹംസങ്ങളുമായി ബ്രഹ്മാണ്ഡതത്ത്വങ്ങളെക്കുറിച്ചാലോചിച്ചങ്ങനെ നില്ക്കുന്ന ഹിമവാനെ കാണുമ്പോൾ ഇന്ത്യയുടെ അദ്ധ്യാത്മസമ്പത്താകെ ഒരിടത്തു കൂമ്പാരം കൂടിയതുപോലെ തോന്നും. അവിടെ ചെന്നാൽ മതിയാകും, കുമാരസംഭവത്തിൻേറയും മറ്റും

വ്യംഗ്യചമൽക്കാരാതിശയം ആസ്വാദ്യമായിത്തീരാൻ. പൗരാണിക കവിയുടെ ഭാവനയിൽ ഹിമാലയം- ഭയാനകമായ ആ പർവ്വതപംക്തി - ആദിദ്രാവിഡസംസ്ക്കാരത്തിൽ 'ആൻ' (ഈശ്വരൻ) ആയിരുന്ന ശിവൻെറ സമാധി പദമായതിൽ എന്തൊരൗചിത്യം! ഹിമാലയ ശൃംഗത്തിൽ ഒരു വെള്ളിപ്പൊട്ടെന്ന കണക്കുദിച്ചുയരുന്ന പൂന്തിങ്കളിനേയും അതിൻെറ മജ്ഞുള മയൂഖങ്ങൾ തട്ടി ഓളം തുള്ളിക്കുത്തിമറിഞ്ഞൊഴുകിപ്പോകുന്ന ഭാഗീരഥിയേയും ശിവ ശീർഷത്തിന്നലങ്കാരങ്ങളാക്കിയതോ? പറയാനില്ല. എല്ലാം ആ പ്രാചീനകവികല്പനയിൽ ചേരേണ്ട വിധം ചേർന്നവതന്നെ. പോരെങ്കിൽ അതാ ഒരു പാർവതീകല്പന കൂടി. ഭൂത ധാത്രിയാവുകയാൽ ആദിദ്രാവിഡർ എല്ലാവരുടെ യുമമ്മയായെണ്ണി (മാ, അമ്മാ) വലിയൊരു ദേവതയാക്കി പൂജിച്ച ഭൂമിയെ മാമലയുടെ അരുമമത്തയ്യലാക്കി കല്പി ച്ചതു നന്നായിട്ടുണ്ട്. പിന്നാലെ പാർവ്വതീ പരമേശ്വരൻമാർ തമ്മിലൊരു വിവാഹം - ജഗൽ പിതാക്കൾ തമ്മിൽ. അതിലൊരു സന്താനം സുബ്രഹ്മണ്യൻ. ഈ വിവാഹക്കഥയും ആര്യ പൂർവ്വൻമാരിൽ നിന്നാഗതമാണ്. എല്ലാറ്റിനും ആര്യൻമാർ പേരും പരിസരവും കൊണ്ട് ഒരു നൂതനത വരുത്തിയെന്നേയുള്ളു. ആ പൊളിച്ചെഴുതിയ വിവാഹം കൊണ്ട് ഇന്ത്യയിലെ ആര്യ ദ്രാവിഡ സങ്കരമല്ലേ ഉദ്ദിഷ്ടം? ആണെങ്കിൽ അങ്ങനെ. ഏതായാലും ആ പഴ ങ്കഥയിൽനിന്ന് പരാദ്ധ്യമായൊരു കാവ്യം സംസ്കൃതത്തിൽ പൊട്ടിവിരിഞ്ഞു - കുമാരസംഭവം, അതിൻെറ യശഃപടഹങ്ങളായ ഒന്നും മൂന്നും അഞ്ചും സർഗ്ഗങ്ങൾ ഹിമാലയത്തിൽ ഇന്നും കാണാം. 'അസ്ത്യുത്തരസ്യാം ദിശിദേവതാത്മാ' എന്നുതൊട്ട് പർവ്വത വർണ്ണനാപരങ്ങളായ് പതിനേഴു ശ്ലോകങ്ങളിലും തനി 'റിയലിസം' തന്നെ. അതൈലപൂരങ്ങളായ ദീപങ്ങളെപ്പോലെ ഇരുട്ടിൽ ശോഭിക്കുന്ന ആ ഔഷധിവിശേഷങ്ങൾകൂടി അന്നത്തെപ്പോലെ ഇന്നും അവിടെയുണ്ട്. മൂന്നാം സർഗ്ഗത്തിൽ വസന്തഭൂഷിതമായ ഹൈമവതവനത്തിൻെറ ഒരു ഭാഗത്തു നിന്ന് സർവാംഗമോഹിനിയായ പാർവ്വതി വനദേവതമാരാൽ അനുപ്രയാതയായി പുഷ്പങ്ങളുമേന്തി 'സഞ്ചാരിണീ

പല്ലവവിനീ ലതേവ' മന്ദം മന്ദം കൈലാസത്തിലേക്കു ഗമിക്കുന്നതും ആ ഹിമധവളിതമായ ആസ്ഥാനത്തിൽ സമാധിഗതനായി ശിവനങ്ങനെ ഇരിക്കുന്നതും അവർക്കിടയിൽ ഒരു കോണിലൊളിഞ്ഞു മദനൻ വില്ലു കുലച്ചുന്നംനോക്കി നില്ക്കുന്നതും പെട്ടെന്നു ഗൗരവക്ഷതി വന്നതായറിയുമ്പോഴേക്കും ശിവൻെറ കണ്ണിൽ നിന്നു കോപം അഗ്നിയായി ചൊരിയുന്നതുമൊക്കെ ഹിമാലയത്തിൽ കയറുമ്പോൾ പ്രത്യക്ഷാനുഭവമാണ്! ലതകളും പൂക്കളും നികുഞ്ജങ്ങളും ദേവദാരുമരങ്ങളും ഇടതിങ്ങി ഒന്നിനുമേൽ മറ്റൊന്നായി തൊട്ടുതൊട്ടു കിടക്കുന്ന കുന്നുകളുടെ അങ്ങേയറ്റത്ത് മഞ്ഞണിമാമലയിൽ അസ്തമയാർക്കൻെറ അരുണമരീചികൾ കുത്തുമ്പോൾ ആ മൂന്നാം സർഗ്ഗത്തിലെ ചിത്രം ആരുടെ മുമ്പിലുദിക്കുകയില്ല! അഞ്ചാം സർഗ്ഗത്തിൽ വർണ്ണിതമായ ഗൗരീശിഖരത്തിലെ തപോരംഗം ഹിമാലയത്തിലെവിടേയും കാണാം. ഉയർന്ന കുന്നുകൾക്കിടയിൽ ഹിംസ്രജന്തുക്കളുടെ ബാധകളേല്ക്കാതെ അടങ്ങിയൊതുങ്ങി ജീവിക്കാനുതകുന്ന തരുകദംബങ്ങളായ കുടിയിരുപ്പുകൾ എത്രയാണെന്നോ അവിടെ! ഇന്നും വേണമെങ്കിൽ അവിടങ്ങളിൽ നിർബ്ബാധം തപസ്സിനു കൂടാം.

കാളിദാസകൃതിയുടെ സത്തുപിഴിഞ്ഞുണ്ടാക്കിയതാണ് കുമാരനാശാൻെറ നളിനി. ആര്യദ്രാവിഡബന്ധത്തോട് ചുറ്റിപ്പിണഞ്ഞുകിടക്കുന്ന പുരാണത്തിൽനിന്ന് നായികാ നായകൻമാരുടെ കാമനിവർത്തിതമായ പ്രണയത്തെ മോചിപ്പിച്ച് സാതവികതയുടെ പരകോടിയോളം എത്തിക്കുകയെന്നതായിരുന്നു ആശാൻെറ ഉന്നം. അപ്പോഴും ആ പ്രകൃതിസുന്ദരമായ ഹൈമവതഭൂവിൽനിന്ന് നായികാനായകൻമാരെ കൃത്രിമതകളുടെ നൃത്തക്കളമായ നഗരത്തിലേക്കിഴക്കാനിഷ്ടപ്പെട്ടില്ല. ആ പശ്ചാത്തലവും ആ പ്രേമവും - രണ്ടും ഒന്നിച്ചിരിക്കണമെന്ന് അദ്ദേഹത്തിന്നറിയാം. സിംലയിലെത്തുമ്പോൾ ആ പർവത ശിഖരത്തിൽ മദ്ധ്യയൂറോപ്പിനെ പറിച്ചു നട്ടതുപോലെതോന്നും. എല്ലാംകൊണ്ടും ഒരു സ്വിസ് നഗരം തന്നെ. കുന്നിനുമേൽ കുന്ന്;

ഓരോന്നിൻേറയും നിറുകയിലോരോതട്ട്; അങ്ങനെ പലപല തട്ടുകളായി പൊങ്ങിപ്പൊങ്ങിപ്പോയിരിക്കുകയാണ് ആ നഗരം. തലയ്ക്കൽ വൈസ്രോയി മന്ദിരം; കടയ്ക്കൽ ഏഴക്കുടിലുകൾ. തീവണ്ടി പോയി നില്ക്കുന്നത് അടിയിലൊരുതട്ടിൽ, അവിടെനിന്നു മേല്പോട്ടു കയറാൻ ദ്രുതവാഹനങ്ങളൊന്നും ഉപയോഗിച്ചുകൂടാ. പാവങ്ങൾ - കഴുതകളെപ്പോലെ ചുമടെടുത്ത് നടക്കാൻ മാത്രം പഠിച്ച പാവങ്ങൾ - അവർ വലിച്ചു കയറ്റും സകലവും - മനുഷ്യരേയും. കുതിരസ്സവാരി വശമാണോ, ശരി, ജവഹരിലാലിനെപ്പോലെ മനുഷ്യരുടെ ശാപമേല്ക്കാതെ കയറിപ്പോകാം. മേലോട്ടു മേലോട്ടു കയറും തോറും സായിപ്പിൻെറ ലോകമായി - എല്ലാം അയാളുടെ 'മോഡ'ലിൽത്തന്നെ. അവിടെ ബ്രിട്ടീഷ്മേല്ക്കോയ്മ; ഷാജഹാൻ മയൂര സിംഹാസന ത്തിലെന്നപോലെ അകുതോഭയം വാഴ്ചകൊള്ളുകയാണ്.

ഹിമാലയത്തിൽ നിന്നിറങ്ങിയാൽ ശാഖോപശാഖ കളോടുകൂടിയ നദികളും, അവ പർവത ശിഖരങ്ങളിൽ നിന്നു വാരിവലിച്ചെത്തിച്ച കല്ലും മണ്ണും കൊണ്ട് തൂർന്ന് നിരപ്പായിത്തീർന്ന് വളക്കൂറേറിയ ഭൂഭാഗങ്ങളുമാണ്. അവിടങ്ങളിൽ വച്ചു ക്രിസ്ത്വബ്ദാൽ പൂർവ്വവും പരവുമായി ആര്യദ്രാവിഡർ തമ്മിൽനടന്ന മഹാസമരങ്ങളുടെ ത്ധണത്ധണനാദം. രാമായണവും മഹാഭാരതവും ഇന്ത്യൻ സംസ്കാരത്തിൻെറ ചെപ്പേടുകളെന്ന നിലയ്ക്ക് പരിശോ ധിച്ചിട്ടുള്ളവരുടെ ചെവികളിൽ ഇന്നും പ്രതിദ്ധ്വനിക്കാൻ പാടുണ്ട്. ഗംഗാ തീരത്തിൽനിന്നു കിഴക്കോട്ടു നീങ്ങി ബംഗാളിലേയ്ക്കു കടന്നാൽ കാണുന്നവർ ഒരു വക. ഗംഗയ്ക്കരികത്തായാൽ ആളുകൾക്കു ബ്രാഹ്മണ്യം കൂടി. അവിടെ നിന്ന് സൈന്ധവ ദേശത്തോളം ചെന്നാൽ മിശ്രമേ മിശ്രം. അവിടെ കാണുന്ന വെൺകലക്കൂട്ടുകളിൽ എന്തൊക്കെ ചേർന്നിട്ടുണ്ടോ ആവോ? എങ്ങനെയായാലും ക്ഷത്രിയവൈശ്യ ധർമ്മങ്ങൾക്കാണ് ആ ഭാഗങ്ങളിൽ പ്രാധാന്യം.

ആര്യൻമാർക്കും മുമ്പ് ഉത്തരഭാരതത്തിൽ സംസ്ക്കാര സമ്പന്നരായൊരു വർഗ്ഗക്കാരുണ്ടായിരുന്നുവെന്നും അവർ

ദ്രാവിഡരായിരുന്നുവെന്നും ഇപ്പോൾ വിദ്വത്സമ്മതമായിട്ടുണ്ടല്ലോ. സംസ്ക്കാരവികാസവിഷയകമായി ഉപര്യുപരിഗവേഷണങ്ങൾ നടത്തിയ ചില പണ്ഡിതവര്യൻമാരുടെ അഭിപ്രായത്തിൽ ആ ദ്രാവിഡർ - മേൽപ്പറഞ്ഞ നദികളുടെ തീരങ്ങളിലൊക്കെ നഗരങ്ങൾ കെട്ടി രാഷ്ട്രങ്ങൾ സ്ഥാപിച്ച ദ്രാവിരാണ് - മരുമക്കത്തായികളും മക്കത്തായികളും, മരുമക്കത്തായികൾ ഗംഗയ്ക്കു കിഴക്കായിരുന്നുവത്രേ ആദ്യം. പിന്നീടവർ പടിഞ്ഞാറൻ ഭാഗങ്ങളിലേയ്ക്കു നീങ്ങി മക്കത്തായികളുമായി കൂടി. ആ ഒഴുക്കിൽ കുറെ കിഴക്കൻ ദ്രാവിഡർ കലർപിനിടയാകാതെ കടൽത്തീരങ്ങളിലുടെ തെക്കോട്ടു കടന്നിരിക്കാമെന്നൊരുമതമുണ്ട്. ആ സ്ഥിതിക്ക് ബംഗാളികളും മലയാളികളും തമ്മിൽ കൂടുതൽ സാരൂപ്യമുണ്ടാകാൻ പാടില്ലേ? ബംഗാൾ ദ്രാവിഡർ മക്കത്തായികളായ ആര്യൻമാരുമായിണങ്ങി മേൽക്കുമേൽ പരിഷ്ക്കാരം പ്രാപിച്ചു കഴിഞ്ഞു. മലയാളികളിൽ മരുമക്കത്തായികൾ പരിഷ്ക്കാരത്തിൻെറ മറുതലകണ്ടിട്ടും തായ്വഴി വിട്ട് തന്തവഴി പിടിച്ചു കഴിഞ്ഞിട്ടില്ല. ദ്രാവിഡരിൽ മക്കത്തായികളും തെക്കൻ ഭാഗങ്ങളിൽ കുടിയേറിയിരിക്കാം. ഇരുകൂട്ടരുടെയും പിന്നാലെ ആര്യൻമാരും. അതിനാൽ ഇരുതായങ്ങളും ഇടമറിഞ്ഞങ്ങനെ കിടക്കുകയാണ് നമ്മുടെ നാട്ടിൽ.

ഇന്ത്യ ഒരു വലിയ ദ്രാവിഡപ്പരപ്പായിരുന്ന യുഗത്തിൽ ഭാഷയുമൊന്നായിരുന്നു എന്നാണ് അധുനാതനൻമാരുടെ നിഗമനം. മൂലദ്രാവിഡ ഭാഷതന്നെ, അങ്ങനെയെങ്കിൽ ഗംഗയ്ക്കു കിഴക്കു വടക്കായി നേപാളസമീപത്തിൽ കാണുന്ന 'ന്യൂയർ' ദ്രാവിഡരും കേരളത്തിലെ നായൻമാരും ഏകവർഗ്ഗീയരായിരിക്കാമെന്ന് കനകസഭൻ അഭിപ്രായപ്പെട്ടതു ശരിയായിക്കൂടേ? നാഗാരാധന ഇരുകൂട്ടർക്കുമുണ്ട്. പേർ തന്നെ ഒന്ന്. ദേശകാലപ്രക്ഷേപത്താൽ ഉച്ചാരണമൊന്നു ഭേദപ്പെട്ടു - അത്രയല്ലേ ഉള്ളു.?

നമ്മുടെ കാര്യത്തിലേയ്ക്ക് തിരിഞ്ഞപ്പോൾ അല്പം അതിവിസ്തരമായിപ്പോയി. വീണ്ടും വടക്കോട്ട് പോകുകതന്നെ.

ഗംഗാതീരത്തിൽ ആധിപത്യമുറപ്പിച്ച ആര്യൻമാർ തീര ദേശീയരേക്കാളധികം ബ്രാഹ്മണ്യം പുലർത്തിയതായി തോന്നുന്നു. അവിടെ നിന്നാണല്ലോ രാമായണത്തിൻെറ പുറപ്പാട്. തദ്ദേശീയാര്യൻമാർ വിന്ധ്യൻെറ കിഴക്കേപ്പഴുതിൽക്കൂടി ദക്ഷിണഭാരതത്തിലേയ്ക്ക് കുതിച്ച് തമിഴകത്തൂടെ ലങ്കവരെയ്ക്കെത്തിയതിൻെറ തെളിവാണല്ലോ രാമായണം. രാമായണകഥയെ മുൻനിർത്തി എത്രയെത്ര ഉൽകൃഷ്ടകൃതികൾ സംസ്കൃത സാഹിത്യത്തിൽ തലപൊക്കി! അവയെല്ലാം ഗാംഗേയാര്യൻമാരുടെ വൈജയന്തികൾ തന്നെ. അവരുടെ ബ്രാഹ്മണ്യത്തോടായിരുന്നല്ലോ ബുദ്ധൻമാരുടെയും ഒടുവിൽ മഹമ്മദീയരുടെയും കയ്യേറ്റം. മഹാഭാരതരംഗങ്ങളാകട്ടേ, ക്ഷാത്രത്തിൻെറ കളരികളാണ്. ആദ്യം ആര്യൻമാരും ദ്രാവിഡരും തമ്മിൽ പടവെട്ട്; പിന്നെ ആര്യദ്രാവിഡരിൽ പലപല ഗണക്കാർ തമ്മിൽ; ഇടക്കിടയ്ക്ക് സൈന്ധവദേശത്തൂടെ പ്രവഹിച്ച വൈദേശികരായിട്ടും. ഒടുവിൽ എല്ലാം കലങ്ങിക്കൂടി. അങ്ങനെ ഒരവിയൽ സംസ്ക്കാരമാണ് മഹാഭാരതത്തിൽ കാണുന്നതെന്നു പറയാം.

ഇന്ത്യൻ ജനതയെ ആയാലും കേരളീയ ജനതയെ ആയാലും ഏകീകരിക്കാൻ ഉദ്ദേശിക്കുന്നവർ ഇപ്പറഞ്ഞ പശ്ചാൽഭൂമികയും അതിൽ നടന്ന ചിത്രരചനാകോലാഹലവും അനുസ്മരിച്ചേ മതിയാവൂ. അപ്പോൾ ഒരു ജനസമുദായത്തിന്നോ ഒരു സംസ്ക്കാരത്തിന്നോ നമ്മുടെ നാട്ടിൽ വിശേഷിച്ചു നിലകിട്ടണമെന്നും വാദിക്കുകയില്ല. രാഷ്ട്രഘടകങ്ങളശേഷം സമശീർഷങ്ങളെന്നൊരു ധാരണ എല്ലാവർക്കും ഉണ്ടാവുകയും ചെയ്യും.

ആര്യദ്രാവിഡ സംഘട്ടനങ്ങൾ കഴിഞ്ഞ് മധ്യയുഗങ്ങളിലെത്തുമ്പോൾ അതാ മറ്റൊരു സംസ്ക്കാരകലാപം - മഹമ്മദ സംസ്ക്കാരത്തിൻെറ ഇരച്ചു കയറലിലുണ്ടായ കലാപം തന്നെ ആ വേലിയേറ്റത്തിൻെറ അടയാളങ്ങൾ ഇന്നും കാണാം - ആഗ്ര മുതൽ ദില്ലിവരേയും അതിനപ്പുറവും. ശ്ലക്ഷ്ണശിലാ

വിനിബദ്ധങ്ങളായ എത്രയെത്ര കലാശില്പങ്ങൾ കാലത്തിൻെറ കരിതേപ്പിനെ കൂട്ടാക്കാതെ ഉല്ക്കന്ധരങ്ങളായങ്ങനെ നിലകൊളളുന്നു! ആ 'റെഡ്ഫോർട്ടി' ലൊന്നു കയറൂ - അധിരാജവാഴ്ചയെ എന്നേയ്ക്കുമായി രൂപപ്പെടുത്തി നിറുത്താൻ സുകുമാര കലകൾ എങ്ങനെയെല്ലാം ഉപകരിച്ചിരിക്കുന്നു.! രണ്ടറ്റത്തും കൊട്ടാരക്കെട്ടുകൾ. അവയെ തമ്മിലിണക്കുന്ന കമനീയമായൊരു ഹാൾ അങ്ങനെ കിടക്കുന്നു - ഒരു ഫർല്ലോങ്ങിൽപ്പരം നീളത്തിൽ. ഇരുഭാഗത്തും നിന്നെത്തി അതാശ്ലേഷിക്കുന്നത് രാജസദസ്സിൻെറ മഹാ മണ്ഡപത്തിൽ. ഹാളിൽ നേർമദ്ധ്യത്തിൽ നിലത്തിന്നടിയിലൂടെ യമുനാജലം ഒരു കൊച്ചരുവിയായി ഒഴുകിക്കൊണ്ടിരിക്കയാണ്. മീതെ പടുത്തെത്തിച്ചിട്ടുളള സ്ഫടിക ഫലകത്തിലൂടെ ആ ജലം കൊച്ചലകളിട്ടു മറിഞ്ഞു പോകുന്നതുകാണാം. നിലവും ഭിത്തികളുമെല്ലാം ശ്ലക്ഷ്ണശിലാമയങ്ങൾ. ചിത്രവേലകൾ - അഹോ, യഥാർത്ഥത്തിൽ വർണ്ണനാതീതങ്ങൾ തന്നെ. ബ്രിട്ടീഷ് സാമ്രാജ്യത്തലവൻമാർ ആ കൊട്ടാരങ്ങളിലും ഹാളിലും മന്ത്രമണ്ഡപത്തിലും നിന്നത്യാർത്തിയോടെ അടർത്തിയെടുത്ത രത്നങ്ങളുടേയും പൊൻവെളളിക്കുമിളകളുടേയും കൊച്ചു കൊച്ചു കുഴികൾ നടന്നെണ്ണിനോക്കൂ - അസ്തമിച്ചുപോയ മുഗളൈശ്വര്യം അപ്പോളേതാണ്ടുഹിക്കാം. ഈ അരക്ഷിതാവസ്ഥയിലും അവയുടെ ആ കൂസലില്ലാത്ത നില കാണുമ്പോൾ തങ്ങളുടെ പൊയ്പോയ സുവർണ്ണദശ അടുത്തെങ്ങാനും തിരിച്ചു കിട്ടുമെന്ന് അവ ദൃഡമായി വിശ്വസിക്കും പോലെതോന്നും. എന്തായാലും അവ മിശ്രണത്താൽ മെച്ചം നേടിപ്പോന്ന ഭാരതീയ സംസ്ക്കാരത്തിൻെറ വളർച്ചയിൽ ഒരു പ്രധാന ദശയെ പ്രഘോഷണം ചെയ്യുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. ആഗ്രായിൽ പോവൂ, ആ യമുനാ ജലപ്പരപ്പിൽ രാവും പകലും ആത്മാർപ്പണം ചെയ്തു വിളങ്ങുന്ന താജ്മഹാൾ കാണുമ്പോൾ ആർ അതോർക്കുകയില്ല?

ദില്ലിപ്പരിസരങ്ങളിൽ നിന്നു തിരിക്കുമ്പോൾ വീണ്ടും സാഹിത്യം കൂടെക്കയറി ഓരോന്നു ചൂണ്ടിക്കാണിക്കുന്നു. മദ്ര

(Muttra) അഥവാ ഉത്തരമധുര - ആ സ്റ്റേഷനിൽ ഒരു വിശേഷം - കാപ്പിയല്ല; പാലാണവിടെ സുലഭം. ഭാഗവതത്തിൽ കീർത്തിതമായ ആ ഗോപപ്പരിഷയുടെ നാട്ടിൽ പാലിനുണ്ടോ ക്ഷാമം?

'പാലാഴിമങ്കതൻ പര്യായഭേദങ്ങൾ-
പോലെഴും ഗോപാലപ്പെൺകൊടിമാർ
തപംഗൻമണിമയകങ്കണകപാണമാം
മംഗല്യസംഗീതം പൊങ്ങും വണ്ണം
നാക്കിനാൽക്കുട്ടിയെ നക്കിമിനുക്കുന്ന
പൈക്കളെ സൈപരം.......'
കറക്കുന്നുണ്ടാകാം അവിടെ ഇന്നും.

ആ സ്റ്റേഷനിൽ നിന്നു നാലു പാടുമൊന്നു കണ്ണോടിച്ചാൽ കാണാം, ബലഭദ്രർകലപ്പകൊണ്ടുഴുതുമറിച്ചു വിത്തിറക്കിയ വളക്കൂറുറ്റ നിലങ്ങൾ പരന്നു കിടക്കുന്നതായിട്ട്. അവിടെ പ്രഭാതം തൊട്ട് പ്രദോഷത്തോളം കൃഷിപ്പണി ചെയ്തു കുടുകുടെ വിയർത്തൊലിച്ചു വീട്ടിൽ തിരിച്ചെത്തിയ ഹലായുധൻ 'അഭിമതരസ'വും 'രേവതീലോചനാങ്ക'വുമായ ഹാലായൂഷമാകണ്ഠം പാനംചെയ്തു ല്ലസിച്ചതു കാളിദാസൻെറ കണ്ണാടിയിൽക്കൂടി കാൺമാൻ എന്തൊരു കൗതുകം!

ഇനി വിന്ധ്യനിലേയ്ക്ക്. സംസ്കൃത സാഹിത്യത്തിലെ ഏറ്റവും വില പിടിച്ച രത്നങ്ങൾക്കിവിടമാണാകരം. കുമാരസംഭവവും രഘുവംശവുമൊഴിച്ച് കാളിദാസ കൃതികളശേഷം വിന്ധ്യാ വനങ്ങളോട് ബന്ധപ്പെട്ടവയാണ്. ആ കൊച്ച് കൊച്ച് കുന്നുകളും അവയുടെ തടങ്ങളിൽ ജനവിഹാരാർഹങ്ങളായിക്കിടക്കുന്ന രമ്യവനങ്ങളും തീരത്തിൽ ഉടനീളം കൺകുളുർപ്പിക്കുന്ന കേദാരങ്ങളെ നിർമ്മിച്ചു കൊണ്ടൊഴുകുന്ന നദികളും ഒക്കെക്കൂടി ആ മഹാകവിയെ കോൾമയിർക്കൊള്ളിച്ചിരിക്കണം. രാമഗിര്യാശ്രമത്തിൽ വിരഹ വിധുരനായി വിശാലമായ ആകാശത്തിലേയ്ക്ക് നോക്കി

ക്കൊണ്ടിരിക്കേ യദൃച്ഛയാ കാണുന്ന മേഘത്തെ സ്വാഗതം ചെയ്ത് അതിനെകൊണ്ട് തന്റെ പ്രിയതമയ്ക്ക് സന്ദേശ മെത്തിക്കാനാശിക്കുന്ന യക്ഷനെ ആ പരിസരത്തിലാരും ഓർമിച്ചു പോകും. സന്ദേശവഹന് മാർഗ്ഗം നിർദ്ദേശിക്കുന്നതിനിടിയൽ യക്ഷൻ ചെയ്യുന്ന ജനപദവർണ്ണനകളെ ആ പ്രദേശങ്ങളുമായി ഇടതട്ടിച്ച് നോക്കുമ്പോൾ യക്ഷൻ കാളിദാസൻ തന്നെയോ എന്നൊരു സന്ദേഹമുദിക്കാം. തൻമയീഭാവം അത്രയ്ക്കുണ്ട്.

ത്വയ്യായത്തം കൃഷിഫല മിതിഭ്രൂവിലാസാനഭിജ്ഞൈ:
പ്രീതിസ്നിഗ്ദൈ്ധർജ്ജന പദവധൂ ലോചനൈ: പീയമാന:
സദ്യ: സീരോൽകഷണസുരഭി ക്ഷേത്രമാരുഹ്യമാലം
കിംചിൽ പശ്ചാൽവ്രജലഘുഗതിർഭൂയ ഏവോത്തരേണ'

എന്നതിന്റെ സ്വാരസ്യം, നദീതീരോപരി ഇന്നും കർഷക പ്പെണ്ണുങ്ങളുടെ 'കടാക്ഷശാസ്ത്രപ്പഠിപ്പു നേടാത്ത വിടർന്ന കണ്ണാൽ' മുകുരപ്പെട്ടുംകൊണ്ട് പ്രയാണം ചെയ്യുന്ന മേഘങ്ങളെ കണ്ടാൽ മതി സമ്മതമാകാൻ.

"രേവാംദ്രക്ഷ്യസ്യുപലവിഷമേവിന്ധ്യ പാദേവിശീർണ്ണാം"

എന്നതിലടങ്ങിയ സ്വഭാവോക്തി എത്ര രസികൻ! ആ കൽക്കൂട്ടത്തിൽ വെള്ളം വീണു തകരൽ ഇപ്പോഴും പതിവാണ്. ഇങ്ങനെ മിക്ക ശ്ലോകങ്ങളുടേയും താദാത്മ്യം എടുത്തു വെച്ചോണം കാണാം. വിന്ധ്യതടങ്ങളിലെ സൗഭാഗ്യാതിശയത്തെ ഇത്ര മോഹനമായി വർണ്ണിച്ച് പദാൽപദം ശൃംഗാരത്തി നാലംബനവിഭാവമായിട്ടുള്ള നായികാസൗന്ദര്യത്തിനുദ്ദീപക മാക്കിത്തീർത്ത പ്രതിഭയുടെ സന്നിധിയിൽ ദണ്ഡനമസ്ക്കാരം തന്നെ ചെയ്യണം. പദാവലിയുമാശയങ്ങളും കെട്ടിപ്പുണർ ന്നങ്ങനെ പോകുന്ന ആ കാവ്യത്തിന്റെ മധുരിമ മലയാളത്തിൽ പകർന്നുകൊടുക്കാനാരെക്കൊണ്ടാവും?

നമ്മുടെ സാഹിത്യത്തിനുമുണ്ട് ആ പ്രദേശങ്ങളുമായൊരു ബന്ധം. കുമാരനാശാന്റെ ലീലയുടെ നാട് കാണണമെങ്കിൽ അവിടെ പോകണം. മധ്യത്തിലൂടെ രേവാനദി ഒഴുകുന്ന ആ

മനോജ്ഞവനങ്ങളിൽകൂടി മദനപരവശയായ നായിക ബഹുദൂരം സഖിയൊന്നിച്ചു ചുറ്റി നടന്നുവെന്നു സങ്കല്പിച്ചതിൽ ഒരു തരക്കേടും തോന്നുന്നില്ല. അതിനൊക്കെ പറ്റിയ ദിക്കാണ്. ആ 'കപോതഹൂതഘോഷ'വും മറ്റും ഇന്നും അവിടെ കേൾക്കാം. വണ്ടിയിലിരുന്ന് 'ഇട്ടാർസി' ക്കരികേ വെച്ച് കേൾക്കാനിടയായ 'കുഹുകുഹൂ' നിനാദം ഇപ്പോഴുമോർക്കുന്നു. എന്നല്ല ബാല്യത്തിൽ അച്ഛനുമൊന്നിച്ച് ഒട്ടകപ്പുറമേറി യാത്രയാരംഭിച്ച ലീലയെ അവിടെയെങ്ങോ വച്ച് കണ്ടതായി തോന്നുകയും ചെയ്യുന്നു.

ഒറ്റനോട്ടത്തിൽ )                                                            ( പ്രൊഫ. മുണ്ടശ്ശേരി

## 3. ഗോപാലൻനായരുടെ താടി

അച്ചുതൻ നമ്പൂതിരിക്കു കലശലായ ശുണ്ഠി വന്നിരുന്നു. അദ്ദേഹത്തിൻെറ കണ്ണുകൾ നിറഞ്ഞിട്ടുണ്ട്. വർത്തമാനക്കടലാസ്സ് മേശമേലേയ്ക്കെറിഞ്ഞിട്ട് അദ്ദേഹം പറഞ്ഞു. "എല്ലാവരും ക്രൂരൻമാരാണ്!"

ഞാൻ ചായ ഗ്ലാസ് താഴെ വച്ചിട്ട് ഒന്നിടംകണ്ണിട്ട് നോക്കി. അച്ചുതൻ നമ്പൂതിരിയുടെ കണ്ണുകൾ അശ്രുപൂർണ്ണങ്ങൾ തന്നെ. ഇത്രയും കോപിച്ചിരിക്കുമ്പോൾ ഒരാളോട് എന്തെങ്കിലും ചോദിക്കാമോ? അപ്പോൾ പൂവടർന്നമൊത്തിപോലെ ദയനീയ മായിരുന്നു ആ മുഖം.

ഞങ്ങൾ ഉത്സാഹപൂർവ്വം സംസാരിച്ചുകൊണ്ട് അരമണിക്കൂർ നേരം ബസ്സുയാത്ര ചെയ്തു വന്നിറങ്ങിയതേ ഉള്ളു. ബസ്സിറങ്ങുമ്പോഴും അദ്ദേഹം പ്രസന്നവദനനായിരുന്നു. രണ്ടു ദ്ദേശമേ അപ്പോഴുള്ളു. കൈവശമുള്ള നാല് ജാക്കറ്റിൻെറ ശീലയും അടയാളത്തിന്നുള്ള ജാക്കറ്റും തുന്നൽക്കാരനെ ഏല്പിക്കണം. ബസ്സിറങ്ങിയ വഴിയേ അതു നിർവ്വഹിച്ചു. അച്ചുതൻനമ്പൂതിരി ജാക്കറ്റ് തുന്നിക്കുന്നത് ഉടുപ്പ് തയ്പ്പിക്കലല്ലാ; ഒരു വെല്ലുവിളി നടത്തലാണ്. ജാക്കറ്റിടാൻ മോഹിച്ച് അനുവദിക്കപ്പെടാതെ മൺമറഞ്ഞു പോയവരും പോകാത്തവരുമായ അനേകം അന്തർജനങ്ങളുണ്ട്. അവരെ അതിനനുവദിക്കാത്ത എല്ലാ പുരുഷൻമാരുടെ നേർക്കും വെല്ലുവിളി നടത്തുന്ന സുഖം അദ്ദേഹം അനുഭവിച്ചു. തുണിയും അടയാള ജാക്കറ്റും തയ്യൽക്കാരൻെറ മേശമേലേയ്ക്ക് എടുത്തിട്ട് അച്ചുതൻ നമ്പൂതിരി പറഞ്ഞു. "ഒന്നാന്തരമാകണം."

"ഓ"

"ഒന്നാന്തരത്തിൽ ഒന്നാന്തരമാകണം"

"ശരിയാക്കാം"

"വേഗം വേണംതാനും".

''ഇപ്പോൾ....'' തുണി കുടഞ്ഞു മടക്കിക്കൊണ്ടു തുന്നൽക്കാരൻ സമ്മതിച്ചു.

തുന്നൽക്കടയിൽ നിന്നിറങ്ങിയപ്പോൾ ഒരുദ്ദേശവും കൂടിയുണ്ട് ഈ വരവിനെന്ന് ഓർമ്മ വന്നു. ഗോപാലൻ നായരെക്കണ്ടു പത്തു വാക്കു സംസാരിക്കണം. ഗോപാലൻ നായരുമായി കൂടെക്കൂടെ സംസാരിച്ചിരിക്കുന്നത് ആത്മാവ് അലക്കിയെടുക്കലാണെന്ന് അച്ചുതൻ നമ്പൂതിരി വിശ്വസി ക്കുന്നു. ഗോപാലൻനായരും അത് സമ്മതിക്കാറുണ്ട്. "തിരുമേനി പറയുന്നതു സത്യമാണെന്നു കണ്ണാടി നോക്കുമ്പോൾ എനിക്കും ബോധപ്പെടാറുണ്ട്. ഒരു വണ്ണാത്തിപ്പാറയുടെ ആകൃതി എനിക്കുണ്ട്." ഇതും പറഞ്ഞ് അദ്ദേഹം പതിവുപോലെ മൂക്കു കൂട്ടി തിരുമ്മുമ്പോൾ അച്ചുതൻ നമ്പൂതിരി തുറന്നു ചിരിക്കും. ഗോപാലൻ നായരെ കണ്ടെത്താൻ നാണുനായരുടെ ചായപ്പീടികയിൽ കാത്തിരിക്കുയാണ് നല്ലത്. പണി സ്ഥലത്തുനിന്നു തിരിച്ചു വരുമ്പോൾ അവിടെ കയറാ തിരിക്കില്ല. കടുപ്പമുള്ള ഒരു ചായ ശാരീരികവും ധാർമ്മികവുമായ ബലം കൂട്ടുന്നുവെന്നാണ് ഗോപാലൻനായർ പറയുന്നത്. അദ്ദേഹം ധാർമ്മികബലം നേടാൻ വരുന്നതും കാത്ത് ഞങ്ങൾ ചായപ്പീടികയിലിരുന്നു. ഓരോ ചായയും കുടിച്ച് മേശപ്പുറത്തു കിടന്ന അന്നത്തെ വർത്തമാനക്കടലാസ്സ് എടുത്തു നോക്കിയപ്പോഴാണ് നമ്പൂതിരി അഭിപ്രായപ്പെട്ടത്; ക്രൂരരാണ് മനുഷ്യരെന്ന്.

"എന്തു പറ്റി?" - സ്വല്പം കഴിഞ്ഞു ഞാൻ അടുത്തു കൂടി.

"എനിക്കോ?' - നമ്പൂതിരി

"അതെ."

"എനിക്കല്ല; ലോകത്തിനാണ് പറ്റിയത്. മൃഗത്തേക്കാൾ കഷ്ടം മനുഷ്യൻ. മൃഗങ്ങൾക്കു പരസ്പരം കൊല്ലാൻ ഇത്ര പെരുത്തായുധങ്ങൾ വേണ്ട."

"വേണ്ട; കൊമ്പും പല്ലും ഈശ്വരൻ തന്നെ കൊടുത്തിട്ടുണ്ട്.

നമ്പൂതിരി എൻെറ നേരെ നോക്കി. അദ്ദേഹത്തിൻെറ കണ്ണുകളിൽ നിന്ന് കോപത്തിൻെറ ബാഷ്പബിന്ദുക്കൾ ഉതിർന്നുവീണു: "ഈ യുഗത്തിൽ മനുഷ്യന്നു സ്നേഹമുണ്ടോ;- കരുണയുണ്ടോ?"

"ഇല്ല" - ഞാനും സമ്മതിച്ചു. അച്ചുതൻ നമ്പൂതിരി കോപിച്ചത് എൻെറ നേരെയല്ലല്ലോ. പിന്നീട് ലോകത്തിൻെറ പുരോഗതിയെപ്പറ്റിയാണ് നമ്പൂതിരി ചോദിച്ചത്. "ഇതാണോ പുരോഗതി? പട്ടിണിക്കും കാട്ടാളത്തത്തിനുമല്ലേ പുരോഗതി?"

ഉത്തരം പറയേണ്ടവൻ ഞാനാണെന്ന മട്ടിൽ അദ്ദേഹം എൻെറ മുഖത്തേയ്ക്ക് നോക്കി അല്ലെന്നു ഞാനും നടിച്ചില്ല. അദ്ദേഹം തുടർന്നു. "ഈ യുഗത്തിൽ ജീവിച്ചിരിക്കുന്നതുതന്നെ ആഭാസമല്ലേ?"

ആത്മഹത്യയ്ക്ക് ഒരുങ്ങിയിട്ടില്ലാത്തതുകൊണ്ട് ഞാൻ ഉത്തരം പറഞ്ഞില്ല. ഞാൻ പരുങ്ങുകയായിരുന്നു. അപ്പോഴാണ് വലിയൊരു വട്ടിക്കെട്ട് പീടികയിൽ എത്തിച്ചേരുന്നത്. ഗോപാലൻനായർ കൊടുത്തയച്ചതാണെന്ന് കൊണ്ടുവന്ന ചെറുക്കൻ പറഞ്ഞു.

"ഗോപാലൻ നായരെ എപ്പോഴാണ് കൊണ്ടുവരുന്നത്? - ഞാൻ ചോദിച്ചു.

"പിന്നാലെത്തന്നെയുണ്ട്."

നമ്പൂതിരി ഉഷാറായി. പ്രശ്നങ്ങളൊക്കെ അവസാനിച്ചതുപോലെ അദ്ദേഹം നിവർന്നിരുന്നു. നരകയറിത്തുടങ്ങിയ ശീലക്കുടയും കൈത്തണ്ടയിൽ തൂക്കിയാട്ടിക്കൊണ്ട് ഗോപാലൻ

നായർ വന്നു ചേർന്നു. നിരത്തിലെ പൊടികൊണ്ട് വക്കത്ത് കരവീണ ഖദറുമുണ്ട്. അദ്ദേഹം മടക്കിക്കുത്തിയിരുന്നു. തലമുടി പറന്നു പാറാൻ വിട്ടിരിക്കുകയാണ്. ഒന്നരയാഴ്ചയിലധികം മൂപ്പുള്ള താടി രോമങ്ങൾ മുഖം ഉമിക്കിരിയിൽ വെച്ചുരച്ചു വെന്നൊരു തെറ്റുധാരണ ഉളവാക്കുന്നു.

"തിരുമേനിയും ശിഷ്യനും വന്നോ?" - എന്ന ചോദ്യത്തോടെ പീടികക്കോലായിലേയ്ക്കു കയറി. മുമ്പേ എത്തിയ വട്ടിക്കെട്ട് ഒന്നു തൊട്ടു തടവുകയും ചെയ്തു.

'തിന്നാൻ വല്ലതുമാണോ?" ഞാൻ ചോദിച്ചു.

"അതേ. പിണ്ണാക്കാണ്. തനിക്കു വേണമെങ്കിൽ എടുക്കാം.; തിരുമേനിക്കുമാകാം." ഇതും പറഞ്ഞു കൂട മുക്കിൽ ചാരിവെച്ച് അദ്ദേഹം ചായയ്ക്കാവശ്യപ്പെട്ടു.

"പുതുതായി പശുവിനെ വാങ്ങിയിട്ടുണ്ടോ?"

'ഇല്ല. പഴയ കാമധേനുതന്നെ. എന്റെ കുട്ടിക്കാലത്തോ മറ്റോ അതു സ്വല്പം പാലുതന്നിട്ടുണ്ട്. ആ കടം വീട്ടുകയാണ്."

"അതിനെ വിറ്റ് ഒരു കറവപ്പശുവിനെ വാങ്ങരുതോ?"

"എനിക്കും ആ അഭിപ്രായമാണ്. പക്ഷേ അറവുകാർ മാത്രമേ വാങ്ങാൻ വരുന്നുള്ളു. അപ്പോൾ ഭാര്യ ചോദിക്കുന്നത്, കുറച്ചു കഴിഞ്ഞാൽ മക്കൾ നമ്മളെയും പിടിച്ചു വിറ്റാലോ എന്നാണ്. വില്ക്കില്ല, നമ്മുടെ ഇറച്ചിക്ക് ആവശ്യക്കാരില്ല എന്നു ഞാൻ പറഞ്ഞു. അവൾക്കതു ബോധ്യപ്പെടാത്തതുകൊണ്ട് ഞാൻ പിണ്ണാക്കുവട്ടി ചുമക്കുന്നു. തിരുമേനി എന്താണ് ആലോചിക്കുന്നത്?"

"കറന്നാൽ ചോരവരുന്ന ഒരു മുത്തിപ്പശുവായിട്ടില്ലേ ലോകം തന്നെ എന്നാണ് സംശയം" - അച്ചുതൻ നമ്പൂതിരി ചിന്താമഗ്നനായി നിന്നുകൊണ്ട് പറഞ്ഞു.

"തിരുമേനിക്ക് അത്തരം സംശയമുണ്ടാകുന്നതു നല്ലതാണ്."

ഗോപാലൻനായർ ചിരിച്ചു. "കാലുറച്ചുനിന്നു മുട്ടിക്കുടി ക്കാറായിട്ടില്ലാത്ത എല്ലാ മൂരിക്കുട്ടൻമാർക്കും തോന്നും പ്രപഞ്ചത്തിൻെറ അകിട് വറ്റിയെന്ന്"

ചായയും പപ്പടവടയും എത്തിക്കഴിഞ്ഞപ്പോൾ എൻെറ ശ്രദ്ധ അതിലായി. രണ്ടാം റൗണ്ട് ആരംഭിച്ചു.

ചായ കുടിച്ചു കൊണ്ടിരിക്കുമ്പോൾ അച്ചുതൻ നമ്പൂതിരിയുടെ നീണ്ടിടം പെട്ട കണ്ണുകൾ ഗോപാലൻ നായരുടെ മുഖത്ത് പാറിക്കളിച്ചു. നമ്പൂതിരി ചോദിച്ചു. "എന്തിനാണ് താടി വളർത്തുന്നത്?"

"വളർത്തുന്നതല്ല. വളരുന്നതാണ്."

"ചൊറിച്ചിലില്ലേ?"

"അല്പാല്പം അതെൻെറ ആത്മാവിന്നുമുണ്ട്."

"എനിക്കാണെങ്കിൽ ഇതിത്തിരീം സഹിക്കാൻ വയ്യ."

നമ്പൂതിരി തൻെറ നില വിശദീകരിച്ചു. ഗോപാലൻനായർ പുഞ്ചിരി തൂകിക്കൊണ്ട് പറഞ്ഞു. "തിരുമേനി, താടി നീണ്ടു കഷ്ടപ്പെട്ടതിനേക്കാൾ എത്രയോ അധികം താടി വടിച്ച് കഷ്ടപ്പെട്ടവനാണ്, ഞാൻ"

"കാശു ചെലവാകുകയാണല്ലോ." ഞാൻ ഇടയിലൊന്നു പറഞ്ഞു.

"അതല്ല, താടി തന്നെ ചെലവാകുമോ എന്നായിരുന്നു എൻെറ ഭയം. ആ കഥയറിഞ്ഞാൽ ഞാൻ ഈ ജൻമത്തിൽ ഇനി താടി വടിക്കുകയേ വേണ്ടതില്ലെന്നു നിങ്ങൾ സമ്മതിക്കും."

അവസാനത്തെ ഇറക്കുചായയും കുടിച്ച് അദ്ദേഹം ഗ്ലാസ്സ് താഴെ വെച്ചപ്പോൾ നമ്പൂതിരി ചോദിച്ചു. "എന്താണ് ആ കഥ?"

"പറയാം". ഗോപാലൻനായർ വട്ടിക്കെട്ടെടുത്തു പീടികയ്ക്കകത്തു കൊണ്ടു വന്നുവെച്ചു. ഒരു ബീഡി കൊളുത്തി ഒന്ന് ഊന്നി വലിച്ചു. എന്നിട്ടു ചോദിച്ചു. "തിരുമേനിക്ക് അടുത്ത ബസ്സിനുപോകണോ?"

"വേണം"

"ജാക്കറ്റ് കിട്ടേണ്ടേ?" ഞാൻ ഇടയിൽ ഓർമ്മപ്പെടുത്തി.

"ഓ ശരി. ജാക്കറ്റ് കിട്ടിയേ പോകാൻ കഴിയൂ." വെല്ലുവിളിക്കുന്ന സ്വരത്തിൽ പറഞ്ഞിട്ട് നമ്പൂതിരി അകന്നിരുന്നു മുറുക്കാരംഭിച്ചു.

"എനിക്ക് പണ്ട് ആലപ്പുഴയിൽ ജോലിയുണ്ടായിരുന്നത് അറിയാമല്ലോ." ഗോപാലൻനായർ പറഞ്ഞു.

"ഇല്ല. അന്നു ഞാൻ ജനിച്ചിട്ടില്ല." ഞാൻ ഇടയിൽക്കടന്നു പറഞ്ഞു.

"ജനിക്കാൻ വിചാരിച്ചിട്ടു തന്നെ ഉണ്ടാവില്ല. അക്കാലത്താണ് താടി ചെലവാകുമോ എന്ന് ഞാൻ ഭയപ്പെട്ടത്. എനിക്കന്ന് യൗവനം കുരുത്തു വന്നിട്ടേ ഉള്ളു. ലോകത്തെക്കുറിച്ച് എനിക്കന്ന് ഇതിലും നല്ല അഭിപ്രായമുണ്ടായിരുന്നു; എന്നെക്കുറിച്ചു ലോകത്തിനും നല്ല അഭിപ്രായമാണെന്നായിരുന്നു എൻെറ ധാരണ. അന്ന് ജീവിതം തികച്ചും സുഖമുള്ളതായിരുന്നു. നാല് ഷർട്ട് അന്നെനിക്കുണ്ടായിരുന്നുവെന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കില്ല. മൂന്ന് ഷർട്ട് ഞാൻ തുന്നിച്ചു. ഒരു ഷർട്ടിൻെറ ശീല ഒരാൾ തന്നു. മൂന്നു മുണ്ടും നാലു ഷർട്ടും രണ്ടുനേരം ഭക്ഷണവും ഉത്സവപ്പറമ്പുകളിലും സിനിമാമന്ദിരങ്ങളിലും ചുറ്റിയടിക്കലുമായി ജീവിച്ച ഞാൻ അന്ന് ഒരു 'ശൌങ്കൻ' തന്നെയായിരുന്നു. എന്താ തിരുമേനിക്കു വിശ്വാസം വരുന്നില്ലേ."

"ഉവ്വ്. സ്ത്രീക്ക് അഞ്ചു ഭർത്താക്കൻമാരുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നില്ലേ?" തിരുമേനി പുറത്തുപോയി ഒന്നു നീട്ടിത്തുപ്പിയിട്ടു പറഞ്ഞു.

"ഇത് അത്ര പഴയ കഥയല്ല. അക്കാലത്തു ഞാൻ മാസത്തിലൊരിക്കൽ ക്ഷൗരം ചെയ്യിക്കും."

"മാസത്തിലൊരിക്കൽ!" ഞാൻ ഇടയിൽക്കടന്ന് ഒരു വിശദീകരണമാവശ്യപ്പെട്ടു.

"അതെ. ആവശ്യമുണ്ടായിട്ടല്ല. ആറുമാസത്തിൽ ഒരു ക്ഷൗരം എന്നായാലും താടിക്കു വലിയ വ്യത്യാസമുണ്ടായിരുന്നില്ല. എന്നാലും ഒരാൾക്ക് കുറച്ചൊക്കെ ധാരാളിത്തം കാണിക്കേണ്ട തുണ്ട്. മിനുസമുള്ള സ്വന്തം കവിളുതടവുമ്പോൾ രോമാഞ്ചമുണ്ടാകുന്ന കാലഘട്ടമാണത്. തിരുമേനിക്ക് മനസ്സിലാകുന്നുണ്ടല്ലോ."

"ഉണ്ടുണ്ട്. ഞാൻ ഇടയ്ക്കിടയ്ക്ക് താടിതടവാറുണ്ട്."

"തടവണം; അതൊരു കാലഘട്ടം ആസ്വദിക്കലാണ്. അതു ഞാൻ ആസ്വദിച്ചുകൊണ്ടിരുന്നു. കുഞ്ചു എന്നൊരു ക്ഷുരകനായിരുന്നു എൻെറ താടി ക്രമമായി വടിച്ചിരുന്നത്. വേണ്ടത്ര താടി രോമമില്ലാത്തതിനാൽ മനസ്സിൻെറ അടിയിൽ ഒരു ദു:ഖവുമായി ജീവിച്ചിരുന്ന എന്നെ കുഞ്ചു ആശ്വസിപ്പിച്ചു. ഇനിയത്തെ വർഷമാകുമ്പോഴേയ്ക്കും മുറ്റിയ താടിയുണ്ടാകും. ഈ ജാതി താടിക്ക് വേഗം മുറ്റു കൂടും.

കുഞ്ചുവിൻെറ വാക്കു ഞാൻ വിശ്വസിച്ചു. അനേകം താടി കണ്ടവനാണ് കുഞ്ചു. വാക്കു ഫലിച്ചു. എൻെറ താടിക്കു കനം കൂടി വന്നു. താടിക്കു വടി വളം എന്നു മനസ്സിലാക്കിയ ഞാൻ ഇരുപത്തഞ്ചു ദിവസത്തിൽ ഒരിക്കൽത്തന്നെ താടി വടിക്കാനും ആരംഭിച്ചു. അങ്ങനെ എൻെറയും കുഞ്ചുവിൻെറയും താടിസംബന്ധമായ ഉത്സാഹം വർദ്ധിച്ചു വന്നപ്പോൾ, കുഞ്ചുവിനെ കാണാതായി.

വരേണ്ട ദിവസം കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞിട്ടും കുഞ്ചുവിനെ കാണാതായപ്പോൾ ഞാൻ അന്വേഷണം തുടങ്ങി."

"അന്വേഷിക്കണമല്ലോ", നമ്പൂതിരി പറഞ്ഞു. "നമ്മുടെ അഭിവൃദ്ധിയിൽ കാംക്ഷയുള്ളവരെപ്പറ്റി അന്വേഷിക്കണം."

"അതെ". ഗോപാലൻനായർ ഒരു ബീഡി കൂടി കൊളുത്തിയിട്ട് തുടർന്നു. "പക്ഷേ വ്യസനകരം. കുഞ്ചുവിനു ഭ്രാന്തായിരുന്നു."

"ഭ്രാന്തു പിടിച്ച ക്ഷുരകൻ അപകടക്കാരനാണ്." - ഞാൻ ഇടയിൽക്കടന്ന് അഭിപ്രായപ്പെട്ടു.

"എഴുത്തുകാരന്നു ഭ്രാന്തു വന്നാലുമുള്ളത്ര അപകടമില്ല. എന്നാലും വിഷമം തന്നെ." ഗോപാലൻ നായർ ഇതും പറഞ്ഞ് മൂക്കൊന്നു കൂട്ടിത്തിരുമ്മിയപ്പോൾ നമ്പൂതിരിക്കൊരു ശങ്ക: "അവനു കുട്ടികളുണ്ടായിരുന്നോ?"

"രണ്ടു ഭാര്യയിലായി ഏഴു കുട്ടികൾ. ആദ്യത്തെ ഭാര്യ പ്രസവിക്കില്ലെന്നുവന്നപ്പോൾ, കുഞ്ചു സന്തത്യർത്ഥം തിരുവല്ലയിൽനിന്ന് ഒരു ചെറുപ്പക്കാരിപ്പെണ്ണിനെ കൂട്ടിക്കൊണ്ടുവന്നു. അവൾ വന്നു ചേർന്നപ്പോൾ രണ്ടുപേരും തർക്കിച്ചു പ്രസവിക്കാനും തുടങ്ങി. അങ്ങിനെ ഏഴു പുതിയ ആത്മാക്കൾ വന്നുചേർന്നു."

"കഴിഞ്ഞു കൂടാൻ വല്ല വകയുമുണ്ടായിരുന്നോ?"

"ഒരൊറ്റ ക്ഷൗരക്കത്തി മാത്രമേ കുടുംബസ്വത്തായി ഉണ്ടായിരുന്നുള്ളു."

ഇതു പറഞ്ഞപ്പോൾ അച്ചുതൻ നമ്പൂതിരിക്കു ദേഷ്യം വന്നു തുടങ്ങി. കണ്ണു നിറയുന്നുണ്ടായിരുന്നു. ഗോപാലൻ നായർ അത് ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. കഥ തുടർന്നു. "ക്ഷൗരത്തിനിടയിൽ അവൻ കുടുംബകഥ പറയുക പതിവാണ്. കമലയ്ക്ക് ചിരങ്ങാണെന്നും രാജന്നുഗ്രഹിണിയാണെന്നും മോഹനന്നു പനിയാണെന്നും! ഇത്തരം രോഗങ്ങളുടെ ഉത്ഭവകാരണങ്ങൾ എന്തൊക്കെയാണെന്നും കുഞ്ചു വിവരിച്ചിരുന്നു. കുഞ്ചു ഒരു ചെറുകിട വൈദ്യൻ കൂടിയാണെന്ന് അപ്പോഴെനിക്കു തോന്നി.. അയാളുടെ ഒടുക്കത്തെ കുട്ടിയുടെ പേര് ഞാൻ എന്നും മറക്കില്ല. സുന്ദര ഗിരിറാണി!"

"സുന്ദരഗിരിറാണിക്ക് എത്ര പ്രായമായിരുന്നു?" ഞാൻ ചോദിച്ചു.

"ഭ്രാന്തു പിടിച്ചപ്പോൾ ഗിരിറാണി തൊട്ടിലിൽ കിടക്കുകയാണ്."

അച്ചുതൻ നമ്പൂതിരിക്കു കോപം വർദ്ധിക്കുകയാണ്.

കണ്ണുകൾ കൂടുതൽ നിറഞ്ഞു. അദ്ദേഹം ചോദിച്ചു? "കുട്ടികളുടെ സ്ഥിതി?"

"തിരുമേനിയല്ലാതെ ആരും അതിനെപ്പറ്റി ഇതേവരെ വേവലാതിപ്പെട്ടിട്ടില്ല. സുന്ദരഗിരിറാണി വിശപ്പു സഹിക്കാൻ വയ്യാതായപ്പോൾ ആർത്തു നിലവിളിച്ചിട്ടുണ്ടാകും. രണ്ട് ഭാര്യമാരും ആ കുട്ടിയുടെ അപ്പുറത്തും ഇപ്പുറത്തും നിന്ന് പ്രാകിയിട്ടുണ്ടാവും."

"ആരും ശ്രദ്ധിച്ചില്ലേ?" നമ്പൂതിരിക്കു വീണ്ടും സംശയം

"എല്ലാവർക്കും അവനവനെത്തന്നെ ശ്രദ്ധിക്കാനുണ്ടായിരുന്നു." ഗോപാലൻ നായർ സ്വന്തം താടിയൊന്നു ചൊറിഞ്ഞുതടവി.

"നമ്മൾ, മനുഷ്യർ എന്തൊരുതരം ജന്തുക്കളായിരിക്കുന്നു!" അച്ചുതൻ നമ്പൂതിരി ഇതും പറഞ്ഞ് ചിന്താധീനനായി ഇരുന്നു. ആ നീണ്ടിടംപെട്ട കണ്ണുകൾ നിറഞ്ഞു തുളുമ്പുകയാണ്.

"കണ്ടുപിടുത്തങ്ങൾ നടത്താതെ കഥ കേട്ടോളു തിരുമേനി" ഗോപാലൻ നായർ തുടർന്നു. "ഭ്രാന്തു പിടിച്ചപ്പോഴാണ് കുഞ്ചുവിൻെറ ഒതുക്കിവെച്ച വീരരസം മുഴുവൻ പുറത്തു ചാടിയത്. കായലിൽ സഞ്ചരിക്കുന്ന ബോട്ടുകളുടെയെല്ലാം നിയന്ത്രണം മൂപ്പർ ഏറ്റെടുത്തു. ജട്ടിയിൽ അണയുന്ന ബോട്ടുകൾ എവിടെ തളയ്ക്കണം, എവിടെ തളയ്ക്കരുത് എന്നെല്ലാം നിശ്ചയിക്കാൻ തുടങ്ങി. ഒരു വലിയ വടിയുമായി അവൻ ബോട്ടുജട്ടിയിൽ ധൃതിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു വിളിച്ചു പറയും. 'ബോട്ട് അവിടെ നിർത്തരുത്, കുറച്ച് വടക്കോട്ടു മാറ്റി നിർത്തണം.'

കുഞ്ചു പറഞ്ഞിടത്ത് ബോട്ടു നിർത്താത്ത പക്ഷം, വടി ബോട്ടുകാരൻെറ പിടലിയിൽ വീഴുമെന്നായപ്പോൾ കുഞ്ചുവിനെ ഒരിടത്തു തളയ്ക്കണമെന്ന് ബോട്ടുകാരും ഉറച്ചു.

'അല്പ ദിവസത്തിനുള്ളിൽ കുഞ്ചു 'ഊളംപാറ' യിലുമെത്തി."

"അപ്പോൾ കുട്ടികൾ?" നമ്പൂതിരി വീണ്ടും അന്വേഷിച്ചു.

"അവരെ ഊളംപാറയിലേക്ക് കൊണ്ടുപോയില്ല; അതെനിക്കറിയാം." ഒരു ജ്ഞാനം വിതരണം ചെയ്യുന്ന ഭാവത്തിൽ പറഞ്ഞിട്ട് ഗോപാലൻനായർ കഥ തുടർന്നു. "ഇത്രയുമായപ്പോൾ ഞാൻ മറ്റൊരു ക്ഷുരകനെ സമീപിച്ചു. കുറച്ചു ദിവസം കൂടി കഴിഞ്ഞപ്പോൾ ഞാൻ കുഞ്ചുവിനെ മറന്നു."

"നമ്മൾ ആളുകളെ എത്രവേഗം മറക്കുന്നു." നമ്പൂതിരി ഒരു വിപ്രലംഭകവിത വായിക്കുന്നതുപോലെ പറഞ്ഞു.

"ആയിടയ്ക്കു ഞാൻ ഒരു പെൺകിടാവുമായി അനുരാഗത്തിലായിരുന്നതുകൊണ്ട്, ആ തിരക്കിൽ കുഞ്ചുവിനെ മറന്നുവെന്നേ ഉള്ളു. തുല്യ പ്രാധാന്യമുള്ള രണ്ടു കാര്യങ്ങൾ ഒപ്പം എന്റെ മനസ്സിൽ നില്ക്കില്ല. തിരുമേനി കേൾക്കുന്നുണ്ടോ?"

"ഉണ്ടുണ്ട്. എന്നിട്ട്?:"

"മാസങ്ങൾ കഴിഞ്ഞു. എന്റെ അനുരാഗവൈവശ്യം തീർന്നു. കുഞ്ചു ഭ്രാന്തു മാറി, പുറത്തു പോന്നു."

"ഭ്രാന്തു മാറിയോ?" - അച്ചുതൻ നമ്പൂതിരി നന്നെ ആശ്വാസത്തോടെയാണ് ചോദിച്ചത്.

"ഉവ്വ്. പക്ഷേ അപ്പോഴാണ് കുഞ്ചു കഷ്ടത്തിലായത്. ഭ്രാന്തായിരുന്നപ്പോൾ. കുടുംബത്തിന്റെ വിഷമങ്ങൾ അയാൾ അറിഞ്ഞിരുന്നില്ല. ഇന്ന് അയാൾ എല്ലാം കാണുന്നു. കമല കിടപ്പിലാണ്. രാജൻ വിശന്നു കരയുന്നു. മോഹനന് അപസ്മാരം. സുന്ദരഗിരിറാണി ഒരെല്ലായിരിക്കുന്നു. രണ്ട് ഭാര്യമാരും മുഖത്തോടുമുഖം നോക്കിയിരുന്നു കരയുന്നു. കുഞ്ചുവിനു ബോധം തെളിഞ്ഞുവെന്നു കണ്ടപ്പോൾ, തിരുവല്ലാക്കാരി ശകാരവും ആരംഭിച്ചു. 'എന്നെയങ്ങു കൊല്ലരുതോ?' ഭ്രാന്തില്ലാത്തപ്പോൾ ഒരാളെ പിടിച്ചു കൊല്ലാൻ സാധിക്കുമോ! കുഞ്ചു കുഴങ്ങി.

ഒരു സായാഹ്നത്തിൽ ഞാൻ പണിസ്ഥലത്തുനിന്നു വന്ന്, എന്നേയും ലോകത്തേയും പറ്റി ഓരോന്നു വിചാരിച്ചു കൊണ്ട് വീടിന്റെ ഉമ്മറത്തിരിക്കുകയായിരുന്നു. അത്രയൊന്നും മനോജ്ഞമായിരുന്നില്ല ആ സായാഹ്നം. പഴയ പ്രേമ ഭാജനത്തിന്റെ പുതിയ ഭർത്താവിനെ ഞാൻ വഴിക്കുവച്ചു കണ്ടിരുന്നു."

"അവൾ വിവാഹവും കഴിച്ചുവോ?"

"ഉവ്വ്. ഒരു ബോട്ട് ഡ്രൈവറെ. ഞാൻ അതിന്നെതിരായിരുന്നില്ല. എന്നാലും എനിക്കഭിമുഖമായി നടന്നുവന്ന് സലാം പറയേണ്ട ഒരാവശ്യവും അയാൾക്കില്ല. മറ്റൊരാളുടെ സായാഹ്നം മുഴുവൻ ചിന്താധീനമാക്കത്തക്കവിധം സലാം പറയേണ്ട കാര്യം ഒരാൾക്കുമില്ല. അതുകൊണ്ട് 'വൃത്തികെട്ട ലോകമേ. ഞാനിതാ വിടചോദിക്കുന്നു' എന്നൊന്നും പറയാൻ ഞാൻ ഒരുക്കമുണ്ടായിരുന്നില്ലെങ്കിലും 'ലോകമേ, നീ എന്റെ വഴിയിൽ വന്നു സൈ്വരം കെടുത്താതെ' എന്നു പറഞ്ഞു പോയിട്ടുണ്ട്."

"ലോകം എന്നതിനു ബോട്ടുഡ്രൈവർ എന്നു തന്നെയല്ലേ അർത്ഥം?" - ഞാൻ ഇടയിൽ ഒരു വിശദീകരണം ആവശ്യപ്പെട്ടു.

"അല്ല". ഗോപാലൻനായർ പറഞ്ഞു. "ബോട്ടു ഡ്രൈവറും ഭാര്യയുമെന്ന്."

"ശരി"

"അങ്ങനെ ഓരോന്നു വിചാരിച്ചു കൊണ്ടിരിക്കുമ്പോൾ കുഞ്ചുവതാ, പടികയറി വന്നു. ഞാൻ ഞെട്ടിപ്പോയി."

"എന്തിന്?"നമ്പൂതിരി ചോദിച്ചു.

"ഒരു ഭ്രാന്തൻ തല്ലിക്കൊന്നാലും കൊള്ളാം എന്നു വിചാരിക്കത്തക്കവിധം നിരാശ എനിക്കുണ്ടായിരുന്നില്ല. എങ്കിലും ഞാൻ ഉറച്ചിരുന്നു. തിരുമേനിയാണെങ്കിൽ-"

''കരഞ്ഞിട്ടുണ്ടാകും.'' ഞാൻ പൂരിപ്പിച്ചു. നമ്പൂതിരി തീക്ഷ്ണമായി എന്നെ ഒന്നു നോക്കി. ഞാനതു കണ്ടില്ലെന്നും നടിച്ചു.

"കുഞ്ചു വന്നു തൂണുംചാരി പകുതി മറഞ്ഞങ്ങനെ നിന്നു."

"ഉം?" - ഞാൻ അന്വേഷിച്ചു. ഞാൻ ഭയപ്പെട്ടുകൊണ്ടാണ് ഇരിക്കുന്നതെന്ന് കുഞ്ചുവിന്ന് മനസ്സിലായിട്ടുണ്ടാവില്ല.

''യജമാനനെ ഒന്നു കാണണം എന്നു വിചാരിച്ചു." കുഞ്ചു ബോധത്തോടെയാണ് സംസാരിക്കുന്നതെന്ന് മനസ്സിലായി. അല്പമൊരാശ്വാസം

"ഉം?"

"ഞാൻ ആകെ കഷ്ടത്തിലായിരിക്കുന്നു."

"ഉം"

"എൻെറ സ്ഥിതിയൊക്കെ അറിയാമല്ലോ?"

"ഉം"

"പത്തു വയറു പുലരണം"

"ഉം"

"കുട്ടികൾക്ക് രോഗവും"

"ഉം"

'ആരെങ്കിലും എന്നെ പണിക്ക് വിളിക്കുമോ?"

"അതെന്താ?"

"ആളുകൾ എന്നെ കാണുമ്പോൾ ഭയപ്പെട്ടോടുകയാണ്. യജമാനനേ, എനിക്കു ഭ്രാന്തില്ലെന്നു പറഞ്ഞാൽ ആരും വിശ്വസിക്കുന്നില്ല. ഇപ്പോഴത്തെ ഭ്രാന്ത് ഇങ്ങനെയാണെന്നാണ് അവർ പറയുന്നത്. ഇന്നലെ ഞാൻ പതിനൊന്നു പടികയറിയിറങ്ങി. പലരും എൻെറ നേർക്ക് വാതിലടച്ചു. അവർക്കെല്ലാം ഞാനായിരുന്നു ക്ഷൗരം ചെയ്തിരുന്നത്. രണ്ടുപേർ ഈരണ്ടണ തന്നിട്ട് വേഗം പൊയ്ക്കൊള്ളാൻ പറഞ്ഞു. എനിക്കതു വലിച്ചെറിയാൻ തോന്നി. ഞാൻ പിച്ചയെടുത്തു ശീലിച്ചിട്ടില്ല.

തൊഴിൽചെയ്തു കുടുംബം പുലർത്തിയവനാണ്. കുടുംബത്ത് ഇരിക്കാൻ വയ്യ. കുട്ടികളുടെ കരച്ചിൽ, പെണ്ണുങ്ങളുടെ ശകാരം. എനിക്കു വീണ്ടും ഭ്രാന്താവുമെന്നാണ് തോന്നുന്നത്?"

കുഞ്ചു പൊട്ടിപ്പൊട്ടി കരഞ്ഞു. കരിമ്പന പോലെയുള്ള ഒരു മനുഷ്യൻ നിന്നു കരയുമ്പോൾ എന്തു പറയാനാണ്. എനിക്കു നന്നെ വല്ലായ്മ തോന്നി. എനിക്കു ഭ്രാന്തില്ലെന്ന് ഞാനല്ല പറയേണ്ടതെന്നുവരുന്നത് ഒരു ദുഃസ്ഥിതിതന്നെ. തിരുമേനിക്കു ഭ്രാന്തില്ലെന്ന് ഇപ്പോൾ ഞാനങ്ങു പറഞ്ഞാലോ?"

"വല്ലാത്തൊരു ലോകം" നിറഞ്ഞ കണ്ണുകളോടെ അച്ചുതൻ നമ്പൂതിരി നെടുവീർപ്പിട്ടു." നൊസ്സൻമാരെ പിടിച്ചു നാം ഭരണാധികാരികളാക്കും. അവർ നിർമ്മിക്കുന്ന ബോംബൊക്കെ ബുദ്ധിയുടെ അടയാളമാണെന്നും പറയും. ഒരു ഉപദ്രവവും ചെയ്യാത്ത മനുഷ്യരെ ഭ്രാന്തൻമാരെന്നു വിളിക്കും."

"അങ്ങനെ വിളിക്കാതിരിക്കാം. പക്ഷേ, താടി ഏല്പിക്കാമോ എന്നതായിരുന്നു എൻെറ സംശയം." ഗോപാലൻ നായർ തുടർന്നു." ഞാൻ എൻെറ ഖജാനയെപ്പറ്റി ആലോചിച്ചു. രണ്ടുറുപ്പിക പതിനൊന്നണയുണ്ട്. മോശമില്ല. ഒരുറുപ്പിക കുഞ്ചുവിനു കൊടുക്കാൻ തീർച്ചപ്പെടുത്തി. പക്ഷേ, കുഞ്ചു വാങ്ങാൻ കൂട്ടാക്കിയില്ല. 'എനിക്കു വെറുതെ പണം വേണ്ട: എന്നെ പണിയെടുക്കാൻ സമ്മതിക്കണം. എന്നായിരുന്നു അയാളുടെ അപേക്ഷ. രോമമല്ലാതെ, താടി വീണ്ടും മുളയ്ക്കുകയില്ലെന്ന് അപ്പോൾ ഓർത്തു. ഞാൻ ഒന്നു പരുങ്ങി. പക്ഷേ, കുട്ടികളുടെ കരച്ചിൽ എൻെറ ചെവിയിൽ മുഴങ്ങി. അതും സഹിക്കാം. ക്ഷൗരമില്ലെങ്കിൽ കുഞ്ചുവിനു ജീവിതമില്ല. കുഞ്ചു ഇരിക്കണമോ മരിക്കണമോ എന്നതാണ് പ്രശ്നം.

അവൻ അപ്പോഴും അവിടെ നില്ക്കുകയാണ്. ഞാൻ നാലുതവണ ക്ഷൗരം ചെയ്യിച്ചാൽ കുഞ്ചുവിനു ഭ്രാന്തില്ലെന്നു ലോകത്തിനു ബോധപ്പെടും. അതോടെ എല്ലാവരും അയാളെ വിളിക്കും. അതോടെ വീണ്ടും അയാൾ ജീവിതം ആരംഭിക്കും. ഞാൻ ഒരിക്കൽ ക്ഷൗരം ചെയ്യിക്കുന്നതുകൊണ്ട് ഒരു കുടുംബത്തിൻെറ

ഭാവി ശോഭനമാകും. കൊള്ളാം. എന്നാലും അയാൾക്ക് ആ ബോട്ടു ഡ്രൈവറുടെ അടുത്തു പോകാമായിരുന്നില്ലേ?

'ഞാൻ നില്ക്കണോ?' കുഞ്ചു ചോദിച്ചു.

'വേണം' ഞാനങ്ങു പറഞ്ഞുപോയി: 'കുഞ്ചു ഇപ്പോൾ ഈ ഉറുപ്പിക കൊണ്ടുപോകൂ. നാളെ കാലത്തു ക്ഷൗരത്തിനു വരൂ.'

കുഞ്ചുവിൻെറ മുഖം സൂര്യപ്രകാശം തട്ടിയ താമരപോലെ വിടർന്നു. അവൻ ഉറുപ്പികയും വാങ്ങി തൊഴുതു പടിയിറങ്ങി. എൻെറ മനസ്സിൽ അളക്കലും പൊരിയലും. നാളെ കാലത്തു കുഞ്ചു കന്നിക്കൊയ്ത്തിനിറങ്ങുന്ന പെണ്ണുങ്ങളുടെ ഉത്സാഹത്തോടെ കത്തിയുമായെത്തും. ഞാൻ എൻെറ താടി നീട്ടിക്കൊടുക്കണം. പിന്നീട് എന്താണ് സംഭവിക്കുക എന്നു വിചാരിക്കാൻ എനിക്കിഷ്ട മുണ്ടായിരുന്നില്ല. എന്നാലും സ്വന്തം താടിയാകുമ്പോൾ വിചാരിക്കാതിരിക്കുവാനും പറ്റില്ല. എനിക്കു നാളെ സുഖമില്ലെന്നു പറഞ്ഞാലെന്താണ്? കുറച്ച് പിന്നിയ ഒരു പച്ചക്കമ്പിളിയുമുണ്ട്. കുഞ്ചു വരുമ്പോൾ അതും പുതച്ച് അങ്ങിരിക്കാം. പക്ഷേ എന്തൊരു നിരാശയായിരിക്കും അവന്ന്. ഞാൻ .സമ്മതിച്ചപ്പോൾ അവൻെറ മുഖത്ത് എന്തൊരു പ്രകാശമായിരുന്നു. ഒരു കുടുംബത്തിൻെറ മുഴുവൻ ഭാവി അവിടെ തെളിഞ്ഞു വന്നു.

ഒരു വാഗ്ദാനം വാഗ്ദാനം തന്നെയാണ്. എങ്കിലും താടി വാഗ്ദാനം ചെയ്യാമോ? ആ ബോട്ട് ഡ്രൈവർക്ക് ഒന്നു ക്ഷൗരം ചെയ്യിച്ചാൽ എന്താണെന്നും അപ്പോൾ ഞാൻ വിചാരിച്ചു. ആകപ്പാടെ രസമില്ലാതായി. ഞാൻ അന്നു പ്രണയകവിതകൾ ഉറക്കെയുറക്കെച്ചൊല്ലി അങ്ങുറങ്ങി.

'പിറ്റേന്ന് ഉണർന്ന് നോക്കിയപ്പോൾ'-

"കുഞ്ചുവുണ്ട് വന്നുനില്ക്കുന്നു" - ഞാൻ പൂരിപ്പിച്ചു.

"മാത്രമല്ല, ക്ഷൗരത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു കഴിഞ്ഞിരിക്കുന്നു. കത്തിയണച്ചു കഴിഞ്ഞു. വെള്ളം അടുത്തു തന്നെ ഉണ്ട്. സോപ്പും. ഇനി ഞാനങ്ങിരിക്കുകയേ വേണ്ടൂ.

തിരുമേനീ, ഞാനങ്ങു ധീരനായി ഇരുന്നുകൊടുത്തു. കത്തി താടിയിലൂടെ ഇറങ്ങുമ്പോൾ ഒരു രോമാഞ്ചം. ആ പതിനഞ്ചു മിനിറ്റു നേരം കനത്ത പതിനഞ്ചു മിനിറ്റു തന്നെയായിരുന്നു. ഒടുവിൽ താടി കൂട്ടിത്തുടച്ച് എഴുന്നേറ്റപ്പോൾ തിരുമേനി എന്നെ കാണേണ്ടതായിരുന്നു. ലോകമേ, ധീരനായ എന്നെ നോക്കുക എന്ന ഭാവത്തിൽ ഞാൻ നടന്നു. മുഖം കഴുകി നാലണ കുഞ്ചുവിനു കൊടുക്കുകയും ചെയ്തു.

"ഇന്നലത്തെ കാശുണ്ട്." - കുഞ്ചു ഓർമ്മപ്പെടുത്തി.

അതിരിക്കട്ടെ എന്നും പറഞ്ഞു കസേരയിലിരുന്നപ്പോൾ, ആ ബോട്ടു ഡ്രൈവർക്ക് ഇതൊന്നും പ്രവർത്തിക്കുവാൻ ധൈര്യമുണ്ടാകയില്ലെന്നു ഞാൻ വിചാരിച്ചു."

"വിചാരം നന്ന്" - അച്ചുതൻ നമ്പൂതിരി അഭിപ്രായപ്പെട്ടു.

ഗോപാലൻ നായർ ഒരു ബീഡി കൂടി കൊളുത്തിയിട്ടു പറഞ്ഞു. "പക്ഷേ, എന്റെ ധൈര്യത്തിന്റെ ആരംഭമേ ആയുള്ളു. നാലാം ദിവസം കുഞ്ചു വീണ്ടും വന്നു. വീണ്ടും ക്ഷൗരം. അങ്ങനെ നന്നാലു ദിവസം കൂടുമ്പോഴായി എന്റെ ക്ഷൗരം. താടിയിൻമേൽ ഒന്നുമില്ല. എന്നാലും കത്തികൊണ്ട് ഒന്നു തുടച്ച് നാലണയും വാങ്ങി അവൻ പോകും. സ്ഥിതിഗതികൾ മോശമില്ലെന്നു ഞാനും ഉറച്ചു.

പതുക്കെ എന്റെ ക്ഷൗരം പ്രസിദ്ധമായി. നമ്മുടെ ഗോവിന്ദക്കുറുപ്പാണ് അതിനു കാരണം.

"കുറുപ്പ് അന്ന് ആലപ്പുഴയിലുണ്ടായിരുന്നോ?"

നമ്പൂതി ചോദിച്ചു.

"ഇല്ല. ഒരു വൈകുന്നേരമുണ്ട് ചിരിച്ചുകൊണ്ട് എന്റെ വീട്ടിൽ വന്നു കയറുന്നു."

"കുമ്പയും കുലുക്കിക്കൊണ്ട്" എന്നു ഞാൻ പൂരിപ്പിച്ചു.

"ഇല്ല. അന്ന് കുറുപ്പിന് ഇത്ര വലിയ കുമ്പയില്ല. ഇതിലധികം പല്ലുകളുമുണ്ട്."

“എന്തിന്നായിരുന്നു വന്നത്?”

“അതു കുറുപ്പിനുതന്നെ നിശ്ചയമുണ്ടാകാൻ ഇടയില്ലാത്തതു കൊണ്ട് ഞാൻ ചോദിച്ചില്ല. എൻെറ ക്ഷൗരത്തെപ്പറ്റി അന്വേഷിക്കാനായിരുന്നില്ല. തീർച്ച. ഒരാഴ്ച അവിടെ ചുറ്റിത്തിരിഞ്ഞു. നാലു ദിവസം കഴിഞ്ഞപ്പോൾ എന്നോടു പറഞ്ഞു. ‘നിങ്ങൾക്കാണ് ഭ്രാന്ത്, ഗോപാലൻനായരേ’.

ഞാൻ എതിർത്തില്ല; കാരണമന്വേഷിച്ചു.

“നിങ്ങളല്ലാതെ ആ കുഞ്ചുവിനു താടി കാട്ടിക്കൊടുക്കുമോ? അവന്നു മുഴുത്ത ഭ്രാന്താണത്രെ.

“ഭ്രാന്ത് മാറി” ഞാൻ പറഞ്ഞുനോക്കി

‘ഭ്രാന്ത് പകർന്നു. നിങ്ങളിലേയ്ക്ക്’

ഞാൻ ഉത്തരം പറഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞ് ബോട്ട് ഡ്രൈവർ സലാം തന്നപ്പോൾ ഒരു ചിരി. എന്നിട്ടു ചോദിക്കുകയാണ്.

‘ഭ്രാന്തൻ കുഞ്ചുവാണിപ്പോൾ ഷേവിങ് നടത്തുന്നത് അല്ലേ?’

ഞാൻ അവനെ ഒന്നും ചെയ്തില്ല. പത്തു ദിവസം കഴിഞ്ഞപ്പോഴേയ്ക്കും എൻെറ ഗുണകാംക്ഷികളുടെ എണ്ണം വർദ്ധിച്ചു.

‘ഒരിക്കലും ചെയ്യരുത്.’

‘മനസ്സ് എപ്പോഴാണ് മാറുക എന്നറിയാമോ?

‘കത്തിയല്ലേ കയ്യിൽ’

‘ഭ്രാന്ത് ഒരിക്കൽ വന്നാൽപ്പിന്നെ മാറലില്ല.’

“നിങ്ങൾക്കിത്ര കഥയില്ലാതായല്ലോ!’ എല്ലാവരും എന്നെ പഠിപ്പിക്കുകയാണ്. ഇക്കാര്യത്തിന് ഇത്രയും പ്രസിദ്ധി നല്കിയത് ഗോവിന്ദക്കുറുപ്പാണെന്ന് എനിക്കറിയാം. എന്നെ രക്ഷിക്കാൻവേണ്ടി മൂപ്പർ പൊതുജനാഭിപ്രായം ഉണർത്തിയതാണ്.

ഞാൻ മുന്നോട്ട് വച്ച കാൽ പിന്നോട്ടു വലിക്കാൻ ഒരുക്കമുണ്ടായിരുന്നില്ല. ക്ഷൗരം മുറയ്ക്ക് നടന്നു.

'എന്നെക്കൊണ്ട് യജമാനന്നും കൂടി ബുദ്ധിമുട്ടായോ ഒരു ദിവസം കുഞ്ചു ചോദിച്ചു.

'ഒന്നുമില്ല.'

'ഇതുകൊണ്ട് നന്നാലുദിവസം കൂടുമ്പോഴെങ്കിലും വീട്ടിൽ കഞ്ഞിവെയ്ക്കുന്നുണ്ട്'

ഞാൻ ഒന്നും പറഞ്ഞില്ല; കുഞ്ചു പോയി. അന്നു ഞാൻ അവന്ന് ആറണ കൊടുത്തു.

വൈകുന്നേരം എൻെറ മുതലാളി എന്നെ വിളിച്ചു ചോദിച്ചു; ഗോപാലൻകുട്ടി വിഡ്ഢിയോ ഭ്രാന്തനോ?' ഏതാണെന്നാണ് പറയുക? ഞാൻ മൗനം ഭജിച്ചു.

'താനെന്തിനാണ് ആ ഭ്രാന്തൻ കുഞ്ചുവിനെക്കൊണ്ട് ക്ഷൗരം ചെയ്യിക്കുന്നത്? അവന്നിപ്പോൾ ഭ്രാന്തില്ല എന്നു ഞാൻ പറഞ്ഞു.

'തനിക്കെന്താണുറപ്പ്?' എന്നായല്ലോ. ഭ്രാന്തു മാറിയതുകൊണ്ടാണ് ഡോക്ടർമാർ അവനെ ആശുപത്രിയിൽനിന്നു വിട്ടതെന്നു യുക്തിപൂർവം വാദിച്ചു. ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് ആരും നിഷേധിക്കില്ലല്ലോ. അതിന്നുള്ള മറുപടി വിചിത്രമായിരുന്നു: ഡോക്ടർമാരുടെ താടിയല്ലല്ലോ അവൻ ക്ഷൗരം ചെയ്യുന്നത്.'

ഞാൻ ഒന്നും മിണ്ടാതെ പോന്നു. ഇതു വലിയ ശല്യമായല്ലോ. ഞാനെന്തിന് ഈ ശകാരമെല്ലാം കേൾക്കുന്നു? ഇതൊക്കെ ചെയ്തിട്ട്, ഇതൊക്കെ സഹിച്ചിട്ട്, എനിക്കാണ് കുറ്റം. ആ ബോട്ടു ഡ്രൈവറെപ്പറ്റി ആരും ഒന്നും പറയുന്നില്ല. കുഞ്ചു ഇനി വന്ന വഴിക്കു പൊയ്ക്കൊള്ളട്ടെ എന്നു ഞാനുറച്ചു. പക്ഷേ, അവനെ കാണുമ്പോൾ ഒന്നും പറയാൻ തോന്നുന്നില്ല. പിന്നെ കുറെ ദിവസം വളരെ ഗോപ്യമായി ക്ഷൗരം നടന്നു. എങ്കിലും ആളുകൾ എല്ലാം അറിയുന്നു. ആ പട്ടണത്തിൽ അനേക വർഷങ്ങളായി ക്ഷൗരം ചെയ്യാതെ നടക്കുന്നവരുണ്ടായിരുന്നു. ആരും അതിനേപ്പറ്റി ഒന്നും അന്വേഷിക്കുന്നില്ല. ഒടുവിൽ മുതലാളി പറഞ്ഞു.: 'പറഞ്ഞാൽ കേൾക്കില്ല. ഉവ്വോ?

ഞാൻ ക്ഷൗരം ചെയ്താലും ഇല്ലെങ്കിലും ഈയാളുടെ കയറിൻെറ കണക്ക് ശരിക്ക് എഴുതുന്നുണ്ട്. പിന്നെ എന്തിന്നിതൊക്കെ അറിയുന്നു. ഞാൻ തോറ്റു. പക്ഷെ, കുഞ്ചുവിനോട് എന്തു പറയും? ഒടുവിൽ മാറത്തു കൈവച്ച് ഈശ്വരനെ വിചാരിച്ചപ്പോൾ ഒരു വഴികിട്ടി."

"എന്ത്" നമ്പൂതിരി ഉത്സുകനായി

"ഞാൻ പഴനിക്കു നോയ്മ്പാരംഭിച്ചു. താടി വളർത്തി".

"കഷ്ടമായി" തിരുമേനി അഭിപ്രായപ്പെട്ടു." ആ കുട്ടികളുടെ സ്ഥിതി എന്തായിട്ടുണ്ടാകും. നാലു ദിവസങ്ങൾ കൂടുമ്പോഴും കഞ്ഞിയില്ല."

"അതിന്ന് എൻെറ താടി പണയം വെയ്ക്കാനോ? ഞാൻ അവിടെ നിന്നു താമസം മാറ്റി. പട്ടണത്തിൻെറ മറ്റൊരു ഭാഗത്തേയ്ക്ക് ഇത്രയും വീരസാഹസകൃത്യത്തോടെ ക്ഷൗരം കഴിച്ച ഞാൻ....."

"ജാക്കറ്റ്!" തുന്നൽക്കാരൻ എത്തി. അച്ചുതൻ നമ്പൂതിരി ഉടനെ പിടഞ്ഞെഴുന്നേറ്റു. വെല്ലുവിളിയുടെ ഭാവത്തിൽ എല്ലാം നിവർത്തിനോക്കി. തൃപ്തിയായി. ഓരോ ചായയും കൂടി കുടിച്ചു ഞങ്ങൾ ബസ്സുകയറി.

വട്ടിക്കെട്ടും തൂക്കിപ്പിടിച്ചു ഗോപാലൻനായർ പോകുന്നത് ഞങ്ങൾ ബസ്സിലിരുന്നു കണ്ടു. അപ്പോൾ അച്ചുതൻ നമ്പൂതിരി ചോദിച്ചു.

"ദയകൊണ്ട് കഷ്ടപ്പെടുന്നവരും ലോകത്തിൽ കുറച്ചുണ്ട്. ഇല്ലേ?"

ഞാൻ അതിന്നുത്തരം പറഞ്ഞില്ല. നമ്പൂതിരിയുടെ കണ്ണിൽ അപ്പോൾ വെള്ളം നിറഞ്ഞിരുന്നില്ല.!

തെരഞ്ഞെടുത്ത കഥകൾ ) ( ഉറൂബ്

# 4. മഹാകവി കമ്പരുടെ ഭാവനാവിലാസം

രാമകഥയ്ക്ക് ലോകസാഹിത്യത്തോളം പഴക്കമുണ്ട്. ഏറ്റവും പ്രാചീനമായ വേദത്തിൽപോലും രാമകഥയുടെ ചില സൂചനകൾ കാണാം. നാടോടിക്കഥകളായി പലയിടങ്ങളിലും പല കാലത്തും പ്രചരിച്ചിരുന്ന രാമകഥാ ശകലങ്ങൾ സമാഹരിച്ചാണ് വാല്മീകി രാമായണ കഥയ്ക്ക് ഒരു പൗരാണിക മഹാകാവ്യത്തിൻെറ ശില്പഭംഗിയും അന്തർ ഗൗരവവും നല്കിയത്. വാല്മീകി രാമായണത്തിനുശേഷം ഭാരതത്തിലെ ഓരോ ഭാഷയിലും രാമായണങ്ങൾ ഉണ്ടായി ത്തുടങ്ങി. അങ്ങനെ രാമകഥാപരമായാണ് പല ഭാഷകളിലും പ്രാചീനവും മധ്യകാലികവുമായ സാഹിത്യസമ്പത്ത് വളർന്നു വന്നത്. മലയാള്ളത്തിൽതന്നെ രാമചരിതം തൊട്ട് ആശാൻെറ സീതാ കാവ്യംവരെയും അതിനുശേഷവും എത്രയെത്ര രാമകഥാപരമായ കൃതികളാണുണ്ടായിട്ടുള്ളതെന്ന് ഓർക്കുക. കണ്ണശ്ശരാമായണം. രാമായണചമ്പു, രാമനാട്ടം കഥകൾ (ആട്ടക്കഥ), രാമകഥപ്പാട്ട്, അദ്ധ്യാത്മരാമായണം. കേരളവർമ്മ രാമായണം, വാല്മീകി രാമായണപരിഭാഷ. രാമചന്ദ്രവിലാസം മഹാകാവ്യം, തുളസീദാസരാമായണപരിഭാഷ എന്നിങ്ങനെ സ്വതന്ത്രമായും അനുകരണമായും വിവർത്തനരൂപത്തിലും മറ്റും വന്നിട്ടുള്ള കൃതികൾ മാറ്റി നിർത്തിയാൽ മലയാളത്തിലെ പദ്യസാഹിത്യഭണ്ഡാഗാരം ഏറെക്കുറെ ശൂന്യമാവുകതന്നെ ചെയ്യും.

സംസ്കൃതം കഴിഞ്ഞാൽ പ്രാചീന കാവ്യസമ്പത്തിൽ തലയുയർത്തി നില്ക്കുന്ന തമിഴിൽ പോലും രാമായണ

മഹാകാവ്യമായ കമ്പ രാമായണം ഒരനർഘസമ്പത്തായിട്ടാണ് ഇന്നും കൊണ്ടാടപ്പെടുന്നത്. കമ്പരാമായണത്തിൻെറ സവിശേഷതകൾ പലതാണ്. ഒന്നാമതും ഒടുവിലും പറയേണ്ട പ്രത്യേകത അതൊരു സ്വതന്ത്രമഹാകാവ്യമാണെന്ന വസ്തുതതന്നെ. കഥ രാമൻേറതുതന്നെ; കവിത കമ്പരുടേതും. ആ കവിതയുടെ ജീവാതുവായി നില്ക്കുന്നതോ? വാല്മീകി രാമായണത്തിൻെറ ചരിത്രപരമോ ഐതിഹ്യപരമോ ആയ സ്വഭാവവിശേഷത്തിൽനിന്ന് ഒട്ടേറെ അകന്നുമാറി, തമിഴ് നാട്ടിൻെറയും നാട്ടാരുടെയും അനിവാര്യ മഹത്വമെന്നു വിശേഷിക്കപ്പെടാവുന്ന ഭക്തിമാർഗ്ഗത്തിൽ വിരചിതമായ ഒരു മഹനീയ കലാസൃഷ്ടിയാണ് ആ മഹാകാവ്യം എന്നുള്ളതുതന്നെ. ഭക്തിക്ക് ഒന്നാം സ്ഥാനം. അതോടോപ്പം മറ്റ് രസങ്ങളും ഔചിത്യപൂർവ്വം കമ്പർ നിബന്ധിച്ചിട്ടുണ്ട്. ചില ഭാഗങ്ങൾ വായിക്കുമ്പോൾ ഇതൊരു ശൃംഗാരകാവ്യമാണെന്ന് തോന്നും; മറ്റ് ചില ഭാഗങ്ങളിൽ വീരരസപ്രധാനമായ കാവ്യമായി മാറുന്നു ഇത്. അങ്ങനെ എല്ലാ രസങ്ങളും അവയുടെ പാരമ്യത്തിൽ പ്രശോഭിക്കുന്ന ഒരു മഹാകാവ്യമാണ് കമ്പരാമായണം.

വാല്മീകിരാമായണത്തിൽനിന്നും കമ്പരുടെ കഥ ഒട്ടേറെ വ്യത്യസ്തപ്പെട്ടിരിക്കുന്നു. കഥാഗാത്രത്തിൽ തന്നെ കാര്യമാത്രമായ വ്യതിയാനം കമ്പർ വരുത്തിയിട്ടുണ്ട്. രാമനും സീതയും രാവണനും ബാലിയും സുഗ്രീവനും ഹനുമാനും ഒക്കെത്തന്നെയാണ് കഥാപാത്രങ്ങൾ. പക്ഷേ അവരെല്ലാം കമ്പരുടെ ഭാവനയിലൂടെ കടന്നു വന്നപ്പോൾ പുനർജൻമം കൊണ്ട നൂതനസൃഷ്ടികളായി മാറി. അതനുസരിച്ചുള്ള വ്യതിയാനങ്ങളും കഥയ്ക്കുണ്ടായി. കൂടുതൽ പ്രകടമായ വ്യതിയാനങ്ങൾ മാത്രം രേഖപ്പെടുത്തട്ടെ.

1. പാദസ്പർശം കൊണ്ട് പൂർവരൂപം പ്രാപിച്ച അഹല്യ വിശ്വാമിത്രനോടൊപ്പം മിഥിലയ്ക്കു പോയി അവിടെയുള്ള ഗൗതമാശ്രമത്തിൽ ചെന്ന് ഭർത്താവിനോടൊപ്പം വാഴുന്നു. ഇത് കമ്പരുടെ കപോലകല്പിതഭാഗമാണ്.

2. വിശ്വാമിത്രനോടൊപ്പം മിഥിലയിലെത്തിയ രാമനെക്കണ്ട് ആ കുമാരൻ ആരെന്നറിയാതെ സീത അദ്ദേഹത്തിൽ അനുരാഗിണിയാകുന്ന കഥ. വാല്മീകിയുടെ സീതയ്ക്ക് വിവാഹവേളയിൽ എട്ടു വയസ്സ്; കമ്പരുടെ സീത ഒരു മധുരപ്പതിനേഴുകാരിയാണ്.

3. ഒരു മഹാകാവ്യത്തിൻെറ രൂപസൗഭാഗ്യം ഒപ്പിക്കാനെന്ന പോലെ, ദശരഥാദികൾ സൈന്യസമേതം സീതാ സ്വയംവരത്തിനു പുറപ്പെടുന്നതും അവർ വഴിക്കിടയിൽ പുഷ്പചയനം, ജലക്രീഡ, മധുപാനകേളി എന്നിവയിൽ മുഴുകുന്നതും.

4. തമിഴ്നാട്ടിലെ സമ്പ്രദായമനുസരിച്ചാണ് സീതാവിവാഹത്തിൻെറ ചടങ്ങുകൾ. വരൻെറ നഗരപ്രദക്ഷിണവും മറ്റും സവിസ്തരം കമ്പർ വർണ്ണിക്കുന്നുണ്ട്.

5. രാമൻ വനഭംഗി വർണ്ണിച്ച് സീതയെ കേൾപ്പിക്കുന്ന രംഗം. വനത്തിലെ ഓരോന്നു കാണുമ്പോഴും സീത ചോദിക്കും അതെന്തെന്ന്. രാമൻ ഓരോന്നിനെപ്പറ്റിയും സവിസ്തരം പറഞ്ഞുകേൾപ്പിക്കും. സീതയുടെ നിഷ്കളങ്കതയും ശാലീനതയും അങ്ങനെ മുമ്പേ തന്നെ വെളിപ്പെടുത്തിയാൽ മാത്രമേ രാമായണകഥയുടെ ഒരു മർമ്മഭാഗമായ പൊൻമാൻെറ വരവും സീത ആ വിശിഷ്ടമൃഗത്തെ വേണമെന്ന് ആശിക്കുന്ന ഭാഗവും സ്വാഭാവികമായിത്തീരൂ. അല്ലെങ്കിൽ സീതയെപ്പോലെ ഒരു രാജകുമാരിക്ക് ഇത്തരം 'കൊതി'യുണ്ടാവുക അസ്വാഭാവികമായിത്തീരുമല്ലോ.

6. സീതാഹരണത്തിൽ രാവണൻ രംഭാശാപം ഭയന്നിട്ടെന്ന പോലെ സീതയെ - സ്പർശിക്കാതെ ഭൂവിഭാഗത്തോടെ തേരിലെടുത്തു വയ്ക്കുന്നു.

7. അവതാരപുരുഷനായ രാമനോട് യുദ്ധം ചെയ്യുന്നത് തെറ്റാണെന്നു വിഭീഷണൻ രാവണനെ ഉപദേശിക്കുമ്പോൾ നരസിംഹാവതാരകഥ വിസ്തരിക്കുന്നത് മറ്റൊരു രാമായണത്തിലുമില്ല.

8. മഹോദരൻെറ ആജ്ഞയനുസരിച്ച മരുചന്ന എന്ന രാക്ഷസൻ ജനകൻെറ വേഷമെടുത്ത് രാവണനെ വരിക്കാൻ സീതയെ പ്രേരിപ്പിക്കുന്ന കഥ കമ്പരുടെ സ്വന്തമാണ്.

9. യുദ്ധത്തിനുമുൻപ് രാക്ഷസീരാക്ഷസൻമാരുടെ സംഭോഗ വർണ്ണന.

10. മണ്ഡോദരി യുദ്ധഭൂമിയിൽ രാവണശരീരം ആലിംഗനം ചെയ്ത് മരിക്കുന്നതും കമ്പരുടെ സ്വന്തമാണ്.

കമ്പരാമായണത്തിൽ തമിഴ്കാവ്യസമ്പ്രദായവും സംസ്കൃത മഹാകാവ്യലക്ഷണങ്ങളും സമഞ്ജസമായി ലയിപ്പിച്ച് ചേർത്തിരിക്കുന്നു. ഒരു നിരൂപകൻ ഈ മഹാകാവ്യത്തെ തമിഴ്നാട്ടിലെ മഹോന്നതക്ഷേത്രഗോപുരത്തോട് ഉപമിച്ചിട്ടുണ്ട്. ആ ഗോപുരത്തിൻെറ വലിപ്പവും എടുപ്പും നിൽപ്പും ശില്പഭംഗിയും ഏതു നാട്ടുകാരെയും അത്ഭുതസ്തിമിതരാക്കും. അതിൽ കാണുന്ന ഓരോ ശില്പവേലയും പണ്ടെങ്ങോ എവിടെയോ കണ്ടിട്ടുള്ള പോലെ തോന്നും. പക്ഷേ ഈ മഹാഗോപുരത്തിൻെറ അംഗോപാംഗങ്ങളായി അവ പ്രശോഭി ക്കുമ്പോൾ അവയ്ക്ക് തനതായി ഒരു ചന്തവും അന്തസ്സും ഉള്ളതായി അനുഭവപ്പെടും. കാളിദാസൻെറയും വാല്മീകിയുടെയും ആശയങ്ങൾ അങ്ങിങ്ങു സുലഭമായി കമ്പരാമായണത്തിൽ കാണാം; അവയ്ക്ക് കമ്പരുടെ കവന ചാതുരിയിലൂടെ വന്ന പരിണാമഭംഗി അന്യാ ദൃശമാണ്.

## ചില ചില മൗലിക വർണ്ണനകൾ

അയോദ്ധ്യയിലെ ഗോപുരങ്ങളിലുള്ള ശില്പകലാ ചാതുരി വർണ്ണിക്കുന്നൂ കമ്പർ.

*പ്രണയം പ്രാണപ്രിയതരമാളും*
*കണവൻതൻ കളകൂജനമേതും*
*ഗണിയാതണയെ വരാതേ കൃതക-*
*കപോതികയോടു രമിപ്പതു കാൺകെ*
*വിരഹിണിയായ കപോതി. തപസ്വികൾ*
*വിരവൊടു വാഴും സുരലോകത്തിൽ*

*വികചസുമാവലി നിറയും കല്പക-*
*വൃക്ഷത്തിൻ തണൽ പൂക്കുവസിച്ചാൾ.*

ചുരുക്കമിതാണ് - അയോദ്ധ്യയിലെ ഗോപുരങ്ങളിൽ മാടപ്പിറാവുകളെ ആ നാട്ടിലുള്ള ശില്പികൾ കൊത്തി വച്ചിരിക്കുന്നതാണ് വർണ്ണനാവിഷയം. ആ ശില്പങ്ങൾ സചേതന സൗന്ദര്യം ഉൾക്കൊള്ളുന്നവയാണ്. അതാ അവിടെ ഒരു ഭ്രമം പറ്റുന്നു.' ആർക്ക്? ജീവനുള്ള ഒരു പെൺമാടപ്പിറാവിന് മാത്രമോ? അവളുടെ കണവനും അബദ്ധം പറ്റി. ആൺമാടപ്പിറാവ് ഗോപുരത്തിലെ ഒരു കപോതികാശില്പം കണ്ട് ജീവനുള്ള തെന്നു കരുതി മെല്ലെ 'ശൃംഗരിക്കാൻ' അടുത്തുകൂടി. അവൻെറ പ്രണയിനി അതു കണ്ടു. അവൾക്കതു സഹിച്ചില്ല. പലവുരു അവൾ അവനെ കുറുകിക്കുറുകി കൂകി വിളിച്ചു. അവനുണ്ടോ അതനുസരിക്കുന്നു! വിരഹിണയായ ആ പേടപ്പിറാവ് സ്വർഗ്ഗം പൂകി. എങ്ങനെയുള്ള സ്വർഗ്ഗത്തിൽ ഏതു സ്ഥലത്ത് എന്നാണെങ്കിൽ; അതും കമ്പർ സൂക്ഷ്മമായി നിർദ്ദേശിക്കുന്നു. അനേക പുണ്യകർമ്മങ്ങൾ ചെയ്താലേ സ്വർഗ്ഗം ലഭിക്കൂ. പുണ്യകർമ്മം ചെയ്ത തപസ്വികൾ കുസുമിത കല്പ വൃക്ഷത്തിൻെറ തണലുകളിലാണ് ആവസിക്കുന്നത്. അവിടെയാണ് ആ വിരഹിണിയായ പെൺമാടപ്പിറാവ് ചെന്നുപറ്റിയത്. എന്താണീ വർണ്ണനയ്ക്കുള്ള ധ്വന്യാത്മകത? അയോദ്ധ്യയിലെ ശില്പികളുടെ അന്യാദൃശകലാസൃഷ്ടി വൈഭവത്തോടൊപ്പം വ്യങ്ഗ്യഭംഗിയിൽ മറ്റു പലതും ഇവിടെ ആവിഷ്ക്കരിക്കുന്നു. അയോദ്ധ്യയിലെ മാടപ്പിറാവുകൾക്ക് മരണമില്ല; അഥവാ അവ മരിച്ചാൽതന്നെയോ? നേരെ സ്വർഗ്ഗലോകത്താണ് എത്തിച്ചേരുക. മരണം അവയ്ക്ക് വിരഹാസഹിഷ്ണുത്വാദി കൊണ്ടേ ഉണ്ടാവു. കവി. അതേ സമയം മരണമെന്ന അമംഗളശബ്ദം പ്രയോഗിക്കുന്നുമില്ല. "കല്പകവൃക്ഷത്തലിൽ ചെന്നുവസിച്ചാൾ" എന്നിങ്ങനെ ശുഭാത്മകവും സുഖദവുമായ ഒരു പുനരധിവാസവസ്തുതയാണ് കവി വാച്യരൂപത്തിൽ ആവിഷ്കരിക്കുന്നത്

ഇതാ, മറ്റൊരു മനോഹരരംഗം കമ്പരുടെ ഭാവന സൃഷ്ടിക്കുന്നു. ശ്രീരാമൻ ചാപഭഞ്ജനം ചെയ്തു. ദേവാദികൾ ആകാശത്ത് ആ രംഗം മുഴുവൻ ഉറ്റുനോക്കി നില്ക്കയാണ്. അവർ ആകാംക്ഷാഭരിതരാണ്. രാമൻ വില്ലൊടിക്കേണ്ടത് അവരുടെ ആവശ്യമാണ്. ആ വില്ലൊ ടിച്ചാലേ സീതാ പരിണയം നടക്കൂ. എങ്കിലേ രാമാവതാരലക്ഷ്യമായ രാവണവധത്തിന് വഴി യൊരുങ്ങു.

*രാമദേവൻ വില്ലെടുത്തു കുലച്ചതിൻ*
*ഭൂമാവു കണ്ടാരമരാംഗനമാർസ്വയം*
*താഴെയിറങ്ങിത്തഴുകിനാർപോരിലെ-*
*ത്താരണിവേണിമാരെത്തനുഗാത്രികൾ*
*ആടലിൽ, പാടലി, ലാകാരഭംഗിയി-*
*ലാകെയവരൊരുപോലെ വിലസിനാർ!*
*എങ്കിലും ഭൂലോകമങ്കമാർ മയ്യണി-*
*ക്കൺകളിമപ്പതിലാകെത്തളർന്നുപോയ്!*

അവർ, ആ ദേവാംഗനകൾ, ആകെ ക്ഷീണിച്ചുപോയി. ക്ഷീണിക്കാതെവയ്യ. അവർക്ക് സൗന്ദര്യമദം കലശലായു ണ്ടായിരുന്നു. അതെല്ലാം ഒരു നിമിഷംകൊണ്ട് തകർന്നു തരിപ്പണമായി. എങ്ങനെ? അതാണ് കഥ. രാമൻ സാക്ഷാൽ മഹാവിഷ്ണു, അതാ പരിണയിക്കാൻ പോകുന്നു. അതിൻെറ ഒന്നാമത്തെ ചടങ്ങാണ് ചാപഭഞ്ജനം. ഇപ്പോൾ തീർച്ചയായി. രാമൻ സീതയെ വേൾക്കും. ഹ! മനുഷ്യസ്ത്രീകൾ എത്ര ഭാഗ്യവതികൾ! ഭഗവാൻ മനുഷ്യാവതാരം കൈക്കൊണ്ടത് ഇതിനോ? ഒരു മനുഷ്യസ്ത്രീയെ വേൾക്കാനോ? സീത മഹാലക്ഷ്മിയുടെ അവതാരം തന്നെ. എങ്കിലും ഇപ്പോളൊരു മനുഷ്യ സ്ത്രീയല്ലേ? ശരി, മിഥിലയിലിറങ്ങി മനുഷ്യസ്ത്രീകളെ ഒന്നനുമോദിക്കതന്നെ. അവർ താഴെയിറങ്ങി. മിഥിലയിലെ സ്ത്രീകളെ ആലിംഗനം ചെയ്തു. "താരണിവേണി"മാരെയാണ് അവർ ആലിംഗനം ചെയ്യുന്നത്. മിഥിലാനഗരം തിങ്ങി നില്ക്കുകയാണ് ജനങ്ങൾ. ഒരിഞ്ച് ഇടംപോലും അവിടെയില്ല.

അവിടെയാണ് മുപ്പത്തുമുക്കോടി ദേവസ്ത്രീകൾ ഇറങ്ങിച്ചെന്നത്. നില്ക്കാൻ ഇടമെവിടെ? ഉണ്ട്. അവർ 'തനു' ഗാത്രികളാണ്! അധികം ഇടം ആവശ്യമില്ലാ അവർക്ക്. അവർ ആടി; പാടി. മിഥിലയിലെ മനോഹാരിണികളും ആടി; പാടി, ഇരുകൂട്ടരെയും, ദേവാംഗനകളെയും മനുജാംഗനകളെയും, വേർതിരിച്ചറിയില്ല. ആകാരഭംഗിയിൽ അവർ ആകെ ഒരുപോലെയാണ് വിളങ്ങിയത് - കമ്പർ ഇത്രയും പറഞ്ഞു. അദ്ദേഹം തെല്ലവിടെ ശങ്കിച്ച് നിന്നു എന്ത്? ദേവസ്ത്രീകളും മനുഷ്യസ്ത്രീകളും സൗന്ദര്യത്തിൽ ഒരുപോലെയാണെന്നോ? അല്ലാ; അതങ്ങനെയല്ല. അങ്ങനെയാ ണെങ്കിൽ രാമൻ ആ മഹാലക്ഷ്മിയെന്ന ദേവാംഗനയെ അതേ രൂപത്തിൽ തന്നെ ഭൂമിയിലേയ്ക്ക് ആവാഹിച്ചുകൊണ്ടുവന്ന്, താനും സാക്ഷാൽ മഹാവിഷ്ണുരൂപം പൂണ്ട്, ഇനിയൊരു പരിണയമെന്ന ചടങ്ങിൽ ഉൾപ്പെടാതെ, അനന്തരകാര്യങ്ങൾ നടത്തുമായിരുന്നല്ലോ. അപ്പോൾ അതങ്ങനെയല്ലാ വേണ്ടത്. മനുഷ്യരൂപം പൂണ്ടത് അതിൻെറ ആകാരസുഷമയോർത്തുതന്നെ. എന്താണ് ദേവൻമാർക്കും ദേവിമാർക്കും ഒരു കുറവ് സൗന്ദര്യത്തിൽ? അതാ കമ്പർ അത് സൂചിപ്പിക്കുന്നു; സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. അതാണല്ലോ കവികർമ്മം; അതിലാണല്ലോ കവിതാമർമ്മം. എന്താണ് ആ സൂചന. മനുജാംഗനമാരും ദേവാംഗനകളും ആടി, പാടി. ഒരുമിച്ചുതന്നെ. പക്ഷേ ദേവസ്ത്രീകൾ മനുഷ്യസ്ത്രീകളുടെ നൃത്തനൃത്യചാതുരി കണ്ട് ക്ഷീണിച്ചുപോയി. ആ ദേവസ്ത്രീകൾ അനിമേഷകളാണ്; നൃത്യാദികലകളിൽ ഭാവപ്രകാശത്തിനു ദൃഷ്ടിക്ഷേപം പല പ്രകാരത്തിൽ വേണം. ഇമയില്ലാത്ത ആ വാനവപ്പെൺകൊടികൾക്കുണ്ടോ അതിനു കഴിയുന്നു? മനുഷ്യസ്ത്രീകൾ അങ്ങനെ ഭാവ പ്രകാശനസുന്ദരമായ ദൃഷ്ടിവിക്ഷേപത്തോടെ നർത്തനം ചെയ്യുന്നതു കണ്ടപ്പോൾ മേലേനിന്നു വന്നിറങ്ങിയ ആ പെണ്ണുങ്ങൾ നാണിച്ചുപോയി! "മാനിടം വെൻറിതമ്മാ!" (മാനുഷ്യകം അഹോ, വിജയിച്ചു) എന്നു പാടിയ കമ്പർ ഒരു തികഞ്ഞ "ഹ്യൂമനിസ്റ്റ്" തന്നെയായിരുന്നു.

## നഗരപ്രദക്ഷിണം

വരനെ വിവാഹത്തിനു തലേന്ന് ഊരു കാണിക്ക എന്ന ചടങ്ങ് ഇന്നും തമിഴ്നാട്ടിൽ തുടരുന്നു. സീതാപരിണയത്തിനു തലേനാൾ രാമനെ ഊരുകാണിക്കയാണ് മഹാകവി കമ്പർ. രാമനും ലക്ഷ്മണനും മറ്റു സഹോദരങ്ങളും രഥത്തിൽ എഴുന്നെള്ളുന്ന കാഴ്ച കാണാൻ മിഥിലയിലെ ജനങ്ങൾ നഗരവീഥിക്കിരുവശത്തും തിങ്ങി ക്കൂടുകയാണ്.

*മാൻപേടക്കൂട്ടം വരുംപോലെയും, മയിലുകൾ*
*മന്ദസഞ്ചാരം ചെയ്തുവരുംപോലെയും*
*മാനത്തു താരാനിരവന്നുതിരക്കുംപോലെ*
*മാളികതോറും മിന്നൽക്കൊടികൾപോലെ*
*മത്തമധുകരങ്ങളൊത്തു ചേർന്നാർപ്പിടവേ*
*മഞ്ജുമഞ്ജീരനാദം പൊഴിഞ്ഞിടവേ*
*പൂന്തേനാലീറനായ കൂന്തലോടണ്ടുവന്നൂ*
*പൂരിതാനന്ദം പുരസുന്ദരികൾ*
*വാർമുടിക്കെട്ടഴിഞ്ഞുവീണതും മേഖലകൾ*
*വാർന്നിഴിഞ്ഞതുമേതുമറിഞ്ഞിടാതെ*
*പൂന്തുകിലഴിഞ്ഞതുതാങ്ങാതെ തനുമദ്ധ്യം*
*താന്തമായതുകണ്ടുതങ്ങീടാതെ*
*തിക്കിത്തിരിക്കിവന്നുതിങ്ങി 'നീങ്ങുവിനെന്നു*
*നല്ക്കിളിമൊഴിചൊല്ലികലഹമാർന്നും!*
*തേനുണ്ണാൻകൊതിപൂണ്ടുതെണ്ടിടും വണ്ടിണ്ടപോൽ*
*തേൻമൊഴിമാരവിടെ ഞെരുങ്ങിവന്നു.*

ചില സ്ത്രീകൾ മാൻപേടകൾ; മറ്റു ചിലരുടെ വരവ് മയിലുകൾ മന്ദസഞ്ചാരം ചെയ്യും പോലെ. പ്രായവും സ്വഭാവവും ഇതിൽപ്പരം വ്യക്തമാക്കുന്നതെങ്ങനെ? അങ്ങനെ വീഥിയിലും, പിന്നെ മാളികകളിൽ മിന്നൽകൊടികൾപോലെ മേലെയും, മിഥിലയിലെ സുന്ദരിമാർ 'മാപ്പിള്ള'യെകാണാൻ തിങ്ങികൂടി. അവർ രാമനെക്കാണുന്ന തെങ്ങനെയെന്ന് ഒരുപദ്യം കൊണ്ട് കമ്പർ വർണ്ണിക്കുന്നത് ഇന്നും തമിഴ്സാഹിത്യത്തിലെ ഏറ്റവും

ധ്വന്യാത്മകകവിതയായി സഹൃദയർ കൊണ്ടാടുന്നുണ്ട്. ഇതാണ് ആ പദ്യം:-

*തോൾ കണ്ടോർതോളേകണ്ടാർ,*
*വീരക്കഴലെഴുംതൃ-*
*ക്കാൽ കണ്ടോർ ചെന്താമരക്കാലേകണ്ടാർ*
*അത്തിരുക്കൈത്താർകണ്ടോരായതേകണ്ടാർ, വാളി-*
*ന്നൊത്തകൺമുനയെഴും പെൺമണികൾ*
*ആ രൂപം ആരു മുറ്റും കണ്ടവർ? മതമോരോ-*
*ന്നാവിരാഡ്രൂപം തന്നെയെന്നപോലെ.*

സ്ത്രീകൾ പുരുഷൻമാരെ നോക്കുമ്പോൾ ഏതംഗമാണാദ്യം സ്വതേ നോക്കുക? മഹാകവിക്ക് അതറിയാം. വീരലക്ഷ്മി കുടികൊള്ളുന്നത് ഭുജത്തിൻമേലാണ്. പുരുഷൻമാരുടെ വീരത്വമാണ് സ്ത്രീകൾക്ക് ആകർഷകം. അവർ രാമൻെറ ഭുജത്തിലേക്കാണ് ആദ്യം ദൃഷ്ടിപായിച്ചത്. അങ്ങനെ തോളിൽ നോക്കിയവർ, ആ തോൾ തന്നെ നോക്കിനിന്നുപോയി! മറ്റൊരിടത്തേയ്ക്കും അവരുടെ നോട്ടം പോയില്ല. മറ്റു ചിലർ അഹല്യക്ക് മോക്ഷം നല്കിയ ആ തൃക്കാൽ കാണാനാണ് കൊതിച്ചത്. അവരങ്ങോട്ടു നോക്കി. അവരുടെ നോട്ടം അവിടെത്തന്നെ തടഞ്ഞുപോയി! സീതാദേവിയെ പാണിഗ്രഹണം ചെയ്യാൻ പോകുന്ന ആ രാജന്യകുമാരൻെറ കൈത്താർ കാണാൻ വേറെ ചിലർ കൊതിച്ചു. അവരുടെ നോട്ടം നിലച്ചു. ഇതാരുടെ കുറ്റം? ആ പെൺമണികളുടെ നോട്ടം ഓരോ അംഗത്തിലും ചെന്നത്, അവിടെത്തന്നെ തടഞ്ഞുപോയത് എന്തുകൊണ്ടാണ്? ഇരു കക്ഷിക്കാരും - നോക്കിയ കക്ഷിയും നോക്കപ്പെട്ട കക്ഷിയും - കുറ്റക്കാർ തന്നെ. രാമൻെറ ഓരോ അംഗവും അത്രയ്ക്ക് അഴകുറ്റതാണ്. അവരുടെ കുറ്റമെന്താണ്? അവരുടെ കണ്ണുകളുടെ കൂർമ്മയാണ് കുറ്റം ചെയ്തത്. വാൾമുനപോലെ കൂർത്ത കണ്ണുകൾ ഒരിടത്തുചെന്നു തറഞ്ഞാൽ അവയെ എങ്ങനെ തിരിച്ചെടുക്കാനാവും?. അങ്ങനെ രാമൻെറ ഓരോ അംഗമേ ഓരോരുത്തർ കണ്ടുള്ളു. അതെങ്ങനെ എന്നു മഹാകവി തുടർന്നു

പറയുന്നു. ഓരോ മതവും വിശ്വവ്യാപകമായി, വിശ്വരൂപ മായിത്തന്നെ വിളങ്ങുന്ന വിരാഡ്രൂപത്തെ ഓരോതരത്തിലാണ് വീക്ഷിച്ചിരിക്കുന്നത്. ഈശ്വരൻ അരൂപനാണ്; സരൂപനാണ്; പ്രേമമാണ്; സൗന്ദര്യമാണ്; ധർമ്മസ്വരൂപനാണ്; അധർമ്മ വിദ്വേഷിയാണ്; ദുഷ്ടൻമാരെ ദണ്ഡിപ്പിക്കുന്ന വനാണ്; ശിഷ്ടസംരക്ഷകനാണ്..... ഇങ്ങനെ ഓരോ മതവും ഓരോ തരത്തിലാണ് പരബ്രഹ്മത്തെ വീക്ഷിക്കുന്നത്. ഓരോ വീക്ഷണവും ഭാഗികസത്യമേ ആകൂ. ഒരു മതവും ബ്രഹ്മ സ്വരൂപത്തെ പൂർണ്ണമായി കണ്ടിട്ടില്ല. അതുപോലെയാണ് ഈ പെൺകൊടികൾ രാമനെ വീക്ഷിച്ചത്. രാമൻ വിരാട് സ്വരൂപം തന്നെയെന്നു കാവ്യനീതി പുലർത്താനുള്ള ധ്വനിയും ഈ പദ്യത്തിൽ മഹാകവി ഒതുക്കിവച്ചിരിക്കുന്നു.

**ചാപഭഞ്ജനരംഗം**

ശ്രീരാമൻ ചാപഭഞ്ജനം ചെയ്യുന്ന രംഗത്തിന്റെ ആവിഷ്ക്കരണം കമ്പരുടെ ചിത്രീകരണപാടവത്തിന് മകുടോദാഹരണമാണ്. ഇന്നത്തെ ഒരു സിനിമാ സംവിധായകനെ പരാജിതനാക്കുന്നു മഹാകവി രംഗചിത്രീകരണകലയിലും പാത്രസംവിധാന ഭംഗിയിലും.

ജനകന്റെ പുരോഹിതൻ ശതാനന്ദനാണ്; ഗൗതമന് അഹല്യയിൽ ഉണ്ടായ പുത്രൻ. വിശ്വാമിത്രന് ഗൗതമൻ ത്രയ്യംബകചാപത്തിന്റെ കഥ പറഞ്ഞുകൊടുത്തു. ആ വില്ല് ഒടിക്കുന്ന കുമാരനേ സീതയെ വേൾക്കാനാവൂ. മാരാരിയുടെ വില്ലാണ്. അതൊന്ന് പൊക്കാനാവാതെ അനേകം രാജകുമാരൻമാർ മാരന്റെ വില്ലടിയേറ്റ് പിൻതിരിഞ്ഞു. അന്നു മുതൽക്ക് ഈ മുഹൂർത്തം വരെ ഒരു മന്നനും ഈ വില്ലിനടുത്ത് എത്തിയിട്ടേ ഇല്ല. ഈ കുമാരി കന്യയായ്തന്നെ വർത്തിക്കുമോ എന്ന് എല്ലാവരും ഭയപ്പെടുന്നു. ശതാനന്ദൻ തുടർന്നു പറഞ്ഞു. 'ഈ കുമാരൻ വില്ല് ഒടിച്ചാൽ നന്ന്'.

*എന്നു ശതാനന്ദ വാക്യങ്ങൾ കേൾക്കവേ*
*നന്നായ് ജടാഞ്ചലചാലനം ചെയ്തുടൻ*

ഉന്നത താപസൻ കൗശികൻ രാഘവ-

നന്ദനൻ തൻമുഖം നോക്കീസകൗതുകം.

സുന്ദരനിന്ദീവരദളലോചന-

നിന്ദോപലനിഭശ്യാമളൻ കോമളൻ

ഇംഗിതമെന്തെന്നറിഞ്ഞുടൻ നോക്കിനാൻ

ഇന്ദുചൂഡൻെറ ശരാസനം തൽക്ഷണം.

രാമൻെറ നോട്ടം ത്ര്യംബകത്തിൽ പതിഞ്ഞു. ആഹൂതിയായ നെയ്യ് ചെന്തീക്കനലിൽവീഴുമ്പോൾ അഗ്നി ആളിക്കത്തി ഉയരുന്നു. രാമൻ എണീറ്റു. അദ്ദേഹത്തിൻെറ പൗരഷാഗ്നി ആളിക്കത്തി. ദേവൻമാർക്ക് ആശ്വാസമായി. അതാ സീതാ പരിണയം നടക്കാൻ പോകുന്നു. താപസൻമാർ കുമാരന് ആശിസ്സരുളി.

രാമൻ ത്ര്യംബകത്തിനടുക്കലേയ്ക്കു നടക്കുകയാണ്. തെല്ലിട കിട്ടീ കവിക്ക് മറ്റൊരു രംഗത്തിലെ ദൃശ്യം പകർത്താൻ. അദ്ദേഹം അതാ തൻെറ ഭാവനയുടെ ഛായഗ്രാഹി മറ്റൊരു രംഗത്തിലേയ്ക്ക് തിരിക്കുന്നു. ആ സമയംകൊണ്ട് രാമൻ വില്ലിനടുക്കൽ നടന്നെത്തട്ടെ; വെറുതെ അരങ്ങു മുഷിപ്പിക്കരുതല്ലോ!

ഏതാണ് ആ ദൃശ്യം? അനംഗാരിയുടെ ചാപം ഭഞ്ജിക്കാൻ ശ്രീരാമൻ നടന്നകലുമ്പോൾ ആ കോമള സ്വരൂപനെ നോക്കി അവിടെയുള്ള യുവതികൾ ആനന്ദിക്കുകയായിരുന്നു. അവരുടെ ചിന്താശതങ്ങളിൽ യുവചിത്തമഥനനായ അംഗജൻ അമ്പെയ്ത് എയ്ത് ആയിരമായിരം വില്ലൊടിച്ചു. കാമാരിയുടെ വില്ല് കാമകോമളനായ രാമൻ ഒടിക്കാൻ ചെല്കെ കാമദേവൻ നിർഭയം ശരമാരി ചൊരിഞ്ഞ് യുവതികളുടെ മനസ്സിളക്കി. അവരുടെ മനോരഥം രാമൻ അവർക്ക് ഭർത്താവാകണമെന്നതല്ലായിരുന്നു. അവർ അത്രമാത്രം സ്നേഹിക്കയും ആരാധിക്കയും ചെയ്യുന്ന സീതാകുമാരിയെ ഈ യുവകോമളൻ പരിണയിച്ചില്ലെങ്കിലോ എന്ന ഭയം അവർ ഉറക്കെ തുറന്നു പറയുക തന്നെ ചെയ്തു. രാമൻെറ കാമകോമളകളേബരത്വത്തിൽ അവരുടെ മനസ്സിളകിയത് ഈ ഒരാവേശവും ആവശ്യവും കൊണ്ടാണെന്ന് കവി വ്യക്തമാക്കുന്നത് നോക്കുക.

മാനിനിമാരവർ ചൊല്ലിനാരോരോന്നു:-
"മാമലയ്ക്കൊപ്പമീവില്ലുമഹത്തരം!
നാണമഴകണിയായൊരമ്മങ്കതൻ
പാണിയാം പല്ലവമീയുവകോമളൻ
ചേണുറ്റ തൽകരത്താരിലണയ്ക്കാതെ
വാണീടിലാവാഴ്ച പാഴായി നിർണ്ണയം"!
കഞ്ജ സമാനകരങ്ങൾ കൂപ്പിയൊരു
മഞ്ജുളഗാത്രിയാൾ ചൊന്നാളിതുവിധം?
"കുഞ്ജരസന്നിഭനിന്നിവൻ വില്ലേറ്റി-
യെൻകണ്ണിലാനന്ദബാഷ്പം തുരുതുരെ
സഞ്ജാതമാക്കിയില്ലെങ്കിലോ ചാടുവൻ
ചെന്തീയിൽ ഞാനെൻെറസീതയുമൊത്തുടൻ"
മറ്റൊരുനാരിയാൾ ചൊല്ലിനാൾ" തമ്പുരാൻ
തെറ്റാണ് ചെയ്തതിക്കാര്യത്തിലോർക്കുകിൽ
തെറ്റെന്നു കന്യയെ നല്കാതെയെന്തിനി-
ക്കറ്റച്ചിടയോൻെറ വില്ല് വരുത്തിനാൻ?"
"ജ്ഞാനിയാമിമ്മുനിക്കില്ലൊരു നാണവും
മാനിയാം മന്നനതിക്രൂരനേറ്റവും
പീനസ്തനിയുടെ ജീവിതം പാഴിലാ-
മീനരപാല കുമാരനില്ലെങ്കിലോ!"

ഇങ്ങനെ മിഥിലാരാജധാനിയിലെ സുന്ദരിമാർ ഓരോന്നു പറഞ്ഞു പറഞ്ഞിരിക്കെ, അതാ രാമചന്ദ്രൻ മന്ദംമന്ദം നടന്ന് ത്ര്യംബകചാപത്തിനടുത്ത് എത്തി. "സീതയ്ക്ക് ചൂടുവാൻ ഉണ്ണിയോരേടലർമാല്യമതെന്ന പോൽ" രാമചന്ദ്രൻ ആ വില്ല് ലാഘവപൂർവ്വം ചെന്നെടുത്തു.

കണ്ണിമകൂട്ടാതിരുന്നവരാരുമേ
കണ്ടീല കാലൂന്നി വില്ലു കുലച്ചതായ്!
കണ്ടാർ കരത്തിലെടുത്തതും തൽക്ഷണം
തുണ്ടായ്മുറിഞ്ഞുള്ളൊരൊച്ചകേട്ടാരവർ!

അണ്ഡകടാഹം ആകെ ഞെട്ടിവിറച്ചു. ഭൂമിയെ താങ്ങി യിരുന്ന ആദിശേഷൻ ഇടിനാദമെന്നോർത്തു ഭയന്നു. വിണ്ണവർ

പൂമഴ വർഷിച്ചു. വാനം പൊൻമഴതൂകി. നുരയണിഞ്ഞ ആഴി നറുമുത്തുകളും രത്നങ്ങളും തൂകിയാർത്തു. മുനിമാർ ധന്യനായ ജനകനെ വാഴ്ത്തി. വേലുപോലെ കൂർത്ത നയനങ്ങളും മതിപോലെ മുഖബിംബവുമുളള നതാംഗികൾ വീണാഗാനത്തിൻെറ താളത്തിനൊത്ത് ആടി.

ഈ സമയമെല്ലാം സീതാദേവി വിരഹതാപം പൊറാഞ്ഞ് അന്തഃപുരത്തിലൊരിടത്ത് സഖിമാർ ചൂഴ്കെ വിലപിച്ചു കൊണ്ടിരിക്കയായിരുന്നു. തലേന്ന് ഒരു മഹർഷിയുടെ പിന്നാലെ ശ്യാമളാംഗനായ ഒരു കുമാരൻ രാജവീഥിയിലൂടെ നടന്നു പോകുന്ന കാഴ്ച കൊട്ടാരത്തിലെ നിലാമുറ്റത്ത് കേളിയാടിക്കൊണ്ടിരുന്ന സീതാദേവി കണ്ടു. ആ യുവകോമളൻെറ കണ്ണുകൾ ദേവിയുടെ കണ്ണുകളുമായി ഇടഞ്ഞു. ഒരു നോക്കേ ഇരുവരും പരസ്പരം നോക്കിയുള്ളു. ഇരുവരുടേയും ഹൃദയം ഒന്നായിത്തീർന്നു. അതങ്ങനെ വരാനേ വഴിയുള്ളു. പാലാഴിയിൽ പള്ളികൊണ്ടിരുന്നവരാണ് ഇരുവരും. അവർ പിരിഞ്ഞു; പിന്നെക്കാണുമ്പോൾ ഹൃദയം ഹൃദയത്തോട് ചേരാതിരിക്കുമോ?

പക്ഷേ ദേവിക്കറിയില്ലാ ആ ശ്യാമളാംഗൻ ആരെന്ന്. ആ നിമിഷം മുതൽ അത്യന്ത വിരഹവേദനകൊണ്ട് പരിസര ബോധമില്ലാതെ കുമാരി സഖികളുടെ ശീതോപചാരമേറ്റ് കഴിയുകയായിരുന്നു. അഴലാകുന്ന ആഴിയുടെ അടിത്തട്ടിൽ മുഴുകിയിരുന്ന കുമാരിക്ക് അണ്ഡകടാഹത്തെ വിറപ്പിച്ച ആ ചാപഭഞ്ജനനാദം കേൾക്കാൻ കഴിഞ്ഞില്ല. അതാ പെട്ടെന്ന് ഒരു മിന്നൽക്കൊടി. അല്ലാ, സീതാദേവിയുടെ പ്രിയസഖി, നീലമാല, ഓടിയണഞ്ഞു. കണ്ഠത്തിലണിഞ്ഞ ഹാരങ്ങളും കാതിലണിഞ്ഞ കുണ്ഡലങ്ങളും കൊണ്ട് മഴവില്ലിൻെറ മനോഹാരിത എങ്ങും പരത്തിക്കൊണ്ടാണ് നീലമാലയുടെ വരവ്. അവളുടെ പൂമാലയണിഞ്ഞ കാർകൂന്തലഴിഞ്ഞു. മാറണിച്ചേല മാറി; ഇതൊന്നും ആ സുന്ദരി അറിയുന്നില്ല; ആത്മവിസ്മൃതി കൊണ്ടാണ്. അവൾ ആടിയും പാടിയുമാണ് ഓടി അണഞ്ഞത്. അതെ ആനന്ദരൂപിണിയായി മാറിക്കഴിഞ്ഞു നീലമാല. എല്ലാം

മറന്നു ആ തോഴി; കൊച്ചു തമ്പുരാട്ടിയുടെ ചേവടിത്താർ കൂപ്പാനും മറന്നു. സീത ചോദിച്ചു;

*എന്തു നീ ചൊല്ലടോ സുന്ദരീ, യെന്തൊരു*
*സന്തോഷവാർത്തയുണ്ടായതു മത്സഖീ:*

സീതയുടെ കണ്ണിൽ ആ സഖി പരമസുന്ദരിയായിരുന്നു. തോഴിക്കത്ര സൗന്ദര്യമുണ്ടെങ്കിൽ നായികയ്ക്കോ? (കരുണയിലെ വാസവദത്തയുടെ തോഴിയെ ഓർത്തുപോകുന്നു. അവളുടെ 'ഓമൽക്കൈവെള' കിലുങ്ങിയെന്നല്ലേ മഹാകവി എടുത്തു പറഞ്ഞത്? സംശയിക്കാനുണ്ടോ? നായികയുടെ സൗന്ദര്യത്തെ പരോക്ഷമായി വർണ്ണിക്കുന്ന ഈ കലാചാതുരി വിചാര രമണീയമല്ലേ?)

കൗതുക ചോദിതയായി സീത ചോദിച്ചു. എന്താണ് കഥയെന്ന്. ആ മിടുക്കിപ്പെണ്ണ് പെട്ടെന്നങ്ങു കാര്യം പറയുമോ? അത് ആപൽക്കരമാണ്. അവൾ ആരംഭിച്ചു.

"ആന, കുതിര......."

മെല്ലെ നിർത്തി നിർത്തിയാണ് അവൾ പറഞ്ഞിരിക്കുക. കാര്യം പറയാതെ ആന, കുതിര എന്നെല്ലാം. വിരഹാഗ്നിയിൽ വെന്തു നീറിക്കഴിഞ്ഞ സീതയുടെ ജിജ്ഞാസ ആളിക്കത്തി. തോഴി മെല്ലെ തുടർന്നു.

*"ആന, കുതിര, തേർ, കാലാൾപ്പടകട-*
*ലാളും വദാന്യൻ ദശരഥഭൂപതി.*
*ആ നരപാലകൻ തൻസുതൻ,...."*

ചതുരംഗസേനാസമുദ്രത്തിന്റെ ഉടമയാണ് ദശരഥ ചക്രവർത്തി (അതിന്? സീതയുടെ കൗതുകം വീണ്ടും ഉണർന്നു.) വദാന്യനാണ് അദ്ദേഹം. 'അതുകൊണ്ട്?' ആ ചക്രവർത്തിയുടെ തിരുമകൻ. (ആവട്ടെ, ചക്രവർത്തിക്ക് ഒരു തിരുമകനു ണ്ടായിക്കൊള്ളട്ടെ. എന്തു സംഭവിച്ചു?) കാമനെ ആകാര സുഷമയിൽ വെന്ന കുമാരനാണ്. (ഓ. കേമനായ പിതാവ്; അദ്ദേഹം ചക്രവർത്തി; അദ്ദേഹത്തിന് കാമകോമളനായ ഒരു

പുത്രൻ! ഏതു രാജകന്യകയാണ് കൊതിക്കാത്തത്; ആ നിലയ്ക്കുള്ള ഒരു വരനെ? പക്ഷെ സീതയുടെ മനസ്സ് ആ കുമാരനിലല്ലാ എങ്കിലും അവൾ കഥ കേട്ടുകൊണ്ടിരുന്നു. ചതുരയായ ആ സഖി പെട്ടെന്നങ്ങു പറഞ്ഞു തീർക്കുന്നുമില്ലാ കാര്യം.) അവൾ തുടർന്നു :- ആദിശേഷനിൽ ശയിക്കുന്ന സാക്ഷാൽ മഹാവിഷ്ണുവാണ് എന്ന് ആരും ആശങ്കിക്കും ആ രാജകുമാരനെ കണ്ടാൽ. (ആയിക്കൊള്ളട്ടെ. അതിനു സീതാകുമാരിക്കെന്ത്? അവളുടെ ഹൃദയം മറ്റൊരാൾ അപഹരിച്ചിരിക്കുന്നു.) തോഴി തുടർന്നു:-

"ആ അത്ഭുതപുരുഷൻ അനുജനോടും തപസ്വിയായ വിശ്വാമിത്രനോടും ഒരുമിച്ച് ഇതാ നമ്മുടെ കൊട്ടാരത്തിൽ എത്തിയിരിക്കുന്നു." സീത സശ്രദ്ധം സകൗതുകം ആ കഥ കേൾക്കാൻ ഒന്നെണീറ്റിരുന്നു. നീഹാരശീകരശീതളകോമളമായ നീരലർമെത്തയിൽ തളർന്നു കിടക്കുകയായിരുന്നു അത്രയും നേരം ആ വിരഹിണി! ദേവിയുടെ ഭാവന ഒന്നു വിടർന്നു; വികസിച്ചു; ഓർമ്മയിൽ ആ ചിത്രം മെല്ലെ തെളിഞ്ഞു. മുൻപിൽ ഒരു താപസൻ; തൊട്ടു പിന്നാലെ ഒരു ശ്യാമളകോമളാംഗൻ; പിന്നാലെ ഒരു പൊന്നൊളി മേനിയുള്ളവൻ! തോഴി പറയുന്നത് തൻെറ ഹൃദയം അപഹരിച്ച ആ നീരാളിവർണ്ണൻെറ കഥയാകുമോ? ദേവി എണീറ്റിരുന്നതിൽ, കാതു കൂർപ്പിച്ചിരുന്നതിൽ, എന്തത്ഭുതം?

*തോഴി വീണ്ടും തുടർന്നു:-*

*"എത്തിനാൻ ത്ര്യംബകമൊന്നു കാണുവാ-*
*നെന്നതറിഞ്ഞു രാജാജ്ഞയാലങ്ങുടൻ*
*എത്തിച്ച വില്ലുഞാണേറ്റിനിന്നാൻ, പുരു-*
*ഷോത്തമനപ്പോൾ നടുങ്ങീ നിലിമ്പരും!*
*മാത്രയ്ക്കകം പദം കൊണ്ടൂന്നി. യത്രയ്ക്കു-*
*മാത്രം പഴകിയശസ്ത്രം കണക്കിനെ*
*സത്വബലത്താൽ വളച്ചാ, നനിമേഷ-*
*രെത്രയും വാഴ്ത്തിനാർ, ചെയ്തു പൂവർഷവും.*

*രാജസഭയ്ക്കും നടുക്കമുണ്ടായ്‌രാജ-*
*രാജിതമൗലിധനുസ്സുമുറിഞ്ഞുപോയ്!"*

അങ്ങനെ നീലമാല കഥ പറഞ്ഞു. ആ ചക്രവർത്തിത്തിരുമകൻ വില്ലൊടിച്ച കഥ പറഞ്ഞു. സീതാകുമാരി ചിന്താധീനയായി. ആനന്ദത്തിൻെറ നിലാവും ആശങ്കയുടെ നിഴലും ആ മനസ്സിൽ ഊടും പാവും പാകി.

"മാമുനിയോട് ഒരുമിച്ചങ്ങുവന്ന കാർമുകിൽവർണ്ണനായ താമരക്കണ്ണൻ തന്നെയായിരിക്കണം കാമനായ് താൻ കണ്ട കോമളൻ" എന്ന് അവൾ ഓർത്തു. തോഴി പറഞ്ഞ ആ കുമാരൻ തൻെറ കാമുകൻ തന്നെയാവാം എന്ന് ദേവി തീരുമാനിച്ചു. ഇങ്ങനെ ആ ചാപഭഞ്ജനരംഗം നാടകീയമായി മഹാകവി ചിത്രീകരിച്ചിരിക്കുകയാണ്.

സംസ്ക്കാരസൗരഭം ) ( ഡോ: എസ്. കെ. നായർ

# 5. ആത്മകഥ സത്യവുമായി അടുത്തു നില്ക്കുന്ന നോവൽ

'പ്രതിജനഭിന്നവിചിത്രമാർഗ്ഗ' മായ മനുഷ്യ ജീവിതമാണ് സാഹിത്യത്തിൻെറ ഇതിവൃത്തം. സാഹിത്യ കൃതിയുടെ പിന്നിൽ അതിൻെറ കർത്താവുണ്ടാകും. ആത്മാംശം കലരാത്ത സാഹിത്യകൃതികളൊന്നും ഉത്തമ സാഹിത്യത്തിൽ ഉണ്ടാവില്ല. നിപുണനേത്രങ്ങൾക്കു മാത്രമേ ഇത് കണ്ടറിയുന്നതിന്നു കഴിവുണ്ടായുള്ളു എന്നുവരാം. അപ്പോൾ ആത്മകഥാംശം ഉൾച്ചേർന്നതാണ് ഉത്കൃഷ്ടസാഹിത്യം എന്നർത്ഥം. ആകപ്പാടെ ഒരു കാഴ്ചപ്പാട് എന്ന നിലയിലാണ് അവ സാമാന്യേന പരിസ്ഫുരിക്കുക. കഥാപാത്രങ്ങളിലൂടെയും അവതരണ രീതിയിലൂടെയും സ്വന്തം വ്യക്തിത്വം വ്യഞ്ജിച്ചു കൂടായ്കയില്ല. സ്വന്തം കുടുംബകഥയെത്തന്നെ പ്രച്ഛന്നവേഷത്തിൽ അവതരിപ്പിച്ചവരുണ്ട്. എന്നാൽ പരോക്ഷമായ ഈ പ്രത്യക്ഷപ്പെടലിനു പകരം തൻെറ തന്നെ ജീവിതത്തിൻെറ കഥ, അതാണെന്നു പറഞ്ഞുകൊണ്ടുതന്നെ, ഒരു ചരിത്ര സംഭവം പോലെ ഒതുക്കിപ്പിടിച്ചു അവതരിപ്പിക്കുകയാണ് ആത്മകഥയിൽ ചെയ്യുന്നത്.

ഈ അർത്ഥത്തിലുള്ള ആത്മകഥാകഥനം എവിടെനിന്നാണ് ആരംഭിക്കുന്നത്? ആദികവി വാല്മീകി രാമകഥാഖ്യാനത്തിൽ, സ്വന്തം ജീവിതത്തിൻെറ ഒരു തിരനോട്ടം കാണിച്ചു തരുന്നു. എന്നാൽ മഹാഭാരതത്തിലാണ് ഈ ആത്മകഥാകഥനത്തിന്നു കൂടുതൽ വൈപുല്യം കൈവന്നിട്ടുള്ളത്. കുടുംബബന്ധങ്ങളെ പ്രസ്തരിച്ചുകൊണ്ടുതന്നെ വ്യാസൻ ആ ഇതിഹാസത്തിൽ തൻെറ ഉല്പത്തി കഥ കൂടി രേഖപ്പെടുത്തിയിരിക്കുന്നു. അംഗീകൃത

സമുദായ നീതികളെ ഉല്ലംഘിക്കുന്നതാണ് ആ ഉല്പത്തി കഥയെങ്കിലും വ്യാസൻ അത് ഒട്ടും വളച്ചുകെട്ടില്ലാതെ അവതരിപ്പിച്ചിരിക്കുന്നു. ഇതിഹാസകർത്താവായ വ്യാസൻ ഇതിവൃത്താംശമായ വ്യാസനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കാണിക്കുന്ന നിസ്സംഗതയും ആർജ്ജവവും ലോകത്തിൽ ആരുടെയെങ്കിലും ആത്മകഥയിൽ കാണാൻ കഴിയുമോ എന്നു സംശയമാണ്. ആത്മകഥ എന്നാലെന്താണ്? തന്നിൽനിന്ന് പൂർണ്ണമായി മാറിനിന്നുകൊണ്ട് തന്നെത്തന്നെ നോക്കിക്കാണാനുള്ള ഉദ്യമമാണത്. സ്വന്തം നിഴലിനെ വേറെതന്നെ എടുത്തുവെച്ചു വിശകലനം ചെയ്യാൻ ശ്രമിക്കുമ്പോലെ അസാദധ്യമായ കർമ്മമാണത് എന്നതിൽ സംശയമില്ല. ഈ അസാധ്യത സാദ്ധ്യമാക്കിത്തീർക്കുകയാണ് വ്യാസോല്പത്തിയിൽ കൃഷ്ണദ്വൈപായനൻ ചെയ്തുവെച്ചിട്ടുള്ളത്. തന്നിൽ നിന്ന് എത്രയ്ക്കു മാറിനില്ക്കുവാൻ ആത്മകഥാ കർത്താവിന്നു കഴിയുന്നുവോ അത്രയ്ക്ക് അത് സത്യസന്ധമാവും.

ജീവചരിത്രത്തിന്നും ആത്മകഥക്കും തമ്മിൽ വലിയ അന്തരമുണ്ട്. ജീവചരിത്രം ഒരു ചരിത്രശാഖയാണ്; അതോടൊപ്പം ഒരു കലാസൃഷ്ടിയും. ബാഹ്യമായ തെളിവുകളെ ആധാരമാക്കി, കാലഘട്ടത്തിൻെറ പശ്ചാത്തലത്തിൽ തൻെറ നായകനെ അവതരിപ്പിക്കുകയും വ്യാഖ്യാനിക്കുകയുമാണ് ജീവചരിത്രകാരൻ ചെയ്യുന്നത്. പ്രതിപാദ്യത്തെ സംബന്ധിച്ചിടത്തോളം ഒരു കേട്ട്കേൾവിക്കാരൻെറ സാക്ഷിത്വമേ അവിടെ ഗ്രന്ഥകാരന്നുള്ളു. ചരിത്രത്തിൻെറ താളുകളിൽനിന്നു സംഭരിച്ചെടുക്കുന്ന രേഖകളും സമീപകാലത്തു ജീവിച്ചവരാണെങ്കിൽ നായകൻെറ പരിചയമണ്ഡലത്തിൽപ്പെട്ടവർ നല്കുന്ന കൈപ്പീത്തുകളും മാത്രമാണ് അദ്ദേഹത്തിന്നു പ്രമാണങ്ങളായിക്കിട്ടുന്നത്. ചരിത്രസംഭവങ്ങൾ മാറിമാറിവരികയും പുതിയ പുതിയ ചരിത്രരേഖകൾ കിളർന്നുവരികയും ചെയ്യുമ്പോൾ ഒരു തലമുറ കണ്ട വ്യക്തിയെ തികച്ചും ഭിന്നമായ രീതിയിൽ അടുത്ത തലമുറ കണ്ടുവെന്നു വരാം. അപ്പോൾ ജീവചരിത്രങ്ങൾ മാറിയെഴുതപ്പെടുന്നു. മനുഷ്യമനസ്സിൻെറ പ്രവർത്തനങ്ങളെക്കുറിച്ചു ലഭിക്കുന്ന നൂതന വിജ്ഞാനങ്ങൾവെച്ചുകൊണ്ട് ചരിത്ര

പുരുഷൻമാരെ പുനരവലോകനം ചെയ്യുക ഇന്നു സാധാരണ മായിത്തീർന്നിട്ടുണ്ട്. ഫ്രോയിഡും യുങ്ങും നല്കിയ മന:ശാസ്ത്രത്തിൻെറ ചില്ലുകുഴലുകൾ വെച്ചുകൊണ്ട് പരിശോധിച്ചു നോക്കുമ്പോൾ, ധീരോദാത്തരായിക്കണ്ട പലരുടേയും മുഖഛായ തന്നെ മാറിപ്പോയെന്നു വരുന്നതും അപൂർവ്വമല്ല. കാലഘട്ടത്തിൻെറ മൂല്യ ബോധവും എഴു ത്തുകാരൻെറ വീക്ഷണഗതിയും ഒരേ വ്യക്തിയെ കണ്ടാ ലറിയാത്തവിധം രൂപം മാറ്റി അവതരിപ്പിച്ചു കൂടായ്കയില്ല. നെപ്പോളിയനെക്കുറിച്ച് ഫ്രഞ്ചുകാരനായ വിക്തോർ യൂഗോവും (പാവങ്ങൾ) റഷ്യാക്കാരനായ ലിയോ ടോൾസ്റ്റോയിയും (യുദ്ധവും സമാധാനവും) നൽകുന്ന ചിത്രങ്ങൾ ഒന്നു താരതമ്യപെടുത്തിനോക്കിയാൽ ഇക്കാര്യം വ്യക്തമാവും.

എന്നാൽ ആത്മകഥാകാരന്ന് ഇത്തരം സ്വാതന്ത്ര്യങ്ങളൊ ന്നുമില്ല. സംഭവങ്ങളുടെ ചരിത്രസത്യത്തെപ്പറ്റി ഒഴിവുകഴിവുകൾ പറയാൻ അദ്ദേഹത്തിന്നു സാധ്യമല്ല. ഒരു ആത്മകഥയിൽ കേന്ദ്രനായകനും മുഖ്യസാക്ഷിയും ചരിത്രകാരനും എല്ലാം ഒരാൾ തന്നെ. തൻെറ പരിമിതികളെ മറ്റൊരാളുടെ മേൽ ഏറ്റിവെച്ചുകൊണ്ട് ഒഴിഞ്ഞുമാറുകവയ്യ. ഒരാളുടെ ജീവിതകഥ അയാളെക്കാൾ നന്നായി മറ്റാർക്കും എഴുതുക വയ്യെന്നു ജോൺസൺ അഭിപ്രായപ്പെടുകയുണ്ടായി. ഈ വസ്തുക്കളെ യെല്ലാം തൂക്കി നോക്കിയശേഷമാവണം അദ്ദേഹം ആ അഭിപ്രായം പറഞ്ഞത്.

പ്രത്യക്ഷത്തിൽ ഈ അഭിപ്രായം ശരിയാണ്. എന്നാൽ ഇതിന്ന് ഒട്ടേറെ പരിമിതികൾ ഉണ്ട്. മനുഷ്യജീവിതം യാന്ത്രികമായ കണക്കുകൂട്ടലുകൾക്കുവഴങ്ങിക്കൊടുക്കുന്ന ഒന്നല്ല. ഏതു ആത്മകഥാകാരനും മാനുഷികമായ പരിമിതികൾക്കു വിധേയനാണ്; ജീവിതത്തിൻെറ സംഭവഗതികൾക്ക് ഒരു കാര്യകാരണബന്ധം കണ്ടെത്താൻ പലപ്പോഴും സാദ്ധ്യമായി ല്ലെന്നുവരും. ഒരു പടിയിൽ നിന്നു മറ്റൊരു പടിയിലേയ്ക്കുള്ള കുതിച്ചുകേറ്റങ്ങളും ഒരു ലോകത്തിൽ കാലൂന്നി നില്ക്കെത്തന്നെ മറ്റൊരു ലോകത്തിൻെറ കണ്ടെത്തലുകളും ജീവിതത്തിൽ സാധാരണമാണ്. ആത്മകഥകൾ രചിക്കപ്പെടുന്നത് മിക്കവാറും

മധ്യവയസ്സിന്നു ശേഷമാവും. അപ്പോഴേയ്ക്കും അനുഭവങ്ങളിൽ നിന്നും ചിന്തയിൽനിന്നും രൂപം കൊണ്ട ഒരു ജീവിത ദർശനം കൈവന്ന് കഴിഞ്ഞിരിക്കും. ശൈശവവും ബാല്യവും ഇത്തരം ജീവിതദർശനങ്ങളൊന്നും അറിഞ്ഞതല്ല. എന്നാൽ അവയുടെ പിഞ്ചുചുമലിൽ ഇവയൊക്കെ കേറ്റിവയ്ക്കാനും അതിന്നൊത്തു സ്വന്തം ജീവിതത്തിൻെറ പ്രഭാതത്തെ നിറം കലർത്തി ക്കാണിക്കാനുമുള്ള പ്രേരണയെ ആത്മകഥാകാരനു ചെറുത്തു നില്ക്കുക സാദ്ധ്യമല്ല.

ആത്മകഥാരചനയിലുള്ള വൈഷമ്യം ഇവിടെ ആരംഭിക്കു ന്നേയുള്ളു. ഇനിയും ഒട്ടേറെ ചതിക്കുഴികൾ അദ്ദേഹത്തെ കാത്തുനില്ക്കുന്നു. വസ്തുതകളെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ സ്വന്തം ഓർമ്മകളാണ് അയാൾക്ക് മുഖ്യപ്രമാണം. അനു ഭവസത്യങ്ങളെന്നു കരുതി സ്വന്തം സ്മരണയിൽ സൂക്ഷിച്ചുവെച്ച പലതും തികഞ്ഞ വസ്തു സത്യമായില്ലെന്നുവരാം. ശൈശവകാല സംഭവങ്ങളെക്കുറിച്ചുള്ള ഓർമ്മയിൽനിന്ന് കുടുംബാംഗങ്ങൾ പറഞ്ഞറിഞ്ഞവയും സ്വാനുഭവത്തിൻെറ അവശിഷ്ടമായി ശേഷിക്കുന്നവയും വേർതിരിച്ചെടുക്കുക പലപ്പോഴും സാദ്ധ്യമാവില്ല. മുത്തശ്ശിമാരും അയൽപക്കക്കാരും പറഞ്ഞു തരുന്ന കഥകൾ, പില്ക്കാലത്ത് മഹത്ത്വത്തിൻെറ പരിവേഷമണിഞ്ഞ വ്യക്തിക്ക് ഉചിതമായവിധം വർണ്ണാ ഭമായിരിക്കുമെന്നു തീർച്ച. ഇത്ര മഹാനായ ഒരാൾ ഇത്ര നിസ്സാരമായ ഒരു കാര്യം കുട്ടിപ്രായത്തിലാണെങ്കിലും ചെയ്തുവെന്നു വരുന്നത് എന്തൊരു പോരായ്മയാണ് എന്നാവും അവരുടെ മനോഭാവം. ഹെർബർട്ട് സ്പെൻസർ തൻെറ ശൈശവത്തെ ഒരു ശാസ്ത്രജ്ഞൻെറ സൂക്ഷ്മദൃഷ്ടിയിലൂടെ അടുക്കി ശരിപ്പെടുത്തിവെച്ചു കൊണ്ടാണ് ആത്മകഥയിൽ പ്രതിപാദിക്കുന്നത്. എന്നാൽ ടോൾസ്റ്റോയിയെപ്പോലുള്ള ദുർലഭം ചിലർ, പില്ക്കാലത്തു വളർന്നുവന്ന വിശ്വസാഹിത്യകാരൻെറ 'കീശപ്പതിപ്പ്' (Pocket Edition) ആയിട്ടല്ല സ്വന്തം ശൈശവത്തെ ആവിഷ്ക്കരിച്ചിട്ടുള്ളത്. അവിടെ മനുഷ്യ ശിശുവിനെ കാണാം. അതിൻെറ ദൗർബല്യങ്ങളോടും ദുശ്ശാഠ്യ ങ്ങളോടും കൂടിത്തന്നെ.

ഒട്ടെല്ലാ ആത്മകഥാകാരൻമാരും ചെന്നു വീഴുന്ന മറ്റൊരു ചതിക്കുഴിയുണ്ട്. ഓർമ്മയുള്ള മറവിയാണ് ആ ചതിക്കുഴി. തനിക്ക് അത്രയൊന്നും ഭൂഷണമല്ലാത്ത സംഭവങ്ങളെ കരുതിക്കൂട്ടി മറന്നേയ്ക്കുക. ഈ മറവി കരുതി ക്കൂട്ടിയല്ലാതെയുമാവാം. ഹൃദ്യമായതെല്ലാം ശിലാരേഖപോലെ സൂക്ഷിക്കുകയും അഹിതകരമായത് ജലരേഖപോലെ മാച്ച് കളയുകയും ചെയ്യുക മനസ്സിന്റെ ഒരു സ്വഭാവമാണ്. വസ്തുതകളെ അവ സംഭവിപ്പിച്ച രീതിയിൽ ആവിഷ്ക്കരിക്കുക മാത്രമല്ല അങ്ങിനെ മനസ്സിലാക്കുകപോലും വിഷമമാണ്. അവയെ സ്വന്തം അഭിലാഷത്തിന്റെ ചായം തേച്ച് അവതരിപ്പിക്കുന്നതിലാണ് ആത്മകഥാകാരൻമാർക്ക് താല്പര്യം തോന്നുക. ഫ്രഞ്ച് സാഹിത്യകാരനായ ആന്ദ്രേഴീദിന്റെ ആത്മകഥ കലവറയില്ലായ്മക്കും കൂസലില്ലായ്മക്കും ഉദാഹര ണമായി എടുത്തു പറയാറുണ്ട്. മറ്റുള്ളവർ മറച്ചു വെയ്ക്കാൻ വെമ്പുന്ന അവിഹിതമായ ലൈംഗികബന്ധങ്ങൾ അദ്ദേഹം ഏറ്റ് പറയുന്നു. അത്തരം ഏറ്റു പറച്ചിലുകൾ എപ്പോഴും കുറ്റബോധത്തിൽനിന്നോ ആത്മാർത്ഥതയിൽനിന്നോ ഉറന്നതായിക്കൊള്ളണമെന്നില്ല. രാഷ്ട്രീയകാര്യങ്ങൾ. മതം, പ്രേമം, വിവാഹം, ലൈംഗികബന്ധങ്ങൾ, സദാചാരബോധം തുടങ്ങിയവയെപ്പറ്റി പില്ക്കാലത്ത് താൻ കൈക്കൊണ്ട മൂല്യങ്ങൾക്കൊത്തു സ്വന്തം ജീവിത സംഭവങ്ങളെ വ്യാഖ്യാനിച്ചൊപ്പിക്കുവാൻ ഒരു ശ്രമം നടത്തിയെന്നുവരാം. അതിന്നുപാകത്തിലുള്ള ഏറ്റുപറച്ചിലുകൾ ആത്മകഥയിൽ ഉൾക്കൊള്ളിക്കുകയും ചെയ്യും. ഴീദിന്റെ ആത്മകഥയിലുള്ള ഏറ്റുപറച്ചിലുകൾ യാഥാർത്ഥ്യത്തിന്റെ ഒരംശമേ ആകുന്നുള്ളുവെന്നും തന്റെ ലൈംഗികവിശ്വാസങ്ങളെ വിളംബരപ്പെടുത്താൻ എത്രയ്ക്കാവശ്യമുണ്ടോ അത്രമാത്രമേ തുറുന്നുകാട്ടുന്നുള്ളുവെന്നും പില്ക്കാലത്ത് അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതിയവർ പ്രസ്താവിക്കുന്നു. സ്വന്തം അംഗ വൈകല്യം കാട്ടി ഭിക്ഷയെടുക്കുന്നവരുണ്ട്. അതേപോലെ തന്റെ എളിമയെ കാട്ടി അനുവാചകന്റെ അനുകമ്പ യാചിക്കുന്ന ചിലരെയും ആത്മകഥാകാരൻമാരുടെ ഇടയിൽ കാണാം. ഇത് കരുതിക്കൂട്ടി ചെയ്യുന്നതാവില്ല. പക്ഷേ ഫലം കൊണ്ട് അങ്ങനെ

വന്നു ചേരുന്നു. തൻെറ എളിയ ഉല്പത്തിയെപ്പറ്റി വേണ്ടതിലേറെ ഊന്നിപ്പറഞ്ഞ ജോർജ്ജ് സാൻെറ് (ഫ്രഞ്ച് നോവലെഴുത്തുകാരി) ഈ ആരോപണത്തിന്ന് ഇരയായിട്ടുണ്ട്. അനാഥയായിരുന്നുവെങ്കിലും ചെറുപ്പത്തിൽത്തന്നെ സമ്പന്നമായ പരിചരണങ്ങൾ ലഭിച്ചുപോന്ന വസ്തുത അവർ മറച്ചു പിടിക്കുകയാണ് ചെയ്തത്. ഈ മനോഭാവത്തിൻെറ മറുവശത്തു നില്ക്കുന്ന ചിലരുമുണ്ട്. പൊങ്ങച്ച ഭ്രമമാണ് അവരുടെ രോഗം. സ്വിൻബേൺ ആത്മകഥയിൽ പൂർവ്വികരായി എടുത്തു പറഞ്ഞ പലരും കേവലം സങ്കല്പകാഥപാത്രങ്ങളായിരുന്നുവത്രേ. താനെന്താണോ അത് ഏറ്റക്കുറച്ചിലില്ലാതെ അവതരിപ്പിച്ചവരിൽ മഹാത്മാഗാന്ധിക്ക് തുല്യനായി ആരുമില്ല. തൻെറ തത്ത്വശാസ്ത്രത്തെക്കുറിച്ചുള്ള സുദീർഘമായ പരാമർശങ്ങൾ വെട്ടി നീക്കിയാൽ റൂസ്സോവിൻെറ 'കൺഫഷൻസ്' ഗാന്ധിജിയുടെ സത്യാന്വേഷണ പരീക്ഷകളോട് അടുത്തുനില്ക്കും.

സ്വന്തം ജീവിതത്തിൻെറ ചില അദ്ധ്യായങ്ങൾ മറച്ചു പിടിക്കാൻ പലർക്കും മോഹം കാണും. അതിന്നു പ്രേരണ നല്കുന്നത് മിഥ്യാഭിമാനവും ലജ്ജാശീലവുമായിരിക്കും. അതിൻെറ ജീവിതം കലവറ കൂടാതെയും ചായം തേക്കാതെയും പറയാൻ കഴിഞ്ഞെങ്കിൽ ഇംഗ്ലണ്ടിലെ സ്ത്രീജനങ്ങൾക്ക് അതൊരു നേട്ടമായേനെ എന്നും എന്നാൽ ആഭിജാത്യബോധം തന്നെ അതിന്നനുവദിക്കുന്നില്ലെന്നും ജെയിംസ് കാർലൈൽ പറയുകയുണ്ടായി.

ആത്മകഥ, എഴുതിയ ആളുടെ കാലഘട്ടത്തിൻെറ ചരിത്രാംശവും കലാസൗന്ദര്യവും ഒത്തുചേർന്ന സൃഷ്ടിയാണ്. ജീവിത സംഭവങ്ങളെ സംഭരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നതിന്നിടയിൽ അയാൾക്ക് സുപ്രധാനമായ ഒരു കർത്തവ്യം നിർവ്വഹിക്കേണ്ടതുണ്ട്. ആ സംഭവ കൂമ്പാരത്തിൽനിന്നു ചവറുകൾ നീക്കിക്കളഞ്ഞ് അനുവാചകനെ മാത്രം അരിച്ചെടുക്കുകയെന്നതാണ് അത്. ഇങ്ങനെ ത്യാജ്യഗ്രാഹ്യങ്ങളെ വേർതിരിക്കുന്നതിൽ ആത്മകഥാകാരനിലെ കലാകാരൻ ജാഗരൂകനായിത്തന്നെ നിലകൊള്ളണം. ഒരാളുടെ പതിനെട്ടു മണിക്കൂർ നേരത്തെ ജീവിതത്തെ വിവരിക്കാൻ യൂളിസിസ്സിൻെറ

കർത്താവായ ജെയിംസ് ജോയിസ് എണ്ണൂറിൽപരം പേജുകൾ ചിലവഴിച്ചു. "സോളയുടെ പുസ്തകത്തിൽ വായനക്കാർ ഒരു താറാവിനെ തിന്നു തീർക്കുന്നത് ഇരുപതുപേജിലൂടെയാണ്. ഇതു കുറെ കടന്നുപോയി," എന്നു എമിലി സോളയെപ്പറ്റി ടോൾസ്റ്റോയി അഭിപ്രായപ്പെടുകയുണ്ടായി. ആത്മകഥ എഴുതുന്നവർക്ക് മാതൃകയല്ല, താക്കീതാണ് ഇത്. ഇവിടെ സ്വാഭാവികമായി ചില ധർമ്മസങ്കടങ്ങളെ നേരിടേണ്ടിവരും. ആത്മകഥാകാരൻ നിസ്സാരമെന്നു തള്ളുന്ന സംഗതികൾ വായനക്കാരന്നു സാരമേറിയതായിത്തോന്നാം; അനുപേക്ഷണീയമെന്നു കരുതി സ്വീകരിച്ച പലതും ബാലിശമെന്നു തോന്നിയെന്നുവരാം. ഗാന്ധിജിയും ജവഹർലാലും ഏറെക്കുറെ ഒരേ കാലഘട്ടത്തിന്റെ സ്രഷ്ടാവും സൃഷ്ടിയുമാണ്. എന്നാൽ അവരുടെ ആത്മകഥകൾ തമ്മിലുള്ള അന്തരം നോക്കൂ. ഇരമ്പിമറിയുന്ന സമുദ്രത്തിന്റെ തീരത്തിൽ നിന്നുകൊണ്ട്, അതേക്കാൾ പ്രക്ഷുബ്ധമായ സ്വന്തം ആത്മാവിന്റെ സമുദ്രജലമത്രയും ഉള്ളംകൈയ്യിൽ ആചമിച്ചൊതുക്കുകയാണ്. ഗുരു. ശിഷ്യനായ നെഹ്റുവാകട്ടെ യൗവനത്തുടിപ്പിന്റെ ഹുങ്കാരത്തിന്നു മതിവരുവോളം ആ തിരമാലകളിൽക്കയറി മാറുവിരിച്ച് നീന്തിത്തിമർക്കുകയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരം ഗാന്ധിജിക്ക് ജീവിതത്തിന്റെ സത്യാന്വേഷണ തീർത്ഥയാത്രയിൽ കയറി മറിയാനുള്ള ദുർഘടമായ ഒരു മലനിരമാത്രമാണ്. പ്രാപ്യസ്ഥാനം അവിടെയൊന്നുമല്ല; അതിവിദൂരവും അജ്ഞാതവുമായ പരമസത്യമാണ് അത്. നെഹ്റുവിന്നാകട്ടെ, ആ സ്വാതന്ത്ര്യസമരമാണ് സാധന; അതിന്റെ പ്രാപ്തിയാണ് സിദ്ധി. സ്വന്തം ജീവിതത്തിന്റെ ഈ വീക്ഷണവ്യത്യാസമാണ് ആ രണ്ട് ആത്മകഥകൾ തമ്മിൽ ഇത്ര മാത്രം അന്തരമുണ്ടാക്കിയത്. ഒരേ സംഭവക്കൂടാരത്തിൽനിന്നും രണ്ടുപേരും വാരിയെടുത്തതും തള്ളിക്കളഞ്ഞതും അവരുടെ ജീവിതദർശനത്തിന്റെ അന്തരത്തെയാണ് വിളിച്ചു പറയുന്നത്.

ജർമ്മൻ മഹാകവിയായ ഗെയ്ഥെ തന്റെ ആത്മകഥയ്ക്ക് കവിതയും സത്യവും (Poetry and Truth) എന്നാണ് പേരിട്ടത്.

ആത്മകഥയെ സംബന്ധിച്ചിടത്തോളം അർത്ഥഗർഭമായ പേരാണത്. രണ്ടിൻേറയും സങ്കലനമായി മാത്രമേ ആത്മകഥ ഉണ്ടാവുകയുള്ളു. കഴിഞ്ഞുപോയ ജീവിതത്തിൻെറ ശകലങ്ങൾ ചികഞ്ഞെടുത്തു പുന: സൃഷ്ടി നടത്തുകയാണ് ആത്മ കഥാകാരൻ ചെയ്യുന്നത്. ജീവിതം എന്തായിരുന്നുവോ, അതിൻെറ അപൂർണ്ണമായ ആവിഷ്ക്കരണം മാത്രമേ ഈ പുന: സൃഷ്ടിയിലുള്ളു. അതിൻെറ മുഖ്യധാരകളുടെ പോലും പൂർണ്ണമായ പുനരാഖ്യാനമില്ല. സ്വന്തം ജിവിതത്തിൻെറ നിർദ്ദോഷിത സ്ഥാപിക്കുവാനുള്ള വക്കാലത്തു തന്നിലർപ്പിതമാണെന്ന വിശ്വാസം എത്ര സത്യസന്ധനായ ആത്മകഥാകാരനിലുമുണ്ടാവും. ഏറിയകൂറും അബോധതലത്തിലെ പ്രേരണയായിട്ടാണ് അത് പ്രവർത്തിക്കുക. സംഭവങ്ങളെ അതിന്നൊത്തു തിരഞ്ഞെടുക്കുവാനുള്ള വ്യഗ്രതയിൽ കവിത സത്യത്തെ ചവിട്ടിക്കടന്നു ബഹുദൂരം സഞ്ചരിച്ചു കളയും. ഇതൊക്കെയായാലും ആത്മകഥ അനുവാചകനെ സംബന്ധിച്ചിടത്തോളം ഹൃദ്യമായ ഒരു സാഹിത്യസദ്യയാണ് മറ്റൊരാളുടെ ജീവിതരഹസ്യം ചികഞ്ഞുനോക്കുന്നതിന്ന് ആർക്കാണ് താത്പര്യമില്ലാത്തത്. ജീവിതഗന്ധിയായ കഥകൾ ആളുകൾക്ക് ഇഷ്ടപ്പെടാൻ ഇതല്ലേ കാരണം? മറ്റ് സാഹിത്യരൂപങ്ങളേക്കാൾ നോവലിന്നു പ്രചാരം കൂടും. അതിന്നു കാരണം അതിൽ ജീവിതത്തിൻെറ സ്പർശം കൂടുമെന്നതാണ്. ഒരു നല്ല ആത്മകഥയാവട്ടെ, സത്യാംശത്തിൽ ജീവിതവുമായി ഏറ്റവും അടുത്തു നില്ക്കുന്ന കെട്ടുകഥയാണെന്നു പറയാം. ഗ്രന്ഥകാരൻ പലതും മറച്ചു പിടിച്ചേക്കാം. എന്നാൽ താനാഗ്രഹിക്കുന്നതിലേറെ കാര്യങ്ങൾ തന്നിലൂടെ വെളിക്കു ചാടുന്നുണ്ടെന്ന കാര്യം ആത്മകഥാകാരൻ വിസ്മരിക്കരുത്. അദ്ദേഹം മൗനം പാലിക്കുന്ന കാര്യങ്ങളാണ് എടുത്തു പറയുന്ന കാര്യങ്ങളെക്കാൾ ആ വ്യക്തിത്വത്തെ വാചാലമായി വിളംബരം ചെയ്യുന്നത്.

ആത്മകഥയുടെ ഒരു ശാഖയാണ് സ്മരണകൾ (Memories). ഒരു മുഴുവൻ ജീവിതത്തിൻെറ ചിത്രം അതിലുണ്ടാവില്ല. സ്വന്തം

ജീവിതത്തിൻെറ ആഖ്യാനമാണ് ആത്മകഥയെങ്കിൽ ആ ജീവിതവുമായി ബന്ധപ്പെട്ട കാലഘട്ടത്തിന്നാണ് സ്മരണകളിൽ പ്രാധാന്യം ലഭിക്കുന്നത്. ആ കാലഘട്ടത്തിൻെറ ചിത്രം വസ്തുനിഷ്ഠമെന്നതിലേറെ വ്യക്തിനിഷ്ഠമായിരിക്കും. തൻമൂലം ഇത്തരം സ്മരണകൾക്ക് ചരിത്രരേഖകളെന്ന നിലയ്ക്ക് പ്രാധാന്യം നല്കുന്നത് സൂക്ഷിച്ചു വേണം. കഴിഞ്ഞ മഹായുദ്ധത്തിലെ മഹാനടൻ മാരായിരുന്നു ഐസൻ ഹോവരും ചർച്ചിലും മൗണ്ട് ഗോമറിയും വേവലും. ഇവരൊക്കെ ഒരേ കക്ഷിയിൽ ചേർന്നു പടവെട്ടിയ നായകൻമാരായിരുന്നു. എന്നാൽ പില്ക്കാലത്ത് അവർ എഴു തിയ യുദ്ധകാലസ്മരണകൾ വായിച്ചാൽ ഇവരെങ്ങനെ ഒരേ ചേരിയിൽ ഉറച്ചുനിന്നു പോരാടിയെന്ന് അത്ഭുതം തോന്നും. ഒരാൾക്ക് സമുന്നതമായ സൈനിക പ്രതിഭയുടെ മർമ്മഗ്രാഹിയായ കരുനീക്കമായിത്തോന്നിയ പടനീക്കം മറ്റൊരാൾക്ക് കേവലം ബാലിശമായ അബദ്ധ മായിട്ടാണ് തോന്നിയത്. ഈ സ്മരണകളിൽ പ്രതിഫലിപ്പിക്കുന്ന യുദ്ധതന്ത്രംവെച്ചു നോക്കിയാൽ സഖ്യകക്ഷികൾ ഭാഗ്യം കൊണ്ടാണ് യുദ്ധം ജയിച്ചതെന്നു തോന്നും. അല്ലെങ്കിൽ അച്ചുതണ്ടുശക്തികളുടെ പമ്പര വിഡ്ഢിത്തമാവണം അവരെ ജയിപ്പിച്ചത്! ഏതായാലും സ്മരണ'കളെ ആത്മകഥയുടേയോ ചരിത്രത്തിൻേറയോ കുടുംബാംഗമായി സ്വീകരിക്കുന്നതു സൂക്ഷിച്ചുവേണം. എന്നാൽ അതു രണ്ട് വർഗ്ഗത്തിലും കടന്നു ചെല്ലുകയും ചെയ്യും.

ചിലർ ഡയറിക്കുറിപ്പുകളുടെ രൂപത്തിൽ ആത്മകഥ സൂക്ഷിക്കാറുണ്ട്. ഒരാളുടെ ആത്മരഹസ്യത്തെ സത്യസന്ധമായി സൂചിപ്പിക്കുക ഡയറിക്കുറിപ്പുകളാണ്, അവയിലെ സത്യത്തിന് ഒരുതരം നഗ്നതയുണ്ട്. അവ തികച്ചും ആത്മനിഷ്ഠവും വികാരപ്രധാനവും ആയിരിക്കും. കാരണം, ഡയറി എഴുതുന്നത് സംഭവങ്ങളുടെ വൈകാരികമായ പരിവേഷം ആറിത്തണുക്കു ന്നതിനുമുമ്പാണ്. ഒരേ സംഭവവുമായി ബന്ധപ്പെട്ട ഭിന്ന വ്യക്തികൾ കുറിച്ചുവെയ്ക്കുന്ന ഡയറിക്കുറിപ്പുകൾ അത്യന്ത ഭിന്നങ്ങളായെന്നുവരാം. ഋഷിപ്രഭാവനായ ടോൾസ്റ്റോയിയുടെ

ഡയറിയാണ് ഇതിന്ന് ഏറ്റവും നല്ല ഉദാഹരണം. ആത്മ കഥാരൂപത്തിൽ എഴുതിയ കൺഫഷൻസ് ആ ജീവിതത്തിൽ ദാർശനികൻെറ പ്രകാശം പരത്തുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഡയറിക്കുറിപ്പുകളാണ് ആ വ്യക്തിത്വത്തിൽ കൂടുതൽ വെളിച്ചം വീശുന്നത്. അദ്ദേഹത്തിൻെറ ഭാര്യയും കുട്ടികളും പരിചാരകരും സുഹൃത്തുക്കളും ഡയറികൾ സൂക്ഷിച്ചിട്ടുണ്ട്. അവയെ ഒന്നിനൊന്നു ചേർത്തു വായിക്കുന്നത് മികച്ച ഒരു ജീവിതപഠനമായിത്തീരും. കുടുംബത്തിലെ പിരിമുറുക്കങ്ങളും പൊട്ടിത്തെറികളും പുകയും ചൂടും വസന്തവും ഹേമന്തവും, അവയിലൊക്കെ പങ്കാളികളായവരുടെ അനുഭവതീക്ഷ്ണത യോടെ നമ്മിലേക്ക് കിനിഞ്ഞിറങ്ങും. ഡയറിക്കുറിപ്പുകളുടെ ഒരു അനുബന്ധമായി കത്തുകളെയും സ്വീകരിക്കാവുന്നതാണ്.

മഹത്തായ ജീവിതങ്ങളുടേയും തിളച്ചു മറിയുന്ന സംഭവങ്ങളുടേയും ദൗർലഭ്യം കൊണ്ടാവാം മലയാളത്തിൽ മികച്ച ആത്മകഥകൾ ഇല്ലാതെ പോയത്. ഇന്ന് ജീവിച്ചിരിക്കുന്നവരെ മാറ്റിനിർത്തിയാൽ സാഹിത്യപഞ്ചാനൻ പി.കെ. നാരായണപിള്ള (സ്മരണമണ്ഡലം), ഉള്ളൂർ (സ്മരണമാധുരി), സി.കെ. മറ്റം (സ്മരണകിരണങ്ങൾ), ചേലനാട്ട് അച്യുതമേനോൻ (സ്മരണാജ്ഞലി), ഐ.സി. ചാക്കോ (ജീവിതസ്മരണകൾ). സ്വദേശാഭിമാനി രാമകൃഷ്ണപിള്ള (എൻെറ നാടുകടത്തൽ), സർദാർ കെ. എം. പണിക്കർ (ആത്മകഥ), സി. കേശവൻ (ജീവിത സമരം) തുടങ്ങിയ ചിലതാണ് ആത്മകഥാശാഖയിൽ നമുക്ക് ലഭിച്ചിട്ടുള്ള സമ്പാദ്യം. ആർ ഈശ്വരപിള്ള, സി.വി. കുഞ്ഞുരാമൻ മുതലായവരിൽനിന്ന് ആത്മകഥാസ്പർശമുള്ള ചില ലേഖനങ്ങൾ കിട്ടിയിട്ടുണ്ട്. ശ്രീമതി ബി. കല്യാണിയമ്മയുടെ 'വ്യാഴവട്ട സ്മരണകൾ' ആത്മകഥയും ജീവചരിത്രവുമാണ്. ഇത്രയൊക്കെ നേടിയെന്നിരുന്നാലും ആത്മകഥയുടെ ശാഖ നമ്മെ സംബന്ധിച്ചിടത്തോളം ദുർബ്ബലമാണെന്നു സമ്മ തിക്കുകതന്നെ വേണം.

പാർശ്വവീക്ഷണം) (പ്രൊഫ. തായാട്ട്ശങ്കരൻ

# 6. ധർമ്മക്ഷേത്രേ കുരുക്ഷേത്രേ

## (ഒന്നാമത്തെ നാടകം)

### ജി. ശങ്കരപ്പിള്ള

"യോഗ്യൻ ഭീഷ്മൻ ചൊന്നപത്ഥ്യ-
വാക്കുകൈക്കൊണ്ടിടാതെതാൻ
ശസ്ത്രമേന്തിപ്പുറപ്പെട്ടു
സത്വരം ഭരതർഷജർ"

മഹാഭാരതം : ദ്രോണാഭിഷേക പർവ്വം

കഥാപാത്രങ്ങൾ

അശ്വത്ഥാമാവ്

ദുര്യോധനൻ

ധൃതരാഷ്ട്രർ

ഭീഷ്മർ

അർജ്ജുനൻ

കർണ്ണൻ

(കുരുക്ഷേത്രയുദ്ധഭൂമി)

ഭീഷ്മരുടെ കൂടാരം

രാത്രി

ഭീഷ്മ മഹാശയൻെറ പതനത്തിന്നു തൊട്ടുമുമ്പുള്ള രാത്രി.

പീഠങ്ങളും മറ്റുമിട്ടിട്ടുള്ള ആ കൂടാരത്തിനുള്ളിൽ ദുര്യോധനനും അശ്വത്ഥാമാവും നില്ക്കുന്നു.

അശ്വത്ഥാമാവ് : എന്തിനാണ് നമ്മെ വിളിച്ചു വരുത്തിയത്?

ദുര്യോധനൻ : ഞാനും അതുതന്നെ ചിന്തിക്കുകയായിരുന്നു.

അശ്വത്ഥാമാവ് : ദൂതൻ ഒന്നും പറഞ്ഞില്ലേ?

ദുര്യോധനൻ : ഇല്ല

അശ്വത്ഥാമാവ് : അത്ഭുതമായിരിക്കുന്നു !

ദുര്യോധനൻ : ഏത്?

അശ്വത്ഥാമാവ് : യുദ്ധത്തിന്നിടയിൽ - പകലത്തെ ക്ലേശം നിറഞ്ഞ പടവെട്ടലിന്നുശേഷം - നാളേക്കു തയ്യാറെടുക്കേണ്ട ഈ ഘട്ടത്തിൽ.....

ദുര്യോധനൻ : അതെ, അതാണെനിക്കു മനസ്സിലാകാത്തത് - അവർ - പാണ്ഡവർ - നാളെ പടയ്ക്കൊരുങ്ങുകയാവും!

അശ്വത്ഥാമാവ് : നാമിവിടെ. നിഷ്ക്രിയരായി, ഈ പടപ്പാളയത്തിൽ ഇരുട്ടിനു കൂട്ടിരിക്കുന്നു.

ദുര്യോധനൻ : എവിടെപ്പോയി?

അശ്വത്ഥാമാവ് : അതല്ലേ? ഒരുപക്ഷേ....

ദുര്യോധനൻ : ഉം?

അശ്വത്ഥാമാവ് : അല്ല. ഞാൻ ആലോചിക്കുകയായിരുന്നു. മനസ്സുകൊണ്ട് അദ്ദേഹം പാണ്ഡവപക്ഷത്താണ്.

ദുര്യോധനൻ : അല്ല. ഇല്ല, അശ്വത്ഥാമാവിന് ഇനിയും അദ്ദേഹത്തെ മനസ്സിലായിട്ടില്ല. ഭീഷ്മരാരാണെന്നെനിക്കറിയാം. അദ്ദേഹം എന്തു ചെയ്യുമെന്നും, എന്തു ചെയ്യുകയില്ലെന്നും.

അശ്വത്ഥാമാവ് : അവരെപ്പറ്റിപ്പറയുമ്പോൾ അദ്ദേഹം ......

ദുര്യോധനൻ : അവരെപ്പറ്റി സ്നേഹത്തോടെ സ്മരിച്ചിരിക്കാം; പറഞ്ഞിരിക്കാം പലതുമവരെപ്പറ്റി, പക്ഷേ, കൗരവസേനാനിയായി അദ്ദേഹം പടക്കളത്തിലിറങ്ങിക്കഴിഞ്ഞു.

അശ്വത്ഥാമാവ് : പിന്നെന്തിനാണ് ഇപ്പോൾ വിളിച്ചുവരുത്തിയത്? അതും - ഇപ്പോൾ

ദുര്യോധനൻ : അത് എനിക്കും പിടികിട്ടുന്നില്ല.

അശ്വത്ഥാമാവ് : എവിടെപ്പോയി എന്നു ഞാനൊന്നു നോക്കട്ടെ. ഈ കൂടാരത്തിനുചുറ്റും. പടനിലത്തിൽ....

ദുര്യോധനൻ : ഞാനും വരാം. ഈ ചെറിയ കൂടാരത്തിൽ എനിക്കു ശ്വാസം മുട്ടുന്നു. വലിയ സ്വപ്നങ്ങൾ, വലിയ ആശകൾ, വലിയ പ്രസ്ഥാനങ്ങൾ, വലിയ വീഴ്ചകൾ - ഇതൊക്കെ പരിചയപ്പെട്ടവനാണ് ഈ ദുര്യോധനൻ!

അശ്വത്ഥാമാവ് : അതിനിടെ അദ്ദേഹം വന്നാൽ?

ദുര്യോധനൻ : ഇവിടിരിക്കും. നമ്മേയും കാത്ത്, നാമിപ്പോൾ ഇരുന്നതുപോലെ തന്നെ. നടക്കൂ.

(രണ്ടുപേരും മറയുന്നു. അല്പം കഴിഞ്ഞ് മന്ദപാദനായി അർജ്ജുനൻ കടന്നുവരുന്നു. ആരെയും കാണാത്തതിനാൽ കൂടാരം മുഴുവൻ നോക്കുന്നു. നോക്കിത്തിരിയുന്നതിനുമുമ്പ് പ്രവേശനദ്വാരത്തിൽ ധൃതരാഷ്ട്രർ)

ധൃതരാഷ്ട്രർ : (വഴിതപ്പിത്തടഞ്ഞു കടന്നുകൊണ്ട്) ആരുണ്ടിവിടെ? .... ആരുമില്ലേ?

(അർജ്ജുനൻ മുന്നിലേക്കു നീങ്ങുന്നു.)

ധൃതരാഷ്ട്രർ : (ഭീഷ്മരാണെന്ന് സങ്കല്പിച്ച്) എന്നെ നയിക്കുവാൻ ആരുമില്ലായിരുന്നു. സഞ്ജയൻപോലും... ഞാനൊറ്റയ്ക്ക് നടന്ന് (പെട്ടെന്ന്) അങ്ങെന്തിനാണ് എനിക്കാളയച്ചത്?

അർജ്ജുനൻ : അദ്ദേഹം ഇവിടെയില്ല.

ധൃതരാഷ്ട്രർ : (പെട്ടെന്നു സ്വരം തിരിച്ചറിഞ്ഞ് ഒന്നു രണ്ടടി മാറി) പിന്നെ ഇത്

അർജ്ജുനൻ : അർജ്ജുനൻ!

ധൃതരാഷ്ടർ : ഹെന്ത്! (അകന്നുമാറുന്നു) നീ എന്തിനിവിടെ വന്നു?

അർജ്ജുനൻ : അങ്ങു വന്ന അതേ കാര്യത്തിനുതന്നെ

ധൃതരാഷ്ട്രർ : എന്നുവച്ചാൽ?

അർജ്ജുനൻ : മുത്തച്ഛൻ എന്നെയും വിളിച്ചിരുന്നു.

ധൃതരാഷ്ട്രർ : എന്തിന്?

അർജ്ജുനൻ : ആ ചോദ്യം ഒരിക്കലും ഞാൻ ചോദിച്ചിട്ടില്ല! എന്നോടോ അദ്ദേഹത്തിനോടോ. ഒരിക്കലുമില്ല. പിതാമഹൻ ആവശ്യപ്പെട്ടാൽ ഈ അർജ്ജുനൻ ........

ധൃതരാഷ്ട്രർ : (കോപത്തോടെ) വേണ്ട. അതു പറയണ്ട. അത്തരം വേദാന്തം വേണ്ട എന്നോട്. ഇത്രയും ഭക്തിയും ബഹുമാനവുമുള്ള ആളിനെതിരായി കൂരമ്പ് എയ്യാം. അല്ലേ?

അർജ്ജുനൻ : അത്....., അത്.......

ധൃതരാഷ്ട്രർ : (ഉറക്കെ) അതു പ്രവൃത്തി. ഇതു വേദാന്തം!

അർജ്ജുനൻ: (പെട്ടെന്നു കുപിതനായി) ദുര്യോധനൻെറ ക്രൗര്യത്തിനുമുമ്പിൽ - ഹീനതയ്ക്കുമുമ്പിൽ - കൈകെട്ടി ഞങ്ങൾ നില്ക്കണമായിരുന്നുവോ? അതു ചെയ്യാത്തതിനാണോ അങ്ങു കോപിക്കുന്നത്? ന്യായവും ധർമ്മവും നീതിയും.....

ധൃതരാഷ്ട്രർ : ന്യായം! ധർമ്മം! നീതി!

അർജ്ജുനൻ : അവ ഞങ്ങളുടെ ഭാഗത്താണ്.

ധൃതരാഷ്ട്രർ : എന്നല്ലേ നിങ്ങൾക്ക് പറയാനുള്ളു?

അർജ്ജുനൻ : നാം രണ്ടുപേരും എന്തിനു പറയുന്നു! ലോകം പറയും! തലമുറകൾ പറയും!

ധൃതരാഷ്ട്രർ : എൻെറ മകനോടുള്ള ക്ഷാത്രം! അവൻെറ ഉയർച്ചയിലുള്ള അമർഷം.

അർജ്ജുനൻ : അല്ല. അയാൾ സ്വീകരിച്ച നിലപാട്. മുൻനിറുത്തുന്ന ആദർശം - അതിനോട് അതിനോട് മാത്രം.

ധൃതരാഷ്ട്രർ : അർജ്ജുനാ) ഞാൻ ധൃതരാഷ്ട്രരാണ്

അർജ്ജുനൻ : അങ്ങു എനിക്കതു പറഞ്ഞു തരണോ?

ധൃതരാഷ്ട്രർ : അതെ. മറന്നുപോയാൽ പിന്നെന്തു ചെയ്യും! നിങ്ങളുടെ അച്ഛൻ പാണ്ഡു എൻെറ അനുജനായിരുന്നു.

അർജ്ജുനൻ : അങ്ങ്, ഇങ്ങനെ പറയുന്നത്?

ധൃതരാഷ്ട്രർ : വാക്കുകളുടെ തിളക്കം കാട്ടി എന്നെ വഞ്ചിക്കാതിരിക്കാൻ. എൻെറ അകക്കണ്ണിനു യാതൊരു കുഴപ്പവുമില്ല.

അർജ്ജുനൻ : ഇതാണല്ലോ കഷ്ടം! എല്ലാം പറഞ്ഞിട്ട് ഒടുവിൽ അർജ്ജുനൻെറ നാവു കെട്ടുന്നതിന്ന് ഈ ആയുധം! പ്രായം, സ്ഥാനം ബന്ധുവലിപ്പം.

ധൃതരാഷ്ട്രർ : ഓ! അതൊന്നും നോക്കണ്ട. സഹോദരൻമാരെ, പിതൃവ്യനെ.... പലരേയും കൊന്നൊടുക്ക്. എടുത്തോമനിച്ച കൈകളെത്തന്നെ വെട്ടിവീഴ്ത്ത്. അണച്ചു പിടിച്ച മാറിൽതന്നെ കൂരമ്പുകൾ.....

അർജ്ജുനൻ : (ക്ഷോഭിച്ച്) ഇതൊന്നും കേട്ട് ഇന്ന് അർജ്ജുനൻ നിർവീര്യനാകുമെന്ന് മോഹിക്കണ്ട. അന്ന് - യുദ്ധത്തിൻെറ ആദ്യ ദിവസം - ഇതൊക്കെ ആലോചിച്ചു തളർന്നവനാണ് ഞാൻ. പക്ഷേ......

ധൃതരാഷ്ട്രർ : (അതേ കോപഭാവത്തിൽ) പക്ഷേ, ഇന്നു ജ്ഞാതികളെകൊന്നും....

അർജ്ജുനൻ : കൊടുത്തും...

ധൃതരാഷ്ട്രർ : നിനക്കിന്നറപ്പറ്റരിക്കുന്നു. ഈ കുരുക്ഷേത്രത്തിലൊഴുക്കിയ രക്തപ്രവാഹം.

അർജ്ജുനൻ : അതിനു ഞാനോ പാണ്ഡവരോ മാത്രമല്ല ഉത്തരവാദികൾ.

(ഈ സമയം ഭീഷ്മർ കൂടാരത്തിന്നു പുറത്തു നിന്നും പ്രവേശിക്കുന്നു. അർജ്ജുനൻ അതു കാണുന്നില്ല. ധൃതരാഷ്ട്രർ അറിയുന്നുമില്ല.)

ധൃതരാഷ്ട്രർ : അതു പറഞ്ഞു രക്ഷനോടൻ നോക്കേണ്ട ഇനി.

അർജ്ജുനൻ : ആരു രക്ഷനേടുന്നു.?

ഭീഷ്മർ : (മുന്നോട്ടു കടന്ന്) ആർക്കും ആർക്കും രക്ഷയില്ലിനി!

(ശബ്ദംകേട്ട് അർജ്ജുനൻ തിരിയുന്നു. അയാളുടെ മുഖം ആദരവിൻെറ പരിവേഷമണിയുന്നു. ധൃതരാഷ്ട്രരും ശബ്ദത്തിൻെറ ഉടമയാരാണെന്നു ഗ്രഹിച്ച് വിനയാന്വിതനാകുന്നു.)

ഭീഷ്മർ : (അർജ്ജുനനോട്) അതേ! അർജ്ജുനാ! നിനക്കും എനിക്കും ആർക്കും ഒരു രക്ഷയുമില്ല. കാലം ഒരുക്കിത്തന്ന ഈ രക്താഭിഷിക്തമായ നാടകം ആടിത്തുടങ്ങിയിരിക്കുന്നു. ഇനി ഇതവസാനിക്കണം. സ്വാഭാവികമായ പരിണാമം!

ധൃതരാഷ്ട്രർ : പ്രഭോ! അങ്ങെവിടെയായിരുന്നു!

ഭീഷ്മർ : ഞാൻ ഈ യുദ്ധഭൂമിയിൽക്കൂടി നടക്കുകയായിരുന്നു.

ധൃതരാഷ്ട്രർ : ഈ കുരുക്ഷേത്രത്തിൽ.... രാത്രി?.....

ഭീഷ്മർ : രാത്രി! അതെ. ഈ രാത്രി എനിക്കിതിലൂടെ നടക്കണമെന്ന് തോന്നി. നാളെ നടക്കാൻ സാധിക്കുമോ എന്നാരു കണ്ടു? ഇല്ലേ അർജ്ജുനാ?

അർജ്ജുനൻ : (ക്ഷതഹൃദയത്തോടെ) മുത്തച്ഛാ!

ഭീഷ്മർ : (ശോകാത്മകമായി മന്ദഹസിച്ച്) ഇതു യുദ്ധഭൂമിയല്ലേ കുഞ്ഞേ! ഇവിടെ ഏറ്റവും വില കുറഞ്ഞത്... മനുഷ്യായുസ്സ്. എത്ര എത്ര തലകൾ വേർപെടുന്നതുകണ്ടു - ഈ കുറെ ദിവസങ്ങളിൽ എത്ര എത്ര കുടുംബങ്ങളിൽ നിറകതിർ

ചൊരിയേണ്ട നിറഞ്ഞ യൗവനങ്ങൾ, ഉറച്ച മാംസപേശികൾ, ഇടറാത്ത കാലുകൾ. ഈ ചൊരി മണലിൽ, നനഞ്ഞുകുഴഞ്ഞ ചോരയിൽ മൂടി.... ഹൊ).... അതൊക്കെ കണ്ടു കൊണ്ട് ഞാൻ നടന്നു! ഇതാ ഇതു കണ്ടോ? (കൈപ്പത്തി നിവർത്തി ക്കാണിക്കുന്നു.)

അർജ്ജുനൻ : ഒരു പിടിമണ്ണ്!

ധൃതരാഷ്ട്രർ : എന്താണത്?

ഭീഷ്മർ : അതെ. ഒരു പിടിമണ്ണ്. ഈ കുരുക്ഷേത്രയുദ്ധഭൂമിയിലെ ഒരു പിടിമണ്ണ്! നമ്മുടെ വംശത്തിലെ, മഹാരഥൻമാരുടെ ചോരയും ഇതിൽ കലർന്നിട്ടുണ്ട്. ഞാൻ അതു വാരിയെടുത്തു.

ധൃതരാഷ്ട്രർ : അങ്ങേക്കെന്തുപറ്റി ഇന്ന്?

ഭീഷ്മർ : എനിക്കോ? (വീണ്ടും ആ ശോകാത്മകമായ മന്ദഹാസത്തോടുകൂടിത്തന്നെ.) രൂപമില്ല. പക്ഷേ, ഈ രാത്രിയിൽ എനിക്കു നിങ്ങളെയൊക്കെ കാണണമെന്നു തോന്നി. അതിനാണ് ആളയച്ചത്.

ധൃതരാഷ്ട്രർ : അത്ഭുമായിരുന്നു അതു കേട്ടപ്പോൾ. ആശങ്കയും. ആരെയും കൂട്ടാതെ ഞാൻ പുറപ്പെട്ടു.

ഭീഷ്മർ : ദുര്യോധനനെവിടെ?

ധൃതരാഷ്ട്രർ : അറിഞ്ഞുകൂടാ.

ഭീഷ്മർ : നാളത്തെ കുരുതിക്കു കത്തിതേയ്ക്കുകയാവും അല്ലേ അർജ്ജുനാ?

അർജ്ജുനൻ : (ആ ചോദ്യത്തിൽ ചൂളി) പ്രഭോ! ഞാൻ -

ഭീഷ്മർ : എനിക്കറിയാം. രണ്ടു. പക്ഷത്തും ലോഭമോഹങ്ങളുടെ ആലകൾ കനൽ ചീറ്റുകയാണ്. രോഷത്തിന്റെ ആയുധങ്ങൾ അവയിൽ വച്ച് മൂർച്ച കൂട്ടുന്നു. നിഷ്ക്രിയരായി, വിമൂഢരായി കുന്തിയും ധൃതരാഷ്ട്രരും ആ കാഴ്ച കണ്ടുനില്ക്കുകയും.

ധൃതരാഷ്ട്രർ : ഞാനെന്തുചെയ്യും പ്രഭോ!

ഭീഷ്മർ : ഒന്നും പറയുവാനില്ലേ? അങ്ങനെ വന്നാൽ -

അർജ്ജുനൻ : അദ്ദേഹം മകനുവേണ്ടി വാദിക്കുകയായിരുന്നു.

ധൃതരാഷ്ട്രർ : അതിലെന്താണ് തെറ്റ്? ഞാനൊരച്ഛനല്ലേ? എന്റെ മകൻ പടക്കളത്തിലേക്കിറങ്ങുമ്പോൾ-

ഭീഷ്മർ : മൗനാനുവാദം നല്കി കളി കണ്ടിരിക്കണം.

ധൃതരാഷ്ട്രർ : അങ്ങുപോലും........

ഭീഷ്മർ : (ഒരരുകിലേയ്ക്കു നടന്നുകൊണ്ടുതന്നെ) ശരിയാണ്. ഞാൻ പോലും പടക്കളത്തിലിറങ്ങി. ആയുധമെടുത്തു. അടരാടി. അവിടെ കൊണ്ടെത്തിച്ചു കാലം ഈ ഭീഷ്മരെ. ഒരിക്കലും ധർമ്മമെന്തെന്നും. കടമയെന്തെന്നും അറിയുവാൻ ഒരു നിമിഷം സംശയിച്ചു നിന്നിട്ടില്ലാത്ത ഭീഷ്മർ! കൊടുങ്കാറ്റിൽപ്പെട്ട കാട്ടിലപോലെ ധർമ്മാധർമ്മ വിവേചനത്തിന്നിടയിൽക്കിടന്നു കുഴങ്ങിപ്പോകുന്നു! (സ്വയം) അമ്മേ! ഇത്രയ്ക്കു പാപഭാരം ചുമക്കുവാൻ ഈ ഗാംഗേയൻ എന്തു ചെയ്തു? (ഒരു നിമിഷം മുഖത്തിരച്ചുകയറിയ വേദനകളോടുകൂടി ഊർദ്ധ്വാഭിമുഖമായി നില്ക്കുന്നു.)

(ദുര്യോധനനും അശ്വത്ഥാമാവും പ്രവേശിക്കുന്നു.)

അശ്വത്ഥാമാവ് : (പ്രവേശിച്ചിടത്തുതന്നെ നിന്ന്) അതാ. അദ്ദേഹം! (ശബ്ദം കേട്ട് ഭീഷ്മർ തിരിഞ്ഞു നോക്കി അവരെ കാണുന്നു

ഭീഷ്മർ : നിങ്ങൾ വന്നു!

ദുര്യോധനൻ : (കടന്നു കയറി എല്ലാപേരെയും നോക്കി - വിശിഷ്യാ അർജ്ജുനനെ കണ്ടു പുച്ഛം നടിച്ച്, ഭീഷ്മരോട്) ഞങ്ങളെപ്പൊഴേവന്നു!

ഭീഷ്മർ : എന്നിട്ട്?

ദുര്യോധനൻ : വല്യച്ഛനെ ഇവിടെ കണ്ടില്ല. തേടുകയായിരുന്നു.

അശ്വത്ഥാമാവ് : ഈ കുരുക്ഷേത്രം മുഴുവൻ തേടി.

ഭീഷ്മർ : ഞാൻ അതിൻെറ ഒരു കോണിൽ. ആളൊഴിഞ്ഞ കോണിൽ അണയാതെ കത്തിക്കൊണ്ടിരിക്കുന്ന ആ ചിതകൾക്കടുത്തു ണ്ടായിരുന്നു.

ദുര്യോധനൻ : എന്തിന്?

ധൃതരാഷ്ട്രർ : (ശാസനയുടെ സ്വരം) ദുര്യോധനാ!

ഭീഷ്മർ : ഞാനതിനു കാരണവും ബോധിപ്പിക്കേണ്ടതുണ്ടോ? ഉണ്ടോ ദുര്യോധനാ?

ദുര്യോധനൻ : ഈ കൂടാരത്തിലിരുന്ന അങ്ങ്.... അവിടെ.... ഈ രാത്രിയിൽ....

ഭീഷ്മർ :(സഹികെട്ട രീതിയിൽ) എനിക്കൊരിത്തിരി സ്വൈരമായിട്ടിരുന്നു വിലപിച്ചുകൂടേ.

ദുര്യോധനൻ : എന്തിനു വിലപിക്കണം!

ഭീഷ്മർ : (പരിഹാസം നിറഞ്ഞ പോട്ടിച്ചിരി) എന്തിനു വിലപിക്കണം! പൊട്ടിച്ചിരിക്കാൻ -- ആഹ്ലാദിക്കാൻ -- ഉള്ള വകയല്ലേ ഭീഷ്മർക്ക് നേടിത്തന്നിരിക്കുന്നത് -പേരക്കിടാങ്ങൾ!

ദുര്യോധനൻ : ഞാൻ നോക്കിയിട്ട്....

ഭീഷ്മർ : ഒന്നും കാണുകയില്ല. അർജ്ജുനൻ നോക്കിയാലും ഒരു കാരണവും കാണുകയില്ല. പക്ഷേ, എൻെറ കുഞ്ഞുങ്ങളേ! ഒരു ബീജം ലതയായി, ചെടിയായി, മഹാവൃക്ഷമായി വളർന്നു പന്തലിച്ച് ശാഖോപശാഖയായി വികസിക്കുന്നതു സ്വന്തം കണ്ണുകൊണ്ട് കണ്ടവനല്ലേ ഈ ഭീഷ്മർ; അല്പമൊക്കെ ദു:ഖിച്ചെന്നും, കരഞ്ഞെന്നും വരും. ക്ഷമിച്ചുകളയൂ.

അർജ്ജുനൻ : പ്രഭോ! സാഹസികമായ ചോദ്യങ്ങൾ കൊണ്ട് അങ്ങയെ വിഷമിപ്പിച്ചവരോടാണിതു പറയേണ്ടത്.

ദുര്യോധനൻ : (എടുത്തടിച്ച വിധം) ഇതെവിടമെന്നു കരുതിയാണ് ഈ.... ഈ.....

അർജുജ്ജുനൻ : അറിയാം. എൻെറ പിതാമഹൻെറ.....

അശ്വത്ഥാമാവ് : ഹൊ! ഹൊ! ഹൊ! സ്നേഹവും ഭക്തിയും!

അർജ്ജുനൻ : ശ്വാനന് യജ്ഞശാലയിലെന്തു കാര്യം?

ദുര്യോധനൻ : അർജ്ജുനാ! വാക്കുകൾ സൂക്ഷിച്ചുച്ചരിക്കൂ... ഇല്ലെങ്കിൽ-

ധൃതരാഷ്ട്രർ : ദുര്യോധനാ! ഇതെവിടമെന്നു കരുതിയാണ് ഈ പൊട്ടിത്തെറി

ഭീഷ്മർ : (ആദ്യത്തെ ശോകാത്മകമായ മന്ദഹാസത്തോടെ തന്നെ) എന്നെ ദു:ഖിപ്പിക്കുന്നില്ല ഇതൊന്നും. അതിലേറെ രസിപ്പിക്കുന്നു. നിങ്ങൾ ഇഴഞ്ഞും പിച്ചവച്ചും കളിച്ചുനടന്ന കാലത്ത് - അതെ; അന്നും എൻെറ മുന്നിൽവച്ച് ഇത്തരം മത്സരങ്ങളുണ്ടായിരുന്നു. ഒരു കളിപ്പന്ത്, ഒരു കൗതുകവസ്തു. ഇവയിൽ ഏതിനേയെങ്കിലും ചൂണ്ടി; പക്ഷേ.... (വിചാരമഗ്നനായി) പക്ഷേ, ആ വിനോദത്തിൽ നിധനോദ്ദേശ്യമുണ്ടായിരുന്നില്ല. അതിൻെറ അന്ത്യത്തിൽ രക്തം കട്ടപിടിച്ചുണങ്ങുന്നതിൻെറ ദുർഗ്ഗന്ധം ഉയർന്നിരുന്നില്ല.

ധൃതരാഷ്ട്രർ : കുട്ടികൾ അറിവില്ലാതെ.

ഭീഷ്മർ : അച്ഛനമ്മമാരുടെ സനാതനമായ ഒരു ക്ഷമാപണമാണത്. ഒരച്ഛനാകാത്തതുകൊണ്ടാണോ എന്തോ! എനിക്കതു സമ്മതിക്കാൻ തോന്നുന്നില്ല. അറിവില്ലാതെയാണ് ഇവർ തമ്മിൽ മത്സരം നടത്തുന്നതെന്നോ? ഈ നരഹത്യ മുഴുവൻ? ധൃതരാഷ്ട്രർ അതു പറയും. പക്ഷേ ദുര്യോധനനും അർജ്ജുനനും അങ്ങനെ പറയാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല.

ദുര്യോധനൻ : (ഈ സംഭാഷണം രുചിക്കാതെ) പ്രഭോ! ഈ രാത്രിയിൽ അങ്ങു ഞങ്ങളെ വിളിച്ചു വരുത്തിയത്.

ഭീഷ്മർ : (അയാളെ അല്പസമയം സൂക്ഷിച്ചു നോക്കി) ഞാൻ പറയുന്നതൊന്നും ഇഷ്ടപ്പെടുന്നില്ല അല്ലേ?

അശ്വത്ഥാമാവ് : അതുകൊണ്ടായിരിക്കുകയില്ല പ്രഭോ! അവിടെ ഒരുക്കങ്ങളൊന്നും....

ഭീഷ്മർ : ഒരുക്കങ്ങൾ? എന്തിനുള്ള ഒരുക്കങ്ങൾ?

അശ്വത്ഥാമാവ് : നാളെ അങ്ങ് പടക്കളത്തിലിറങ്ങുകയാണ്.

ഭീഷ്മർ : അതെ (ദീർഘനിശ്വാസം) നാളെ...... നാളെ.... നാളെ...

അശ്വത്ഥാമാവ് : അങ്ങയുടെ.... അങ്ങേയ്ക്ക്... അതിലെന്തെങ്കിലും....... സംശയമോ..... ഭയമോ?......

ധൃതരാഷ്ട്രർ : ദ്രൗണി!

ഭീഷ്മർ : ഭയം! അല്ലേ? പരശുരാമനെ നേരിട്ട.... ദ്രോണപുത്രാ! നീ അതും പറയും. നീ മാത്രമേ പറയൂ.

ധൃതരാഷ്ട്രർ : പ്രഭോ അങ്ങെനിക്കു മാപ്പു തരൂ...... ഈ.....

ദുര്യോധനൻ : ദ്രൗണിയുടെ സംശയം എനിക്കില്ല. പക്ഷേ ഈ രാത്രിയിൽ എല്ലാപേരേയും - എതിരാളികളെക്കൂടി അങ്ങിവിടെ വിളിച്ചു വരുത്തിയത്.....

ഭീഷ്മർ : (മുഖം ചുവന്ന്) ഞാൻ എന്റെ കുടുംബത്തെയാണ് വിളിച്ചു വരുത്തിയത്.

ദുര്യോധനൻ : എനിക്കു പോകാൻ തിടുക്കമുണ്ടു പ്രഭോ!

ഭീഷ്മർ : എനിക്കതറിയാം.

ധൃതരാഷ്ട്രർ : പ്രഭോ! അടക്കമില്ലാത്ത മനസ്സുകളാണിവർക്കെല്ലാം. ഞാനെന്തുചെയ്യട്ടെ.

ഭീഷ്മർ : ആരും ഒന്നും ചെയ്യണ്ട. ഇനി ഒന്നും ചെയ്തതുകൊണ്ട് വിശേഷവുമില്ല. ഞാൻ നിങ്ങളെ വിളിച്ചു വരുത്തി. നാളെ. ഒരു വേള നാളെ ഇതുപോലെ നിങ്ങളെയെല്ലാം വിളിക്കാനും പറയാനും പറ്റിയില്ലെങ്കിൽ.......

ധൃതരാഷ്ട്രർ : പ്രഭോ!

അർജ്ജുനൻ : വല്യച്ഛാ!

ഭീഷ്മർ : എങ്കിൽ അവസാനമായി ഒരിക്കൽക്കൂടി ശ്രമിച്ചു നോക്കാത്ത കുറ്റബോധം എന്നിലുണ്ടാകും. അതെ, അതുകൊണ്ടു ഞാൻ നിങ്ങളെ വിളിച്ചു വരുത്തി.

അശ്വത്ഥാമാവ് : ശ്രമമോ? എന്തിനുള്ള ശ്രമം?

ദുര്യോധനൻ : അങ്ങുദ്ദേശിക്കുന്നത്?

ഭീഷ്മർ : ഞാനുദ്ദേശിക്കുന്നതോ? ഈ യുദ്ധം - മനുഷ്യാത്മക്കളെ അറിഞ്ഞറിഞ്ഞ് ഹോമിക്കുന്ന ഈ യുദ്ധം - സഹോദരൻമാരുടെ ചോരയിൽ ആർത്തിയോലുന്ന ഈ അസുരോത്സവം - അത് ഇപ്പോൾ - ഈ വൈകിയ വേളയിലെങ്കിലും - അവസാനിപ്പിച്ചു കൂടേ നിങ്ങൾക്ക്?

അശ്വത്ഥാമാവ് : ഞാൻ പറഞ്ഞതുതന്നെ. പടക്കളത്തിലിറങ്ങാൻ അങ്ങ്.....

ഭീഷ്മർ : ദ്രോണപുത്രാ! (ദുര്യോധനനോട്) എന്തിനിവനെ കൊണ്ടുവന്നു നീ? ഞാനാവശ്യപ്പെട്ടിരുന്നില്ല.

ദുര്യോധനൻ : ഞാൻ പോകുന്നിടത്തെല്ലാം ദ്രൗണിയും വരും.

ഭീഷ്മർ : പകയുടെ ഈശ്വരൻ, നീ അതിൻെറ ഉപാസകനും.

ദുര്യോധനൻ : ഈ ചോദ്യം ചോദിക്കാൻ മാത്രമാണെങ്കിൽ -

ഭീഷ്മർ : ആണെങ്കിൽ?

ദുര്യോധനൻ : എനിക്കതിനു സമ്മതമില്ല. ഈ..... ഈ യുദ്ധം തുടങ്ങിക്കഴിഞ്ഞതിനുശേഷം .... ഒരിക്കലും..... അങ്ങു ക്ഷമിക്കണം.

ഭീഷ്മർ : അർജ്ജുനൻ എന്തു പറയുന്നു?

അർജ്ജുനൻ : ഇതാണനുഭാവമെങ്കിൽ. എങ്കിൽ..... ഞങ്ങൾക്കു മറ്റെന്തു ചെയ്യുവാനാകും.?

ഭീഷ്മർ : ധൃതരാഷ്ട്രരോ?

ധൃതരാഷ്ട്രർ : ഞാനൊരന്ധൻ മക്കളുടെ കാരുണ്യം കൊണ്ടു കഴിയുന്നു.

ഭീഷ്മർ : അപ്പോൾ നിങ്ങൾക്കാർക്കും ഒരിക്കലും ഈ കിരാതയുദ്ധം നിറുത്തണമെന്നില്ല.

ദുര്യോധനൻ : ഇതും നില്ക്കും. കൗരവപക്ഷം വിജയിക്കുമ്പോൾ.

അശ്വത്ഥാമാവ് : നാഗകേതുവിൻെറ വെന്നിക്കൊടി പാറുമ്പോൾ.

അർജ്ജുനൻ : ദിവാസ്വപ്നങ്ങൾ നല്ലതാണ്.

ദുര്യോധനൻ : കാണാം, കാണാം.

ഭീഷ്മർ : നിറുത്തിൻ! നിങ്ങളുടെ വീരവാദജല്പനങ്ങൾ കേൾക്കുവാൻ എനിക്കു കൗതുകമില്ല.

ദുര്യോധനൻ ! ഇത്രമാത്രമേ പറയുവാനുള്ളു എങ്കിൽ....

ഭീഷ്മർ : എനിക്കു പറയുവാനുള്ളതുമുഴുവൻ ഇതിൽ അടങ്ങും.

ദുര്യോധനൻ : എങ്കിൽ ഞാൻ പോവുകയാണ്.

ഭീഷ്മർ : ഈ ഉത്തരം മാത്രമേ നിൻെറ കൈയിലുള്ളു ഇല്ലേ?

ദുര്യോധനൻ : അതെ. ഞാൻ ഗുരുക്കളെ ബഹുമാനിക്കാത്ത വനാണ്. അറിഞ്ഞുകൊണ്ടാപത്തിലേക്കു ചാടുവന്നവനുമാണ്. ആ ബഹുമതിയെല്ലാം എനിക്കു ലഭിച്ചിട്ടുണ്ടല്ലോ. അതങ്ങനെ തന്നെയിരിക്കട്ടെ. എൻെറ ലക്ഷ്യം എത്ര പാപപങ്കിലമായാലും മലീമസമായാലും അതു ഞാൻ കൈവെടിയുകയില്ല. (മുന്നോട്ടു നടക്കുന്നു; അശ്വത്ഥാമാവിനോടൊപ്പം. എന്നിട്ടു നിന്ന്, രാജാവിൻെറ അധികാര സ്വരത്തിൽ) പ്രഭോ! ഇതുവരെ അങ്ങയുടെ പേരക്കിടാവായ ദുര്യോധനനാണ് സംസാരിച്ചത്. ഈ സംസാരിക്കുന്നത് രാജാ ദുര്യോധനനാണ്. നാളെ സൂര്യോദയത്തിനു മുമ്പു സേനാനായകൻ പടക്കളത്തിലുണ്ടാകണം. (ഭീഷ്മർ സേനാനായകനു ചേർന്ന ഉപചാരം ചെയ്യുന്നു. ദുര്യോധനനും അശ്വത്ഥാമാവും പോകുന്നു. ധൃതരാഷ്ട്രർ ഈ ശബ്ദമൊക്കെ കേട്ടുതന്നെ പകച്ചു നില്ക്കുകയാണ്.)

ധൃതരാഷ്ട്രർ : പ്രഭോ ! ഇത്....

ഭീഷ്മർ : കാഴ്ചയില്ലാത്തതിൽ ഖേദിക്കൂ. ഈ കാഴ്ച നിങ്ങൾ കാണേണ്ടതായിരുന്നു. ദുര്യോധനമഹാരാജാവിൻെറ പ്രാഭവം!

ധൃതരാഷ്ട്രർ : ഇല്ല. ഇനി ഞാനിവിടെ നിന്നാൽ ലജ്ജകൊണ്ട് ഉരുകിയുരുകി തീർന്നുപോകും. ഞാനെന്തു ചെയ്യും പ്രഭോ! എനിക്കെന്തുചെയ്യുവാൻ കഴിയും?

ഭീഷ്മർ : എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ എന്നറിയുവാനാണ് ഞാൻ വിളിച്ചുവരുത്തിയത്. പക്ഷെ, തെറ്റു പറ്റിയതെനിക്കാണ്. നിങ്ങൾക്കൊന്നും ചെയ്യുവാനില്ല. അതിനെപ്പറ്റി ആശ്വാസത്തോടെ ഓർക്കുന്നതും നിങ്ങൾ തന്നെയാണ്. പോകാം. വിഷമിപ്പിച്ചതിന് മാപ്പ്.

ധൃതരാഷ്ട്രർ : പ്രഭോ! (ഗദ്ഗദം) ഇനി...... അങ്ങൊന്നും പറയരുത്. എനിക്കതു കേൾകാൻ കരുത്തില്ല... ഞാൻ... ഞാൻ..... പോകുന്നു. (തപ്പിത്തടഞ്ഞു പോകുന്നു.)

(ഭീഷ്മർ അതുവരെയുണ്ടായിരുന്നതിലും വിരുദ്ധമായ ഒരു മുഖഭാവത്തിൽ നില്ക്കുകയാണ്. അദ്ദേഹത്തിൻെറ മുഖം അഗാധമായ ദു:ഖത്തിലാഴുന്നു.)

ഭീഷ്മർ : അതെ. അവസാനരംഗം അടുക്കുകയാണ്. അതിനുമുമ്പെങ്കിലും.... ഇതെല്ലാം.... ഈ ഉന്മാദമെല്ലാം അവസാനിപ്പിക്കാമെന്ന് കരുതി. ഇല്ല. ഭീഷ്മർ ഈ ദുരന്തം കണ്ടുകൊണ്ടു കണ്ണടയ്ക്കണമെന്നായിരിക്കും വിധി!

അർജ്ജുനൻ : പ്രഭോ!

ഭീഷ്മർ : ഓ! പാർത്ഥൻ പോയിരുന്നില്ല, അല്ലേ?

അർജ്ജുനൻ : (ഭീഷ്മരുടെ ഭാഷണം ഹൃദയത്തെ ഉലച്ചിരിക്കയാൽ) പ്രഭോ! ഞാൻ..... ഞാൻ..... (ഗദ്ഗദം കൊണ്ട് നിറുത്തുന്നു.)

ഭീഷ്മർ : (അർജ്ജുനനെ ഉറ്റു നോക്കുന്നു. നയനങ്ങൾ ജലാർദ്രങ്ങളാകുന്നു. അടുത്തു നീങ്ങി പാർത്ഥൻെറ ശരീരം തഴുകിക്കൊണ്ട്) കുഞ്ഞേ! പാർത്ഥാ!

അർജ്ജുനൻ : പ്രഭോ!

ഭീഷ്മർ : എനിക്കറിയാം നിൻെറ ധർമ്മജൻെറ.... ധർമ്മസങ്കടം.

അർജ്ജുനൻ : (വിങ്ങിപ്പൊട്ടിപ്പോകുന്നു) പ്രഭോ എനിക്ക്.... ഞങ്ങൾക്ക് .... മാപ്പു തരണം.

ഭീഷ്മർ : മാപ്പോ അതിൻെറ കാലം കഴിഞ്ഞു. ഇനി–

അർജ്ജുനൻ : അങ്ങു മാപ്പുതരില്ലേ?

ഭീഷ്മർ : ഇനി ഞാനും എൻെറ മാപ്പും ഒന്നും ഒരു പോംവഴിയും വരുത്തുന്നില്ല കുഞ്ഞേ; അതിനുള്ള അവസരം കഴിഞ്ഞുപോയി. നാം ഒരു ഒഴുക്കിൽ വീണുപോയി. അതു വലിച്ചുകൊണ്ട് പോകുന്ന മാർഗ്ഗത്തിൽ നാമിനി പോയേ പറ്റു. തടുത്തു നില്ക്കാമോ എന്നു ഞാനൊന്നു നോക്കുകയായിരുന്നു. ഇല്ല... സാധ്യമല്ല. എല്ലാം കാലത്തിൻെറ വിധിയനുസരിച്ചു നടക്കും.

അർജ്ജുനൻ : നാളത്തെ കഥയോർക്കുമ്പോൾ-

ഭീഷ്മർ : എന്താണ് സവ്യസാചിയുടെ കരങ്ങൾക്കും പതർച്ചയോ?

അർജ്ജുനൻ : നാളെ ശത്രുപക്ഷത്തിൽ നേതൃസ്ഥാനത്ത് അങ്ങെനിക്കെതിരുനില്ക്കും.

ഭീഷ്മർ : അതെ. ഭീഷ്മർ ഉണ്ട ചോറിനുചിതം കാട്ടണം; കക്ഷിയോടു കൂറുകാട്ടണം.

അർജ്ജുനൻ : അങ്ങേയ്ക്കെതിരായി വില്ലു കുലയ്ക്കുവാൻ-

ഭീഷ്മർ : എതിരാളി ആരായാലും എതിരാളിയല്ലേ?

അർജ്ജുനൻ : ഇല്ല. വയ്യ. ഞാൻ എന്നെത്തന്നെ ശപിക്കുന്നു. ഈ യുദ്ധം അനിവാര്യമാക്കിയ എല്ലാ....

ഭീഷ്മർ : അതുകൊണ്ടെന്തു ഫലം? നാളെ ഞാൻ നിൻെറ മുന്നിൽ നില്ക്കണം. നീ അമ്പെയ്ത് എന്നെ നഷ്ടവീര്യനാക്കുകയും വേണം.

അർജ്ജുനൻ : (ആ രംഗം മുഴുവൻ മുന്നിൽ കണ്ട ഭീതിയോടെ) വയ്യ! ഹൊ! എനിക്കുവയ്യ! അതോർക്കുമ്പോൾപോലും......

ഭീഷ്മർ : അതാണു യുദ്ധം! അതിൻെറ നീതി!

അർജ്ജുനൻ : എൻെറ ശരീരത്തിൽത്തന്നെ അമ്പെയ്തു കൊള്ളിക്കുംപോലെയല്ലേ ഇത്?

ഭീഷ്മർ : യുദ്ധം -- ഇന്നത്തേതും, ഇന്നലത്തേതും, നാളത്തേതും എല്ലാം അതാണ്. മനുഷ്യൻ അവനവനെത്തന്നെ കുത്തികൊല്ലുക! നീ എന്തിനു ഭയപ്പെടുന്നു.?

അർജ്ജുനൻ : കുട്ടിക്കാലത്ത് ഈ തോളത്തു കയറി ഞാൻ ആനകളിച്ചിട്ടുണ്ട്. ഈ താടിയിലും തലമുടിയിലും പിടിച്ചു വലിച്ചു കളിച്ചിട്ടുണ്ട്. ആ നെഞ്ചോടു ചേർത്തു പിടിച്ച് അങ്ങ് എന്നെ ആശ്വസിപ്പിച്ചിട്ടുണ്ട്.

ഭീഷ്മർ : ഒരു പടയാളി അതൊന്നും ഓർക്കരുത് അയാൾക്കു ഭൂതവും ഭാവിയും ഒന്നുമില്ല വർത്തമാനം മാത്രം.

അർജ്ജുനൻ : അതോർക്കാതിരിക്കാൻ - എനിക്കു സാധിക്കുന്നില്ല ഈ യുദ്ധം ആരംഭിച്ചപ്പോൾ - അന്നുമുതൽ ഞാൻ ഭയന്നിരുന്ന സന്ദർഭമാണെത്.

ഭീഷ്മർ : ഭഗവാൻ സഹായത്തിനില്ലേ! അദ്ദേഹം നിൻെറ ചാഞ്ചല്യമെല്ലാം അകറ്റും. നാളെ സംതൃപ്തിയോടെ ഞാൻ -

അർജ്ജുനൻ : മുത്തച്ഛാ!

ഭീഷ്മർ : ഞാനെന്തു പറഞ്ഞു? സന്തുഷ്ടിയോ! ഇല്ല; ഇല്ല കുഞ്ഞേ! ഈ രാത്രി എൻെറ അന്ത്യമായ അപേക്ഷയുടെ മുന്നിലെങ്കിലും നിങ്ങൾ - ഭീഷ്മർ ആഗ്രഹിച്ചതു കടന്നുപോയി!

അർജ്ജുനൻ : അവർ സമ്മതിച്ചിരുന്നെങ്കിൽ......

ഭീഷ്മർ : വേണ്ട. അതിനെപ്പറ്റിയൊക്കെ ഇനി എന്തിനു ചിന്തിക്കുന്നു! കാലം വിധിച്ച ശിക്ഷകൾ നാമൊക്കെ ഏറ്റുമേടിക്കുക. നീ പോകൂ. നാളത്തെ യുദ്ധത്തിന് ഇനി ഏതാനും വിനാഴികൾ മാത്രം.

അർജ്ജുനൻ : (ഒന്നും മിണ്ടുന്നില്ല. ഭീഷ്മരെത്തന്നെ ഉറ്റുനോക്കുന്നു. അല്പനിമിഷം ആ നിലയിൽ നിന്നിട്ട് പെട്ടെന്ന് അദ്ദേഹത്തിന്നു മുന്നിൽ മുട്ടുകുത്തിനിന്ന്) പിതാമഹാ! എന്നെ - ഞങ്ങളെ - അനുഗ്രഹിക്കണേ!

ഭീഷ്മർ : (അർജ്ജുനൻെറ ശിരസ്സിൽ കൈവെച്ച്) കുമാരാ! എണീക്കൂ. എൻെറ എല്ലാ അനുഗ്രഹവും നിനക്കുണ്ട്. എന്നെ തോല്പിക്കുവാൻ നീ അനുഗ്രഹമാവശ്യപ്പെടുന്നു. ഞാനതു സന്തോഷത്തോടെ നല്കുകയും ചെയ്യുന്നു. ഈ മുഹൂർത്തം. അതൊഴിവാക്കുവാനാണു ഭീഷ്മരാഗ്രഹിച്ചത്..... എങ്കിലും,

അതെങ്കിലും.... ഞാനാഗ്രഹിക്കുകയാണ്. നാളെ അസ്തമിക്കുന്നതു മധ്യമപാണ്ഡവൻെറ വിജയത്തോടുകൂടിയായിരിക്കും. പോയി വരൂ......

(അർജ്ജുനൻ എണീറ്റു പ്രണമിച്ച് പോകുന്നു. ഭീഷ്മർ മാത്രമേ രംഗത്തുള്ളു. അദ്ദേഹത്തിൻെറ മുഖത്ത് അതുവരെ കാണാതിരുന്ന ഒരു വേദന നിഴലിക്കുന്നു. അതിൻെറ ശാരീരികമായ ക്ലേശവും)

ഭീഷ്മർ : (സ്വയം) അപ്പോൾ. അതേ. അതു തീർച്ചപ്പെട്ടു. അനിവാര്യവും ദുഃഖാത്മകവുമായ ഈ യുദ്ധപരിസമാപ്തി. (ഉറക്കെ) ആരവിടെ? കൂടാരത്തിലെ വിളക്കുകൾ അണച്ചേക്കുക.

(രംഗപ്രകാശം കുറയുന്നു. ഭീഷ്മർ മുറിക്കകത്ത് അങ്ങോട്ടു മിങ്ങോട്ടും നടന്നുകൊണ്ടിരിക്കുകയാണ്. പെട്ടെന്നു പുറത്തോരു കാൽപെരുമാറ്റം. ഭീഷ്മർ നില്ക്കുന്നു. കൂടാരത്തിൻെറ വാതില്ക്കൽ ഒരു നിഴൽ.)

ഭീഷ്മർ : ആരാണത്?

കർണ്ണൻ : ഞാനാണ്. കർണ്ണൻ.

ഭീഷ്മർ : ഹെന്ത്? (കൂടാരത്തിൻെറ അറ്റത്തേക്കു നടന്ന്) വരൂ വരൂ.... കൗരവവീരനല്ലേ നീ? എന്താമടിച്ചു നിന്നു കളഞ്ഞത്.

(കർണ്ണൻ അകത്തേക്കു വരുന്നു)

ഭീഷ്മർ : ഞാൻ വിചാരിച്ചു നീ വരുകയില്ലെന്ന്.

കർണ്ണൻ : ഞാനും അതാണ് നിശ്ചയിച്ചിരുന്നത്.

ഭീഷ്മർ : ഞാൻ വിളിച്ചിട്ട് ഇവിടെ വരാതിരിക്കാനോ?

കർണ്ണൻ : (നിർഭീകനായി) അതെ.

ഭീഷ്മർ : കാരണം?

കർണ്ണൻ : അങ്ങേയ്ക്കറിഞ്ഞുകൂടെ? ഊഹിച്ചെങ്കിലും കൂടെ?

ഭീഷ്മർ : എന്തു ഊഹിക്കാൻ?

കർണ്ണൻ : ഇന്നുവരെ അങ്ങേക്കിഷ്ടപ്പെടാത്തതു മാത്രമേ ഞാൻ ചെയ്തിട്ടുള്ളു.

ഭീഷ്മർ : ങ്! ഏറെക്കുറെ

കർണ്ണൻ : അങ്ങയുടെ ഉപദേശം ഞാൻ സ്പഷ്ടമായി ധിക്കരിച്ചിട്ടുണ്ട്.

ഭീഷ്മർ : ഞാൻ അതു മനസ്സിലാക്കിയിട്ടുണ്ട്.

കർണ്ണൻ : ഞാൻ അതിൽ സുഖം അനുഭവിച്ചിരുന്നു.

ഭീഷ്മർ : എന്നെ നിഷേധിക്കുന്നതിലോ? ഞാൻ പറയുന്നത് അനുസരിക്കാത്തതിലോ?

കർണ്ണൻ : അങ്ങു പറയുന്നതു മാത്രമല്ല, വലിപ്പം ഭാവിക്കുന്ന കുലീനത്വമുള്ള ആരു പറയുന്നതും.

ഭീഷ്മർ : കാരണം

കർണ്ണൻ : കുലമഹത്വവും പ്രാമാണിത്തവും ഇല്ലാത്തവനല്ലേ കർണ്ണൻ!

ഭീഷ്മർ : എന്നാരു പറഞ്ഞു?

കർണ്ണൻ : ആരെങ്കിലും പറയണമോ?

ഭീഷ്മർ : നിൻെറ കുലം ! എൻെറ കുഞ്ഞേ അതിനേക്കാൾ മുന്തിയ......

കർണ്ണൻ : അങ്ങുദ്ദേശിക്കുന്നത് എനിക്കു മനസ്സിലായി

ഭീഷ്മർ : ങ്ഹേ?

കർണ്ണൻ : കൃഷ്ണൻ എന്നോടു പറഞ്ഞു. (സ്വരം ഉയർന്ന്) പക്ഷേ എൻെറ കുലം ഇന്നും സൂത കുലംതന്നെയാണ്. അതിരഥൻ തന്നെയാണ് ഇന്നും എൻെറ പിതാവ്.

ഭീഷ്മർ : ഇവിടെ വരാൻ ഇതൊന്നും നിനക്കൊരു തടസ്സമായിരുന്നില്ലല്ലോ.

കർണ്ണൻ : ഞാൻ പറഞ്ഞില്ലേ? പരിഹസിക്കപ്പെട്ടിട്ടുള്ള ഒരിടത്തേക്കു കടന്നുവരാൻ ഞാനിഷ്ടപ്പെട്ടില്ല.

ഭീഷ്മർ : പിന്നെ ഇപ്പോൾ? ഇതു പറയുവാനാണോ വന്നത്?

കർണ്ണൻ : വരരുത എന്നു മനഃപ്പൂർവ്വമായി ഞാനഭിലഷിച്ചു. പക്ഷേ... ഒടുവിൽ.... വരാതിരുന്നാൽ എന്റെ മനസ്സമാധാനം നഷ്ടപ്പെടുമെന്ന് എനിക്കുതോന്നി. അങ്ങനെ ഞാൻ വന്നു.

ഭീഷ്മർ : മറ്റുള്ളവർ പോയി

കർണ്ണൻ : അതു നന്ന്. ഞാനിവിടെ. വരുന്നതും, എനിക്കിവിടെ നിന്നും ലഭിക്കാവുന്നതും....

ഭീഷ്മർ : ലഭിക്കാവുന്നതോ?

കർണ്ണൻ : അതെ. അങ്ങയുടെ ശത്രുവല്ലേ ഞാൻ? അതുകൊണ്ട്.....

ഭീഷ്മർ : കഷ്ടം! കർണ്ണാ! നീ എന്നെ ഇനിയും മനസ്സിലാക്കിയിട്ടില്ല.

കർണ്ണൻ : കർണ്ണൻ അല്പനല്ലേ?

ഭീഷ്മർ : ആദ്യമുപേക്ഷിക്കേണ്ടത് ഈ ബോധംതന്നെയാണ്.

കർണ്ണൻ : അങ്ങയുടെ മഹത്വമറിയാത്തതുകൊണ്ടല്ല. അഗ്നിശിഖയിലേയ്ക്കു നോക്കിനില്ക്കും പോലെ ഞാനതിൽ നോക്കിനിന്ന് ആദരിച്ചിട്ടുണ്ട് - മനസ്സുകൊണ്ട്. പക്ഷേ, അതിൽ തൊടാൻ ഞാനറച്ചു. എന്നെക്കാളുയരെ കത്തിനിന്ന ആ ദീപസ്തംഭത്തെ - അകൽച്ചകൊണ്ടുതന്നെ ഞാൻ വെറുത്തു.

ഭീഷ്മർ : കർണ്ണാ! നിന്റെ മിടുക്ക്, നിന്റെ സൗശീല്യം... ഞാനറിയുന്നു. പക്ഷേ.

കർണ്ണൻ : അങ്ങന്റെ മാർഗ്ഗം അംഗീകരിക്കുന്നില്ല.

ഭീഷ്മർ : നിനക്കു പാണ്ഡവരോടുള്ള പക.

കർണ്ണൻ : എന്റെ അമ്മയുടെ ഉദരത്തിൽ അവരും പിറന്നിരിക്കാം.

ഭീഷ്മർ : അല്ല. അതു കണക്കാക്കേണ്ട. എങ്കിലും മനുഷ്യരും മനുഷ്യരും തമ്മിലുള്ള -

കർണ്ണൻ : അവരെന്നെ പുച്ഛിച്ചിട്ടേയുള്ളു. അപഹസിച്ചിട്ടേയുള്ളു. അപഹാസ്യത്തെ പതിൻമടങ്ങു മൂർച്ചയിൽ തിരിച്ചു കൊടുക്കാൻ എനിക്കറിയാം.

ഭീഷ്മർ : ഭാരതവർഷത്തിൻെറ ശാപം!

കർണ്ണൻ : അപ്പോഴൊക്കെയും എന്നെ മനുഷ്യനാക്കി നിറുത്തിയിട്ടുള്ളത് ദുര്യോധനനാണ്. പറയണം. അങ്ങ് നീതി ധർമ്മങ്ങൾ അറിവുള്ളയാളല്ലേ? ഞാനാരുടെ കൂടെ നില്ക്കും? നില്ക്കണം?

ഭീഷ്മർ : ഒരു കക്ഷിയിൽ നിന്നുകൊണ്ട് മറുകക്ഷിയിൽ പെട്ട സഹോദരൻമാരെ ഹിംസിക്കാതിരുന്നുകൂടേ? കൂട്ടിയടിക്കുന്ന ഈ കൈകൾ ഒത്തുചേർന്നാൽ ഈ ആർഷഭൂമി എന്തായിത്തീരും!

കർണ്ണൻ : എൻെറ ഹൃദയം അത്ര വിശാലമല്ല. എനിക്കു വ്യക്തമാണെൻെറ മാർഗ്ഗം. എന്നെ പുച്ഛിക്കുന്ന പാണ്ഡവരും എന്നെ രക്ഷിക്കുന്ന ദുര്യോധനനും! പക്ഷം തിരഞ്ഞെടുക്കുവാൻ എനിക്കു ചിന്തിച്ചു നില്ക്കേണ്ട കാര്യമില്ല.

ഭീഷ്മർ : അവരോട് പറഞ്ഞതു നിന്നോട് പറഞ്ഞിട്ടു കാര്യമില്ല.

കർണ്ണൻ : എനിക്കറിയാം അങ്ങെന്താണ് പറഞ്ഞിരിക്കാവുന്നതെന്ന്.

ഭീഷ്മർ : എങ്ങനെ?

കർണ്ണൻ : അങ്ങെന്നും ആ പക്ഷത്തായിരുന്നില്ലേ? ഹൃദയം കൊണ്ട്.

ഭീഷ്മർ : കർണ്ണാ! (സ്വരം പരുഷം) നിനക്കറിയില്ല. നിനക്കെന്നല്ല, പാണ്ഡവർക്കും, കൗരവർക്കും ആർക്കുമറിയില്ല. ഈ കുടുംബത്തിൻെറ ആദി മുതൽ ഇന്നുവരെ അതിൻെറ വളർച്ചയ്ക്കു സാക്ഷിനിന്നു. അതിനെ വളർത്തിയ എനിക്ക്.....

കർണ്ണൻ : അങ്ങു ക്ഷമിക്കണം. പറയാനുള്ളതു പരുഷമായി പറഞ്ഞു ശീലിച്ചിട്ടുള്ളതാണ് എൻെറ നാവ്.

ഭീഷ്മർ : മധുരമായ കാപട്യത്തെക്കാൾ അത് അഭികാമ്യവുമാണ്.

കർണ്ണൻ : ഞാനെന്തിനിനി നില്ക്കണം? വന്നത് അങ്ങയെ ഒന്നു കാണുന്നതിനുവേണ്ടി മാത്രം. പക്ഷേ, ഞാൻ വരാതിരിക്കുകയായിരുന്നു നന്നി. (പിൻതിരിയുന്നു.)

ഭീഷ്മർ : അതെന്താണ് അങ്ങനെ?

കർണ്ണൻ : ഞാനങ്ങയെ കൂടുതൽ വെറുപ്പിച്ചു.

ഭീഷ്മർ : (അയാളെ കണ്ണെടുക്കാതെ നോക്കി) എന്നാരു പറഞ്ഞു.

കർണ്ണൻ : ഹെന്ത്?

(ഭീഷ്മർ പഴയ രീതിയിൽത്തന്നെ നോക്കിക്കൊണ്ട് അടുത്തു ചെല്ലുന്നു.)

കർണ്ണൻ : അങ്ങേയ്ക്ക് എന്നെ ശിക്ഷിക്കണ്ടേ? ശിക്ഷിക്കൂ ആവോളം ശിക്ഷിക്കൂ. കുരുവംശമഹാരഥനായ അങ്ങയെ ഞാൻ - ഈ സൂതപുത്രൻ.....

ഭീഷ്മർ : കർണ്ണാ! (അടുത്തു ചെന്ന് കർണ്ണനെ പൂർണ്ണമായി ആലിംഗനം ചെയ്യുന്നു. കർണ്ണൻ പകച്ചു നില്ക്കുകയാണ്. അടുത്ത നിമിഷം അയാളുടെ കണ്ണു നിറയുന്നു.)

ഭീഷ്മർ : (ഗദ്ഗദകണ്ഠത്തോടെ) കർണ്ണാ! മകനേ! ഇതാ.... ഇതാണെന്റെ ശിക്ഷ.

(രണ്ടുപേരും ആലിംഗനത്തിൽ നിന്നും മാറുന്നു. രണ്ടുപേരും വികാരാധീനർ)

ഭീഷ്മർ : നീ വന്നില്ലായിരുന്നുവെങ്കിൽ... ഞാൻ നിന്നെ ശപിച്ചേനെ. പക്ഷേ, ഇന്ന്... ഈ നിമിഷം..... ങ്ഹ! എന്റെ വേദനകളൊക്കെ മാറി. ഇനി എനിക്ക്... സുഖമായി ശാന്തമായി......

കർണ്ണൻ : എന്താണങ്ങു പറയുന്നത്?

ഭീഷ്മർ : ഒരേയൊരു ഖേദം മാത്രം നിലനില്ക്കും. അതു മാറ്റാനാണ് ഞാൻ ശ്രമിച്ചത്. പക്ഷേ, നടക്കുന്നത് - നടക്കാവുന്നതേ നടക്കൂ. വിധി എന്നെ ഇവിടെ തളർത്തി. ങ്! സാരമില്ല.

കർണ്ണൻ : അങ്ങെന്താണ് പറയുന്നത്?

ഭീഷ്മർ : ഇപ്പോൾ ഇതുപോലെ നിന്ന്, കർണ്ണാ! നിന്നെ ഒരിക്കലും ആശീർവദിക്കാൻ എനിക്കു സാധിച്ചില്ലെന്നുവരും. അതുകൊണ്ട് കുഞ്ഞേ! നീ അനശ്വരനായിത്തീരട്ടെ!

കർണ്ണൻ (പെട്ടെന്ന് ഒരു ആവേശം വന്ന് അദ്ദേഹത്തിൻെറ മുന്നിൽ പ്രണമിക്കുവാൻ നോക്കി, പിന്നെ അതു ചെയ്യാതെ) വേണ്ട. ഒരു പ്രണാമത്തിൻെറ പുറംപകിട്ടിൽ ഞാനെൻെറ ആദരം ഒതുക്കിനിറുത്തുന്നില്ല, എങ്കിലും ഇത്..... ഈ സ്വീകരണം..... ഞാൻ പുച്ഛിക്കുകമാത്രം ചെയ്തിട്ടുള്ള ഒരാളിൽനിന്ന്...

ഭീഷ്മർ : ഞാൻ ഗാംഗേയനാണു കുഞ്ഞേ! ഗംഗയാണെൻെറ മാതാവ്. കൊടുക്കുന്നിടത്തും നടക്കുന്നിടത്തും എല്ലാം ഒരുപോലെ ജലബിന്ദുക്കളുടെ അനുഗ്രഹം ചൊരിയുന്ന ഗംഗാദേവി യാണെൻെറ അമ്മ.

കർണ്ണൻ : ഒരിക്കലും തോല്ക്കാത്ത ഞാൻ തോറ്റുപോയി. ഒരിക്കലും നിറയാത്ത എൻെറ കണ്ണുകൾ... ഇല്ല. ഈ ദൗർബല്യം കർണ്ണനു പരിചയമില്ല. ഞാൻ പോവുകയാണ്. (കണ്ണീരു തുടച്ചു തിടുക്കത്തിൽ പോകുന്നു. സമയമറിയിക്കുന്ന ഘണ്ടാനാദം കേൾക്കുന്നു.)

(ഭീഷ്മർ മാത്രമേ രംഗത്തുള്ളു. അദ്ദേഹം ചിന്താഭരിതനായി നില്ക്കുന്നു.)

ഭീഷ്മർ : (അദൃശ്യമായ ആരെയോ സംബോധന ചെയ്യുംപോലെ) അവസാനദിവസം സമാഗതമായി... ഇതിൻെറ അന്ത്യത്തിൽ.... കൂരമ്പുകൾ തറച്ച്... ശരീരം മുറിഞ്ഞ്..... ശരശയ്യയിൽ. ഈ യുദ്ധഭൂമിയുടെ ഒഴിഞ്ഞ ഒരു കോണിൽ. അതും പേരക്കിടാങ്ങളുടെ മദമാത്സര്യത്തിൻെറ കൂരമ്പുകൾ.... അമ്മേ) ഗംഗാദേവി! ഈ ഗാംഗേയൻ ഇത്രയും ശ്രമിച്ചിട്ട്.... ഇത്രയും ജീവിച്ചിട്ട്...... ദേവാ! പാർത്ഥസാരഥേ! ....... ഇതെല്ലാം അങ്ങയുടെ ലീലയായിരിക്കാം. അല്ലേ? (പ്രാർത്ഥനാനിരതനാകുന്നു.)

(അണിയറയിൽ വാദ്യസംഗീതം - ഒരു സംഘഗാനധ്വനി മാത്രം)

(കർട്ടൻ)

# 7. കാവ്യമേഖലയിലേക്ക് ആദ്യപടവുകൾ

കൃഷ്ണപിള്ളയുടെ ഭവനത്തിനു മുമ്പിൽ വിസ്താരമുള്ള ഒരു വലിയ കുളമുണ്ട്. 'മാറൻകുളം' എന്നാണ് അതിൻെറ പേർ. (ഇപ്പോഴും അതവിടെ കാണാം.) ആ കുളത്തിൻെറ വടക്കേ പടിഞ്ഞാറേമൂലയിൽ ഒരു ഹാൾ ഉണ്ടായിരുന്നു. അതുമായി തൻെറ ബാല്യം ബന്ധപ്പെട്ടിരുന്നുവെന്ന് ചങ്ങമ്പുഴതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. "പണ്ടു കാലങ്ങളിൽ ഭിക്ഷാംദേഹികളായി ഇടപ്പള്ളിയിൽ വന്നെത്തുന്ന ഗോസായിമാർക്ക് കൊട്ടാരത്തിൽനിന്ന് അരി, നെയ്യ്, കറിക്കോപ്പുകൾ മുതലായവ സൗജന്യമായികൊടുക്കുക പതിവുണ്ട്. അവർക്കു താമസിക്കുവാനായി ഇടപ്പള്ളി രാജാവ് നിർമ്മിച്ചിട്ടുള്ളതാണ് പ്രസ്തുത ഹാൾ. 'ഗോസായിച്ചാവടി' എന്നാണ് അതിനെ വിളിച്ചു വരുന്നത്." അതിൻെറ തീരത്ത് സായാഹ്നങ്ങളിലും നിലാവുള്ള രാത്രികളിലും സമപ്രായക്കാരോടൊത്തു കൂടുക അന്നത്തെ ഒരു പതിവായിരുന്നു. സാഹിത്യാഭിരുചിയുടെ പരിപോഷണത്തിന് അവിടം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഹൃദിസ്ഥമാക്കിയ കാവ്യശകലങ്ങൾ അയവിറക്കിയും സ്വയം കവിതരചിച്ചു ചൊല്ലിയും, ചർച്ചകളിൽ ഏർപ്പെട്ടും ആ പരിപോഷണ പരിശ്രമങ്ങൾ ഹൃദ്യമായി മുന്നോട്ടു നീങ്ങി. അവിടെയിരുന്ന് അദ്ദേഹം പില്ക്കാലത്ത് ചില കവിതകൾ രചിക്കുക കൂടി ചെയ്തിട്ടുണ്ട്. എന്നാൽ കൗമാരം വിട്ട് യൗവനത്തിലേക്കു കടക്കുന്ന അവസ്ഥയിൽ മാറൻകുളത്തിൻെറ സാമീപ്യം പല അപവാദങ്ങൾക്കും കാരണമാകാതിരുന്നില്ല. സമീപത്തുള്ള

ഭവനങ്ങളിൽ യുവതികളുണ്ട്. അവർ കുളിക്കാൻ വരുന്നത് ആ കുള ത്തിലുമാണ്. ആരും കുളിക്കാനെത്താത്ത നേരങ്ങളിൽ അവിടെ തങ്ങിനില്ക്കുന്ന ഏകാന്തത പല രഹസ്യങ്ങൾക്കും മറ പിടിക്കുന്നതായും ആളുകൾ പറഞ്ഞുതുടങ്ങി. എങ്കിലും പ്രായം ചെന്നതിനുശേഷവും ചങ്ങമ്പുഴ ആ കുളവുമായുള്ള ഹൃദയബന്ധം നിലനിർത്തുക തന്നെ ചെയ്തു. എല്ലാം മറക്കുന്ന ലഹരിയിൽ ആമഗ്നനായി അദ്ദേഹം പലപ്പോഴും ആ ചങ്ങാതിയുടെ സമീപത്ത് ശയിച്ചുണ്ടത്രെ. 'നീലജലാശയം' എന്നാണ് അതേക്കുറിച്ച് സങ്കല്പിച്ചുപോന്നത്.

അക്കാലത്ത് ഇടപ്പള്ളിയിൽ ധാരാളം സഹൃദയരുണ്ടായിരുന്നു. അവർ പലതരം സാഹിത്യ സമാജങ്ങൾ സംഘടിപ്പിച്ച് നടത്തിപ്പോരികയും ചെയ്തു. ആ സാഹിത്യ സമാജങ്ങൾ കാവ്യരചനാ പരമായ കളരികൾ കൂടിയായിരുന്നു. സാഹിത്യത്തിൽ, പ്രത്യേകിച്ചും കവിതയിൽ, സഹജമായ അഭിരുചി പുലർത്തുന്ന സുഹൃത്തുക്കളുടെ സമ്മേളന രംഗങ്ങളായിരുന്നു അവയെല്ലാം. കൗമാരപ്രായം പിന്നിടാൻ തുടങ്ങുന്നവർ മുതൽ വാർദ്ധക്യവേദിയിൽ കാലൂന്നി നില്ക്കുന്നവർവരെ ആ സദസ്സിൽ അംഗങ്ങളായിരുന്നു. സാമ്പത്തിക വ്യത്യാസമോ അവസ്ഥാഭേദമോ അവർക്കിടയിൽ വിടവുണ്ടാക്കിയിരുന്നില്ല. സാഹിത്യാഭിരുചിയുടെയും കാവ്യാസ്വാദനത്തിന്റെയും ഹൃദ്യമായ അന്തരീക്ഷത്തിൽ അവർ ഒത്തുചേർന്നു. ആഹ്ലാദകരമായ ഒരു സാഹോദര്യം അവരെ പരസ്പരം ബന്ധിപ്പിച്ചു. ആ ഊഷ്മളാന്തരീക്ഷത്തിൽ കവിത വായിക്കുക, കവിതയെക്കുറിച്ച് ചർച്ച ചെയ്യുക തുടങ്ങിയ കൃത്യങ്ങളിലേർപ്പെടുക സുഖമായിരുന്നു. സ്വന്തം രചനകൾ അവതരിപ്പിക്കാനുള്ള അവസരം ഈ വേദികൾ എല്ലാ അംഗങ്ങൾക്കും പ്രദാനം ചെയ്തു. അങ്ങനെ അവതരിപ്പിക്കുന്ന കവിതകൾ അംഗങ്ങളെല്ലാവരും ഒരുപോലെ ആസ്വദിക്കണമെന്നില്ല. ആസ്വദിക്കാത്തവർ അഭിപ്രായഭിന്നത പ്രകടിപ്പിക്കാൻ സങ്കോചം കാട്ടിയതുമില്ല. ഭിന്നാഭിപ്രായപ്രകടനവേളകളിൽ സാഹിതീയമായ യുക്തി അവർക്ക് ഉപയോഗിക്കേണ്ടതായി

വരുമെന്നു മാത്രം. അതിനു മറുപടി പറയാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. അവിടെയും കാവ്യബോധവും യുക്തിയും വേണ്ടുവോളം പ്രയുക്തമാകേണ്ടതുണ്ട്. ഇതിന്റെയെല്ലാം അർത്ഥം, സാഹിത്യരചനയിലും സാഹിത്യ പഠനത്തിലും ഏർപ്പെടുന്നവർക്കെല്ലാം ആ സദസ്സുകൾ മികച്ച ശിക്ഷണം നല്കിപ്പോന്നു എന്നാണ്. അവിടെ ഒരാളുടെ കവിതാ മെന്നതുപോലെ, വിമർശനപരമായ കഴിവും വികസിക്കാൻ പ്രേരകമായ അന്തരീക്ഷമുണ്ടായിരുന്നു. കവികൾക്ക്, എലിയറ്റ് പറയുന്നതുപോലെ, വിമർശനപരമായ കഴിവ് രചനയിൽ അത്യധികം സഹായകരമായിരിക്കുകയും ചെയ്യും. ഇക്കാരണ ങ്ങളാൽ ആ സദസ്സുകളിലെ അംഗങ്ങൾ പലരും ആത്മ വിശ്വാസത്തോടുകൂടി സാഹിത്യപരിശ്രമങ്ങളിലേർപ്പെടാനുള്ള കഴിവുനേടി. മലയാള സാഹിത്യത്തിന് പരിഭാഷകളിലൂടെയും മറ്റും അവിസ്മരണീയമായ സംഭാവനകൾ നല്കിയ ഇടപ്പള്ളി കരുണാകരമേനോൻ ഈ സദസ്സുകൾക്ക് നേതൃത്വം നല്കിപ്പോന്നവരിൽ പ്രമുഖനായിരുന്നു. അക്കാലത്തെക്കുറിച്ച് ഒരു സുഹൃത്ത് അനുസ്മരിക്കുന്നത് ഇങ്ങനെയാണ്. "ചങ്ങമ്പുഴ യുടെ കവിതാഭ്രമം നാൾക്കുനാൾ വർദ്ധിച്ചുവന്നു. ചില്ലറക്കാര്യങ്ങൾ വിട്ട് ഗൗരവതരങ്ങളായ വിഷയങ്ങളെ പുരസ്ക്കരിച്ച് നീണ്ട കവിതകൾ എഴുതുവാൻ ആ വാസനാസമ്പന്നൻ കിണഞ്ഞു പരിശ്രമിച്ചു. അതിനു ചില നല്ല ഫലങ്ങളും കണ്ടുവന്നു."

ചങ്ങമ്പുഴ കൃഷ്ണപിള്ളയും ഇടപ്പള്ളിരാഘവൻ പിള്ളയും ആ സദസ്സുകളിലെ ഇളം തലമുറക്കാരായിരുന്നു. മുമ്പു സൂചിപ്പിച്ചതുപോലെ അവരിരുവരും, അല്പം അകന്നിട്ടാണെങ്കിലും, സുഹൃത്തുക്കളായിട്ടാണ് കഴിഞ്ഞു പോന്നത്. അതേ സമയം തന്നെ പരസ്പരം അസൂയ പുലർത്താതെയുമിരുന്നില്ല. അതു കൂടെക്കൂടെ സൗന്ദര്യപ്പിണക്ക മായി പ്രകാശിതമായിക്കൊണ്ടിരുന്നു. പരസ്പരം പരിഹസിക്കാൻ വേണ്ടി ചില്ലറക്കവിതകൾ അവർ രചിച്ചുപോന്ന കാര്യം മുമ്പു സൂചിപ്പിക്കയുണ്ടായല്ലോ. എങ്കിലും, കാവ്യദേവതയുടെ കടാക്ഷം

അമൂല്യമാണെന്ന വിശ്വാസം പുലർത്തുന്നവരെന്ന് നിലയ്ക്ക്, അവരറിയാതെതന്നെ അവാച്യമായ ഒരു ബന്ധം അവർക്കിടയിൽ നിലനിന്നുപോന്നു എന്നതാണ് വാസ്തവം. സ്ക്കൂളിൽ ഏറെയും പ്രശസ്തിനേടിയത് പ്രാരംഭഘട്ടത്തിൽ രാഘവൻ പിള്ളയായിരുന്നു. എന്നാൽ രചനാചാതുരിയും ശബ്ദമാധുര്യവും തൻെറ കവിതകൾക്കാണ് കൂടുതൽ എന്ന കാര്യത്തിൽ കൃഷ്ണപിള്ളയ്ക്ക് സംശയമുണ്ടായിരുന്നില്ല. അതേ സമയം തന്നെ കൃഷ്ണപിള്ളയുടെ കവിതകൾക്ക് തൻെറ കവിതകൾക്കുള്ളത്രയും ആന്തരികഗൗരവമോ ശില്പദാർഢ്യമോ ഇല്ലെന്ന് രാഘവൻപിള്ളയും കരുതിപ്പോന്നു. വിരുദ്ധമായ ഈ കരുതലുകൾമൂലം രൂപപ്പെടുന്ന മനോഭാവം അവർക്കിടയിൽ അപസ്വരങ്ങൾ സൃഷ്ടിക്കുക സ്വാഭാവികമാണല്ലോ. അതോടൊപ്പം, ഒരു തരം സംഘർഷവും. ജി.പി. ശങ്കരമംഗലം എഴുതുന്നു. "എങ്കിലും ഇംഗ്ലീഷ് സ്ക്കൂളിൽ കവിയായി അറിയപ്പെട്ടത് രാഘവൻപിള്ളയാണ്. രണ്ടുപേർക്കും അല്പം അസൂയയും ഉളവായി. അപ്പഴപ്പോൾ എഴുതുന്ന കവിതകൾ ഞങ്ങൾ പരസ്പരം കാണിച്ചുവന്നു. ആദ്യം ഞങ്ങൾതന്നെ തിരുത്തും. പിന്നെ കരുണാകരമേനവൻെറ കരവിരുതിന്നായി സമർപ്പിക്കും. അക്കാലത്ത് ചങ്ങമ്പുഴ ധാരാളം എഴുതിയിരുന്നു. എന്നാൽ അവയിൽ സിംഹഭാഗവും വെളിച്ചം കാണാതെ പോവുകയാണുണ്ടായത്. അപൂർവ്വം ചിലത് പില്ക്കാലത്തെ കൃതി സമാഹാരങ്ങളിൽ സ്ഥാനം നേടിയിട്ടുണ്ട്. അങ്ങനെ സാഹിതീരസസമൃദ്ധമായ ആ ചുറ്റുപാടിൽ അത്യുത്സാഹിയായ ആ കവി ബാലൻ ദൈനംദിനം വളർന്നു വന്നു - വെളുത്ത പക്ഷത്തിലെ അമ്പിളിയെപ്പോലെ."

ഇക്കാലങ്ങളിലെല്ലാം താൻ എഴുതുന്ന കവിതകൾ മുമ്പു പ്രസ്താവിച്ചതുപോലെ, ആരെയും വായിച്ചു കേൾപ്പിക്കുന്ന പ്രകൃതം ചങ്ങമ്പുഴയ്ക്കുണ്ടായിരുന്നു. കാവ്യാഭിരുചി ഇല്ലാത്ത സ്നേഹിതൻമാർ അതുമൂലം അദ്ദേഹത്തെ 'ഭയ'പ്പെടുകയും ചെയ്തു പോന്നു. അവർ കൗശലപൂർവ്വം അദ്ദേഹത്തിൻെറ സാമീപ്യ ത്തിൽനിന്നു രക്ഷപ്രാപിക്കാൻ ശ്രമിക്കുന്നതിനെക്കുറിച്ച്

ഫലിതരൂപത്തിൽ പറഞ്ഞുപോന്നു! അക്കാരണത്താൽ കൃഷ്ണപിള്ള അവരോട് പരിഭവിക്കാൻ മടിച്ചില്ല. അവരിൽ പലരോടും പിന്നീട് മിണ്ടാതായി. ആസ്വദിക്കുന്നവരായ സുഹൃത്തുക്കളുമായും ഇടയ്ക്കിടെ പിണങ്ങാനുള്ള അവസരം കൃഷ്ണപിള്ള നഷ്ടപ്പെടുത്തിയിരുന്നില്ല. ആ പ്രകൃതത്തിൽ അങ്ങനെയൊരംശം ഉണ്ടായിരുന്നു. - എളുപ്പം പരിഭവിക്കുകയും എളുപ്പം പിണങ്ങുകയും ചെയ്യുന്ന ഒരു തരം ശീലം. പരിഭവവും പിണക്കവും സ്ഥായിയായി നിലനില്ക്കണമെന്നില്ല. ഒട്ടുമിക്കപ്പോഴും അവയെല്ലാം പെട്ടെന്ന് വിസ്മൃതമാവുകയാണ് പതിവ്. അതുപോലെ സതീർത്ഥ്യരായ പലരുടെയും നോട്ടുബുക്കുകളിൽ സ്വന്തം വരികൾ കുറിച്ചിടുന്ന ഒരു സ്വഭാവവും അന്നു കൃഷ്ണപിള്ളയ്ക്കുണ്ടായിരുന്നു. കുറെ പ്രായമായതിനുശേഷവും ആ സ്വഭാവം നിലനിന്നു. ബസ് സ്റ്റാൻഡിൽ യാത്രയ്ക്കൊരുങ്ങിനില്ക്കുമ്പോൾ അടുത്തു നില്ക്കുന്ന വിദ്യാർത്ഥികളുമായി പരിചയപ്പെടാനും അവരുടെ നോട്ടുബുക്കിൽ ഏതാനും വരികൾ കുറിച്ചിടാനും അദ്ദേഹത്തിനു സ്വല്പസമയം മതിയായിരുന്നു. ആ വരികളാകട്ടെ, ആരുടെ ഓർമ്മയിലും തത്തിക്കളിക്കാൻ ത്രാണിയുള്ളവയും. അങ്ങനെ എഴുതപ്പെട്ട ഈരടികൾ ഇപ്പോഴും ഓർമ്മയിൽ നിന്നു ചൊല്ലിക്കേൾപ്പിക്കാൻ കഴിയുന്നവർ നമ്മുടെ മദ്ധ്യത്തിലുണ്ട്. അതുപോലെ, മണലിലെന്നപോലെ മതിലുകളിലും തൻെറ ഈരടികൾ കുറിച്ച് സ്വന്തം പേരെഴുതിവയ്ക്കാൻ താല്പര്യം കാണിച്ചുപോന്നു. പില്ക്കാലത്ത് ലൈബ്രറികളിൽ നിന്നെടുക്കുന്ന പുസ്തകങ്ങളിൽപ്പോലും സ്വന്തം പുസ്തകങ്ങളിലെന്നപോലെ അദ്ദേഹം പേരെഴുതി ഒപ്പിട്ടുവയ്ക്കാൻ മടിച്ചിരുന്നില്ല. അതു പുസ്തകത്തിൻെറ പല ഭാഗങ്ങളിലായെന്നും വരും. തന്നിലും തൻേറതായ സർവ്വത്തിലുമുള്ള അമിതമായ കൗതുകം - ഭ്രമം ആത്മരതിയുടെ ചേഷ്ടകളാണെന്നു പറയേണ്ടതില്ലല്ലോ. ചങ്ങമ്പുഴയുടെ വ്യക്തിത്വത്തിൽ എന്നും സജീവ ഘടകമായി വർത്തിച്ചത് ഈ ആത്മരതിയായിരുന്നു. 'ഞാൻ'. 'എന്നെ' 'എൻെറ', 'എനിക്ക്' എന്നെല്ലാമുള്ള വാക്കുകൾ

ഇത്രയധികം പ്രയോഗിച്ചിട്ടുള്ള മറ്റൊരു കവി മലയാളത്തിലില്ല എന്ന വസ്തുതയും ഇവിടെ സ്മരണീയമാണ്.

ചങ്ങമ്പുഴയുടേ ബാല്യകാലസുഹൃത്തുക്കളായിരുന്ന പലരും മറ്റൊരു സ്വഭാവവിശേഷത്തെക്കുറിച്ചുകൂടി പൊതുവായി പറയാറുണ്ട്. അയുക്തികമായ സ്തോഭങ്ങൾ അപ്രതീക്ഷിത സന്ദർഭങ്ങളിൽ അകാരണമായി ആ പ്രകൃതത്തിൽ തെളിയുകയും മറയുകയും ചെയ്തു കൊണ്ടിരിക്കുമായിരുന്നത്രേ. ഉല്ലാസത്തോടു കൂടി കളികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതിനിടയ്ക്കായിരിക്കും പെട്ടെന്ന് ആ പ്രകൃതത്തിനു ഭാവപ്പകർച്ച സംഭവിക്കുക. കളിയും ചിരിയുമെലാം ഉടനെ നിലയ്ക്കും. ഏതോ തീവ്രമായ ശോകത്തിന് വിധേയനായതു പോലേ ആ ബാലൻ മൗനിയാകും. അതിൻെറ കാരണത്തെക്കുറിച്ച് അന്വേഷിച്ചാൽ, കരയുകയോ അരിശം കൊള്ളുകയോ ചെയ്യുകയാണ് പതിവ്. അത്തരം സന്ദർഭങ്ങളിലെല്ലാം ശിശുക്കളുടേതായ ദുർവാശി, ആർക്കും നിയന്ത്രിക്കാൻ കഴിയാത്തവിധം പ്രവർത്തിക്കുന്നതു കാണാം. അതു കഴിയുമ്പോഴോ അവ്യക്തമായ ഹേതുവാൽ കരയുകയും ചെയ്യും. ദയനീയമായ ഒരവസ്ഥയാണിത്. പില്ക്കാലത്ത് കവിതയിലൂടെ കരയുന്നതിൻെറ പേരിൽ അപഹസിക്കപ്പെട്ടപ്പോൾ ചങ്ങമ്പുഴ എഴുതിയത് ഇപ്രകാരമാണ്.

"കരയും ഞാൻ, കരയും ഞാൻ, കരയും കവികളെ
കഴുവിൽ കയറ്റുമോ ലോകമേ നീ?
കരയുന്നതൊക്കെയും ഭീരുത്വമാണെങ്കി-
ലലറുന്നതൊക്കെയും ധൈര്യമാണോ?"

ഉത്തരഭാഗത്തിലെ ചോദ്യം വാസ്തവത്തിൽ മർമ്മസ്പർശിയാണ്. അകാരണമായ ശോകം അധീരതയുടെ ലക്ഷണമാകണമെന്നില്ല.

പലപ്പോഴും അല്ലെന്നുള്ളതാണ് വാസ്തവം. അത് ഒരു സ്വഭാവവിശേഷം മാത്രം. ഒരാൾക്ക് തൻെറ തൊലിയുടെ നിറം

മാറ്റാൻ കഴിയാത്തതുപോലെ, ചില ജൻമപ്രകൃതങ്ങളും മാറ്റാൻ കഴിയുകയില്ല. കരച്ചിലിൻെറ മറുവശമായ അലർച്ചയും അപൂർവ്വമായി ചങ്ങമ്പുഴ എന്ന കവിയിൽനിന്ന് ഉണ്ടാകാതെയിരുന്നില്ല. ചുട്ടെരിക്കിൻ, ഗളഹസ്തം മുതലായ കവിതകൾ ഉദാഹരണം. അവയെല്ലാം ധീരതയുടെ ബഹിർഗ്ഗമനങ്ങളാണെന്നു പറഞ്ഞുകൂടാ. അങ്ങനെ അദ്ദേഹം അവകാശപ്പെട്ടതുമില്ല. രണ്ടു സന്ദർഭങ്ങളിലും ചങ്ങമ്പുഴ ചങ്ങമ്പുഴതന്നെയായിരുന്നു. അയുക്തികമായ സ്തോഭങ്ങൾക്ക് നിർഹേതുകമായി വിധേയനായിപ്പോകുന്ന അസ്ഥിര പ്രകൃതി.

ഇപ്രകാരം സ്നേഹിതൻമാരുമായി കളിച്ചും വഴക്കു ണ്ടാക്കിയും കഴിയുന്ന കാലയളവിൽത്തന്നെ ഏകാന്തത യിലിരുന്ന് പുസ്തകങ്ങളുടെ ലോകത്തിൽ ആ ഇളം മനസ്സ് വിഹരിക്കാൻ തുടങ്ങി. കൈയ്യിൽ കിട്ടിയ പുസ്തകങ്ങളെല്ലാം ആർത്തിയോടെ വായിക്കുമായിരുന്നെങ്കിലും പദ്യകൃതികളോടാ യിരുന്നു കൂടുതൽ ആഭിമുഖ്യം. രചനാ ഭംഗിയും ലാളിത്യവും ഒത്തിണങ്ങിയ കൃതികൾ അത്യന്തം പ്രിയങ്കരമായി അനുഭവപ്പെട്ടു. രണ്ടു തവണ വായിച്ചു കഴിയുമ്പോൾ ആ ബാലന് അവയിലധികവും ഹൃദിസ്ഥമായിക്കഴിയും. അതുകൊണ്ട് കവിതാഖ്യാനത്തിൽ എപ്പോഴും സതീർത്ഥ്യരെ അമ്പരപ്പിച്ചു പോന്നു. ഈ കാലഘട്ടത്തിൽ കവിതാ രചന ദിനചര്യയുടെ ഒരു ഭാഗമായിരുന്നു എന്നുതന്നെ പറയാം. കുഞ്ഞിക്കുട്ടൻ തമ്പുരാനു ശേഷം ഇത്രമാത്രം അനായാസമായി പദ്യം രചിക്കാൻ മലയാളത്തിൽ മറ്റാർക്കും കഴിഞ്ഞു കാണുകയില്ല. ഇപ്രകാരമുള്ള പദ്യരചനാവൈഭവം പില്ക്കാലത്ത് അദ്ദേഹത്തിനു ഗുണ മായിട്ടാണോ ഭവിച്ചത്? ഈ ചോദ്യം ആരെങ്കിലും ഇവിടെ ചോദിച്ചേക്കും..... അതിനു മറുപടി നല്കേണ്ട സന്ദർഭം ഇതല്ല.

ഇടപ്പള്ളിയിലെ സാഹിത്യ സദസ്സിൽ വിദ്വാൻമാരായ തമ്പുരാക്കൻമാരും സമീപദേശങ്ങളിലെ പണ്ഡിതൻമാരും കൂടെക്കൂടെ പങ്കെടുത്തുകൊണ്ടിരുന്നു. സമസ്യാപൂരണം ഭാഷാന്തരീകരണം, ദ്രുതകവനം. അക്ഷരശ്ലോകം തുടങ്ങിയവ യായിരുന്നു സദസ്സിലെ സ്ഥിരം പരിപാടികൾ. ആ

പരിപാടികളിൽ പങ്കെടുക്കാനുള്ള അവസരം ചുരുക്കം കുട്ടികൾക്കു മാത്രമേ കിട്ടിയിരുന്നുള്ളു. അവരിൽ ഒരാളായിരുന്നു ചങ്ങമ്പുഴ. അതിനു കാരണമുണ്ട്. അവിടെ കുട്ടികളുടെ വകയായ ഒരു സാഹിത്യസമാജം നേരത്തേതന്നെ നടന്നു പോന്നിരുന്നു. വാസനാസമ്പന്നരായ പല ബാലൻമാരും അതിലാണ് സജീവമായി സഹകരിച്ചുപോന്നത്. കൃഷ്ണപിള്ള യായിരുന്നു അതിൻെറ സംഘാടകൻ അഥവാ സെക്രട്ടറി. മാറൻകുളത്തിനും കോശേരിമാളികയ്ക്കും ഇടയിലുള്ള പൊട്ടകിണറിനു സമീപത്തുവച്ചായിരുന്നു ഒട്ടുമിക്കപ്പോഴും സമാജം കൂടിയിരുന്നത്. ചിലപ്പോൾ കുളത്തിൻെറ കല്പടവുകളുടെ തുടക്കത്തിലുള്ള അരമതിലിലും സഭ കൂടാതിരുന്നില്ല. സ്ക്കൂൾവിശേഷങ്ങളും പഠനകാര്യങ്ങളും ഈ സായാഹ്നസമ്മേളനങ്ങളിൽ ചർച്ചാവിഷയമായിരുന്നെങ്കിലും സാഹിത്യത്തിനായിരുന്നു പരമപ്രാധാന്യം. സെക്രട്ടറി എന്ന നിലയ്ക്ക് ഔപചാരികമായ സഭാനടപടികൾ ദീക്ഷിക്കുന്നതിൽ കൃഷ്ണപിള്ള നിഷ്ക്കർഷ കാട്ടിപ്പോന്നു. റിപ്പോർട്ട് അവതരിപ്പിച്ചു പാസ്സാക്കും. അതിൽ അദ്ധ്യക്ഷനെക്കൊണ്ട് ഒപ്പിടുവിക്കുകയും ചെയ്യും. അടുത്ത ദിവസത്തേയ്ക്കുള്ള കാര്യപരിപാടി കൂടി നിശ്ചയിച്ചതിനുശേഷം മാത്രമേ സഭ പിരിയൂ. പലപ്പോഴും വൈകി മാത്രമേ വീട്ടിൽ എത്താൻ കഴി യുമായിരുന്നുള്ളു. അതുകൊണ്ട് അമ്മ ശകാരിക്കാൻ തുടങ്ങി. കൃത്യസമയത്ത് വരാത്തതുകൊണ്ടു മാത്രമല്ല, അവധി ദിവസങ്ങളിൽപ്പോലും വീട്ടിലില്ലാത്തതുകൊണ്ടായിരുന്നു അമ്മ ശകാരിച്ചത്. ഒരിക്കൽ കൃഷ്ണപിള്ളയുടെ ഈ സമാജ പ്രവർത്തനത്തിന് നിയന്ത്രണം ചെലുത്താൻ അമ്മ ഒരു ഉപായം പ്രയോഗിച്ചു. കൃഷ്ണപിള്ളയ്ക്ക് അന്ന് ആകെ ഒരു മുണ്ട് മാത്രമേ ഉണ്ടായിരുന്നുള്ളു. വാരാന്ത്യത്തിൽ അത് അലക്കുമ്പോൾ പുറത്തെങ്ങും പോകാതെ വെറും കൗപീനം മാത്രം ധരിച്ച് വീട്ടിനുള്ളിൽ ഒതുങ്ങിക്കൂടുകയാണ് പതിവ്. ഈ പ്രത്യേക ദിവസം അമ്മ ആ മുണ്ടെടുത്ത് ഒളിച്ചുവച്ചു. ഇവൻ ഇനി എങ്ങനെ പോകുമെന്ന് കാണട്ടെ! പക്ഷേ, കൃഷ്ണപിള്ള അന്നത്തെ പ്രത്യേക സമ്മേളനത്തിൽ പോകാതിരിക്കുക

സാദ്ധ്യമല്ല. കാരണം താനാണ് അത് വിളിച്ചു കൂട്ടിയിരിക്കുന്നത്. അതുകൊണ്ട് കൗപീനം മാത്രം ധരിച്ചുകൊണ്ട് ആ ബാലൻ അമ്മയുടെ കണ്ണുവെട്ടിച്ച് സമ്മേളനസ്ഥലത്തേയ്ക്കു പാഞ്ഞു. കൃത്യമായി റിപ്പോർട്ട് വായിക്കുകയും സമ്മേളനം നടത്തുകയും ചെയതു. ആ ദേശീയ വേഷത്തിൽ സെക്രട്ടറി സദസ്സിലെത്തിയതും പരിപാടികൾ നടത്തിയതും മറ്റും മറ്റംഗങ്ങൾക്ക് ഏറെക്കാലം ചിരിക്കാനുള്ള വകയായിരുന്നു. ആ ചിരിയിൽ പരിഹാസമല്ല, അഭിനന്ദനമാണ് അടങ്ങിയിരുന്നത്. ആ സമ്മേളനത്തിൽ പങ്കെടുത്ത കരുണാകരമേനോൻ കൃഷ്ണപിള്ളയുടെ കൃത്യനിഷ്ഠയെ പ്രത്യേകമായി പ്രശംസിക്കുകയും ചെയ്തു. തരം കിട്ടുമ്പോഴെല്ലാം ബാലൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അവരുടെ സമാജങ്ങളിൽ അദ്ദേഹം പങ്കെടുത്ത് പോന്നിരുന്നു.

ബാലസമാജത്തിൽ ചങ്ങമ്പുഴ അവതരിപ്പിച്ച കവിതകൾ പൊതുവിൽ ശ്രദ്ധാവിഷയമായി. അവയുടെ ശ്ലാഘനീയമായ ശയ്യാഗുണവും ആശയമാധുര്യവും മുതിർന്നവരെപ്പോലും നല്ലവണ്ണം ആകർഷിച്ചു. അതുകൊണ്ട് തങ്ങളുടെ സാഹിതീസദസ്സിൽ പ്രവേശിക്കാൻ കരുണാകരമേനോൻ അദ്ദേഹത്തിന് അനുമതി നല്കി. രാഘവൻപിള്ളയ്ക്ക് നേരത്തേതന്നെ അവിടെ പ്രവേശനം കിട്ടിയിരുന്നു - കരുണാകരമേനോൻെറ പ്രത്യേകമായ അനുഭാവം മൂലം. അതിൽ ചങ്ങമ്പുഴയ്ക്ക് പരിഭവവും അസൂയയും അമർഷവും മറ്റും തോന്നാതിരുന്നില്ല. തനിക്കും പ്രവേശനം കിട്ടിയതോടെ, ആ വികാരങ്ങൾ ഒരു തരം മാത്സര്യബുദ്ധിയായി രൂപാന്തരം പ്രാപിച്ചു. അതുകൊണ്ട് മുതിർന്നവരുടെ സദസ്സിൽ അവതരിപ്പിക്കാനായി രചിച്ച കവിതകളിൽ ചങ്ങമ്പുഴ വളരെയേറെ മിനുക്കു പണികൾ നടത്തി. അതിനു ഫലമുണ്ടായി. ആ കവിതകൾ സദസ്സിനെ രോമാഞ്ചമണിയിക്കുക തന്നെ ചെയ്തു. മുതിർന്നവരായ പണ്ഡിതൻമാർ ആ ബാലനിൽ പ്രശംസാവചനങ്ങൾ കോരിച്ചൊരിയുകയും ചെയ്തു. അതിൻെറ ഫലം ആത്മവിശ്വാസമായും രചനാപരമായ ഉത്സാഹമായും

കൃഷ്ണപിള്ളയിൽ പ്രത്യക്ഷപ്പെട്ടു. അന്ന് എഴുതിക്കൂട്ടിയ കവിതകൾക്ക്കണക്കില്ല. എല്ലാം മികച്ചതാണെന്ന് പറഞ്ഞുകൂടാ. പക്ഷേ, അവയിൽ ഒന്നുപോലും അനാകർഷകമായിരുന്നില്ല. അതിൽ പങ്കെടുത്ത പലരും പില്ക്കാലത്ത് ആ വരികൾ ഓർമ്മയിൽ നിന്ന് ഉദ്ധരിക്കുന്നത് കേട്ടിട്ടുണ്ട്. എന്നു വച്ചാൽ, ഓർമ്മയിൽ തങ്ങിനില്ക്കാൻ പ്രേരകമായ വശ്യതയോ ഇമ്പമോ ആ വരികൾക്ക് ഉണ്ടായിരുന്നു എന്നർത്ഥം. നൈസർഗ്ഗികമായ വാസനയുടെ ലാവണ്യദീപ്തി അവയെ പലപ്പോഴും തേജോമയമാക്കിയിരുന്നു; വേണ്ടത്ര പരിപാകമാർജ്ജിച്ചിരുന്നില്ലെന്നു മാത്രം.

ചങ്ങമ്പുഴ കൃഷ്ണപിള്ള--
നക്ഷത്രങ്ങളുടെ സ്നേഹഭാജനം) (പ്രൊഫ: എം.കെ. സാനു.

# 8. പരസ്യത്തിൻെറ ചരിത്രവും വികാസവും

പരസ്യത്തിന് എന്തു പഴക്കമുണ്ട്? എന്നാണ് മനുഷ്യൻ പരസ്യം ചെയ്യാൻ തുടങ്ങിയത്? ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നല്കാൻ പ്രയാസമുണ്ട്. ഉത്തരം പരസ്യത്തിൻെറ നിർവ്വചനത്തെ ആശ്രയിച്ചിരിക്കും. ഈ നവീനയുഗത്തിൽ - ടെലിവിഷനും റേഡിയോയും ആകാശമണ്ഡലവും പരസ്യത്തിൻെറ വിലാസകേന്ദ്രങ്ങളായിരിക്കുന്ന ഈ നവലോകത്തിൽ - പരസ്യംകൊണ്ട് നാം അർത്ഥമാക്കുന്ന ചില കാര്യങ്ങൾ ഉണ്ട്. അവയ്ക്ക് പ്രാചീനകാലത്ത് പ്രചാരമില്ലായിരുന്നു. ഈ നൂറ്റാണ്ടിലെ പരസ്യം ആക്കത്തിലും തൂക്കത്തിലും ഭാവത്തിലും രീതിയിലും എല്ലാം ഇക്കഴിഞ്ഞ നൂറ്റാണ്ടിലെ പരസ്യത്തിൽനിന്ന് പാടെ വിഭിന്നമാണെന്ന് പറയുമ്പോൾ അനേകം നൂറ്റാണ്ടുകൾക്കു മുമ്പ് പരസ്യത്തിൻെറ ഭാവം എന്തായിരുന്നുവെന്ന് പറയാനുള്ള ബുദ്ധിമുട്ട് ആലോചിക്കാവുന്നതേയുള്ളു. എങ്കിലും ഇന്നു കാണുന്ന പരസ്യത്തിൻെറ അടിസ്ഥാനതത്വങ്ങൾക്കും സമുദായ മധ്യത്തിലുള്ള സ്ഥാനത്തിനും സ്വാധീനത്തിനും അനേക നൂറ്റാണ്ടത്തെ ചരിത്രമുണ്ട്. ബാഹ്യമായ കാര്യങ്ങളിൽ ആധുനിക പരസ്യത്തിന് ചരിത്രത്തിൽ വളരേയേറെ പിന്നോട്ടു പോകാൻ സാധ്യമല്ല. പക്ഷേ ആശയങ്ങളിലും ലക്ഷ്യങ്ങളിലും പ്രാചീന പരസ്യവും ആധുനിക പരസ്യവും ഒരുപോലെയാണ്.

വാസ്തവം പറഞ്ഞാൽ പരസ്യത്തിന് ഒന്നല്ല രണ്ട് ചരിത്രമുണ്ട്. ഇന്ന് നമുക്ക് സുപരിചിതമായ പരസ്യം ഇന്നലെ തുടങ്ങിയതാണെന്നു പറയാം. അതൊരു ഹ്രസ്വചരിത്രം മാത്രം.

മറ്റേത്, ലോകാരംഭത്തിൽ ആദിമമനുഷ്യൻ തന്റെ സാന്നിധ്യം ഒരു സഹജീവിയെ തികച്ചും അകൃത്രിമവും അസംസ്കൃതവുമായ രീതിയിൽ വിളിച്ചറിയിച്ചപ്പോൾ മുതലുള്ള ചരിത്രമാണ്.

ഗുഹജീവിക്ക് വില്ക്കാൻ വസ്തുക്കൾ ഉണ്ടായിരുന്നില്ലെന്ന് ഊഹിക്കാമല്ലോ. വില്ക്കാനില്ലെങ്കിൽ പരസ്യം ചെയ്യാനുമില്ല. ക്രയവിക്രയം തുടങ്ങിയപ്പോഴാകണം പരസ്യം തുടങ്ങിയത്. ധരിക്കാൻ വസ്ത്രമില്ലെങ്കിൽ കാട്ടിലേക്കിറങ്ങി ഒരു പുലിയെ കൊന്ന് പുലിത്തോലുരിച്ച് ധരിക്കാം. പുലിത്തോല് ശേഖരിക്കാനും വില്ക്കാനും ശ്രമിച്ചു കാണുകയില്ല. ആവശ്യമുള്ളപ്പോൾ അങ്ങോട്ടിറങ്ങി എന്തിനെയെങ്കിലും കൊന്നാൽ ഇറച്ചിയും തോലും കിട്ടും; ഒറ്റയടിക്ക് ആഹാരവും വസ്ത്രവുമായി. അഥവാ ധരിക്കാൻ മാത്രം തോലുകിട്ടിയില്ലെങ്കിലും കുഴപ്പമില്ല. ഉള്ളതു മതി. ധരിക്കാൻ ഒന്നുമില്ലെങ്കിലും എന്താണ് കുഴപ്പം? ആരു കാണാനാണ്? എന്തിന് നാണിക്കണം? ധരിച്ചിരിക്കുന്നത് നാറുന്നെന്നോ? എന്താണ് നാറ്റം? എന്താണ് മണം? ഇതൊക്കെ അറിഞ്ഞു തുടങ്ങിയപ്പോഴായിരിക്കണം മനുഷ്യന്റെ ആവശ്യങ്ങൾ കൂടിയത്. ആവശ്യങ്ങൾ കൂടിയപ്പോഴേയ്ക്കും വിഭവങ്ങൾ തേടേണ്ടിവന്നു. വിഭവങ്ങൾ തേടണമെങ്കിൽ വിഭവങ്ങളെപ്പറ്റി അറിവുകിട്ടണം. അറിയിക്കണം. അപ്പോഴാവാം മനുഷ്യസമുദായത്തിൽ പരസ്യത്തിന് സ്ഥാനമുണ്ടായത്. പരസ്യത്തിന് ആവശ്യങ്ങൾ സൃഷ്ടിക്കാൻ കഴിവുണ്ടെന്നാണ് ഇന്ന് പരസ്യത്തെ വിമർശിക്കുന്ന സാമ്പത്തിക വിദഗ്ധൻമാരും സാമൂഹിക ശാസ്ത്രജ്ഞൻമാരും പറയുന്നത്. ഈ ആവശ്യങ്ങൾ ആവശ്യങ്ങളേയല്ല. അനാവശ്യങ്ങളാണെന്നാണ് അവരിൽ ചിലരുടെ പരാതി. അവരുടെ അഭിപ്രായത്തെ ഖണ്ഡിക്കുവാനോ പിന്താങ്ങുവാനോ ഇവിടെ മുതിരുന്നില്ല.

ഗുഹകളിൽ നിന്ന് വെളിയിൽ വന്ന് മനുഷ്യർ സമൂഹമായി ജീവിക്കുവാൻ തുടങ്ങിയതോടെ ജീവിതരീതിയിൽ പല മാറ്റങ്ങളും വന്നു. മരവുരികൾ മാത്രമല്ല മറ്റ് അവശ്യസാധനങ്ങളും കൈമാറ്റക്കച്ചവടത്തിന് വന്നു തുടങ്ങി - വേട്ടയ്ക്കുവേണ്ട

ആയുധങ്ങൾ, കൊടും തണുപ്പിൽനിന്ന് രക്ഷനേടാൻ വേണ്ട കമ്പിളിത്തരങ്ങൾ, കല്ലുകൊണ്ടും കളിമണ്ണുകൊണ്ടും തടി കൊണ്ടും ഉണ്ടാക്കിയ ബിംബങ്ങൾ.

വേട്ടയാടുന്നതിൽ വിരുതു കൂടിയവർ സ്വന്ത ആവശ്യങ്ങൾ കഴിഞ്ഞ് അധികം വന്ന വേട്ടവസ്തുക്കൾ മറ്റുള്ളവർക്ക് കൊടുത്ത് തങ്ങൾക്കാവശ്യമുള്ള വസ്തുക്കൾ മറ്റുള്ളവരിൽ നിന്ന് കൈമാറി എടുക്കുവാൻ തുടങ്ങിയെന്ന് നമുക്ക് സങ്കല്പിക്കാം. ഈ പ്രക്രിയ വളർന്ന് വികസിച്ചതോടെ കമ്പോളങ്ങൾ രൂപം കൊണ്ട് 'വില്പന' സാമൂഹ്യ ജീവിതത്തിൽ സ്ഥിരപ്രതിഷ്ഠ നേടി യതോടെ വില്പനയ്ക്ക് വേണ്ട സങ്കേതങ്ങൾ സ്വാഭാവികമായി വളർന്നു. എന്തായിരുന്നു ആ സങ്കേതങ്ങൾ? വാചാലത അവയുടെ ഒരു പ്രധാന ഘടകമായിരുന്നിരിക്കണം. കയ്യെഴുത്തും അച്ചടിയും ഒക്കെ പിന്നെ എത്രയോ നൂറ്റാണ്ടുകൾ കഴിഞ്ഞാണ് മനുഷ്യൻ കണ്ടുപിടിച്ചത്. വായ്മൊഴിയിലൂടുള്ള പരസ്യ മായിരിക്കണം ആദ്യം നിലവിൽ വന്നത്.

ഇക്കാലത്തും നമ്മുടെ ചില അങ്ങാടികളിലും വലിയ മാർക്കറ്റുകളിലും പല്പൊടി വില്ക്കുന്നവരെ ശ്രദ്ധിച്ചാൽ വായ്മൊഴിയിലൂടെയുള്ള പരസ്യത്തിൻെറ പ്രായോഗികവശം നമുക്ക് മനസ്സിലാകും. പല്പൊടി വില്ക്കുന്ന ആൾ ഒരു 'പല്ലെടുപ്പ്' വിദഗ്ധൻ കൂടിയാണെങ്കിൽ വില്പനയുടെ സങ്കേതത്തിൽ അല്പം ചില പരിഷ്ക്കാരങ്ങൾ ഉണ്ടാവാം. ചുവന്ന ഒരു കുപ്പായവും അതിന്നു ചേരുന്ന തൊപ്പിയും ധരിച്ച് ഒരു കയ്യിൽ പൽപ്പൊടിയും മറുകയ്യിൽ പല്ലുപറിക്കാനുള്ള ഒരു 'കൊടിലും' പിടിച്ച് ഈ വിദഗ്ധൻ സരസമായി പ്രസംഗിക്കുന്നു. ആ വാചാലമായ പ്രസംഗത്തിൽ മതിമയങ്ങി കമ്പോളത്തിൽ മറ്റു സാധനങ്ങൾ വാങ്ങാൻ വരുന്നവർ വിദഗ്ധനു ചുറ്റും കൂടുന്നു. കുറേനേരം അയാളുടെ പ്രസംഗം കേട്ടു കഴിയുമ്പോൾ ഒരാൾ മുമ്പോട്ടു വന്ന് പല്പൊടി വാങ്ങുന്നു. പല്പൊടി വില്ക്കാൻ വിദഗ്ധനു ചുറ്റും കൂടുന്നു. കുറേനേരം അയാളുടെ പ്രസംഗം കേട്ടുകഴിയുമ്പോൾ ഒരാൾ മുമ്പോട്ടു വന്നു പല്പൊടി

വാങ്ങുന്നു. പല്പൊടി വില്ക്കാൻ വിദഗ്ധനെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

1. വിദഗ്ധൻെറ പ്രത്യേക വേഷ വിധാനം : ആളുകളെ ആകർഷിക്കുവാൻ പറ്റിയ വസ്ത്രധാരണം ഒരു പ്രധാന ഘടകമാണ്. പരസ്യം തത്വത്തിൽ ആശയവിനിമയം അല്ലെങ്കിൽ കമ്മ്യൂണിക്കേഷൻ ആണ്. കമ്മ്യൂണിക്കേഷൻെറ ഒരു മുഖ്യഘടകമാണ് ശ്രദ്ധയാകർഷിക്കൽ.

2. സരസമായ പ്രഭാഷണം : ഈണവും ഇമ്പവുമുള്ള സ്വരം മാത്രം കൊണ്ട് പ്രഭാഷണം ഫലപ്രദമാവുകയില്ല. ശ്രോതാക്കൾക്ക് താല്പര്യമുള്ള കാര്യം ഭംഗിയായി പറഞ്ഞു മനസ്സിലാക്കണം. ജനങ്ങളിൽ എത്ര പങ്കിന് ദന്ത രോഗങ്ങളുണ്ടെന്നും; എന്തെല്ലാമാണ് രോഗകാരണ ങ്ങളെന്നും, എന്തുകൊണ്ട് 'ദന്താരാമം പല്പൊടി' മറ്റ് പല്പൊടികളെക്കാൾ മെച്ചപ്പെട്ടിരിക്കുന്നുവെന്നും ആ പ്രസംഗത്തിൽ നിങ്ങൾക്കു കേൾക്കാം. കൂടാതെ പല്പൊടി വാങ്ങുന്നവർക്ക് ദന്തപരിശോധനയും വേണ്ടിവന്നാൽ 'പല്ലെടുപ്പും' സൗജന്യമായി നടക്കാനുള്ള സാധ്യതയും പ്രസംഗത്തിൽ ഉൾക്കൊണ്ടിരിക്കും, ആശയവിനിമയ ത്തിൻെറ അന്ത:സത്ത വിഷയത്തിൻെറ പ്രാധാന്യം മറ്റുള്ളവർക്ക് മനസ്സിലാക്കികൊടുക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്.

3. ആരോടാണ് ആശയവിനിമയം നടത്തുന്നതെന്നുള്ളതും പ്രധാനമായ ഒരു ഘടകമാണ് ശ്രോതാക്കളിൽ ഒരു നല്ല പങ്കിന്ന് എന്തെങ്കിലും ദന്തരോഗം കാണുമെന്ന് വിദഗ്ധന് ബോധ്യമുണ്ട്.

4. "സൗജന്യം' എന്ന പ്രയോഗത്തിന് പൊതുജനങ്ങളുടെ മേൽ ഏതോ മാസ്മരശക്തിയുണ്ട്. ഇക്കാര്യവും വിദഗ്ധനറിയാം.

അത്യാധുനിക പരസ്യത്തിൻെറ ചില സവിശേഷതകൾ തന്നെയാണ് മേല്പറഞ്ഞവ. ടെലിവിഷനും, റേഡിയോവും,

വർത്തമാനപ്പത്രവും, മാസികയും. സ്കൈറൈറ്റിംഗും സിനിമാ സ്ളൈഡുകളും 'ഹോർഡിംഗും'(വഴിയരികിലുള്ള വലിയ പലകപ്പരസ്യം.) ഒന്നും കൂടാതെയാണ് ഈ പൽപ്പൊടി വില്പന നടക്കുന്നത്. വായ്മൊഴി പരസ്യമാണ് അതിൻെറ അടിസ്ഥാനസങ്കേതം.

വായ്മൊഴി സങ്കേതം പരിശോധിക്കുകയല്ല ഇവിടെ നമ്മുടെ ലക്ഷ്യം. പരസ്യത്തിൻെറ പഴയകാലചരിത്രം പരിശോധിക്കുമ്പോൾ വെളിച്ചത്തുവരുന്ന ചില സാദൃശ്യങ്ങളും സവിശേഷതകളും പ്രതിപാദിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. പ്രാചീന പരസ്യവും ആധുനിക പരസ്യവും തമ്മിലുള്ള ചില സാമ്യങ്ങൾ ചൂണ്ടിക്കാണിക്കുവാനാണ് പൽപ്പൊടി വിതരണം ഒരു ഉദാഹരണമാക്കിയത്. കൂടാതെ ആധുനികപരസ്യത്തിൻെറ ഉദ്ഭവം വായ്മൊഴിയിലാണെന്നും ഇതിൽ നിന്ന് അനുമാനിക്കാൻ കഴിയും.

പുരാതന ഈജിപ്റ്റിലെ 'കമേർഷ്യൽ അഡ്വർട്ടൈസിംഗിന്' ഒരുദാഹരണമായി ചൂണ്ടിക്കാട്ടാനുള്ളത് "പൊതു വിളംബരക്കാരൻ" മാത്രമാണെന്ന് ഫ്രാങ്ക് പ്രെസ്ബ്രി [1] അഭിപ്രായപ്പെടുന്നു. കപ്പലുകൾ വന്നടുക്കുമ്പോൾ അവയിലുള്ള ചരക്കുകളെപ്പറ്റി പൊതുജനങ്ങൾക്ക് വിവരം നല്കുകയായിരുന്നു അയാളുടെ ജോലി. മദ്യം, സുഗന്ധദ്രവ്യങ്ങൾ, ലോഹങ്ങൾ ഇങ്ങനെ വിദേശത്തു നിന്ന് വന്നുചേരുന്ന സാധനങ്ങൾ വാങ്ങുവാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'വിളംബരക്കാർ തെരുവുതോറും നടന്നിരുന്നു.' ചരക്കുകളെപ്പറ്റി മാത്രമല്ല, അവയുടെ ഉദ്ഭവത്തെപറ്റിയും ഏതേത് രാജ്യങ്ങളിൽ നിന്നാണോ അവ വന്നിരുന്നത് ആ രാജ്യങ്ങളെപ്പറ്റിയും അവർ ആകർഷകമായി സംസാരിച്ച് ജനങ്ങളെ പ്രേരിപ്പിക്കുന്നതിൽ വിജയിച്ചിരുന്നു.

---

1. ഫ്രാങ്ക് പ്രെസ്ബ്രി, ഹിസ്റ്ററി ആൻറ് ഡവലപ്പ്മെൻറ് ഓഫ് അഡ്വർട്ടൈസിംങ്; ന്യൂയോർക്ക്: ഗ്രീൻവുഡ് പ്രസ്പബ്ളിഷേർസ്, 1968

ഗ്രീക്ക് പുരാണങ്ങളിൽനിന്ന് ഇത്തരം പരസ്യത്തിന് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാൻ സാധിക്കും. "സൈക്കി" എന്ന ദേവത ദേവലോകം വിട്ട് ഓടിപ്പോയപ്പോൾ വീനസ് മെർക്കുറിയെ ഭൂമിയിലേയ്ക്ക് അയയ്ക്കുന്നു. സൈക്കിയെ തിരിച്ചറിയാനുള്ള അടയാളങ്ങൾ മെർക്കുറി വിളിച്ചു കൂവിക്കൊണ്ട് പല ഭാഗങ്ങളിൽ ചുറ്റി സഞ്ചരിക്കുന്നു. "സൈക്കിയെ കണ്ടു കിട്ടുന്നവർ എന്നെ അറിയിക്കുക. ഞാൻ മൂർത്യായുടെ അതിർത്തികളിൽ കാണും. സൈക്കിയെ സുരക്ഷിതമായി എൻെറയടുത്ത് എത്തിക്കുകയോ എത്തിക്കുവാൻ സഹായിക്കുകയോ ചെയ്യുന്നവർക്ക് സൗന്ദര്യറാണിയായ വീനസിൻെറ മധുര ചുംബനം സമ്മാനമായി കിട്ടും!" ഇതാണ് മെർക്കുറിയുടെ വായ്മൊഴി പരസ്യം. ഈറോസ് ഓടിപ്പോയപ്പോഴും വീനസ് പരസ്യം ചെയ്തു. "എൻെറ മകൻ ഈറോസിനെ വഴിമുക്കിൽ വച്ചു കണ്ടാൽ തടഞ്ഞ് നിർത്തുക. അവൻ ഒളിച്ചോടിയതാണ്. അറിയിക്കുന്നവർക്ക് തക്കതായ പ്രതിഫലം കിട്ടും. വീനസിൻെറ ചുംബനമാണ് നിങ്ങൾക്ക് കിട്ടുന്നതെന്ന് ഓർമ്മിക്കുക!"

ഇഷ്ടദേവൻമാരുടെ പ്രതിമകൾക്കു ചുവടെ കളഞ്ഞു കിട്ടിയ സാധനങ്ങൾ തിരിച്ചു കൊടുക്കാത്തവരെ ആ ദേവൻമാർ ശിക്ഷിക്കു'മെന്ന് എഴുതിയ ഒരു പരസ്യം ഒട്ടിച്ചുവയ്ക്കുന്ന പതിവ് പ്രാചീനഗ്രീസിൽ ഉണ്ടായിരുന്നു. ഈയപ്പാളികളിൽ എഴുതിയ ഇത്തരം പരസ്യങ്ങൾ ബ്രിട്ടീഷ് മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

വായ്മൊഴി പരസ്യക്കാർക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങളെപ്പറ്റി പുരാതന ഗ്രീക്കുകാർ ചില നിർദ്ദേശങ്ങൾ തരുന്നുണ്ട്. വായ്മൊഴി പരസ്യക്കാരൻെറ സ്വരം ഇമ്പകരമായിരിക്കണം. അയാൾക്ക് നല്ല വാക്ചാതുര്യം ഉണ്ടായിരിക്കണം. അടിമകളെയും മൃഗങ്ങളെയും ലേലം ചെയ്യുവാനാണ് അന്നൊക്ക വായ്മൊഴി പരസ്യം കൂടുതൽ ഉപയോഗിച്ചിരുന്നത്. ലേലക്കാരന് ഇമ്പമുള്ള ശബ്ദം മാത്രമല്ല ആളുകളെ പ്രേരിപ്പിക്കുവാനുള്ള കഴിവും ആവശ്യമാണല്ലോ. പ്രേരണ ഉളവാക്കുന്നത് ഭാഷയുടെ

ശക്തിയാണ്. സൗന്ദര്യത്തിനും സമ്പൂർണ്ണതയ്ക്കും പ്രാധാന്യം കൊടുത്തിരുന്ന ഗ്രീക്കുകാർ വായ്മൊഴി പരസ്യത്തിലും ആ ഗുണങ്ങൾ പ്രതീക്ഷിച്ചതിൽ അത്ഭുതപ്പെടാനില്ല. സുന്ദരമായ ശബ്ദവും ഭാഷാപ്രയോഗവും ഇല്ലാത്തവർക്ക് വായ്മൊഴി പരസ്യക്കാർ ആകുവാൻ യോഗ്യത കല്പിച്ചിരുന്നില്ല.

പരസ്യം പ്രാചീനചരിത്ര ഗവേഷകരെ എങ്ങനെ സഹായിച്ചു എന്നതിന് ഒരുദാഹരണം പ്രെസ്ബ്രി ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഇവിടെ പ്രസക്തമാണ്. ഈജിപ്റ്റിലെ ദേവാലയങ്ങളിലും ശവകുടീരങ്ങളിലും ചരിത്രരേഖകളിലും കണ്ടിരുന്ന ചില കുറിപ്പുകൾ വായിച്ചു മനസ്സിലാക്കാൻ ലോകമൊട്ടാകെയുള്ള ഗവേഷകർ കൊടും പരിശ്രമം നടത്തിയിട്ടും 1799 വരെ വിജയിച്ചില്ല. എന്നാൽ 1799-ൽ നെപ്പോളിയൻ ചക്രവർത്തിയുടെ കൂടെ ഈജിപ്റ്റിലെത്തിയ കുറെ എഞ്ചിനീയറൻമാർ നൈൽ നദീതട്ടിൽനിന്ന് പ്രസിദ്ധമായ റോസെറ്റാശില (Rosetta Stone) കണ്ടെടുത്തു. ആ ശിലയിൽ മൂന്ന് ഭാഷകളിലുള്ള കൈയ്യെഴുത്തുണ്ടായിരുന്നു - ഗ്രീക്ക്. ഹൈറോഗ്ലിഫിക്സ്, കോപ്റ്റിക്. ഇതിൽ കോപ്റ്റിക് ഭാഷയാണ് ഈജിപ്റ്റിലെ സാധാരണ ജനങ്ങളുടെ ഭാഷ. അതിൽനിന്ന് ഹൈറോഗ്ലിഫിക്സ് തിരിച്ചറിയുവാൻ സാധിച്ചു. ക്രി. മു. 136-ൽ ഈജിപ്റ്റ് ഭരിച്ചിരുന്ന ടോളമി എപിഫാനസ് പുരോഹിതർക്ക് കരം കൊടുത്തുവന്നു. എപിഫാനസ് രാജാവിനെ പ്രകീർത്തിച്ച് മൂന്നു ഭാഷകളിലായി സ്തുതി വചനങ്ങൾ ബസാൾട് ശിലകളിൽ കൊത്തി പുരോഹിതൻമാർ നാടൊട്ടാകെ സ്ഥാപിച്ചതിൽ ഒന്നായിരുന്നു ഈ റോസെറ്റാ ശില. രാജാവിൻെറ സത്പ്രവൃത്തികൾ ജനങ്ങളുടെ ഇടയിൽ പരസ്യം ചെയ്യുകയാണ് പുരോഹിതർ ചെയ്തത്. അവർക്ക് രാജാവ് കരം കൊടുത്ത രഹസ്യം ഈ പരസ്യത്തിൽ നിന്ന് വെളിവായി. റോസെറ്റാ ശില കണ്ടുപിടിച്ചതോടെ എതാണ്ട് മുപ്പതു നൂറ്റാണ്ടിലെ ഈജിപ്ഷ്യൻ ചരിത്രം ഹൈറോഗ്ലിഫ്കിസിൽ നിന്ന് കോപ്റ്റിക്കിലേയ്ക്ക് മാറ്റാൻ സാധിച്ചെന്ന് പറയുമ്പോൾ ഈ പരസ്യം ചരിത്രഗവേഷകരെ എത്രമാത്രം സഹായിച്ചെന്ന്

ഊഹിക്കാവുന്നതാണ്. ഈ പ്രാചീന പരസ്യത്തിൽ ടോളമി സൂര്യൻെറ യഥാർത്ഥ പുത്രനാണെന്നും ചന്ദ്രൻെറ പിതാവാണെന്നും മനുഷ്യരാശിയുടെ സന്തോഷത്തിൻെറ പിതാവാണെന്നും മറ്റും പ്രകീർത്തിച്ചിട്ടുണ്ട്.

പരസ്യത്തിൻെറ ആരംഭം കുറിക്കുന്ന മറ്റൊരുദാഹരണം അശോകചക്രവർത്തിയുടെ ശിലാലേഖനങ്ങളാണ്. ജനങ്ങളുടെയും ഭരണകൂടത്തിൻെറയും കടമകൾ വിളംബരം ചെയ്യുന്ന ഈ ശിലകൾ ഇന്ത്യയിലെ പ്രാചീന പരസ്യത്തിന് ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടാവുന്നതാണ്. പഴയകാലത്തുണ്ടായിരുന്ന രാജകീയവിളംബരങ്ങൾ വായ്മൊഴി പരസ്യങ്ങളായിരുന്നു. മറ്റുതരത്തിലുള്ള പരസ്യങ്ങൾ വന്നെങ്കിലും ഈ ജനകീയയുഗത്തിലും വായ്മൊഴി പരസ്യത്തിൻെറ പ്രാധാന്യം കുറഞ്ഞിട്ടില്ല. ഒരു സിനിമാശാലയോ സർക്കസ് കൂടാരമോ നാടകസംഘമോ ഉള്ള ഏതു ഗ്രാമത്തിലും ചെണ്ടവാദ്യവും കാർഡ്ബോർഡുകൊണ്ടുള്ള മെഗാഫോണും ഉപയോഗിച്ച് പരിപാടികൾ വിളംബരം ചെയ്യുന്നത് ഇക്കാലത്തും പതിവുള്ളതാണല്ലോ.

പ്രാചീന ബാബിലോൺ വ്യാപാരികളും ഇതേ സങ്കേതം ഉപയോഗിച്ചിരുന്നതായി ചരിത്രത്തിൽ കാണുന്നു. തങ്ങളുടെ കടകളിലുള്ള വസ്തുക്കൾ വായ്മൊഴിയിലൂടെ പരസ്യം ചെയ്യാൻ ആ വ്യാപാരികൾ ശമ്പളക്കാരെ നിയമിച്ചിരുന്നു. ഡൽഹിയിലെ ചാന്ദ്നിചൗക്കിലുള്ള ജൗളിവ്യാപാരികളും കാശിയിലെ ദാൽമുണ്ടിയിലുള്ള 'നൃത്തശാല'കളുടെ ഉടമസ്ഥരും ഇതേ മാർഗ്ഗം ഉപയോഗിക്കുന്നു. പരസ്യത്തിൻെറ ഉത്ഭവം എങ്ങനെ കൃത്യമായി കുറിക്കാൻ സാധിക്കും!

മധ്യകാലഭാരതത്തിലും പ്രാചീനറോമിലും ഗ്രീസിലും ചിഹ്നങ്ങളുള്ള പരസ്യപ്പലകകൾ ഉപയോഗിച്ചു വന്നതായി ചരിത്രകാരൻമാർ പറയുന്നു. പശുവിൻെറ ചിത്രമുള്ള പരസ്യപ്പലക തൂക്കിയ വീടുകളിൽ പാൽ വില്പന ഉള്ളതായും ചക്കാട്ടുന്ന കാളകളെ വരച്ചിട്ടുള്ള വീട്ടിൽ എണ്ണക്കച്ചവടം ഉള്ളതായും പൊതുജനങ്ങൾ മനസ്സിലാക്കിയിരുന്നു.

പ്രാചീന റോമിലെ ഒരു പരസ്യമാർഗ്ഗത്തിൽനിന്നാണ് 'ആൽബം' (Album) എന്ന പദം ഉദ്ഭവിച്ചത്! വീടിൻെറ മുൻഭിത്തിയിൽ ഒരു ഭാഗം വെള്ളച്ചായം പൂശി അവിടെ പരസ്യപ്പെടുത്തേണ്ട കാര്യങ്ങൾ എഴുതിയോ കൊത്തിയോ വയ്ക്കുക റോമാക്കാരുടെ ഒരു പതിവായിരുന്നു. ഭിത്തിയിൽ ഇങ്ങനെ വേർതിരിച്ചിടുന്ന സ്ഥാനത്തിന് ലത്തീൻ ഭാഷയിൽ 'ആൽബം' എന്നു പറഞ്ഞുവന്നു. ഭിഷഗ്വരൻെറ ആൽബത്തിൽ ഒരു മരുന്ന്ഗ്ലാസ് ആണെങ്കിൽ തച്ചൻെറ ആൽബത്തിൽ കൊട്ടുവടി ആയിരിക്കും. സഞ്ചി തോളിൽ തൂക്കിയ ഒരു കുട്ടിയാണ് വിദ്യാലയങ്ങളുടെ ചിഹ്നം. നിയമ മണ്ഡലത്തിൽ കേൾക്കാറുള്ള ഒരു പദമാണല്ലോ ലൈബൽ അഥവാ അപ കീർത്തി. 'ലൈബൽ' എന്ന പദം ഒരു പ്രാചീന റോമൻ പരസ്യത്തിൽനിന്ന് ഉത്ഭവിച്ചതാണ്. ഒളിച്ചോടുന്ന ഋണ ബാധ്യസ്ഥരുടെ പേരുകൾ പ്രസിദ്ധം ചെയ്യുന്ന പരസ്യത്തിന് റോമാക്കാർ 'ലൈബൽ എന്നാണ് പേരുകൊടുത്തിരുന്നത്. അപകീർത്തിക്കേസിന് പില്ക്കാലത്ത് ലൈബൽ എന്ന് പേരുകിട്ടി.

ചിഹ്നങ്ങൾ പരസ്യങ്ങളാണ്. ബ്രാഹ്മണർ വസ്ത്രം ധരിക്കുന്നത് ഒരു വിധത്തിൽ; ക്ഷത്രിയർ മറ്റൊരു വിധത്തിൽ; വൈശ്യർ ഒരു തരത്തിൽ; ശൂദ്രർ വേറൊരു തരത്തിൽ; മുസ്ലീങ്ങൾ പാടെ വിഭിന്നമായി. നസ്രാണി സ്ത്രീകളെയും മുസ്ലീം സ്ത്രീകളെയും നായർ സ്ത്രീകളെയും ബ്രാഹ്മണസ്ത്രീകളെയും ഒക്കെ അവരുടെ വസ്ത്രധാരണരീതിയിൽ നിന്ന് വേഗം തിരിച്ചറിയാൻ കഴിയും (ജാതിമുറയിൽ വസ്ത്രം ധരിച്ചാൽ) ജാതിപരസ്യം ചെയ്യാനല്ലെങ്കിൽ പിന്നെ എന്തിനാണ് വസ്ത്രധാരണത്തിൽ വ്യത്യാസം? താലി കഴുത്തിലുള്ള സ്ത്രീകൾ അവരറിയാതെ തന്നെ ലോകത്തെ തങ്ങളുടെ ദാമ്പത്യ സ്ഥിതി വിളിച്ചറിയിക്കുകയല്ലേ? കുങ്കുമം മുടിയോട് ചേർത്ത് നെറ്റിയിൽ വിതറിയും ഉത്തരേന്ത്യൻ സ്ത്രീകൾ ഇതേ അടിസ്ഥാനലക്ഷ്യം നേടുന്നു. ഇവിടെ വില്പനയല്ല പരസ്യത്തിൻെറ പിമ്പിലുള്ള ശക്തി; വെറും അറിവുമാത്രം; മറ്റുള്ളവരെ അറിയിക്കുക.

സ്വസ്തികചിഹ്നം ഹിറ്റ്ലറുടെ നാസിസത്തെ ഓർമി പ്പിക്കുന്നു; അരിവാളും ചുറ്റികയും കമ്മ്യൂണിസത്തെ ഓർമിപ്പിക്കുന്നു. കുടിൽ. കുതിര, സൈക്കിൾ, ആന, നിലവിളക്ക് എന്നുവേണ്ട പലതരം ചിഹ്നങ്ങൾ പലതരം ആശയങ്ങൾ വിളംബരപ്പെടുത്തുകയാണ് ചെയ്യുന്നത്. പത്രങ്ങളിലും മറ്റും വരുന്ന പരസ്യങ്ങളിൽ നാം ട്രേഡ്മാർക്കുകൾ കാണുന്നില്ലേ? ഓരോ വ്യവസായ സ്ഥാപനത്തിനും നിർമ്മാണശാലയ്ക്കും ഓരോ ട്രേഡ്മാർക്കുണ്ട്. ഇത് ആ സ്ഥാപനത്തെ ജനങ്ങളുടെ ഇടയിൽ സുപരിചിതമാക്കാൻ ഉപകരിക്കുന്നു.

ചിഹ്നങ്ങളിൽ നിന്ന് ഒരു പടി മുന്നോട്ടു നീങ്ങിയാൽ ബോർഡുകളായി. ബോർഡുകൾ സ്ഥാപനങ്ങളെ നാമകരണം ചെയ്യുക മാത്രമല്ല, സ്ഥാപനത്തിൻെറ ഉദ്ഭവവും സേവനവും പരസ്യ പ്പെടുത്തുന്നു.

പരസ്യത്തിൽ ഉപയോഗിക്കുന്ന ചില ചിത്രങ്ങൾ കാലക്രമേണ ഉല്പന്നവുമായി ബന്ധിപ്പിച്ച് ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന ചിഹ്നങ്ങളായി മാറുന്നു. നമ്രശിരസ്ക്കനായ ഒരു മഹാരാജാവിൻെറ രൂപം എയർഇന്ത്യയുടെ എല്ലാ പരസ്യങ്ങളിലും പ്രത്യക്ഷപ്പെടുന്നതുകൊണ്ട് ആ രൂപം കാണുമ്പോഴെല്ലാം പൊതുജനങ്ങൾ എയർ ഇന്ത്യയെ ഓർമ്മിക്കുന്നു.

റോം, ഹെർക്യൂലേനിയം. പോമ്പേയ് എന്നിവിടങ്ങളിലെ റിക്കാർഡുകളിലാണ് ആധുനിക പരസ്യമാതൃകയിലുള്ള പരസ്യം ആദ്യമായി പ്രത്യക്ഷപ്പെടുന്നതെന്ന് 'പ്രെസ്ബ്രി' പറയുന്നു. പോമ്പേയിൽ നടന്ന പുരാതന വസ്തുഗവേഷണം തെളിയിക്കുന്നത് രണ്ടായിരം വർഷങ്ങൾക്കു മുമ്പു തന്നെ പരസ്യം ഉദ്ഭവിച്ച് വികാസത്തിൻെറ വക്കിലെത്തിയെന്നാണ്. സാക്ഷരത്വം വിപുലപ്പെട്ടതോടൊപ്പം തന്നെ പുരാതനറോമിൽ എഴുത്തു പരസ്യവും വളർന്നെന്നും, മധ്യകാലത്ത് സാക്ഷരത്വം നശിച്ചതോടെ എഴുത്തുപരസ്യം നശിച്ചെന്നും കരുതാം.

പ്രാചീനറോമിലെ എഴുത്തു പരസ്യങ്ങളിൽ മിക്കതും ചുവർ പരസ്യങ്ങളായിരുന്നു - കായിക മത്സരങ്ങളെപ്പറ്റിയുള്ള പരസ്യങ്ങൾ. പൊതുജനങ്ങൾ ധാരാളമായി കൂടാൻ സാധ്യതയുള്ള സ്ഥാനങ്ങളിലാണ് ഈ ചുവർ പരസ്യങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നത്. അക്കാലത്തും മന:ശാസ്ത്രപരമായ സമീപനം പരസ്യത്തിലുണ്ടായിരുന്നതായി കാണാൻ കഴിയും. സാക്ഷരതാം നശിച്ച മധ്യയുഗങ്ങളിൽ വായ്മൊഴി പരസ്യത്തിന്റെ പ്രചാരം സ്വാഭാവികമായി കൂടിയെന്നു പറയേണ്ടതില്ല. 'വിളംബരക്കാർ' നഗരത്തിന്റെ എല്ലാ ഭാഗത്തും കാണപ്പെട്ടിരുന്നു.

പ്രാചീനവും ആധുനികവുമായ പരസ്യങ്ങൾക്ക് പൊതുവായ ചില സവിശേഷതകളുണ്ടെന്നും വായ്മൊഴി പരസ്യമാണ് ആദ്യത്തെ പരസ്യമാർഗ്ഗമെന്നും പരസ്യത്തിന്റെ ചരിത്രം എന്നാണ് കൃത്യമായി തുടങ്ങുന്നതെന്നു തീർത്തു പറയുവാൻ ആർക്കും കഴിയുകയില്ലെന്നും മേല്പറഞ്ഞ ചർച്ച വെളിവാക്കുന്നു.

പരസ്യം ) ( ഡോ: ജെ.വി. വിളനിലം

# ശൈലീശില്പം

(രണ്ടാം ഭാഗം)

ഡോ: കെ.എം. പ്രഭാകരവാരിയർ

# വാക്യഘടന

## 5-1. പൂർണ്ണവാക്യങ്ങളും ലഘുവാക്യങ്ങളും:

ഭാഷാപ്രയോഗത്തിൽ ഏറ്റവുമധികം ശ്രദ്ധ ചെലുത്തേണ്ടത് വാക്യഘടനയിലാണ്. ആശയവിനിമയം നടത്തുന്നത് വാക്യങ്ങളിലൂടെയാണല്ലോ. സംസാരഭാഷയിലെയും ലിഖിത ഭാഷയിലെയും വാക്യഘടനകൾക്ക് പ്രത്യക്ഷമായ ചില വ്യത്യാസങ്ങൾ ഉണ്ട്. സംസാരിക്കുമ്പോൾ പൂർണവാക്യങ്ങൾ പ്രയോഗിക്കണമെന്ന് നിർബന്ധമില്ല. സന്ദർഭംകൊണ്ട് അറിയാവുന്ന കാര്യങ്ങൾ സംസാരഭാഷയിൽ പ്രകടമാക്കാറില്ല. 'താൻ എവിടെപ്പോകുന്നു' എന്ന ചോദ്യത്തിനുത്തരമായി 'ഞാൻ ആപ്പീസിലേക്ക് പോകുന്നു' എന്ന പൂർണവാക്യം ഉപയോഗിക്കണമെന്നില്ല. 'ആപ്പീസിലേക്ക്' എന്ന് മാത്രം പറഞ്ഞാലും ധാരാളമായി. *ലഘുവാക്യങ്ങൾ* സംസാരഭാഷയിൽ സ്വാഭാവികമാണ്. വ്യാകരണപരമായി എല്ലാ ഘടകങ്ങളും ഇല്ലാത്ത വാക്യങ്ങളെയാണ് ലഘുവാക്യങ്ങൾ എന്നു പറയുന്നത്. ലിഖിതഭാഷയിൽ ലഘുവാക്യങ്ങൾ അധികമായി ഉപയോഗിക്കാറില്ല. വ്യവഹാരഭാഷയ്ക്കുള്ള സ്വാതന്ത്ര്യങ്ങളിൽ പലതും ലിഖിതഭാഷയിൽ ഇല്ലെന്നർത്ഥം. നോവൽ. ചെറുകഥ. നാടകം മുതലായവയിൽ ഭാഷണങ്ങളെ അതേപടി ഉപയോഗിക്കുമെന്നോർക്കുക. ലിഖിതഭാഷ ശരിയായി കൈകാര്യം ചെയ്യണമെങ്കിൽ അതിലെ വാക്യഘടനകളെക്കുറിച്ച് സാമാന്യമായൊരറിവ് ഉണ്ടായിരിക്കണം.

## 5-2. വാക്യഘടന:

മലയാളഭാഷയിലെ വാക്യഘടനയിൽ പ്രത്യക്ഷപ്പെടുന്ന ഘടകപദങ്ങൾക്ക് നിയതങ്ങളായ സ്ഥാനങ്ങൾ ഇല്ലെന്നു

പറയാം. പദങ്ങളെ സ്ഥാനം മാറ്റി പ്രയോഗിച്ചാലും വാക്യാർത്ഥത്തിന് ഹാനി സംഭവിക്കുന്നില്ല സാധാരണ നിലയിൽ കർത്താവ്, കർമ്മം, ക്രിയ എന്നതാണ് നമ്മുടെ ഭാഷയിലെ പദക്രമം.

ഞാൻ പുസ്തകം വായിച്ചു

ഇവിടെ 'ഞാൻ' കർത്താവും 'പുസ്തകം' കർമ്മവും 'വായിച്ചു' ക്രിയയുമാണ്.

പുസ്തകം ഞാൻ വായിച്ചു

എന്നായാലും അവ്യാകരണപ്രയോഗമാവില്ല. ഈ പ്രത്യേകത കാരണം ഏതേതു പദങ്ങൾ ഏതേതിടങ്ങളിൽ പ്രയോഗിക്കണം എന്നതിന് കൃത്യമായി ഒരു നിയമം ഉണ്ടാക്കാൻ കഴിയില്ല. അങ്ങനെയാണെങ്കിൽ വാക്യത്തിലെ പദക്രമത്തിന് യാതൊരു വ്യവസ്ഥയുമില്ലേ എന്ന് ശങ്കിക്കാം. പദക്രമത്തിന് നിയമങ്ങൾ ഇല്ലാതില്ല. പദങ്ങളുടെ സ്ഥാനം മാറ്റുന്നതിലും ചില വ്യവസ്ഥകളുണ്ട്. പദക്രമത്തെക്കുറിച്ചുള്ള ചില സൂചനകൾ ഈ ശില്പത്തിൽതന്നെ വിവരിക്കുന്നുണ്ട്. അതിനുമുമ്പ് ഭാഷയിലെ പ്രധാന വാക്യഘടനകൾ ഏതെല്ലാമാണെന്ന് നോക്കാം.

വാക്യത്തിലെ എറ്റവും പ്രധാന ഘടകം ക്രിയയാണ്. ഒരു പ്രവൃത്തി അല്ലെങ്കിൽ ഒരു സംഭവം - അതാണ് ക്രിയ പ്രകാശിപ്പിക്കുന്ന അർത്ഥം. ഒരു സ്ഥിതിവിശേഷ ത്തെക്കുറിച്ച് പ്രതിപാദിച്ചാലും ക്രിയതന്നെ. സാധാരണ നിലയിൽ ലിഖിതഭാഷയിൽ ക്രിയാരഹിതങ്ങളായ വാക്യങ്ങൾ ഉണ്ടായിരിക്കുകയില്ല. സന്ദർഭംകൊണ്ട് ക്രിയാർത്ഥം വ്യക്തമാവുമ്പോഴും വൈവിധ്യത്തിനുവേണ്ടിയും ലിഖിത ഭാഷയിൽ ക്രിയ ഉപയോഗിക്കാതെയും വാക്യങ്ങൾ രചിക്കാറുണ്ട്. പ്രവൃത്തി, സംഭവം, സ്ഥിതിവിശേഷം ഇവയിൽ ഒന്നിനെക്കുറിച്ചുള്ള പ്രസ്താവനയായിരിക്കും ക്രിയാപദംകൊണ്ട് പ്രകാശിപ്പിക്കുക.

ബാലൻ നടക്കുന്നു
ക്രിക്കറ്റ് മത്സരം നടക്കുന്നു.
വാച്ച് നടക്കുന്നു.

ഈ മൂന്നു വാക്യങ്ങളിലും 'നടക്കുന്നു' എന്ന ക്രിയയാണ് ഉപയോഗിച്ചിട്ടുള്ളതെങ്കിലും ആദ്യത്തേതിൽ ഒരു പ്രവൃത്തിയെക്കുറിച്ചും രണ്ടാമത്തേതിൽ ഒരു സംഭവത്തെക്കുറിച്ചും മൂന്നാമത്തേതിൽ ഒരു സ്ഥിതിവിശേഷത്തെക്കുറിച്ചും ആണ് പ്രസ്താവിച്ചിരിക്കുന്നത്.വാക്യത്തിൽ ക്രിയയാണ് ഏറ്റവും പ്രധാനമായ ഘടകമെന്നല്ലേ പറഞ്ഞത്? ക്രിയ മാത്രം ഉപയോഗിച്ചാൽ വാക്യഘടന പൂർത്തിയാവുകയില്ല. പ്രവൃത്തിയെക്കുറിച്ചാണ് പറയുന്നതെങ്കിൽ ആരാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കണം. സംഭവത്തെക്കുറിച്ചാണ് പ്രസ്താവിക്കുന്നതെങ്കിൽ ഏതിനെ സംബന്ധിച്ച് അതുണ്ടാകുന്നു എന്ന് സ്പഷ്ടമാക്കണം. സ്ഥിതിവിശേഷമാണ് പ്രതിപാദ്യമെങ്കിൽ ഏതിനാണ് ആ സ്ഥിതിവിശേഷം ഉള്ളത് എന്നും പ്രകാശിപ്പിക്കണം. മേല്ക്കൊടുത്ത വാക്യങ്ങളിൽ 'ബാലൻ' ആണ് നടക്കുന്നത് (പ്രവർത്തിക്കുന്നത്) 'ക്രിക്കറ്റ് മത്സരം' എന്നതാണ് സംഭവം. 'വാച്ച്' എന്ന വസ്തുവിൻെറ സ്ഥിതിവിശേഷമാണ് മൂന്നാമത്തെ വാക്യത്തിലെ വിഷയം. 'ബാലൻ' 'ക്രിക്കറ്റ് മത്സരം', 'വാച്ച്' എന്നിവയെല്ലാം നാമങ്ങളാണ്. നാമം എന്ന വാക്കിന് ഒന്നിൻെറ പേര് എന്ന് നിങ്ങൾ ധരിച്ചിട്ടുണ്ടെങ്കിൽ അതു മറക്കുക. 'ക്രിയ', 'നാമം' എന്നെല്ലാം പറയുന്നത് ഭാഷയിൽ ഉപയോഗിക്കുന്ന പദങ്ങളെ വേർതിരിച്ചു കാണിക്കാനുള്ള വ്യാകരണസംജ്ഞകൾ മാത്രമാണ്. അല്ലാതെ, പദം സൂചിപ്പിക്കുന്ന അർത്ഥം ആസ്പദമാക്കി കൊടുത്ത പേരുകളല്ല. വാക്യഘടനയിലെ പ്രധാന ഘടകമായ ക്രിയയുടെ അർത്ഥപൂർത്തിക്ക് ഒന്നോ ഒന്നിലധികമോ നാമങ്ങളെ ചേർക്കേണ്ടിവരും. 'നടക്കുന്നു' എന്നു മാത്രം പറയുമ്പോൾ ആശയം എന്താണെന്ന് വ്യക്തമാകുന്നില്ല. 'ബാലൻ നടക്കുന്നു' എന്ന് പറയുമ്പോൾ ആശയത്തിന് പൂർത്തി ലഭിക്കുന്നു. 'നടക്കുന്നു' എന്ന ക്രിയയുടെ അർത്ഥപൂർത്തിക്ക് ചുരുങ്ങിയത്

ഒരു നാമപദമെങ്കിലും വാക്യത്തിൽ ഉണ്ടായിരിക്കണം. ഒരു നാമപദംകൊണ്ട് പറയാനുദ്ദേശിച്ച എല്ലാ കാര്യങ്ങളും പ്രകാശിപ്പിക്കാൻ കഴിഞ്ഞു എന്ന് വരില്ല. ഏതെല്ലാം കാര്യങ്ങളാണ് പറയാൻ ഉദ്ദേശിക്കുന്നത് എന്നതനുസരിച്ച് ക്രിയയോടുകൂടി പല നാമങ്ങളും ചേർക്കേണ്ടിവരും. ഉദാഹരിച്ചു കാണിക്കാം.

ബാലൻ നടക്കുന്നു

എന്ന വാക്യത്തിൽ 'ഒരാൾ ഒരു പ്രവൃത്തി ചെയ്യുന്നു' എന്നാണല്ലോ പറയുന്നത്. അയാൾ എവിടെവച്ചാണ് ആ പ്രവൃത്തി ചെയ്യുന്നത് എന്നുകൂടി പറയണമെങ്കിൽ വാക്യ ഘടനയിൽ മറ്റൊരു പദംകൂടി ചേർക്കണം.

ബാലൻ പാടത്ത് നടക്കുന്നു

'പാടം' എന്ന മറ്റൊരു നാമംകൂടി ചേർത്ത് പ്രവൃത്തി ചെയ്യുന്ന സ്ഥലം ഏതാണെന്നുകൂടി സൂചിപ്പിച്ചു. എപ്പോഴാണ് ആ പ്രവൃത്തി ചെയ്യുന്നത് എന്നുകൂടി പ്രകാശി പ്പിക്കണമെങ്കിൽ,

ബാലൻ വൈകുന്നേരം പാടത്ത് നടക്കുന്നു

എന്ന് പറയാം. പ്രവൃത്തി ചെയ്യുന്ന സമയംകൂടി സൂചിപ്പിച്ചു കഴിഞ്ഞു. സമയത്തെക്കുറിച്ച് കൂടുതൽ കൃത്യമായി പറയണമെങ്കിൽ,

ബാലൻ വൈകുന്നേരം ആറുമണിക്ക് പാടത്ത് നടക്കുന്നു എന്ന് പറയാം. ഇങ്ങനെ ക്രിയാപദത്തോട് പല നാമപദങ്ങളും ചേർത്താണ് വാക്യഘടന നീണ്ടുനീണ്ടു പോകുന്നത്. മറ്റൊരുദാഹരണം നോക്കുക:

പ്രകാശ് വായിച്ചു.

(കർത്താവ്, പ്രവൃത്തി)

പ്രകാശ് പുസ്തകം വായിച്ചു

(കർത്താവ്, കർമ്മം, പ്രവൃത്തി)

പ്രകാശ് രാത്രി പന്ത്രണ്ടുമണിവരെ പുസ്തകം വായിച്ചു
(കർത്താവ്, സമയം. കർമ്മം. പ്രവൃത്തി)

പ്രകാശ് രാത്രി പന്ത്രണ്ടുമണിവരെ പരീക്ഷയ്ക്കുവേണ്ടി പുസ്തകം വായിച്ചു.
(കർത്താവ്. സമയം, ഉദ്ദേശ്യം, കർമ്മം, പ്രവൃത്തി)

ക്രിയാപദവും, ക്രിയാപദം സൂചിപ്പിക്കുന്ന അർത്ഥത്തിന്റെ പരിപൂർത്തിക്കുവേണ്ടി പ്രത്യക്ഷപ്പെടുന്ന നാമപദങ്ങളും ചേർന്നാണ് വാക്യഘടന ഉണ്ടാവുന്നത്. ക്രിയാപദങ്ങളെയും നാമപദങ്ങളെയും വിശേഷിപ്പിക്കുകയും ചെയ്യും. ക്രിയ എങ്ങനെ നടക്കുന്നു എന്നുകൂടി വ്യക്തമാക്കണമെന്നുണ്ടെങ്കിൽ അതിന് *ക്രിയാവിശേഷണങ്ങൾ* ചേർക്കാം. അതുപോലെ എങ്ങനെയുള്ള നാമങ്ങളാണ് എന്നുകൂടി വ്യക്തമാക്കണമെന്നുണ്ടെങ്കിൽ അതിന്ന് *നാമവിശേഷണങ്ങൾ* ചേർക്കാം.

അപ്പുക്കുട്ടൻ ചിരിക്കുന്നു.
എന്ന വാക്യത്തിൽ കർത്താവും ക്രിയയും മാത്രമേ ഉള്ളു.

വിഡ്ഢിയായ അപ്പുക്കുട്ടൻ ഉറക്കെ ചിരിക്കുന്നു എന്ന വാക്യത്തിൽ 'വിഡ്ഢിയായ' എന്ന നാമവിശേഷണവും 'ഉറക്കെ' എന്ന ക്രിയാവിശേഷണവും ചേർത്തിരിക്കുന്നു. നാമവിശേഷണവും നാമവും ചേർന്ന ഘടനയെ *നാമപദബന്ധം* എന്നു വിളിക്കാം. അതേമാതിരി ക്രിയാവിശേഷണവും ക്രിയാപദബന്ധങ്ങളും ചേർന്നാണ് വാക്യഘടന ഉണ്ടാവുന്നത്. വാക്യഘടനയിലെ ഘടകങ്ങൾ എന്തെല്ലാമാണെന്ന് സൂത്രരൂപത്തിൽ താഴെ കാണിച്ചിരിക്കുന്നു:

വാക്യഘടന = നാമപദബന്ധം + ക്രിയാപദബന്ധം
നാമപദബന്ധം = (നാമവിശേഷണം) + നാമം
ക്രിയാപദബന്ധം = (ക്രിയാവിശേഷണം) + ക്രിയ

നാമവിശേഷണം, ക്രിയാവിശേഷണം എന്നിവയെ. വലയങ്ങളിൽ കൊടുത്തിരിക്കുന്നത് അവ എല്ലാ വാക്യ

ഘടനകളിലും ഉണ്ടായിരിക്കണമെന്ന് നിർബന്ധമില്ലാത്തതു കൊണ്ടാണ്.

പ്രത്യയങ്ങൾ, അനുപ്രയോഗങ്ങൾ എന്നിവ ചേർത്താണ് വാക്യത്തിലെ പദങ്ങൾക്കു തമ്മിലുള്ള ആർത്ഥികബന്ധം വ്യക്തമാക്കുന്നത്. (പ്രത്യയങ്ങൾ, അനുപ്രയോഗങ്ങൾ എന്നിവയെക്കുറിച്ച് നാലാം ശില്പത്തിൽ വിവരിച്ചിട്ടുള്ളത് ഓർമിക്കുക.

അമ്മ മകനെ വിളിക്കുന്നു

എന്ന വാക്യത്തിൽ അമ്മ, മകൻ, വിളിക്കുക എന്നീ മൂന്നു പദങ്ങളാണല്ലോ ഉള്ളത്. വാക്യഘടനയിൽ അവയ്ക്കു തമ്മിലുള്ള ബന്ധമെന്താണ്? 'അമ്മ'യാണ് വിളിക്കുന്നത്. വാക്യത്തിലെ കർത്താവ് 'അമ്മ'യാണെന്നർത്ഥം. കർത്താവിനെ സൂചിപ്പിക്കുവാൻ നമ്മുടെ ഭാഷയിൽ പ്രത്യയങ്ങളോ അനുപ്രയോഗങ്ങളോ ചേർക്കാറില്ല. 'മകനെ' എന്ന പദം വാക്യത്തിലെ കർമമാണെന്ന് കാണിക്കാൻ 'എ' എന്ന പ്രത്യയം ചേർത്തിരിക്കുന്നു. (X) അമ്മ മകൻ വിളിക്കുന്നു' എന്ന് പറഞ്ഞാൽ അർത്ഥം വ്യക്തമാകുന്നില്ല. 'മകനെ' എന്ന് പ്രത്യയം ചേർക്കുമ്പോൾ വാക്യത്തിലെ കർമം 'മകൻ' ആണെന്ന് വ്യക്തമാകുന്നു. 'മകൻ അമ്മയെ വിളിക്കുന്നു' എന്ന് 'എ' പ്രത്യയം 'അമ്മ' എന്ന പദത്തോട് ചേർത്താൽ 'മകൻ' കർത്താവും 'അമ്മ' കർമവുമാകുന്നു. 'വിളിക്കുന്നു' എന്ന പദത്തിലെ 'ഉന്നു' എന്ന പ്രത്യയം ക്രിയ നടക്കുന്നത് വർത്തമാനകാലത്തിലാണ് എന്ന് കാണിക്കുന്നു.

വാക്യഘടനയിലെ ഘടകപദങ്ങൾ നാമം, ക്രിയ, നാമവിശേഷണം, ക്രിയാവിശേഷണം എന്നിവയാണ്. പദങ്ങൾക്കുള്ള പരസ്പരബന്ധം കാണിക്കാൻ പ്രത്യയങ്ങൾ അനുപ്രയോഗങ്ങൾ എന്നിവ ചേർക്കുന്നു. ഒറ്റ വാക്യങ്ങളെ ക്കുറിച്ചാണ് ഇതുവരെ പ്രസ്താവിച്ചത്. ഒന്നിലധികം വാക്യങ്ങൾ കൂട്ടിച്ചേർത്തും പ്രയോഗിക്കാം.

അവൻ നാളെ വരും എന്ന് പറഞ്ഞു.

ഈ വാക്യത്തിൽ 'എന്ന്' എന്ന പദം ശ്രദ്ധിക്കുക. 'അവൻ നാളെ വരും', 'അവൻ പറഞ്ഞു' എന്നീ രണ്ടു വാക്യങ്ങളെ 'എന്ന്' എന്ന പദം ഉപയോഗിച്ച് ഘടിപ്പിച്ചിരിക്കുന്നു.

വാക്യങ്ങളെ ഒന്നിച്ചു ചേർക്കാതെയും അവയ്ക്കു തമ്മിലുള്ള ബന്ധം വ്യക്തമാക്കാം.

ഞാൻ അവിടെ പോയി. പക്ഷേ അദ്ദേഹത്തെ കണ്ടില്ല ഇവിടെ രണ്ടു വാക്യങ്ങളും വേറിട്ടുതന്നെ നില്ക്കുന്നു. അവ തമ്മിലുള്ള ബന്ധം 'പക്ഷേ' എന്ന പദം കൊണ്ട് വ്യക്തമാക്കിയിരിക്കുന്നു. ഇങ്ങനെ വാക്യങ്ങൾക്കുള്ള പരസ്പരബന്ധം സൂചിപ്പിക്കുന്നതിന്ന് പ്രയോഗിക്കുന്ന പദങ്ങൾക്ക് ഘടകങ്ങൾ എന്ന് പേര് കൊടുക്കാം.

വാക്യഘടനയെക്കുറിച്ചുള്ള ഒരു സാമാന്യ വിവരണമാണ് നൽകിയത്. വാക്യങ്ങൾ നിർമ്മിക്കുമ്പോൾ സാധാരണമായി വരുത്താറുള്ള തെറ്റുകളെക്കുറിച്ചാണ് ഇനി ആലോചിക്കാനുള്ളത്. അശ്രദ്ധകൊണ്ടും പ്രയോഗനിയമങ്ങൾ അറിയാത്തതുകൊണ്ടും വിദ്യാർത്ഥികൾ വാക്യഘടനാപ്രയോഗത്തിൽ പല തെറ്റുകളും വരുത്താറുണ്ട്. അവയിൽ മുഖ്യമായ ചിലവയെക്കുറിച്ചു മാത്രമേ ഇവിടെ ചൂണ്ടിക്കാണിക്കുന്നുള്ളു.

## 5-3. സമുച്ചയവികല്പ പ്രത്യയങ്ങളുടെ പ്രയോഗം:

സമുച്ചയം എന്നാൽ കൂട്ടിച്ചേർക്കൽ എന്നർത്ഥം. പദങ്ങളെയും വാക്യങ്ങളെയും കൂട്ടിച്ചേർക്കാൻ - സമുച്ചയിക്കാൻ - മലയാളത്തിൽ 'ഉം' എന്ന പ്രത്യയം ഉപയോഗിക്കുന്നു.

റഷ്യയും ചൈനയും കമ്യൂണിസ്റ്റ് ഭരണം നിലവിലുള്ള രാജ്യങ്ങളാണ്.

ഗുരുനാഥനോടും സുഹൃത്തിനോടും വിട ചോദിച്ച് ഞാൻ പുറത്തിറങ്ങി.

ചേട്ടൻെറയും അമ്മാമൻെറയും കത്തുകൾ വന്നിട്ട് ഒരു മാസമായി.

ഈ വാക്യങ്ങളിൽ ഓരോന്നിലും രണ്ടു പദങ്ങളെ 'ഉം' എന്ന സമുച്ചയപ്രത്യയം ചേർത്ത് ഘടിപ്പിച്ചിരിക്കുന്നു. ഘടിപ്പിച്ചിരിക്കുന്ന പദങ്ങളുടെ രൂപം ശ്രദ്ധിക്കുക. 'ഉം' ഉപയോഗിച്ച് പദങ്ങളെ ചേർക്കുമ്പോൾ ആ പദങ്ങൾ ഒരേ വ്യാകരണരൂപമുള്ളവയായിരിക്കണം. 'റഷ്യയും ചൈനയും' എന്ന ഘടനയിൽ റഷ്യ, ചൈന എന്നീ രണ്ടു നാമങ്ങളെ കോർത്തിണക്കിയിരിക്കുന്നു. 'ഗുരുനാഥനോടും സുഹൃത്തിനോടും' എന്നതിൽ ഘടിപ്പിച്ചിരിക്കുന്ന പദങ്ങൾ 'ഗുരുനാഥനോട്', 'സുഹൃത്തിനോട്' എന്നിവയാണ്. മൂന്നാമത്തെ വാക്യത്തിൽ സമന്വയിപ്പിച്ചിരിക്കുന്നത് ചേട്ടൻെറ' 'അമ്മാമൻെറ' എന്നീ പദങ്ങളെയാണ്. ഇങ്ങനെയല്ലാതെ,

(X) ചേട്ടനിൽനിന്നും അമ്മാമൻെറയും കത്തുകൾ വന്നിട്ട് ഒരു മാസമായി

എന്ന് പ്രയോഗിക്കരുത്. ഇവിടെ ഘടനയിൽ പങ്കെടുക്കുന്ന പദങ്ങൾ 'ചേട്ടനിൽനിന്ന്' 'അമ്മാമൻെറ' എന്നിവയാണ്. അവ വ്യത്യസ്തവ്യാകരണരൂപങ്ങളാണ്. അതുകൊണ്ട് അവയെ സമുച്ചയപ്രത്യയം ഉപയോഗിച്ച് സംയോജിപ്പിക്കില്ല. ആദ്യപദം 'ചേട്ടനിൽനിന്ന്' എന്നാണെങ്കിൽ അതോട് ചേർത്തുപറയുന്ന പദവും അതേ വ്യാകരണരൂപമുള്ളതായിരിക്കണം. അതായത്,

ചേട്ടനിൽനിന്നും അമ്മാമനിൽനിന്നും കത്തുകൾ വന്നിട്ട് ഒരു മാസമായി എന്ന് പറയാം.

'ഉം' ഉപയോഗിച്ച് പദങ്ങളെ ചേർക്കുമ്പോൾ ഓർത്തിരിക്കേണ്ട പ്രയോഗനിയമത്തെക്കുറിച്ചാണ് വിവരിച്ചത്. പദങ്ങളെ മാത്രമല്ല, വാക്യങ്ങളെയും 'ഉം' ഉപയോഗിച്ച് ഘടിപ്പിക്കാം. എങ്ങിനെ എന്നാൽ,

വണ്ടി കൃത്യം ഏഴര മണിക്ക് സെൻട്രൽ സ്റ്റേഷനിൽനിന്ന് പുറപ്പെട്ടു.

വണ്ടി പിറ്റേ ദിവസം കാലത്ത് എട്ടു മണിക്ക് എറണാകുളത്ത് എത്തി.

എന്നീ രണ്ടു വാക്യങ്ങളെ ഒറ്റ വാക്യമായി പ്രയോഗിക്കുന്നത് മൂന്നു തരത്തിലാവാം.

വണ്ടി കൃത്യം ഏഴരമണിക്ക് സെൻട്രൽ സ്റ്റേഷനിൽനിന്ന് പുറപ്പെട്ട് പിറ്റേദിവസം കാലത്ത് എട്ടരമണിക്ക് എറണാകുളത്ത് എത്തി.

അല്ലെങ്കിൽ,

കൃത്യം ഏഴരമണിക്ക് സെൻട്രൽ സ്റ്റേഷനിൽ
നിന്ന് പുറപ്പെട്ട വണ്ടി പിറ്റേ ദിവസം കാലത്ത്
എട്ടു മണിക്ക് എറണാകുളത്ത് എത്തി.

അല്ലെങ്കിൽ,

വണ്ടി കൃത്യം ഏഴരമണിക്ക് സെൻട്രൽ
സ്റ്റേഷനിൽനിന്ന് പുറപ്പെടുകയും പിറ്റേ ദിവസം
കാലത്ത് എട്ടുമണിക്ക് എറണാകുളത്ത്
എത്തുകയും ചെയ്തു.

മൂന്നാമത്തെ വാക്യഘടന ശ്രദ്ധിക്കുക. 'ഉം' ഉപയോഗിച്ച് രണ്ടു വാക്യങ്ങളെ ചേർക്കുമ്പോൾ താഴെ കാണിച്ച വാക്യഘടനാനിയമങ്ങൾ അനുസരിക്കണം :

1) രണ്ടു വാക്യങ്ങളിലെയും ക്രിയകളെ '-ഉക' രൂപ ത്തിലാക്കുക. (വരുക, നടക്കുക, എഴുതുക, സംസാരിക്കുക എന്നിങ്ങനെ)

2) അങ്ങനെ '-ഉക' ചേർന്ന ക്രിയാരൂപങ്ങൾ രണ്ടിനോടും 'ഉം' പ്രത്യയം ചേർക്കുക.

(കുളിക്കുകയും, ഊണുകഴിക്കുകയും, കാണുകയും, പറയുകയും, എന്നിങ്ങനെ)

3) സങ്കീർണവാക്യത്തിലെ പൂർണക്രിയയായി എപ്പോഴും ചെയ്ത് ഉപയോഗിക്കുക. (വർത്തമാനകാലത്തിലാണെങ്കിൽ 'ചെയ്യുന്നു'; ഭാവികാലത്തിലാണെങ്കിൽ 'ചെയ്യും'; എന്നിങ്ങനെ)

4) രണ്ടു വാക്യങ്ങളിലും ഉള്ള സമാനപദങ്ങൾ ആവർത്തിക്കരുത്.

(ഉദാഹരണവാക്യങ്ങളിൽ രണ്ടിലും 'വണ്ടി' എന്ന പദമാണ് കർത്താവ്. സങ്കീർണവാക്യത്തിൽ 'വണ്ടി' എന്ന പദം ആവർത്തിച്ചിട്ടില്ല.)

വാക്യങ്ങളിലെ പ്രധാനക്രിയകളെ സമുച്ചയപ്രത്യയം ഉപയോഗിച്ച് സംയോജിപ്പിക്കുമ്പോൾ അനുസരിക്കേണ്ട നിയമങ്ങളാണ് ചൂണ്ടിക്കാണിച്ചത്. അപ്രധാനക്രിയകളെയും 'ഉം' പ്രത്യയം ഉപയോഗിച്ച് ഘടിപ്പിക്കാം. ഉദാഹരണമായി,

ഡോക്ടർ രോഗിയെ ദിവസേന ചൂടുവെള്ളത്തിൽ
കുളിക്കാൻ ഉപദേശിച്ചു.

ഡോക്ടർ രോഗിയെ ദിവസേന പാൽ കഴിക്കാൻ ഉപദേശിച്ചു.

എന്നീ വാക്യങ്ങളെ 'ഉം' എന്ന സമുച്ചയപ്രത്യയം ഉപയോഗിച്ച് താഴെ കാണിച്ച രീതിയിൽ സങ്കീർണവാക്യമാക്കാം:

ഡോക്ടർ രോഗിയെ ദിവസേന ചൂടുവെള്ളത്തിൽ കുളിക്കാനും പാൽ കഴിക്കാനും ഉപദേശിച്ചു.

ഇവിടെ 'കുളിക്കാൻ' 'കഴിക്കാൻ' എന്നീ ക്രിയകളെയാണ് സംയോജിപ്പിച്ചത്. രണ്ടും ഒരേ വ്യാകരണരൂപമുള്ള ക്രിയകൾ ആയതിനാൽ അവയോട് 'ഉം' പ്രത്യയം ചേർക്കാം. രണ്ടു വാക്യങ്ങളിലെയും സമാനപദങ്ങളെ സങ്കീർണവാക്യത്തിൽ ആവർത്തിച്ചിട്ടില്ല എന്നുള്ളതും ശ്രദ്ധിക്കുക. കുഴപ്പം സംഭവിക്കുന്നത് എപ്പോഴാണ് എന്ന് കാണിക്കാൻ മേൽ കൊടുത്ത വാക്യങ്ങളെത്തന്നെ ചില മാറ്റങ്ങൾ വരുത്തി

ഉദാഹരിച്ചു കാണിക്കാം. സംയോജിപ്പിക്കേണ്ട വാക്യങ്ങൾ താഴെ കാണിച്ചിട്ടുള്ളവയാണെന്ന് കരുതുക:

ഡോക്ടർ രോഗിയെ ദിവസേന ചൂടുവെള്ളത്തിൽ കുളിക്കാൻ ഉപദേശിച്ചു.

ഡോക്ടർ രോഗിയെ ദിവസേന പാൽ കഴിക്കണം എന്ന് ഉപദേശിച്ചു.

ഈ വാക്യങ്ങൾ,

(X) ഡോക്ടർ രോഗിയെ ദിവസേന ചൂടുവെള്ളത്തിൽ കുളിക്കാനും പാൽ കഴിക്കണം എന്നും ഉപദേശിച്ചു.

എന്ന് സംയോജിപ്പിക്കരുത്. 'കുളിക്കാൻ' 'കഴിക്കണം എന്ന്' എന്നിവ ഒരേ വ്യാകരണരൂപമുള്ളവയല്ല. ഒന്നുകിൽ,

........ ചൂടുവെള്ളത്തിൽ കുളിക്കാനും പാൽ കഴിക്കാനും ഉപദേശിച്ചു. എന്ന് പ്രയോഗിക്കണം. അല്ലെങ്കിൽ,

..... ചൂടുവെള്ളത്തിൽ കുളിക്കണം എന്നും പാൽ കഴിക്കണം എന്നും ഉപദേശിച്ചു.

എന്ന് പ്രയോഗിക്കണം. അബദ്ധപ്രയോഗത്തിന് മറ്റൊരു ഉദാഹരണം കാണിക്കാം:

(X) അവൻ അവിടെ പോയതും അദ്ദേഹത്തെ കാണുകയും ചെയ്തത് ഞാൻ പറഞ്ഞിട്ടായിരുന്നു.

ഈ വാക്യത്തിൽ 'ഉം' എന്ന പ്രത്യയം ചേർത്തിരിക്കുന്ന രൂപങ്ങൾ നോക്കുക: 'പോയത്', 'കാണുക', രണ്ടും വ്യത്യസ്തവ്യാകരണരൂപങ്ങളാണ്. അതുകൊണ്ട് വാക്യഘടന സ്വീകാര്യമല്ല. തെറ്റായ ആ വാക്യഘടനയെ എങ്ങനെ ശരിപ്പെടുത്താം?

അവൻ അവിടെ പോയതും അദ്ദേഹത്തെ കണ്ടതും ഞാൻ പറഞ്ഞിട്ടായിരുന്നു.

എന്നോ,

അവൻ അവിടെ പോകുകയും അദ്ദേഹത്തെ കാണുകയും ചെയ്തത് ഞാൻ പറഞ്ഞിട്ടായിരുന്നു.

എന്നോ മാറ്റിയാൽ ഘടന ശരിയായി.

സമുച്ചയപ്രത്യയമായ 'ഉം' ചേർത്ത് സങ്കീർണഘടനകൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് പ്രസ്താവിച്ചതെല്ലാം വികല്പ പ്രത്യയമായ 'ഓ' - വിനും യോജിക്കും. 'വികല്പം' എന്നാൽ 'സംശയം' എന്നർത്ഥം. 'അതോ ഇതോ' എന്നതിൽ 'ഓ' പ്രയോഗിച്ചിരിക്കുന്നതു നോക്കുക. 'ഓ' ചേർക്കുന്ന പദങ്ങൾ ഒരേ വ്യാകരണരൂപമുള്ളവയായിരിക്കണം.

(X) അവൻ അവിടെ പോയതോ അദ്ദേഹത്തെ കാണുകയോ ചെയ്തത് എന്നോട് ചോദിച്ചിട്ടല്ല.

എന്ന പ്രയോഗം തെറ്റ്. കാരണം 'ഓ' ചേർത്തിരിക്കുന്ന പദങ്ങൾ (പോയത്, കാണുക)വ്യത്യസ്ത വ്യാകരണരൂപങ്ങളാണ്. ശരിയായ ഘടന

അവൻ അവിടെ പോയതോ അദ്ദേഹത്തെ കണ്ടതോ എന്നോട് ചോദിച്ചിട്ടല്ല

എന്നോ,

അവൻ അവിടെ പോകുകയോ അദ്ദേഹത്തെ കാണുകയോ ചെയ്തത് എന്നോട് ചോദിച്ചിട്ടല്ല എന്നോ ആണ്.

## 5.4 : വിശേഷണപദപ്രയോഗം:

'വിശേഷണപദം' എന്താണെന്ന് മുമ്പൊരിടത്ത് സൂചിപ്പിച്ചിട്ടുണ്ട്. നാമപദത്തെ വിശേഷിപ്പിക്കുന്നത് നാമവിശേഷണവും ക്രിയാപദത്തെ വിശേഷിപ്പിക്കുന്നത് ക്രിയാവിശേഷണവും ആണ്. ചിലപ്പോൾ വിശേഷണപദത്തെ വീണ്ടും വിശേഷിപ്പിക്കാറുണ്ട്. അങ്ങനെയുള്ള പദങ്ങളെ വിശേഷണവിശേഷണങ്ങൾ എന്ന് വിളിക്കാം.

രാജു നല്ല നടനാണ്.

മേരി നന്നായി ഡാൻസ് ചെയ്യും

സൈബീരിയ വളരെ തണുപ്പുള്ള രാജ്യമാണ്.

ഈ വാക്യങ്ങളിൽ നല്ല, നന്നായി, വളരെ എന്നിവ യഥാക്രമം നാമവിശേഷണം, ക്രിയാവിശേഷണം, വിശേഷണവിശേഷണം എന്നിവയാണ്.

വിശേഷണപദങ്ങളെ, അവ എതു പദങ്ങളെ വിശേഷിപ്പിക്കുന്നുവോ, ആ പദങ്ങളുടെ തൊട്ടുമുമ്പിൽതന്നെ പ്രയോഗിക്കണം. *

'വളരെ ബുദ്ധിമുട്ടുള്ള ജോലികൾ' എന്ന പ്രയോഗത്തിൽ 'വളരെ' വിശേഷണപദമായ 'ബുദ്ധിമുട്ടുള്ള' എന്നതിനെ വിശേഷിപ്പിക്കുന്നു. ബുദ്ധിമുട്ടിൻെറ കാഠിന്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. എന്നാൽ,

ബുദ്ധിമുട്ടുള്ള വളരെ ജോലികൾ

എന്ന് പറയുമ്പോൾ 'വളരെ' എന്നത് 'ജോലികൾ' എന്ന നാമപദത്തെയാണ് വിശേഷിപ്പിക്കുന്നത്. ജോലികളുടെ ആധിക്യത്തെയാണ് ഈ പ്രയോഗം അർത്ഥമാക്കുന്നത്. ആദ്യത്തേതിൽ 'വളരെ' വിശേഷണവിശേഷണവും രണ്ടാമത്തേതിൽ 'വളരെ' നാമവിശേഷണവും ആണെന്ന് കാണുക. തൊട്ടടുത്ത പദത്തിനോടായിരിക്കും വിശേഷണങ്ങൾ അർത്ഥപരമായി ബന്ധപ്പെട്ടിരിക്കുക. അപ്പോൾ വിശേഷണ പദങ്ങളെ അവയുടെ സ്വാഭാവികമായ സ്ഥാനത്തുനിന്നും വാക്യഘടനയിൽ വളരെ ദൂരെ ഉപയോഗിക്കുന്നത് പലപ്പോഴും അസുഖപ്രതീതി ഉണ്ടാക്കും; ചിലപ്പോൾ തെറ്റായ അർത്ഥം ജനിപ്പിക്കുകയും ചെയ്യും. ഉദാഹരണം കാണിച്ച് വ്യക്തമാക്കാം.

(X) വളരെ വേഗമുള്ള ആകാശത്തിലൂടെ സഞ്ചരിക്കുന്ന ഒരു വാഹനമാണ് ജെറ്റ് വിമാനം.

---

* ചുരുക്കം വിശേഷണപദങ്ങൾ പിറകിലും വരാം. ഉദാ : കുട്ടികളെല്ലാം വന്നു; പറയുന്നതോക്കെ കേട്ടു.

ഇവിടെ 'വളരെ വേഗമുള്ള' എന്ന വിശേഷണം (വിശേഷണ വിശേഷണവും ചേർന്നത്) ആകാശത്തെയാണ് വിശേഷിപ്പിക്കുന്നത്. 'വാഹന'ത്തെയാണ് 'വേഗമുള്ള' എന്ന് വിശേഷിപ്പിക്കേണ്ടത്. ആകാശത്തിന് വേഗമുണ്ട് എന്നായിരിക്കുകയില്ലല്ലോ ഉദ്ദേശ്യം. അപ്പോൾ പ്രസ്തുത വാക്യത്തെ.

ആകാശത്തിലൂടെ സഞ്ചരിക്കുന്ന വളരെ വേഗമുള്ള ഒരു വാഹനമാണ് ജെറ്റ് വിമാനം. എന്നുതന്നെ പ്രയോഗിക്കണം.

ഒന്നിലധികം വിശേഷണങ്ങൾ ഉപയോഗിക്കുമ്പോൾ അവയെ 'ഉം' എന്ന സമുച്ചയം ചേർത്ത് ബന്ധിപ്പിക്കാം.

മേലുദ്ധരിച്ച വാക്യം. ആകാശത്തിലൂടെ സഞ്ചരിക്കുന്നതും വളരെ വേഗമുള്ളതും ആയ ഒരു വാഹനമാണ് ജെറ്റ് വിമാനം എന്നും പ്രയോഗിക്കാം.* 'ഉം' ചേർത്തിരിക്കുന്നത് ഒരേ വ്യാകരണരൂപമുള്ള പദങ്ങളോടാണ് (സഞ്ചരിക്കുന്നത്, വേഗമുള്ളത്) എന്നുള്ള കാര്യം ശ്രദ്ധിക്കുക.

വിശേഷണങ്ങൾ പ്രയോഗിക്കുമ്പോൾ ശരിയായ അർത്ഥബോധം ഉണ്ടാവുന്ന തരത്തിൽ യോജിപ്പിക്കണം.

സ്ക്കൂളിലെ ക്രിക്കറ്റ് കളിക്കാൻ താത്പര്യമുള്ള കുട്ടികൾ ഇന്നു വൈകുന്നേരം നാലു മണിക്ക് അവരുടെ പേരുകൾ ഫിസിക്കൽ ഡയരക്ടർക്ക് കൊടുക്കണം.

എന്ന വാക്യത്തിൽ, 'സ്ക്കൂളിലെ ക്രിക്കറ്റ് കളിക്കാൻ താത്പര്യമുള്ള കുട്ടികൾ' എന്ന പ്രയോഗം ശ്രദ്ധിക്കുക. 'സ്ക്കൂളിലെ ക്രിക്കറ്റ്' എന്ന് പറഞ്ഞാൽ 'സ്ക്കൂളിൽവെച്ച് കളിക്കുന്ന ക്രിക്കറ്റ്' എന്നാണല്ലോ അർത്ഥം. ഉദാഹരണവാക്യംകൊണ്ട് ഉദ്ദേശിച്ചിരിക്കുന്ന അർത്ഥം അതായിരിക്കാൻ വഴിയില്ല വാക്യം ഇങ്ങനെ മാറ്റി നോക്കുക:

ക്രിക്കറ്റ് കളിക്കാൻ താത്പര്യമുള്ള സ്ക്കൂളിലെ കുട്ടികൾ..... 'സ്ക്കൂളിലെ കുട്ടികൾ' എന്ന് പറയുമ്പോൾ 'സ്ക്കൂളിൽ

---

* വിശേഷണങ്ങളെ 'ഉം' ചേർത്ത് ബന്ധിക്കുമ്പോൾ അവയെ 'അത്' ചേർത്ത് നാമങ്ങളാക്കണം.

പഠിക്കുന്ന കുട്ടികൾ' എന്നാകുമർത്ഥം. അതായിരിക്കണം പ്രയോഗകർത്താവിൻെറ ഉദ്ദേശ്യവും. അപ്പോൾ വിശേഷണ പദങ്ങൾ പ്രയോഗിക്കുമ്പോൾ, ഏതു പദം വിശേഷിപ്പിക്കണം എന്ന് ഉദ്ദേശിക്കുന്നുവോ അതിന് തൊട്ടുമുമ്പിൽ ഉപ യോഗിച്ചാൽ അർത്ഥത്തിന് അവ്യക്തത വരുകയില്ല.

ക്രിയാവിശേഷണത്തെക്കുറിച്ചും മേല്പറഞ്ഞ കാര്യം ശ്രദ്ധിക്കുന്നത് നന്നായിരിക്കും. മലയാളത്തിലെ വാക്യ ഘടനയ്ക്ക് അയഞ്ഞ ബന്ധമാണ് ഉള്ളതെന്ന് ഈ ശില്പത്തിൻെറ ആദ്യത്തിൽതന്നെ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അർത്ഥബോധത്തിൽ അസ്പഷ്ടതയും ദുഷ്പ്രതീതിയും ഒഴി വാക്കാൻ വിശേഷണപ്രയോഗത്തിൽ ഇപ്പോൾ വിവരിച്ചു കാണിക്കുന്ന ഈ നിയമം അനുഷ്ഠിക്കുന്നത് നന്നായിരിക്കും.

നന്നായി അവൾക്ക് പാട്ടുപാടാൻ കഴിയും.

എന്നതിനേക്കാൾ,

അവൾക്ക് നന്നായി പാട്ടുപാടാൻ കഴിയും എന്ന ഘടനയല്ലേ നല്ലത്? 'പാട്ടുപാടുക' എന്ന ക്രിയയുടെ വിശേഷണമാണല്ലോ 'നന്നായി' എന്നത്. അതുകൊണ്ടാണ് ക്രിയാപദത്തിന് തൊട്ട് മുമ്പിൽതന്നെ ക്രിയാവിശേഷണപദം ഉപയോഗിച്ചിരിക്കുന്നത്.

## 5-5. 'ആണ്' എന്ന ക്രിയയുടെ ഒരു പ്രയോഗം:

താഴെ കൊടുത്ത രണ്ടു വാക്യങ്ങൾ ശ്രദ്ധിക്കുക:

ഒന്നാം ഇന്നിംഗ്സിൽ പട്ടേൽ സെൻചറി അടിച്ചു.

ഒന്നാം ഇന്നിംഗ്സിൽ പട്ടേലാണ് സെൻചറി അടിച്ചത്.

രണ്ടു വാക്യങ്ങളിലും ഒരേ കാര്യം തന്നെയാണ് പറയുന്നത്. പക്ഷേ പറയുന്ന വിധത്തിലുള്ള വ്യത്യാസംകൊണ്ട് അർത്ഥത്തിന് കുറച്ചൊരു മാറ്റം വന്നിട്ടുണ്ടെന്ന് കാണാം. ആദ്യത്തെ വാക്യത്തിൽ ഒരു കാര്യം അറിയിക്കുന്നു എന്നേ ഉള്ളു. രണ്ടാമത്തെ വാക്യത്തിലാകട്ടെ, 'മറ്റാരുമല്ല, പട്ടേൽ തന്നെയാണ്', ആ കാര്യം ചെയ്തത്' എന്ന് ഉറപ്പിച്ചു പറയുന്നു. ഇങ്ങനെ,

പറയുന്ന കാര്യത്തിൽ എവിടെയെങ്കിലും ഉറപ്പ് കൊടുക്കണമെങ്കിൽ നമ്മുടെ ഭാഷയിൽ 'ആണ്' എന്ന ക്രിയ ചേർക്കാം. 'ആണ്' എന്ന ക്രിയ ഏതു പദത്തിനോടാണോ ചേർക്കുന്നത് ആ പദം സൂചിപ്പിക്കുന്ന അർത്ഥത്തിനു ഉറപ്പും ശക്തിയും കിട്ടും. പക്ഷേ, ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ആണ് എന്ന ക്രിയ ചേർക്കുമ്പോൾ വാക്യത്തിലെ പൂർണ്ണക്രിയയോട് 'അത്' എന്ന പദം ചേർക്കണം. മേലുദാഹരിച്ച രണ്ടാമത്തെ വാക്യത്തിൽ 'പട്ടേലാണ് സെൻചറി അടിച്ചത്' എന്നല്ലാതെ, '(X) പട്ടേലാണ് സെൻചറി അടിച്ചു' എന്നു പ്രയോഗിക്കരുത്. വിദ്യാർത്ഥികൾ പലപ്പോഴും തെറ്റു വരുത്തുന്ന ഒരു പ്രയോഗമാണിത്. രണ്ടു തരത്തിലുള്ള വാക്യത്തിനും താഴെ ഉദാഹരണങ്ങൾ കൊടുത്തിരിക്കുന്നു.

ചേച്ചി എനിക്ക് ഒരു കഥ പറഞ്ഞു തന്നു.

-ചേച്ചിയാണ് എനിക്ക് ഒരു കഥ പറഞ്ഞു തന്നത്

കുമാരനാശാൻ 'ചിന്താവിഷ്ടയായ സീത' എന്ന ഖണ്ഡകാവ്യം എഴുതി.

-കുമാരാനാശാനണ് 'ചിന്താവിഷ്ടയായ സീത' എന്ന ഖണ്ഡകാവ്യം എഴുതിയത്.

ഞാൻ ഇന്നലെ അവനെ കണ്ടു-

(i) ഞാനാണ് ഇന്നലെ അവനെ കണ്ടത്

(ii) ഞാൻ ഇന്നലെയാണ് അവനെ കണ്ടത്

(iii) ഞാൻ ഇന്നലെ അവനെയാണ് കണ്ടത്

## 5-6. 'ഏ' എന്ന പ്രത്യയം ചേർക്കുന്ന വിധം:

'ആണ്' എന്ന ക്രിയ ചേർത്ത് വാക്യത്തിലെ ഘടകങ്ങളിലൊന്നിനെ എങ്ങനെ ഉറപ്പിച്ചുകാണിക്കാം എന്ന് കണ്ടുവല്ലൊ. വാക്യത്തിലെ ഒരു പദത്തിന്റെ അർത്ഥത്തെ

മറ്റൊരുതരത്തിലും ഉറപ്പിച്ചുകാണിക്കാൻ കഴിയും. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ പരിശോധിക്കുക:

ജയദേവൻ പരീക്ഷയിൽ തോറ്റു.

ജയദേവനേ പരീക്ഷയിൽ തോറ്റുള്ളു

ആദ്യത്തെ വാക്യത്തിൽ 'ജയദേവൻെറ തോല്വി' യെക്കുറിച്ചാണ് പറയുന്നത്. രണ്ടാമത്തേതിൽ 'ജയദേവൻ പരീക്ഷയിൽ തോറ്റു' എന്ന് മാത്രമല്ല പറഞ്ഞിട്ടുള്ളത്. 'ജയദേവനേ തോറ്റുള്ളു' എന്ന് പറയുമ്പോൾ 'ജയദേവനല്ലാതെ മറ്റാരും തോറ്റില്ല' എന്ന അർത്ഥംകൂടി കിട്ടുന്നു. 'ഏ' എന്ന പ്രത്യയം ചേർക്കുമ്പോൾ 'മാത്രം' എന്ന അർത്ഥംകൂടി ഉണ്ടാവുന്നു. അങ്ങനെ 'ഏ' എന്ന പ്രത്യയം ചേർക്കുമ്പോൾ വാക്യത്തിലെ പൂർണക്രിയയോട് 'ഉള്ളു' എന്ന പദം ചേർക്കണം. 'ജയദേവനേ തോറ്റുള്ളു' എന്നല്ലാതെ '(X) ജയദേവനേ തോറ്റു' എന്ന് പ്രയോഗിക്കരുത്. മറ്റു ചില ഉദാഹരണങ്ങൾ നോക്കുക:

ഞങ്ങൾ ക്രിക്കറ്റ് കളിക്കുന്നു.

-ഞങ്ങൾ ക്രിക്കറ്റേ കളിക്കുന്നുള്ളു.

ഞാൻ നാലുമണിക്ക് കാപ്പി കുടിച്ചു

-ഞാൻ നാലുമണിക്ക് കാപ്പിയേ കുടിച്ചുള്ളു.

'ഏ' പ്രത്യയം ചേർക്കുമ്പോൾ ശ്രദ്ധിക്കേണ്ട രണ്ടു കാര്യങ്ങൾ കൂടി പറയാം. പൂർണക്രിയ 'ഉണ്ട്' എന്നാണെങ്കിൽ 'ഏ' ചേർക്കുമ്പോൾ 'ഉണ്ട്' എന്നതിനു പകരം 'ഉള്ളു' എന്നു മാത്രം ഉപയോഗിച്ചാൽ മതി:

മേശമേൽ പുസ്തകം ഉണ്ട്

-മേശമേൽ പുസ്തകമേ ഉള്ളു.

പൂർണക്രിയ ഭാവികാലരൂപത്തിലാണെങ്കിൽ ഭാവി കാലത്തെ സൂചിപ്പിക്കുന്ന 'ഉം' എന്ന പ്രത്യയം, 'ഏ' പ്രത്യയം ചേർക്കുമ്പോൾ, ഉപയോഗിക്കണ്ട:

പൂച്ച പാൽ കുടിക്കും.

-പൂച്ച പാലേ കുടിക്കുള്ളു.

'(X) കുടിക്കുമുള്ളു' എന്നു വേണ്ട; 'കുടിക്കുള്ളു' എന്നു മാത്രം മതി. 'കുടിക്കുള്ളു' എതിനു പകരം 'കുടിക്കൂ' എന്നും' കുടിക്കുകയുള്ളു' എന്നും പറയാം: 'പൂച്ച പാലേ കുടിക്കൂ'; 'പൂച്ച പാലേ കുടിക്കുകയുള്ളു'.

## 5-7. ഭൂതകാലക്രിയ - രണ്ടു പ്രയോഗങ്ങൾ:

എല്ലാ ക്രിയകൾക്കും ഭൂതം. വർത്തമാനം, ഭാവി എന്നീ മൂന്നു വ്യാകരണരൂപങ്ങളുണ്ട്. ഓരോ കാലത്തിനും വീണ്ടും അവാന്തരവിഭാഗങ്ങളുമുണ്ട്. ഉദാഹരണമായി, പോയി, പോയിരുന്നു, പോയിട്ടുണ്ട്, പോയിക്കൊണ്ടിരുന്നു., പോകുകയായിരുന്നു, പോകുന്നുണ്ടായിരുന്നു തുടങ്ങിയ രൂപങ്ങൾക്കെല്ലാം ഭൂതകാലാർത്ഥവും പോകുന്നു, പോകുന്നുണ്ട്, പോകുകയാണ്, പോയിക്കൊണ്ടിരിക്കുന്നു എന്നിവയ്ക്കെല്ലാം വർത്തമാനകാലാർത്ഥവും പോകും, പോയിക്കൊണ്ടിരിക്കും, പോയേക്കും, പോകുമായിരിക്കും മുതലായ രൂപങ്ങൾക്ക് ഭാവികാലാർത്ഥവും ആണ് ഉള്ളത്. ഇവയിൽ പോയി, പോകുന്നു, പോകും എന്നിവയാണ് കേവലങ്ങളായ കാലരൂപങ്ങൾ, മറ്റു രൂപങ്ങൾക്കെല്ലാം അതാത് സൂചിപ്പിക്കുന്ന കാലത്തിന് പുറമെ ചില വിശേഷാർത്ഥങ്ങളും ഉണ്ട് എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

ഇങ്ങനെ വ്യത്യസ്തങ്ങളായ ക്രിയാരൂപങ്ങളിൽ ഭൂത കാലാർത്ഥത്തിലുള്ള രണ്ടു രൂപങ്ങൾ പലപ്പോഴും കുഴപ്പം സൃഷ്ടിക്കാറുണ്ട്. ഭൂതകാലക്രിയയോട് ക്രമത്തിൽ 'ഇരുന്നു', 'ഇട്ടുണ്ട്' എന്നീ അനുപ്രയോഗധർമമുള്ള ക്രിയയകൾ ചേരുമ്പോൾ. അത്തരം ക്രിയകൾക്ക് ചില വിശേഷാർത്ഥങ്ങൾ കിട്ടുന്നു.

ഞാൻ കല്ക്കത്തിയിൽ പോയിരുന്നു

ഞാൻ കല്ക്കത്തയിൽ പോയിട്ടുണ്ട്.

എന്നീ വാക്യപ്രയോഗങ്ങൾ പരിശോധിക്കുക. എന്താണ് ഈ വാക്യങ്ങൾ പ്രകാശിപ്പിക്കുന്ന അർത്ഥത്തിന് വ്യത്യാസം? സാധാരണമായി, 'പോയിരുന്നു' എന്ന മാതിരിയുള്ള രൂപം ഒരു പ്രത്യേക സമയത്തെ സൂചിപ്പിക്കും. 'പോയിട്ടുണ്ട്' എന്ന രൂപമാകട്ടെ, പ്രത്യേക സമയത്തെ സൂചിപ്പിക്കുകയില്ല. 'ഞാൻ കല്ക്കത്തയിൽ പോയിരുന്നു' എന്ന് പറയുമ്പോൾ (ഒരു പ്രത്യേക സമയത്ത്) ഞാൻ കല്ക്കത്തയിൽ പോയിരുന്നു' എന്ന അർത്ഥം തോന്നുന്നു. 'ഞാൻ കൽക്കത്തയിൽ പോയിട്ടുണ്ട്' എന്ന പ്രയോഗത്തിനാകട്ടെ, പ്രത്യേക സമയസൂചനയില്ല.* ഞാൻ കഴിഞ്ഞ ആഴ്ച കൽക്കത്തയിൽ പോയിരുന്നു എന്ന് പറയാം. പക്ഷേ,

? ഞാൻ കഴിഞ്ഞ ആഴ്ച കൽക്കത്തയിൽ പോയിട്ടുണ്ട് എന്ന് പ്രയോഗിക്കുമ്പോൾ ഒരസുഖപ്രതീതി ജനിക്കുന്നു. അതുപോലെ,

അമ്മായി ഇന്നലെ എന്റെ വീട്ടിൽ വന്നിരുന്നു.

ദേവി ഓണക്കാലത്ത് നാട്ടിൽ പോയിരുന്നു

ഞാൻ പാരിസിൽനിന്ന് മടങ്ങുമ്പോൾ റോമിലും പോയിരുന്നു.

എന്നീ പ്രസ്താവനകളിൽ അസാധാരണമായൊന്നുമില്ല. മറിച്ച്,

?ദേവി ഓണക്കാലത്ത് നാട്ടിൽ പോയിട്ടുണ്ട് എന്ന് പ്രയോഗിക്കുമ്പോൾ (ഏതോ ഒരു വർഷത്തിലെ) ഓണക്കാലത്ത് ദേവി നാട്ടിൽ പോയി' എന്ന സൂചനയല്ലാതെ നിശ്ചിത സമയത്തെക്കുറിച്ച് ആ പ്രയോഗം ഒന്നും പറയുന്നില്ല. നിശ്ചിതസമയം സൂചിപ്പിക്കുമ്പോൾ 'ഇരുന്നു' എന്ന അനുപ്രയോഗക്രിയ ചേർക്കുകയാണ് നല്ലത്.

---

* ഈ പ്രയോഗങ്ങൾ കുറേക്കൂടി സൂക്ഷ്മമായ അപഗ്രഥനം അർഹിക്കുന്നുണ്ട്.

ഈ നിബന്ധന വളരെ കണിശമായ ഒന്നാണെന്ന് പറഞ്ഞുകൂടാ. മറ്റു ചില സവിശേഷതകളും ഈ വ്യത്യസ്ത ഘടനകളുടെ അർത്ഥവ്യത്യാസത്തിന് കാരണമാകുന്നുണ്ടാവാം. എന്നാലും വാക്യ പ്രയോഗത്തിൽ ഈ നിയമവും അനുസരിക്കുന്നത് പല കുഴപ്പങ്ങളും പരിഹരിക്കാൻ സഹായിക്കും. നിയമം അനുസരിച്ചില്ലെങ്കിൽ,

? ചൊവ്വാഴ്ച വൈകുന്നേരം കൃത്യം നാലര മണിക്ക് ഞാൻ സ്റ്റേഷനിൽവച്ച് ദേവദാസനെ കണ്ടിട്ടുണ്ട് എന്ന വാക്യഘടനയിലെ ഉദ്ദിഷ്ടാർത്ഥത്തിന് നിരക്കാത്ത സൂചനകൾ ഒഴിവാക്കാനാവില്ല.

ചൊവ്വാഴ്ച വൈകുന്നേരം കൃത്യം നലരമണിക്ക് ഞാൻ സ്റ്റേഷനിൽവച്ച് ദേവദാസനെ കണ്ടിരുന്നു. എന്ന പ്രയോഗത്തിൽ അർത്ഥശങ്കയ്ക്കോ, ഉദ്ദേശിക്കാത്ത അർത്ഥപ്രതീതിക്കോ, ഇടയില്ലല്ലോ.

### 5-8 കർമണിപ്രയോഗം:

മേഘങ്ങൾ സൂര്യനെ മറച്ചു

എന്ന സകർമ്മക വാക്യത്തെ സൂര്യൻ മേഘങ്ങളാൽ മറയ്ക്കപ്പെട്ടു

എന്ന് മാറ്റി പ്രയോഗിക്കാം. ഇവയിൽ ആദ്യത്തെ വാക്യഘടനയെ *കർത്തരിപ്രയോഗം* എന്നും രണ്ടാമത്തെ വാക്യഘടനയെ *കർമണിപ്രയോഗം* എന്നും പറയുന്നു. മലയാളഭാഷയെ സംബന്ധിച്ചിടത്തോളം കർമണിപ്രയോഗം ഒഴിച്ചുകൂടാത്ത സന്ദർഭങ്ങളിൽ മാത്രമേ പ്രയോഗിച്ചുകൂടൂ. കൃത്രിമമായ ഒരു വാക്യഘടനയാണത്. ഇംഗ്ലീഷുഭാഷയിൽ കർമണിപ്രയോഗത്തിന് കൃത്രിമത്വം അനുഭവപ്പെടുന്നില്ല. മലയാളത്തിൽ കർമണിപ്രയോഗം കൂടുതലായി പ്രയോഗിക്കുവാനുള്ള വാസന ഇംഗ്ലീഷുഭാഷയുമായുള്ള

സമ്പർക്കംമൂലം സിദ്ധിച്ചതായിരിക്കണം.* ഏതായാലും ഈ കൃത്രിമഘടനയെ ആവുന്നേടത്തോളം പ്രയോഗിക്കാതിരിക്കുന്നതാണ് നല്ലത്.

'ഹാംലറ്റ്' ഷേക്സ്പിയറാൽ രചിക്കപ്പെട്ട ഒരു നാടകമാണ്.

യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ സംഖ്യ എത്രയാണെന്ന് നിശ്ചയമായി അറിയില്ല

പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ തിരിച്ചെടുക്കുന്നതുവരെ സമരം തുടരുമെന്ന് യൂനിയൻ കാര്യദർശി പ്രസ്താവിച്ചു.

മുതലായവയെ താഴെ കൊടുത്ത രീതിയിൽ എഴുതിയാൽ ഒരു തരക്കേടുമില്ല; കേൾക്കാൻ കൂടുതൽ സുഖമുണ്ടുതാനും:

'ഹാംലറ്റ്' ഷേക്സ്പിയർ രചിച്ച ഒരു നാടകമാണ് യുദ്ധത്തിൽ മരിച്ചവരുടെ സംഖ്യ എത്രയാണെന്ന് നിശ്ചയമായി അറിവില്ല.

പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കുന്നതുവരെ സമരം തുടരുമെന്ന് യൂനിയൻ കാര്യദർശി പ്രസ്താവിച്ചു.

എന്നാൽ, ചുരുക്കം ചില സന്ദർഭങ്ങളിൽ കർമണി പ്രയോഗത്തിലുള്ള വാക്യഘടനയെ ആശ്രയിക്കേണ്ടിവന്നേക്കും. കാശരശ്മികൾ സൂര്യനിൽ നിന്നു' എന്ന ദുരർഥം ഉണ്ടാകും. അതുകൊണ്ട്,

സൂര്യനിൽനിന്ന് പ്രസരിക്കുന്ന.....

എന്ന് അനുപ്രയോഗത്തേ പൂർവപദത്തോട് ചേർത്തുതന്നെ എഴുതണം. ശരിയായ രീതിയിൽ എഴുതേണ്ടതിന് വേറെ ഉദാഹരണങ്ങൾ :

ആ കുട്ടിയെ സംബന്ധിച്ചാണ് അധ്യാപകൻ എന്നോട് അന്വേഷിച്ചത്.

മഴകൊണ്ട് പുറത്തിറങ്ങാൻ വയ്യ

---

* സംസ്കൃതവും ഈ പ്രവണതയെ സഹായിച്ചിട്ടുണ്ട്.

('മഴ  കൊണ്ട്......' എന്നെഴുതിയാൽ അർഥമാറ്റം വരും എന്ന് ശ്രദ്ധിക്കുക)

നീ എൻെറ കൂടെ വരണം
അതുംകൂടി ചെയ്തുതീർത്തിട്ട് നമുക്കിറങ്ങാം
വിദ്യാലയങ്ങളിൽ പരീക്ഷയ്ക്കുവേണ്ടി പഠിക്കുന്നു;
അതു കഴിഞ്ഞ് വിജ്ഞാനത്തിനുവേണ്ടിയും.

കൂട്ടിയെഴുതേണ്ടത് എവിടെയാണ് എന്ന് നിഷ്കൃഷ്ടമായി ചൂണ്ടിക്കാണിക്കാൻ കഴിയില്ലെങ്കിലും ചില അടിസ്ഥാനങ്ങൾ ഓർത്തിരിക്കുന്നത് നന്ന്. അസുഖപ്രതീതി ഇല്ലാതിരിക്കുക, പദങ്ങൾക്കുള്ള പരസ്പരബന്ധം വ്യക്തമാക്കുക, അർഥത്തിന് മങ്ങൽ സംഭവിക്കാതിരിക്കുക - ഇവയായിരിക്കണം മാർഗദർശനം നൽകേണ്ടത്.

## 5-10. സംഗ്രഹം :

വാക്യഘടനാ പ്രയോഗത്തിൻെറ പ്രാധാന്യം ആദ്യമേ സൂചിപ്പിച്ചു. സാധാരണമായി വരുത്തുന്ന അബദ്ധ പ്രയോഗങ്ങൾ ചൂണ്ടിക്കാണിച്ച് സുബദ്ധപ്രയോഗങ്ങൾ ഉദാഹരിച്ചു കാണിക്കുകയും ചെയ്തു. ഇതൊക്കെ മനസ്സിലാക്കിയതുകൊണ്ടുമാത്രം നല്ല വാക്യഘടനകൾ സൃഷ്ടിക്കാൻ കഴിയണമെന്നില്ല. പരിചയംകൊണ്ട് സ്വാംശീകരിക്കേണ്ട പല കാര്യങ്ങളും ഉണ്ട്. നല്ല ഗദ്യത്തിൽ എഴുതിയ പ്രസിദ്ധ ഗ്രന്ഥങ്ങൾ വായിച്ചാൽ നാമറിയാതെതന്നെ നല്ല ഭാഷാ പ്രയോഗശീലം സ്വായത്തമായിക്കൊള്ളും. ഉദ്ദിഷ്ടാശയം വ്യക്തമായും എളുപ്പമായും മനസ്സിലാക്കാൻ കഴിയുന്ന ഭാഷാശൈലിയാണ് ഓരോരുത്തരും വളർത്തിക്കൊണ്ടുവരേണ്ടത്. നീണ്ട നീണ്ട, വാക്യങ്ങൾ ഉപയോഗിക്കുന്നത് പാണ്ഡിത്യ ലക്ഷണമാണ് എന്നൊരു ധാരണയുണ്ട്. വെറും തെറ്റിദ്ധാരണയാണത്. കഴിയുന്നതും ചെറിയ വാക്യങ്ങൾ പ്രയോഗിക്കുവാൻ ശീലിക്കുക. വൈവിധ്യത്തിനുവേണ്ടി ഇടയ്ക്ക് സങ്കീർണവാക്യങ്ങളുമാകാം.

# ഭാഷാശൈലികൾ

## 6-1. പ്രയോഗഭേദങ്ങൾ :

ഭാഷയുടെ മുഖ്യധർമ്മം ആശയവിനിമയമാണെന്ന് ഒന്നാം ശില്പത്തിൽ സൂചിപ്പിച്ചിട്ടുള്ളത് ഓർക്കുന്നുണ്ടല്ലോ. ആശയവിനിമയമാണ് ഭാഷാധർമ്മം എന്ന് പറയുന്നത് സാമാന്യാർത്ഥത്തിലാണെന്നും യഥാർത്ഥത്തിൽ വ്യത്യസ്തങ്ങളായ പല കാര്യങ്ങൾക്കുംവേണ്ടി ഭാഷ ഉപയോഗിച്ചുവരുന്നുണ്ടെന്നും രണ്ടാം ശില്പത്തിൽ വിവരിച്ചിട്ടുണ്ട്. കർമ്മസിദ്ധി, വികാരപ്രകടനം, കുശലാന്വേഷണം, ആശയപ്രകാശനം, രസാനുഭൂതി മുതലായ പലതും ഭാഷാപ്രയോഗം കൊണ്ട് സാധിതമാകുന്നു എന്നും രണ്ടാം ശില്പത്തിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഭിന്നങ്ങളായ പല കാര്യങ്ങൾക്കുംവേണ്ടി ഭാഷ പ്രയോഗിക്കുമ്പോൾ, പ്രയോഗരീതികൾക്കും ലക്ഷ്യമനുസരിച്ച് സ്വഭാവവ്യത്യാസങ്ങൾ വരില്ലേ? തീർച്ചയായും. ആ കാര്യത്തെക്കുറിച്ചും അതിനോടു ബന്ധപ്പെട്ട മറ്റു ചില വിഷയങ്ങളെക്കുറിച്ചുമാണ് ഈ ശില്പത്തിൽ പ്രതിപാദിക്കാൻ വിചാരിക്കുന്നത്.

വ്യവഹാരഭാഷയ്ക്ക് ദേശഭേദം, പ്രായഭേദം, സന്ദർഭഭേദം, ശ്രോതാക്കളുടെ ഭേദം മുതലായവയെ അടിസ്ഥാനമാക്കി സ്വഭാവഭേദങ്ങൾ വരാമെന്ന് എല്ലാവർക്കും അറിയാം. വ്യവഹാരഭാഷയിൽ പ്രത്യക്ഷപ്പെടുന്ന വ്യത്യാസങ്ങളെക്കുറിച്ചും ശാസ്ത്രീയപഠനങ്ങൾ നടന്നിട്ടുണ്ട്. ആ കാര്യം ഇപ്പോൾ വിശദമായി അന്വേഷിക്കേണ്ടതില്ല. വിദ്യാഭ്യാസത്തിൽ മുഖ്യമായും പരിനിഷ്ഠഭാഷയാണല്ലൊ കൈകാര്യം ചെയ്യുന്നത്. പരിനിഷ്ഠഭാഷ ലിഖിതഭാഷയോട് അടുപ്പമുള്ളതുമാണ്

അതുകൊണ്ട് ലിഖിതഭാഷയിൽ വരുന്ന വ്യത്യാസങ്ങളെക്കുറിച്ചാണ് നമുക്കിപ്പോൾ പ്രധാനമായും ചിന്തിക്കേണ്ടത്.

ഭാഷാപ്രയോഗത്തിൽ - പ്രത്യേകിച്ചും ലിഖിതഭാഷയിൽ - സംഭവിക്കുന്ന സ്വഭാവവ്യത്യാസങ്ങളെ കുറിക്കാനാണ് ശൈലി എന്ന പദം ഉപയോഗിക്കുന്നത്. ഭാഷാ ശൈലി എന്ന് പറഞ്ഞാൽ പ്രയോഗത്തിൽ ഭാഷയിൽ വരുന്ന വ്യത്യാസങ്ങൾ എന്ന് സാമാന്യമായി അർത്ഥം പറയാം. ആ അർത്ഥത്തിൽ ഏതെല്ലാം ഭാഷാശൈലികളെക്കുറിച്ചാണ് നമുക്ക് ചിന്തിക്കാനുള്ളത് എന്ന് പരിശോധിക്കാം.

## 6-2. സാഹിത്യഭാഷയും സാഹിത്യേതരഭാഷയും:

ലിഖിതഭാഷയെ സാഹിത്യഭാഷ എന്നും സാഹിത്യേതരഭാഷ എന്നും രണ്ടായി തരംതിരിക്കാം. സാഹിത്യകൃതികളിൽ പ്രയോഗിച്ചുവരുന്ന ഭാഷയാണ് സാഹിത്യഭാഷ. സാഹിത്യം എന്ന വകുപ്പിൽ പെടുത്താൻ കഴിയാത്ത കൃതികളിലെ ഭാഷാശൈലിയെ സാഹിത്യേതരഭാഷ എന്നും പറയുന്നു. എന്താണ് ഇവയ്ക്കു തമ്മിലുള്ള വ്യത്യാസം: സാഹിത്യകൃതികളിലെ ഭാഷാപ്രയോഗത്തിൻെറ മുഖ്യധർമ്മങ്ങൾ: ഒന്ന്, വികാരപ്രകടനം; മറ്റൊന്ന്, രസാനുഭൂതി ഉളവാക്കുക. സാഹിത്യേതരഭാഷാ ശൈലിയിലാകട്ടെ, ആശയപ്രകാശനമാണ് പ്രധാനം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സാഹിത്യത്തിൽ 'കാര്യം പറയുക' എന്നതിനല്ല പ്രാധാന്യം കല്പിക്കേണ്ടത്. സാഹിത്യമല്ലാത്ത കൃതികളിൽ 'കാര്യം ധരിപ്പിക്കുക' എന്ന ലക്ഷ്യത്തിനാണ് മുഖ്യത്വം നല്കേണ്ടത്.

ഓമനത്തിങ്കൾക്കിടാവോ - നല്ല
കോമളത്താമരപ്പൂവോ?
പൂവിൽ നിറഞ്ഞ മധുവോ -പരി
പൂർണ്ണേന്ദു തൻെറ നിലാവോ?

ഇരിയമ്മൻതമ്പി എഴുതിയ പ്രസിദ്ധമായ താരാട്ടുപാട്ടിലെ ഈ വരികൾ നിങ്ങളിൽ ചിലരെങ്കിലും കേട്ടിരിക്കും. കുട്ടിയെ

ഉറക്കുവാൻ അമ്മ പാടുന്ന ഉറക്കുപാട്ടിന്റെ രൂപത്തിലാണല്ലോ ഈ താരാട്ട് എഴുതിയിട്ടുള്ളത്. എന്താണ് ഈ വരികളുടെ അർത്ഥം? 'നീ ചന്ദ്രനാണോ താമരപ്പൂവാണോ പൂന്തേനാണോ നിലാവെളിച്ചമാണോ എന്നെല്ലാമാണ് ആ വരികളുടെ അർത്ഥം. നമുക്കു പുതിയ കാര്യങ്ങൾ വല്ലതും മനസ്സിലായോ? അമ്മയ്ക്ക് കുട്ടിയോടുള്ള വാത്സല്യം എന്ന വികാരത്തിന്റെ പ്രകാശനമാണ് ഈ വരികളിൽ പ്രതിഫലിക്കുന്നത്. ഈ വരികൾ വായിക്കുമ്പോൾ ഒരു രസവുംകൂടെ തോന്നുന്നുണ്ട്. അത്രമാത്രമേ ആ വരികൾകൊണ്ട് ഉദ്ദേശിച്ചിട്ടുമുള്ളു. നിങ്ങളെ പുതിയ ചില കാര്യങ്ങൾ ധരിപ്പിക്കണമെന്ന് കവി വിചാരിച്ചിട്ടില്ല. നേരെ മറിച്ച്,

കി.മു. 1498-ൽ വാസ്കോഡിഗാമ എന്ന പോർത്തുഗീസ് നാവികൻ കോഴിക്കോട്ട് തുറമുഖത്ത് എത്തി.

എന്ന ചരിത്രപുസ്തകത്തിലെ പ്രസ്താവനയുടെ ഉദ്ദേശ്യം നിങ്ങളെ ഒരു ചരിത്രസംഭവം അറിയിക്കുക എന്ന് മാത്രമാണ്. ആശയപ്രകാശനമാണ് ഈ പ്രസ്താവനയുടെ ലക്ഷ്യം. ഈ പ്രസ്താവനയിൽ ഒരു വികാരവും പ്രതിഫലിക്കുന്നില്ല. അതു വായിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള രസവും അനുഭവപ്പെടുന്നില്ല. ഓമനത്തിങ്കൾക്കിടാവു' പോലുള്ള ഭാഷാ പ്രയോഗങ്ങൾ സാഹിത്യമാണെന്നും, ചരിത്രപ്രസ്താവനകൾ സാഹിത്യമല്ലെന്നും എല്ലാവർക്കും അറിയാം. അവയിലെ ഭാഷാപ്രയോഗങ്ങളുടെ ലക്ഷ്യങ്ങൾ വ്യത്യസ്തങ്ങളാണെന്നും മനസ്സിലായില്ലേ? സാഹിത്യത്തിലെ ഭാഷാപ്രയോഗത്തിനും സാഹിത്യേതരഭാഷാപ്രയോഗത്തിനും ഇനിയുമൊരു വ്യത്യാസം ഉണ്ട്. സാഹിത്യത്തിൽ പറയുന്ന കാര്യങ്ങൾ സത്യമാണോ എന്ന് അന്വേഷിച്ചുനോക്കുന്നതു വിഡ്ഢിത്തമാണ്. സാഹിത്യ കൃതികളിൽ സത്യപ്രസ്താവന നടത്തണമെന്ന് നിർബന്ധമില്ല.

**ചെറുപ്പകാലങ്ങളിലുള്ള ശീലം**
**മറക്കുമോ മാനുഷനുള്ള കാലം**

കാരസ്ക്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?

എന്ന ശ്ലോകം കേട്ടിട്ടില്ലേ? എന്താണ് ഈ നാലു വരികളിലൂടെ കവി പറയുന്നത്? ശ്ലോകത്തിൻെറ അർത്ഥം ഏതാണ്ടിങ്ങനെയാണ്: 'ചെറുപ്പകാലത്തിലെ ശീലം മനുഷ്യൻ എന്നെങ്കിലും മറക്കുമോ? ഒരിക്കലും മറക്കുകയില്ല എന്ന് വിവക്ഷ.) കാഞ്ഞിരക്കുരു പാലിലിട്ടു വച്ചാൽ കാലംകൊണ്ട് അതിൻെറ കയ്പു പോവുമോ? (കയ്പു പോവില്ല എന്ന് വിവക്ഷ). ഈ പ്രസ്താവന യാഥാർത്ഥമാണോ? കുട്ടിക്കാലത്ത് നമുക്കുണ്ടായിരുന്ന പല ശീലങ്ങളും മുതിർന്നാൽ അപ്രത്യക്ഷമാവാറില്ലേ? കാഞ്ഞിരക്കുരു വളരെക്കാലം പാലിലിട്ടുവെച്ചാൽ അതിൻെറ കയ്പ് മാറുമോ എന്നെല്ലാം ആരെങ്കിലും അന്വേഷിച്ചുനോക്കിയിട്ടുണ്ടോ? ഇങ്ങനെയൊക്കെ ചോദിച്ചാൽ കവി കുഴങ്ങും. കവിയുടെ ഉദ്ദേശ്യം നിങ്ങളെ കാര്യങ്ങൾ ധരിപ്പിക്കുക മാത്രമല്ല, ഇവിടെ, 'പല പഴയ ശീലങ്ങളും ആയുഷ്ക്കാലം മുഴുവൻ നീണ്ടുനില്ക്കാറുണ്ട്' എന്നേ കവി ഉദ്ദേശിച്ചിട്ടുള്ളു. അതു പറയേണ്ട രീതിയിൽ ഭംഗിയായി പറയുകയും ചെയ്തു. അതിലപ്പുറം ചെന്ന് കവിതയിലെ പ്രസ്താവനയെ അതേപോലെയെടുത്ത് അതിലേ സത്യാംശം അളന്നു നോക്കുന്നത് കവ്യാസ്വാദനമാവുകയില്ല.

ആശയത്തെ സംബന്ധിച്ച് സാഹിത്യത്തിനും സാഹിത്യേതരകൃതിക്കും തമ്മിലുള്ള വ്യത്യാസമെന്തെന്നാണ് ചിന്തിച്ചത്. പറയുന്ന രീതിക്കുമുണ്ട് വ്യത്യാസം. സാഹിത്യഭാഷയിൽ ആലങ്കാരികഭാഷ (മോടി പിടിപ്പിച്ച ഭാഷ) ഉപയോഗിക്കുമെങ്കിൽ സാഹിത്യേതരഭാഷയിൽ അങ്ങനെ ചെയ്യാറില്ല. 'മാനം മുട്ടുന്ന മണിമേടകൾ', 'കുങ്കുമച്ചാറണിഞ്ഞ അന്തിവാനം', ബ്രിട്ടീഷ് സിംഹത്തെ കിടുകിട വിറപ്പിച്ച ഗാന്ധിജിയുടെ ആഹ്വാനം' മുതലായ തരത്തിലുള്ള പ്രയോഗങ്ങൾ സാഹിത്യേതരകൃതികളൽ സാധാരണമായി പ്രയോഗിക്കാറില്ല.

'സമുദ്രത്തിൻെറ മാറിൽനിന്നും സൂര്യരശ്മികൾ വെള്ളത്തെ ഊറ്റിക്കുടിച്ച് ആവിയാക്കി മാറ്റുന്നു. അങ്ങനെ ജലത്തിൻെറ

പുനർജ്ജൻമമായ ആവി കട്ടപിടിച്ച് മേഘമാവുന്നു. കാറ്റിൻെറ തണുത്ത കൈകൾ മേഘങ്ങളെ വാരിയെടുത്ത് പുണരുമ്പോൾ മേഘങ്ങൾ സന്തോഷംകൊണ്ട് കണ്ണീർ പൊഴിക്കുന്നു. അതാണ് മഴ'.

എന്ന് സയൻസ് പുസ്തകത്തിൽ മഴയുടെ ഉത്പത്തിയെ ക്കുറിച്ച് വർണിക്കുകയില്ല. ആഡംബരമില്ലാത്തതും എളുപ്പത്തിൽ കാര്യം മനസിലാക്കാൻ കഴിയുന്നതുമായ ഭാഷാരീതിയാണ് ശാസ്ത്രഗ്രന്ഥങ്ങളിൽ സ്വീകരിക്കേണ്ടത്. സാഹിത്യത്തിലും സാഹിത്യമല്ലാത്തവയിലും കാണുന്ന പ്രതിപാദനരീതിയിൽ മറ്റൊരു വ്യത്യാസവും എടുത്തുപറയേണ്ടതായിട്ടുണ്ട്. ഈ വ്യത്യാസം എല്ലാ സാഹിത്യകൃതികൾക്കും പൊതുവായുള്ള ഒന്നല്ല. കവിതയിലെ ഭാഷാരീതിയിൽ മുഴച്ചുകാണുന്ന ഒരു പ്രത്യേകതയാണിത്. ഭാഷാപ്രയോഗത്തിൽ വ്യാകരണനിയമങ്ങൾ അനുസരിക്കാതിരുന്നാൽ ഭാഷാപ്രയോഗംകൊണ്ട് ആശിച്ച ഫലം ഉണ്ടാവുകയില്ലെന്നും അറിയാം. കവിതയിലെ ഭാഷാരീതി ഈ പൊതുനിയമത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നു. കവിതയിൽ സാധാരണഭാഷയിലെ വ്യാകരണനിയമങ്ങൾ അതേപോലെ അനുഷ്ഠിച്ചുകാണില്ല. അതായത്, സാധാരണ വ്യാകരണ പ്രയോഗങ്ങളിൽനിന്നും വ്യത്യസ്തമായ പല പദങ്ങളും പ്രത്യയങ്ങളും വാക്യഘടനകളും കവിതയിൽ ഉപയോഗിക്കും. ഇത് കവിതയിലെ ഭാഷാരീതിയുടെ ഒരു പ്രത്യേകതയാണ്. ഒരു ഉദാഹരണം കാണിച്ച് വ്യക്തമാക്കാം.

ചായയും സല്ലാപവും
പുതുതായ് ഭവാൻ തീർത്ത
ചാരുവാം കവിതയും,
ഹൃദ്യമീ വിരുന്നുണ്ണാൻ
കുതുകാലണഞ്ഞു ഞാൻ
തോഴരേ, സായന്തന-
ക്കതിരാലെങ്ങും ശാന്തി
തളിർത്ത തവ വീട്ടിൽ

കവി ഒരു സ്നേഹിതൻെറ വീട്ടിൽ ചെല്ലുന്നതാണ് പശ്ചാത്തലം. വരികളുടെ അർത്ഥം ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം:

'താങ്കളുടെ ഛായ, വർത്തമാനം, താങ്കൾ പുതുതായി രചിച്ച മനോഹരമായ കവിത എന്നിവയൊക്കെ ആസ്വദിക്കുവാൻവേണ്ടി, ഞാൻ ആ വൈകുന്നേരത്ത് താങ്കളുടെ പ്രശാന്തമായ വീട്ടിൽ എത്തി'

ഇനി വരികളിലെ ഭാഷാപ്രയോഗത്തിലെ പ്രത്യേകതകൾ ശ്രദ്ധിക്കുക. 'ചാരുവാം കവിത' എന്നാൽ 'മനോഹരമായ കവിത' എന്നർത്ഥം. 'ചാരുവാം' എന്ന പദം 'കവിത' എന്ന നാമത്തെ വിശേഷിപ്പിക്കുന്നതുകൊണ്ട്, നാമവിശേഷണമാണ്. സാധാരണ ഭാഷയിൽ 'ചാരുവായ' (മനോഹരമായ, സുന്ദരമായ എന്നിവയെപ്പോലെ) എന്നാണ് നാമവിശേഷണരൂപം. 'ചാരുവാം' എന്ന നാമവിശേഷണരൂപം കവിതയിലെ ഭാഷയിലേ പ്രയോഗിക്കൂ. 'തവ വീട്ടിൽ' എന്ന പ്രയോഗം നോക്കുക. 'തവ' എന്നതിന് 'നിൻെറ' എന്നാണർത്ഥം. പക്ഷേ, 'നിൻെറ' എന്ന അർത്ഥത്തിൽ 'തവ' എന്ന പദം സാധാരണഭാഷയിൽ പ്രയോഗിക്കാറില്ല. 'ഞാൻ തവ വീട്ടിൽ കുതുകാൽ അണഞ്ഞു' എന്ന വാക്യഘടനാക്രമത്തെ കവിതയിൽ എങ്ങനെ മാറ്റിയിരിക്കുന്നു എന്നും ശ്രദ്ധിക്കുക. വ്യാകരണപരമായി ഈ നാലു വരികളിൽ കാണുന്ന എല്ലാ സവിശേഷതകളെക്കുറിച്ചും പറയേണ്ട ആവശ്യമില്ല. ഈ മാതിരിയുളള വ്യാകരണപരമായ പല സ്വാതന്ത്ര്യങ്ങളും കവിതയിൽ അനുവദനീയമാണ് എന്നേ ചൂണ്ടിക്കാണിക്കുന്നുള്ളു.

## 6-3. ഗദ്യവും പദ്യവും (;)

സാഹിത്യഗ്രന്ഥങ്ങളിലെയും സാഹിത്യേതരഗ്രന്ഥങ്ങളിലെയും ഭാഷാശൈലികൾ വ്യത്യസ്തങ്ങളാണ് എന്ന് പറഞ്ഞു. (.) സാഹിത്യത്തെത്തന്നെ രണ്ടു പ്രധാന വിഭാഗങ്ങളായി പിരിക്കാം. ഗദ്യം, പദ്യം എന്ന്. ഗദ്യശൈലിക്കും

പദ്യശൈലിക്കുമുള്ള മുഖ്യ വ്യത്യാസത്തെ മുൻഖണ്ഡികയിൽ എടുത്തു കാണിച്ചുവല്ലോ. സാഹിത്യത്തിലെ ഗദ്യപദ്യശാഖകൾക്ക് വീണ്ടും അവാന്തര വിഭാഗങ്ങളുണ്ട്. ഗദ്യസാഹിത്യത്തിൽ നോവൽ (ആഖ്യായിക എന്നും പറയും), ചെറുകഥ, നാടകം, പ്രബന്ധം എന്നിവയെല്ലാം അടങ്ങിയിരിക്കുന്നു. പദ്യസാഹിത്യത്തിൽ മഹാകാവ്യം, ഖണ്ഡകാവ്യം, ആട്ടക്കഥ, തുള്ളൽ, ചമ്പു, ലഘു കവിത തുടങ്ങി പല ഉൾപ്പിരിവുകളും ഉണ്ട്. ഇവയിലോരോന്നിലും ഉപയോഗിക്കുന്ന ഭാഷാശൈലിക്ക് ചെറിയ ചെറിയ വ്യത്യാസങ്ങൾ കാണാൻ കഴിയും. പദ്യങ്ങൾ ചില പ്രത്യേക രാഗത്തിലും താളത്തിലും ചൊല്ലത്തക്കവണ്ണം രചിച്ചിട്ടുള്ളവയാണ്. ഈ രാഗതാളങ്ങൾക്ക് വൃത്തങ്ങൾ എന്ന് പറയും. ഗദ്യത്തിൽനിന്നും പദ്യത്തിനുള്ള ഒരു പ്രത്യേകത, പദങ്ങൾ വൃത്തമനുസരിച്ച് എഴുതിയവ ആണെന്നതാണ്. പദ്യം വായിക്കുകയും ചൊല്ലുകയുമാവാം. ചൊല്ലുമ്പോഴാണ് കേൾക്കാൻ സുഖം. എന്നാൽ ഗദ്യം ചൊല്ലാറില്ല; വായിക്കാറേ ഉള്ളു. '(X) ഞാൻ കേശവദേവിൻെറ ചെറുകഥ ചൊല്ലി, ഉറൂബിൻെറ നോവൽ ചൊല്ലി, കൃഷ്ണപിള്ളയുടെ നാടകം ചൊല്ലി' എന്നൊന്നും നാം പറയാറില്ലല്ലോ. ചെറുകഥയും നോവലും നാടകവുമെല്ലാം വായിക്കുകയാണ് പതിവ്.

## 6-4. ശാസ്ത്രഭാഷ :

സാഹിത്യം എന്ന വിഭാഗത്തിൽ പെടാത്ത ഗദ്യകൃതികൾക്കും അതിൻേറതായ ഭാഷാശൈലി ഉണ്ട്. ശാസ്ത്രഗ്രന്ഥങ്ങളെയാണ് പ്രധാനമായും ഇവിടെ ഉദ്ദേശിക്കുന്നത്. നിങ്ങൾ പഠിക്കുന്ന കണക്കു പുസ്തകം, സയൻസ് പുസ്തകം, സാമൂഹികശാസ്ത്ര പുസ്തകം, എന്നിവയിലെ ഭാഷാപ്രയോഗം ശ്രദ്ധിച്ചുനോക്കുക. ഈ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളിൽ മറ്റെങ്ങും ഉപയോഗിക്കാത്ത ചില ഭാഷാരീതികൾ പ്രയോഗിച്ചിട്ടുണ്ടാവും. അവയിലെല്ലാം അതാത് വിഷയത്തിനോട് ബന്ധപ്പെട്ട പല പ്രത്യേക പദങ്ങളും ഉപയോഗിച്ചിട്ടുണ്ടാവും. ഇങ്ങനെയുള്ള പദങ്ങളെയാണ് സാങ്കേതികപദങ്ങൾ എന്ന് പറയുന്നത്.

ശാസ്ത്രഭാഷയിൽ വൈകാരികാംശം കുറഞ്ഞിരിക്കുമെന്ന് ചൂണ്ടിക്കാണിച്ചല്ലോ. അതുപോലെ ശാസ്ത്രഗ്രന്ഥങ്ങളിൽ സത്യപ്രസ്താവനകളേ ഉണ്ടായിരിക്കാവൂ എന്നും സാഹിത്യത്തിൽ ഈ നിബന്ധനയില്ലെന്നും പറഞ്ഞു. പ്രതിപാദനരീതിയെ സംബന്ധിച്ചിടത്തോളം ശാസ്ത്രഭാഷയ്ക്ക് മറ്റൊരു പ്രത്യേകതയും ഉണ്ട്. ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് യുക്തിപൂർവമായിരിക്കണം. ഭാവനയ്ക്കല്ലാ യുക്തിക്കാണ് ശാസ്ത്രകൃതികളിൽ സ്ഥാനം. സാഹിത്യ ലോകത്തിലെ സർവ്വാധിപതി ഭാവനയാണ്. ശാസ്ത്ര ലോകത്തിലേതാകട്ടെ യുക്തിയും. 'അംബരചുംബികളായ മണിമന്ദിരങ്ങൾ' എന്ന് സാഹിത്യത്തിൽ ഉപയോഗിക്കാം. മണിമാളികകൾ ആകാശത്തെ ചുംബിക്കുന്നുണ്ടോ എന്ന് ആരും ചോദിക്കുകയില്ല. ശാസ്ത്ര വിഷയങ്ങൾ പ്രതിപാദിക്കുമ്പോൾ ഓരോ പ്രസ്താവനയും യുക്തിസഹമാണോ എന്ന് ശ്രദ്ധിക്കണം. അഭിപ്രായപ്രകടനം അടിസ്ഥാനമുള്ളതായിരിക്കണം.

ശാസ്ത്രപ്രബന്ധങ്ങളിലെ ഭാഷാപ്രയോഗത്തിൽ ഒരിക്കലും അവ്യക്തത വരരുത്. പറയുന്ന കാര്യം വായിക്കുന്നവർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയണം. കൊച്ചു കൊച്ചു വാക്യങ്ങൾ ഉപയോഗിക്കുന്നതാണ് നല്ലത്. അത്യാവശ്യമുണ്ടെങ്കിലേ സങ്കീർണവാക്യങ്ങൾ ഉപയോഗിക്കാവൂ. ഈ നിബന്ധന സാമാന്യമായ ഒന്നാണെങ്കിലും ശാസ്ത്രഭാഷയെ സംബന്ധിച്ചേടത്തോളം അതീവപ്രാധാന്യം അർഹിക്കുന്നു.

### 6-5. പ്രബന്ധരചന :

സ്ക്കൂളിലും പരീക്ഷയിലും നിങ്ങളോട് പ്രബന്ധങ്ങൾ എഴുതാൻ ആവശ്യപ്പെടും. പ്രബന്ധത്തിന് ഉപന്യാസം എന്നും പറയും. ഒരു വിഷയത്തെക്കുറിച്ച് പ്രബന്ധം എഴുതാൻ ആവശ്യപ്പെട്ടാൽ എന്തെല്ലാം കാര്യങ്ങളിൽ ശ്രദ്ധിക്കണം എന്ന് അറിഞ്ഞിരിക്കണമല്ലോ. അടുക്കും ചിട്ടയും ഇല്ലാതെ

എങ്ങനെയെങ്കിലും വാരിവലിച്ച് എഴുതിയാൽ അത് നല്ല പ്രബന്ധമാകുകയില്ല. അതുകൊണ്ട് പ്രബന്ധരചനയിൽ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാം.

'വർത്തമാനപ്പത്രങ്ങൾ' എന്ന വിഷയത്തെക്കുറിച്ചാണ് എഴുതേണ്ടത് എന്നിരിക്കട്ടെ. ആദ്യം വിഷയത്തെ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ പറയാനുണ്ട് എന്ന് ആലോചിച്ചു തീരുമാനിക്കുക. വർത്തമാനപ്പത്രങ്ങളെപ്പറ്റി എന്തെല്ലാം കാര്യങ്ങൾ പറയാം? പത്രങ്ങൾക്ക് മനുഷ്യജീവിതത്തിലുള്ള പ്രാധാന്യം ചൂണ്ടിക്കാണിക്കാം. പത്രങ്ങളിലൂടെ വാർത്തകൾ വിതരണം ചെയ്യുന്ന രീതി വിവരിക്കാം. ഏതെല്ലാം തരത്തിലുള്ള വാർത്തകളാണ് പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നത് എന്ന് പറയാം. വിദ്യാഭ്യാസത്തിൽ പത്രങ്ങൾക്കുള്ള സ്ഥാനം എന്താണെന്ന് പര്യാലോചിക്കാം. ഇന്ത്യയിലെ പത്രങ്ങളെക്കുറിച്ച് നമുക്ക് അറിയാവുന്ന കാര്യങ്ങൾ ചുരുക്കി പ്രതിപാദിക്കാം. ഇങ്ങനെ പല കാര്യങ്ങളും പ്രബന്ധത്തിൽ ഉൾക്കൊള്ളിക്കാൻ കഴിയും. വിവരിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് നല്ലവണ്ണം ആലോചിച്ച് കുറിപ്പുകൾ തയ്യാറാക്കണം. തയ്യാറാക്കിയ കുറിപ്പുകൾ ക്രമത്തിലാക്കുകയും വേണം. പ്രബന്ധം എഴുതാൻ ആരംഭിക്കുന്നതിനുമുമ്പുതന്നെ ഈ പ്രാരംഭജോലി ചെയ്തു തീർക്കണം. ചെയ്യാൻ പോകുന്ന കാര്യത്തെക്കുറിച്ച് നന്നായി ചിന്തിച്ച് അതിൻെറ നാനാവശങ്ങളും തിട്ടപ്പെടുത്തുകയും, ചിട്ടപ്പെടുത്തുകയും ചെയ്യുന്ന പ്രാരംഭനടപടിക്ക് ആസൂത്രണം എന്ന് പറയുന്നു. ആസൂത്രണം ഒരർത്ഥത്തിൽ തയ്യാറെടുപ്പാണ്. ആരെങ്കിലും എന്തെങ്കിലുമൊന്ന് ചെയ്യാനാവശ്യപ്പെട്ടാൽ അതിനെക്കുറിച്ച് ഒന്നും ചിന്തിക്കാതെ നേരെ കാര്യത്തിലേക്ക് പ്രവേശിക്കുന്നത് പലപ്പോഴും അപകടങ്ങൾ ക്ഷണിച്ചുവരുത്തും. ഏതു കാര്യത്തിന് മുതിരുമ്പോഴും ആസൂത്രണം നടത്തുന്നത് പ്രയോജന കരമായിരിക്കും. 'ഛെ, ചെയ്യുന്നതിനുമുമ്പ് സ്വല്പം ആലോചിച്ചിരുന്നുവെങ്കിൽ ഈ അബദ്ധം പറ്റില്ലായിരുന്നല്ലൊ'

എന്ന പശ്ചാത്താപത്തിന് ഇടവരാത്ത വിധത്തിൽ ആസൂത്രണം നടത്തുന്നത്. ബുദ്ധിമാൻമാരുടെ ലക്ഷണമാണ്. പ്രബന്ധ രചനയിലും ഇക്കാര്യം നൂറു ശതമാനം ശരിയാണ്. ആസൂത്രണം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കി മാത്രം എഴുതാനാരംഭിക്കുക.

പ്രബന്ധരൂപത്തെപ്പറ്റി എന്തെല്ലാം അറിഞ്ഞിരിക്കണം എന്നാണ് ഇനി ചിന്തിക്കേണ്ടത്. വേറൊരുവിധത്തിൽ പറഞ്ഞാൽ, പ്രബന്ധം സംവിധാനം ചെയ്യേണ്ടതെങ്ങനെ? വിഷയത്തെ കുറിച്ച് ചിന്തിച്ചുറപ്പിച്ച കാര്യങ്ങൾ നേരിട്ടങ്ങു എഴുതാൻ തുടങ്ങരുത്. ആദ്യം പ്രബന്ധ ശീർഷകം എഴുതുക. ചുവട്ടിൽ വരയിടുക. പരീക്ഷക്കെഴുതുമ്പോഴും ശീർഷകം എഴുതുണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ചോദ്യത്തിന്റെ നമ്പരിട്ടാൽ ഉത്തരം ഏതിനെക്കുറിച്ചാണ് എന്നറിയാമല്ലോ, എന്ന് ചോദിക്കാം. ശീർഷകം പ്രബന്ധരചനയിലെ ഒരത്യാവശ്യഘടക മാണ്. അതുകൊണ്ട് അത് ഉപേക്ഷിക്കാതിരിക്കുകയാണ് നല്ലത്. വിഷയത്തെക്കുറിച്ച് ആദ്യം ഒരു ആമുഖം എഴുതുക (ആമുഖത്തിന് 'ഉപക്രമം' എന്നും പറയും). പ്രധാനപ്പെട്ട കാര്യങ്ങളല്ല ആമുഖത്തിൽ പറയേണ്ടത്. പൊതുവായ കാര്യമേ ആമുഖത്തിൽ വിവരിക്കാവൂ. വർത്തമാനപ്പത്രങ്ങളെക്കുറിച്ചാ വുമ്പോൾ ഇങ്ങനെ തുടങ്ങാം:

'പ്രാചീനകാലത്ത് വർത്തമാനപ്പത്രങ്ങൾ ഉണ്ടായിരുന്നില്ല. ഒരു സ്ഥലത്ത് നടക്കുന്ന കാര്യങ്ങൾ മറ്റൊരിടത്ത് വസിക്കുന്ന ആളുകൾക്ക് എളുപ്പത്തിൽ അറിയാൻ അന്നു് കഴിഞ്ഞിരുന്നില്ല. അച്ചടിയുടെ ആവിർഭാവം ഈ കുറവും നികത്തി. ഇന്ന് പത്രങ്ങളില്ലാത്ത രാജ്യങ്ങളേ ഇല്ല. നമ്മുടെ ജീവിതത്തിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമായിത്തീർന്നിരിക്കുന്നു, വർത്തമാനപ്പത്രങ്ങൾ. രാവിലത്തെ ചായകുടിപോലെ തന്നെ പ്രഭാതപത്രങ്ങൾ വായിക്കലും ദിനചര്യയിൽ ഒരു ഭാഗ മായിത്തീർന്നിരിക്കുന്നു."

ആമുഖത്തിനുശേഷം ആസുത്രണത്തിൽ തയ്യാറാക്കിയ കറിപ്പുകളിൽ ഓരോന്നും ചർച്ച ചെയ്യുക. ഓരോ വിഷയവും

ഓരോ ഖണ്ഡികയിൽ പ്രതിപാദിക്കണം. അതായത്, ഒരു കാര്യത്തെക്കുറിച്ചുള്ള വിവരങ്ങൾ ഒരു ഖണ്ഡികയിൽ ഉൾക്കൊള്ളിക്കുക. ഓരോ ഖണ്ഡികയ്ക്കും ഓരോ ഉപശീർഷകം കൊടുക്കുന്നതും നന്നായിരിക്കും. ഉദാഹരണമായി പത്രങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങളെക്കുറിച്ച് പറയുന്ന ഖണ്ഡികയുടെ മുകളിൽ 'പത്രങ്ങൾകൊണ്ടുള്ള പ്രയോജനങ്ങൾ' എന്നോ 'പ്രയോജനങ്ങൾ' എന്നോ ഉപശീർഷകം കൊടുക്കുക. ഇങ്ങനെ എല്ലാ കാര്യങ്ങളും പല ഖണ്ഡികകളിലായി വിവരിച്ചു കഴിഞ്ഞാൽ അവസാനമായി ഉപസംഹാരവും വേണം. ആമുഖം വിഷയപ്രവേശനമാണെങ്കിൽ ഉപസംഹാരം വിഷയ സമാപ്തിയാണ്. ഉപസംഹാരത്തിൽ പ്രബന്ധത്തിൽ വിവരിച്ച കാര്യങ്ങൾ രണ്ടോ നാലോ വാക്യങ്ങളിൽ സംഗ്രഹിക്കണം.

പറയുന്ന കാര്യങ്ങൾ ചിട്ടയോടുകൂടി പറയുമ്പോഴാണ് കൂടുതൽ ആകർഷകങ്ങളായിത്തീരുക എന്നതും പ്രബന്ധ രചനയിൽ അനുവർത്തിക്കാൻ ശ്രമിക്കണം.

## 6-6. പരാവർത്തനം :

ഒരു വാക്യശകലത്തെയോ പദ്യശകലത്തെയോ ആശയം വ്യക്തമാക്കിക്കൊണ്ട് സ്വന്തം വാക്യത്തിൽ എഴുതുന്നതിനാണ് പരാവർത്തനം എന്ന് പറയുന്നത്. സാധാരണമായി പദ്യശകലങ്ങളാണ് പരാവർത്തനത്തിന് നല്കാറ്. പരാവർത്തനം ചെയ്യുമ്പോൾ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. മൂലത്തിലെ ആശയം വിട്ടുകളയരുത്; സ്വന്തം അഭിപ്രായം ചേർക്കുകയുമരുത്. ആശയം വ്യക്തമാക്കാൻ വിശദീകരണം നല്കാം. പദ്യം പരാവർത്തനം ചെയ്യുമ്പോൾ ഭാഷയെക്കുറിച്ച് പ്രത്യേകം ശ്രദ്ധിക്കണം. പദ്യഭാഷാശൈലിക്കും ഗദ്യ ഭാഷാശൈലിക്കും അടിസ്ഥാനപരമായ വ്യത്യാസമുണ്ടെന്ന് ഈ ശിലപത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. പദ്യത്തിലെ പ്രയോഗങ്ങൾ പരാവർത്തനത്തിൽ അതേ പടി പകർത്തരുത്.

| 1 | 2 | 3 |
|---|---|---|
| ശരിയായ് | മധുരിച്ചിടാം | സ്വയം |

| 4 | 5 |
|---|---|
| പരിശീലിപ്പൊരു | കയ്പുതാനുമേ. |

ഈ വരികളിലെ 1·2·3·4·5 എന്ന് നമ്പരിട്ട പദപ്രയോഗങ്ങൾ ശ്രദ്ധിക്കുക. ഒരൊറ്റ പ്രയോഗവും സാധാരണ ഗദ്യത്തിൽ ഉപയോഗിക്കാറില്ല. 'ശരിയായ്' എന്നല്ല, 'ശരിയായി' എന്നാണ് ഗദ്യശൈലി. അതുപോലെ 'മധുരിച്ചിടാം' എന്നതിന് 'മധുരമുണ്ടാകാം', 'സ്വയം' എന്നതിന് 'സ്വന്തമായി', 'പരിശീലിപ്പൊരു' എന്നതിന് 'പരിശീലിക്കുന്ന', 'കയ്പുതാനുമേ' എന്നതിന് 'കയ്പുകൂടി' എന്നൊക്കെയാണ് ഗദ്യത്തിൽ ഉപയോഗിക്കുക. അപ്പോൾ പ്രസ്തുത പദ്യശകലം പരാവർത്തനം ചെയ്യുമ്പോൾ കാവ്യഭാഷയിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ഭാഷാപ്രയോഗങ്ങൾ പരാവർത്തനത്തിലും ഉപയോഗിക്കരുത്.

'എപ്പോഴും കയ്പുതന്നെ അനുഭവിച്ച് ശീലിച്ചിട്ടുള്ള ഒരാൾക്ക് കാലക്രമത്തിൽ കയ്പുപോലും മധുരമാണെന്ന് തോന്നാം.'

എന്നാണ് ആ രണ്ടു വരികളിലെ വാച്യാർത്ഥം. വാച്യാർത്ഥം മാത്രം വിവരിച്ചതുകൊണ്ട് ആശയം മുഴുവൻ വ്യക്തമാകുന്നില്ല. പരിചയംകൊണ്ട് കയ്പുപോലും മധുരിക്കും എന്ന് കവി പറയുന്നത് എന്തുദ്ദേശിച്ചാണ്?

'തുടർച്ചയായി കഷ്ടങ്ങൾ അനുഭവികുന്ന ഒരാൾക്ക് ആ കഷ്ടങ്ങളെക്കൂടി പൊറുപ്പിക്കാൻ കഴിയുന്നു. ശീലം മനുഷ്യർക്ക് സഹനശക്തി നല്കുന്നു എന്നാണ് കവി ഉദ്ദേശിക്കുന്നത്.'

ഈ വിശദീകരണംകൂടി നടത്തുമ്പോഴേ കവിവാക്യത്തിന്റെ സമ്പൂർണാർത്ഥം തെളിയുന്നുള്ളു. പരാവർത്തനത്തിൽ ഓർത്തിരിക്കേണ്ട കാര്യങ്ങളാണിവ.

## 6-7. വിപുലനം:

പഴഞ്ചൊല്ലുകൾ, തത്ത്വവാക്യങ്ങൾ, പദ്യശകലങ്ങൾ എന്നിവയിലെ ആശയം ചെറിയൊരു ഖണ്ഡികയിൽ വിശദീകരിക്കുന്നതിനാണ് വിപുലനം എന്ന് പറയുന്നത്. വിപുലനത്തിലും പരാവർത്തനത്തിൽ പറഞ്ഞപോലെ വാച്യാർത്ഥവുംവിശദീകരണവും നല്കണം. പക്ഷേ ഒരു വ്യത്യാസമുണ്ട്. പരാവർത്തനത്തിൽ വാച്യാർത്ഥമാണ് പ്രധാനം. അതിനെ അടിസ്ഥാനമാക്കിയുള്ള വിശദീകരണങ്ങളേ നല്കാവൂ. വിപുലനത്തിൽ വാച്യാർത്ഥം അപ്രധാനമാണ്. മിക്കവാറും തത്ത്വഗർഭങ്ങളായ വാക്യശകലങ്ങളാണ് (ഗദ്യത്തിലോ പദ്യത്തിലോ) വിപലുനത്തിനുവേണ്ടി തരുന്നത്. അതുകൊണ്ട് വാക്യത്തിൽ അന്തർലീനമായിരിക്കുന്ന തത്ത്വമാണ് വിശദീകരിക്കേണ്ടത്. തന്നിരിക്കുന്ന വാക്യശകലത്തിലെ വാച്യാർത്ഥം ഒരു തത്ത്വത്തിന്റെ നേർക്കുള്ള ചൂണ്ടു പലകയായിരിക്കും. 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന പഴഞ്ചൊല്ല് നിങ്ങൾ കേട്ടിരിക്കും. വാച്യർത്ഥം സ്പഷ്ടമാണ്. പരാവർത്തനം ചെയ്തു കാണിക്കേണ്ടതുമില്ല. പക്ഷേ അത് ഒരു തത്ത്വം ഉദ്ബോധിപ്പിക്കുന്നു. എന്താണ് ആ തത്ത്വം?

'പുറംപൂച്ച് തെറ്റിദ്ധാരണ സൃഷ്ടിക്കും. ബാഹ്യമായ ആഡംബരം ചിലപ്പോൾ ആന്തരമായ നിസ്സാരവസ്തുവെ മൂടിവച്ചിരിക്കും. അതുകൊണ്ട് പുറമെ കാണുന്ന മോടിയിൽ ഭ്രമിക്കരുത്. കാഴ്ചയിൽ പച്ചപ്പാവമാണെന്നു തോന്നിക്കുന്നവരിൽ ചിലർ വിശ്വസിക്കാൻ കൊള്ളാത്തവരായിരിക്കും. മറിച്ച്, കൊമ്പൻമീശയും കനത്ത ശബ്ദവും ഉണ്ടക്കണ്ണും ഉള്ളവരെല്ലാം ഭയങ്കരൻമാരായിക്കൊള്ളണമെന്നില്ല. ആകൃതിയും പ്രകൃതിയും രണ്ടാണ്. പലപ്പോഴും അവയ്ക്കു തമ്മിൽ നിയതബന്ധം ഉണ്ടാകണമെന്നില്ല. നൻമതിൻമകൾ വ്യവച്ഛേദിക്കുന്നതിൽ ഈ തത്ത്വം ഓർക്കുന്നത് നന്ന്.'

## 6-8. വ്യാഖ്യാനം :

പശ്ചാത്തലവും സന്ദർഭവും വിവരിച്ച് അർത്ഥം സ്പഷ്ടമാക്കി സാരസ്യം ചൂണ്ടിക്കാണിക്കുന്നതിനാണ്

വ്യാഖ്യാനം എന്ന് പറയുന്നത്. പരാവർത്തനം, വിപുലനം എന്നിവയേക്കാൾ ബുദ്ധിമുട്ടുള്ള ഒന്നാണത്. വ്യാഖ്യാനത്തിന് നല്കുന്ന പദ്യങ്ങൾ (ഗദ്യഭാഗങ്ങളുമാവാം) സന്ദർഭപ്രാധാന്യ മുള്ളവയായിരിക്കണം. അതുകൊണ്ട് സന്ദർഭം ചൂണ്ടിക്കാണി ച്ചെങ്കിലേ അവയുടെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കാൻ കഴിയൂ. വ്യാഖ്യാനത്തിൽ വാച്യാർത്ഥം പ്രതിപാദിക്കുന്നത് സൂക്ഷ്മമായിരിക്കണം. പരാവർത്തനത്തിലും വിപുലനത്തിലും സമഗ്രാശയം പ്രകാശിപ്പിച്ചാൽ മതി. വ്യാഖ്യാനത്തിൽ അതു പോരാ. സാരം കൃത്യമായും പ്രസക്തഭാഗത്തോടനുബന്ധിച്ചും വ്യക്തമാക്കണം. അതിനുപുറമേ സാരസ്യവും ചർച്ച ചെയ്യണം. സാരസ്യം ചർച്ചാവിഷയമാക്കുമ്പോൾ അലങ്കാരങ്ങളെക്കുറിച്ചും സവിശേഷപദപ്രയോഗങ്ങളെക്കുറിച്ചുമെല്ലാം സൂചിപ്പിക്കേണ്ടി വരും. പഠിച്ച പുസ്തകത്തിലെ ഭാഗമാണ് വ്യാഖ്യാനത്തിന് നല്കാറ്. വ്യാഖ്യാനത്തിന് ഒരുദാഹരണം കാണിക്കാം:

'മാങ്കനി വീഴാൻ കാത്തു
നില്ക്കാതെ, മാതാവിന്റെ
പൂങ്കുയിൽ കൂടും വിട്ടു
പരലോകത്തെപ്പൂകി!'

'ഒരു കുട്ടിയുടെ അകാലമരണം അമ്മയിൽ ഏല്പിച്ച ആഘാതത്തെക്കുറിച്ചാണ് വൈലോപ്പിള്ളി 'മാമ്പഴം' എന്ന കവിതയിൽ പ്രതിപാദിച്ചിരിക്കുന്നത്. മാമ്പൂക്കൾ ഒടിച്ച് വികൃതികാണിച്ച കുട്ടിയെ അമ്മ ശകാരിച്ചു. മാവ് കായ്ച്ച് ആദ്യത്തെ മാമ്പഴം മുറ്റത്ത് വീഴുന്നു. അതുകണ്ട് അമ്മ ഞെട്ടുന്നു. കാരണം പദ്യശകലത്തിൽ വർണിച്ചിരിക്കുന്നത് കാണുക. മാങ്ങ വീഴുന്നതുവരെക്കും കുട്ടി കാത്തുനിന്നില്ല. അമ്മയുടെ പൂങ്കുയിലായ - ഓമനയായ - ആ മകൻ കൂടുവിട്ട് - ജീവിതം ഉപേക്ഷിച്ച് - പരലോകത്തെത്തി - മരിച്ചു.

വല്ലാത്തൊരു സന്ദർഭമാണിത്. 'പൂങ്കുല തല്ലുന്നതി'ന് ശകാരിച്ച ആ മാതാവ്, മുറ്റത്തു വീണുകിടക്കുന്ന ആർക്കും

വേണ്ടാത്ത (കുട്ടിയില്ലല്ലോ. ഓടിച്ചെന്നെടുക്കാൻ) മാമ്പഴം കണ്ട് ദു:ഖഭരിതയാകുന്നു. ഓർമ്മകൾ അമ്മയെ മഥിക്കുകയാണ്. പൂങ്കുയിൽ കൂടുവിട്ടു പറന്നുപോയി.. കൂട് ഒഴിഞ്ഞുകിടക്കുന്നു. വാചാലതയില്ലാതെ ആ ദുരന്തം വർണിച്ചിരിക്കയാണ് കവി. അനുവാചകഹൃദയം ആർദ്രമാക്കുന്ന വരികൾ.

6-9. സംഗ്രഹം

'ഭാഷാശൈലികൾ' എന്നാണ് ഈ ശില്പത്തിന് കൊടുത്ത ശീർഷകം. പ്രയോഗവൈവിധ്യം എന്നാണല്ലോ ശൈലി എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട ചില വിഷയങ്ങൾകൂടി ഈ ശില്പത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് അതുകൊണ്ടാണ്. വിദ്യാർത്ഥികൾക്ക് പല തരത്തിൽ ഭാഷ കൈകാര്യം ചെയ്യേണ്ടിവരും. അവയോരോന്നിലും അതാതിന് ഇണങ്ങിയ നിഷ്ക്കർഷകളും പാലിക്കേണ്ടിവരും. അവയെക്കുറിച്ച് ഒരു ലഘുവിവരണം മാത്രമേ ഈ ശില്പത്തിൽ കൊടുത്തിട്ടുള്ളു. കൂടുതൽ കാര്യങ്ങൾ പരിചയം കൊണ്ടും അനുഭവംകൊണ്ടും സിദ്ധിക്കണം.

# വിവർത്തനം

## 7-1. വിവർത്തനത്തിൻെറ പ്രാധാന്യം:

ഒരു ഭാഷയിലെ പദങ്ങളെയോ വാക്യങ്ങളെയോ മറ്റൊരു ഭാഷയിൽ ആവിഷ്ക്കരിക്കുന്നതിനാണ് വിവർത്തനം എന്ന് പറയുന്നത്. തർജ്ജമ, ഭാഷാന്തരീകരണം, പരിഭാഷ, മൊഴിമാറ്റം മുതലായ പേരുകളും ഈ അർത്ഥത്തിൽ ഉപയോഗിച്ചു വരുന്നുണ്ട്. ഏതു ഭാഷയിൽനിന്നാണോ വിവർത്തനം ചെയ്യുന്നത്, ആ ഭാഷയെ സ്രോതഭാഷ എന്നും ഏതു ഭാഷയിലേക്കാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയെ ലക്ഷ്യഭാഷ എന്നും പറയുന്നു.

വിവർത്തനം ചെയ്യുന്നത് എന്തിനാണ് എന്ന് ചിന്തിച്ചു നോക്കാം. ലോകത്തിൽ നാലായിരത്തിൽപ്പരം ഭാഷകൾ സംസാരിച്ചുവരുന്നുണ്ട്. ഇവയിൽ നൂറോളം ഭാഷകൾക്കേ സ്വന്തമായ ലിപിസമ്പ്രദായവും സാഹിത്യവും എല്ലാമുള്ളു. ഈ ഭാഷകളിൽ സാഹിത്യകൃതികളും ശാസ്ത്രഗ്രന്ഥങ്ങളും ധാരാളമുണ്ട്. അന്യഭാഷകളിൽ എഴുതിയ സാഹിത്യകൃതികൾ വായിച്ചാസ്വദിക്കാനും ശാസ്ത്രഗ്രന്ഥങ്ങൾ പഠിച്ച് മനസ്സിലാക്കാനും കഴിയണമെങ്കിൽ ആ ഭാഷകൾ പഠിച്ചേ മതിയാവൂ. മാതൃഭാഷയല്ലാത്ത മറ്റൊരു ഭാഷ പഠിക്കുന്നതിലുള്ള ബുദ്ധിമുട്ട് നിങ്ങളെല്ലാം അനുഭവിച്ചറിഞ്ഞിരിക്കും. അപ്പോൾ ലോകത്തിലെ സമ്പുഷ്ടഭാഷകൾ എല്ലാം പഠിക്കാൻ മനുഷ്യൻെറ ആയുഷ്ക്കാലം മുഴുവൻ ചെലവഴിച്ചാലും മതിയാവില്ല. മാതൃഭാഷയ്ക്കു പുറമെ രണ്ടോ മൂന്നോ ഭാഷകൾ അറിഞ്ഞിരിക്കുന്നത് ആവശ്യമാണ്. അതിലധികം ഭാഷകൾ

പഠിക്കുന്നത് പ്രായോഗികമല്ല. അതുകൊണ്ട് അന്യഭാഷകളുമായി നേരിട്ടു പരിചയപ്പെടാൻ കഴിയുന്നില്ലെങ്കിൽ അവയുമായി മറ്റൊരു തരത്തിൽ സമ്പർക്കം പുലർത്താൻ കഴിയണം. അന്യ ഭാഷകളിലെ സാഹിത്യം, വിജ്ഞാനം എന്നിവയെ നമ്മുടെ ഭാഷയിലേക്കാക്കുകയാണ് ഒരു പോംവഴി. അതായത് അന്യഭാഷയിലെ ഗ്രന്ഥങ്ങളെ നമ്മുടെ ഭാഷയിലേക്ക് വിവർത്തനം ചെയ്യണം.

അതുപോലെ നമ്മുടെ ഭാഷയിൽ വന്നിട്ടുള്ള നല്ല ഗ്രന്ഥങ്ങളെ മറ്റു ഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യുകയും വേണം. നമ്മുടെ സാഹിത്യത്തെക്കുറിച്ചും നമ്മുടെ ആൾക്കാർ നമ്മുടെ ഭാഷയിൽ എഴുതിയ വിജ്ഞാനപ്രദങ്ങളായ കാര്യങ്ങളെക്കുറിച്ചും അന്യനാട്ടുകാർ അറിയുന്നത് നമുക്കെല്ലാം അഭിമാനാർഹമായ കാര്യമാണല്ലൊ.

എഴുതിവച്ച കാര്യങ്ങളെ മാത്രമേ വിവർത്തനം ചെയ്യാവൂ എന്നില്ല. വ്യവഹാരഭാഷയെയും വിവർത്തനം ചെയ്യേണ്ട ആവശ്യം നേരിടും. ലോകത്തിലെ രാഷ്ട്രങ്ങൾക്കു തമ്മിൽ പല കാര്യങ്ങളിലും സഹകരിക്കേണ്ടതായിട്ടുണ്ട്. ഫലപ്രദമായ സഹകരണം ആശയവിനിമയത്തിലൂടെ മാത്രമേ നടക്കൂ. അപ്പോൾ സംസാരഭാഷയിലൂടെയും സഹകരണം നടത്തേണ്ട സന്ദർഭ ങ്ങളുണ്ടാവും. അത്തരം സന്ദർഭങ്ങളിലും ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യേണ്ട ആവശ്യം നേരിടുന്നു. ബംഗാളിൽനിന്ന് ഒരു സാഹിത്യകാരൻ കേരളത്തിൽ വരുന്നു എന്നിരിക്കട്ടെ. അദ്ദേഹത്തിന്ന് ബംഗാളിഭാഷ മാത്രമേ അറിയൂ എങ്കിൽ കേരളീയരോട് നേരിട്ടു സംസാരിക്കാൻ കഴിയില്ല. അപ്പോൾ ദ്വിഭാഷി'യുടെ സഹായം ആവശ്യം വരുന്നു. ദ്വിഭാഷി എന്നാൽ രണ്ടു ഭാഷകൾ അറിയാവുന്ന ആൾ എന്നർത്ഥം. ബംഗാളിയും മലയാളവും അറിയാവുന്ന ദ്വിഭാഷിയുടെ സഹായത്തോടെ ബംഗാളി സാഹിത്യകാരന് മലയാളികളുമായി സംസാരിക്കാം. സാഹിത്യകാരൻ ബംഗാളിയിൽ സംസാരിക്കുന്നത്

ദ്വിഭാഷി മലയാളത്തിലേക്കു വിവർത്തനം ചെയ്യും. മലയാളികൾ മലയാളത്തിൽ പറയുന്നത് ദ്വിഭാഷി ബംഗാളിയിലേക്കും വിവർത്തനം ചെയ്യും. അങ്ങനെ ബംഗാളിക്കും മലയാളിക്കും അന്യോന്യം സംസാരിക്കാൻ കഴിയുന്നത് വിവർത്തനത്തിന്റെ സഹായത്തോടെയാണ്. വിവർത്തനം ഭിന്നഭാഷകൾ സംസാരിക്കുന്ന മനുഷ്യരെ മാനസികമായി അടുപ്പിക്കുന്നു എന്നതുകൊണ്ട്, അതിന്ന് വളരെയധികം പ്രാധാന്യം ഉണ്ടെന്ന് കാണാൻ പ്രയാസമില്ല.

## 7-2. നിയമങ്ങൾ :

മലയാളത്തിൽ പല വിവർത്തനഗ്രന്ഥങ്ങളും ഇതിനകം പുറത്തുവന്നിട്ടുണ്ട്. ആദ്യകാലങ്ങളിൽ സംസ്കൃതഭാഷയിലെ സാഹിത്യകൃതികൾ, ശാസ്ത്രഗ്രന്ഥങ്ങൾ എന്നിവയെ ആണ് മുഖ്യമായും വിവർത്തനം ചെയ്തിരുന്നത്. സംസ്കൃത സാഹിത്യത്തിലെ പ്രധാനപ്പെട്ട എല്ലാ സാഹിത്യകൃതികൾക്കും മലയാളത്തിൽ വിവർത്തനങ്ങൾ ഉണ്ട്. വ്യാസൻ, വാല്മീകി, കാളിദാസൻ മുതലായ പ്രഗല്ഭസംസ്കൃത സാഹിത്യകാരൻമാരെല്ലാം മലയാളികൾക്ക് സുപരിചിതമായത്, അവരുടെ കൃതികളുടെ മലയാളവിവർത്തനങ്ങളിലൂടെയാണ്. ഭാരതത്തിലെ മറ്റു പല ഭാഷകളിൽനിന്നും മലയാളത്തിലേക്ക് സാഹിത്യകൃതികൾ വിവർത്തനം ചെയ്തിട്ടുണ്ട്. ഹിന്ദി, ബംഗാളി, മറാഠി, തമിഴ് മുതലായ ഭാഷകളിൽനിന്നാണ് നമ്മുടെ ഭാഷയിലേയ്ക്ക് ധാരാളമായി ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തിട്ടുള്ളത്. വിദേശഭാഷകളായ ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ എന്നിവയിൽനിന്നും മലയാളത്തിലേക്ക് ഒട്ടനേകം ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തിട്ടുണ്ട്.

വിദ്യാർത്ഥികളെസംബന്ധിച്ചേടത്തോളം, ഇംഗ്ലീഷുഭാഷയിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക എന്നതായിരിക്കും പ്രധാനമായി പരിഗണിക്കേണ്ടി വരുക.

അതുകൊണ്ട് വിവർത്തനത്തിന്റെ പൊതുനിയമങ്ങളെക്കുറിച്ച് ഇവിടെ പ്രസ്താവിക്കുന്നത് ഇംഗ്ലീഷു ഭാഷയിൽ നിന്നുള്ള വിവർത്തനങ്ങൾ ഉദാഹരിച്ചു കാണിച്ചായിരിക്കും.

വിവർത്തനത്തിൽ നേരിടേണ്ടിവരുന്ന പ്രധാന പ്രശ്നം ഭാഷകളുടെ ഘടനകൾക്കുള്ള വ്യത്യാസങ്ങളാണ്. സ്രോതഭാഷയുടെയും ലക്ഷ്യഭാഷയുടെയും വാക്യഘടനകൾ സദൃശമാണെങ്കിൽ വിവർത്തനത്തിലെ വലിയൊരു ബുദ്ധിമുട്ട് തരണം ചെയ്യാം. മറിച്ച്, സ്രോതഭാഷയ്ക്കും ലക്ഷ്യഭാഷയ്ക്കും വ്യത്യസ്തവാക്യഘടനകളാണ് ഉള്ളതെങ്കിൽ വിവർത്തനം ബുദ്ധിമുട്ടുള്ളതായിത്തീരുന്നു. തമിഴും മലയാളവും വാക്യസ്വഭാവത്തെ സംബന്ധിച്ചിടത്തോളം വളരേ അടുപ്പമുള്ള ഭാഷകളാണ്. അതുകൊണ്ട്, തമിഴിലെ വാക്യങ്ങളെ സാമാന്യമായി അതേ പടി മലയാളത്തിലേക്ക് വിവർത്തനം ചെയ്യാം:

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ഇവ്വാറു | കണ്ണകിയിൻ | കതൈ | ചോഴനാട്ടിലേ | തൂവങ്കി |

| 6 | 7 | 8 | 9 |
|---|---|---|---|
| പാണ്ടിനാടു | ചെൻറു | ചേരനാട്ടിലേ | മുടിവടൈകിറതു |

തമിഴിലെ ഈ വാക്യത്തെ മലയാളത്തിലേക്ക് ഇങ്ങനെ തർജ്ജമ ചെയ്യാം:

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ഇങ്ങനെ | കണ്ണകിയുടെ | കഥ | ചോളനാട്ടിൽ | തുടങ്ങി |

| 6 | 7 8 | 9 |
|---|---|---|
| പാണ്ടിനാട് | ചെന്നു ചേരനാട്ടിൽ | അവസാനിക്കുന്നു |

ഇവിടെ സ്രോതഭാഷയിലെ (തമിഴിലെ) ഓരോ പദത്തിനും സമാനമായ ലക്ഷ്യഭാഷാപദം (മലയാളപദം) അതേ ക്രമത്തിൽ ചേർക്കുമ്പോൾ മലയാളവാക്യം കിട്ടുന്നു. പദക്രമത്തിന് തമിഴിലും മലയാളത്തിലും ഒരു വ്യത്യാസവും സംഭവിച്ചിട്ടില്ല

എന്ന് ശ്രദ്ധിക്കുക. ഇതേ വാക്യത്തെത്തന്നെ ഇംഗ്ലീഷിലേക്ക് വിവർത്തനംചെയ്തു നോക്കുക?

| 1 | 2 | 3 | 5 | | 4 | 7 |
|---|---|---|---|---|---|---|
| Thus | Kannaki's | story | starts | (in) | Chola country, | moves |

| | 6 | | 9 | | 8 |
|---|---|---|---|---|---|
| (to) | Pandya country | (and) | ends | (in) | Chera country |

തമിഴ്-മലയാളങ്ങളിലെ പദക്രമത്തിന് ഇംഗ്ലീഷുഭാഷയിൽ മാറ്റം സംഭവിച്ചിരിക്കുന്നു. തമിഴ്-മലയാളങ്ങളിൽ പ്രത്യയമായവ ഇംഗ്ലീഷിൽ പദങ്ങളായി (in, to)ത്തീർന്നിരിക്കുന്നു. മാത്രമല്ല, സ്രോതഭാഷയിൽ ഇല്ലാത്ത ഘടകപദം (and) ഇംഗ്ലീഷിൽ ഉപയോഗിക്കേണ്ടിവന്നിരിക്കുന്നു.

ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ വാക്യഘടന എങ്ങനെ മാറുന്നു എന്നതിനും ഒരു ഉദാഹരണം കാണിക്കാം:

This bus which goes to Tambaram will leave at 8.30-

താംബരത്തേക്ക് പോകുന്ന ഈ ബസ്സ് എട്ടരമണിക്ക് പുറപ്പെടും.

ഇംഗ്ലീഷിലെ മേൽക്കാണിച്ച വാക്യം രണ്ടു കേവലവാക്യങ്ങൾ ചേർന്ന സങ്കീർണവാക്യമാണല്ലൊ.

This bus will leave at 8.30. It (this bus) goes to Tambaram.

പക്ഷേ, ആ വാക്യങ്ങളെ ചേർത്തിരിക്കുന്ന വിധം ശ്രദ്ധിക്കുക. ഒരു വാക്യത്തിൻെറ ഇടയിൽ മറ്റൊരു വാക്യം തിരുകിയിരിക്കുന്നു. ഇംഗ്ലീഷുഭാഷയിൽ സാധാരണമായ പ്രയോഗമാണിത്. മലയാളത്തിൽ ഒരു വാക്യത്തിൻെറ ഇടയിൽ മറ്റൊരു വാക്യം തിരുകുന്നത് വ്യാകരണപരമായി സാധുവല്ല. അതുകൊണ്ട് 'താംബരത്തേക്ക് പോകുന്ന (ഈ ബസ്സ്)' എന്ന വാക്യത്തെ 'ഈ ബസ്സ് എട്ടരമണിക്ക് പുറപ്പെടും' എന്ന വാക്യത്തിൻെറ മുമ്പിൽ ചേർത്തിരിക്കുന്നു.

അപ്പോൾ വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം ഇതാണ്: സ്രോതഭാഷയിലെ വാക്യഘടനയെ അതേപടി ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ ശ്രമിക്കരുത്.

പദങ്ങളുടെ കാര്യം എടുക്കാം. ഇംഗ്ലീഷിലെ പല പദങ്ങളും മലയാളത്തിൽ സർവ്വസാധാരണമായി ഉപയോഗിച്ചു വരുന്നുണ്ട്. പെൻസിൽ. ബസ്സ്, സാറ്, ബാങ്ക്, ഫുട്ബോൾ, കോളേജ് മുതലായവ ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് സ്വീകരിച്ച പദങ്ങളാണ്. ഇത്തരം പദങ്ങൾ മലയാളത്തിൽ അതുപോലെതന്നെ ഉപയോഗിക്കാം. പെൻസിൽ, ഫുട്ബോൾ എന്നീ പദങ്ങൾക്കുപകരം, എഴുത്തുകോൽ, കാല്പ്പന്ത് എന്നീ ശുദ്ധ മലയാളപദങ്ങൾ ഉപയോഗിക്കേണ്ടതില്ല. കാരണം എഴുത്തുകോൽ, കാല്പ്പന്ത് എന്നിവയ്ക്ക് പ്രയോഗത്തിൽ പ്രചാരം വന്നിട്ടില്ല.

വിവർത്തനത്തിൽ ഓർമിക്കേണ്ട രണ്ടാമത്തെ നിയമം ഇതാണ്: പ്രയോഗത്തിൽ പ്രചാരം സിദ്ധിച്ച സ്രോതഭാഷാ പദങ്ങളെ അതേപോലെ ലക്ഷ്യഭാഷയിൽ ഉപയോഗിക്കാം.

അന്യഭാഷാപദങ്ങളെ ഇഷ്ടംപോലെ പ്രയോഗിക്കാനുള്ള ഒരു ലൈസൻസായി മേൽപറഞ്ഞ നിയമത്തെ വ്യാഖ്യാനിക്കരുത്.

Gandhiji's idea was to paralyse the British Government with his non-co-operative movement

എന്ന ഇംഗ്ലീഷുവാക്യം ബ്രിട്ടീഷ് ഗവൺമെൻറിനെ നോൺകോപ്പറേറ്റീവ് മൂവ്മെൻറ് കൊണ്ട് പാരലൈസ് ചെയ്യുക എന്നതായിരുന്നു ഗാന്ധിജിയുടെ ഐഡിയ എന്നിങ്ങനെ മലയാളത്തിലേക്ക് തർജ്ജമചെയ്യുന്നത് അബദ്ധമാണ്.

ബ്രിട്ടീഷ് ഗവൺമെൻറിനെ നിസ്സഹകരണപ്രസ്ഥാനം വഴി സ്തംഭിപ്പിക്കുകയായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. എന്നിങ്ങനെ വിവർത്തനം ചെയ്യുന്നതല്ലേ ഭംഗി?

പദങ്ങളെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട മറ്റൊരു പ്രശ്നം, സ്രോതഭാഷയിലെ എല്ലാ പദങ്ങൾക്കും സമാനങ്ങളായ പദങ്ങൾ ലക്ഷ്യഭാഷയിൽ ഉണ്ടായിക്കൊള്ളണമെന്നില്ല എന്നതാണ്.

രാത്രിയിൽ കഴിക്കുന്ന ഭക്ഷണത്തിന് ഇംഗ്ലീഷിൽ 'ഡിന്നർ', 'സപ്പർ' എന്നീ രണ്ടു പദങ്ങൾ ഉപയോഗിക്കുന്നു. രാത്രി ഏതാണ്ട് ഏഴു മണിയോടുകൂടി കഴിക്കുന്ന ഭക്ഷണമാണ് 'ഡിന്നർ'. ഒമ്പതു മണിക്കു ശേഷം കഴിക്കുന്ന രാത്രിഭക്ഷണത്തിന് 'സപ്പർ' എന്ന് പറയുന്നു. നമുക്ക് രാത്രി ഭക്ഷണം ഒന്നേ ഉള്ളു. 'അത്താഴം' എന്നാണല്ലൊ അതിനു പറയുക. അപ്പോൾ ഇംഗ്ലീഷിലെ ഡിന്നർ, സപ്പർ എന്നീ രണ്ടു പദങ്ങൾക്കും മലയാളത്തിൽ 'അത്താഴം' എന്ന് വിവർത്തനം ചെയ്യാം. ഡിന്നർ. സപ്പർ എന്നീ പദങ്ങളെ വ്യത്യസ്തമാക്കിക്കാണിച്ചേ മതിയാവു എങ്കിൽ, 'രാത്രി ഏഴു മണിക്കുള്ള ഭക്ഷണം', 'രാത്രി ഒമ്പതു മണിക്കുള്ള ഭക്ഷണം' എന്ന് അവയെ വിവരണരൂപത്തിൽ ആവിഷ്ക്കരിക്കാം. ആ വ്യത്യാസം പ്രാധാന്യമുള്ളതല്ലെങ്കിൽ 'അത്താഴം' എന്നു മാത്രം ഉപയോഗിച്ചാൽ മതി.

ഇനിയൊരു കാര്യം കൂടി ഓർമിക്കേണ്ടതുണ്ട്. ഇംഗ്ലീഷിലെ 'ഗുഡ്മോണിങ്ങ്', 'ഗുഡ്ഈവനിങ്ങ്'. 'ഗുഡ് നൈറ്റ്' മുതലായ പദങ്ങളെ 'നല്ല രാവിലെ', 'നല്ല വൈകുന്നേരം', 'നല്ല രാത്രി' എന്നൊന്നും തർജ്ജമ ചെയ്യരുത്. മലയാളത്തിൽ അങ്ങനെ യൊന്നും പറയാറില്ല. ഇംഗ്ലീഷുകാർ അത്തരം പദങ്ങൾ ഉപയോഗിക്കുന്ന സ്ഥാനത്ത് മലയാളികൾ 'നമസ്ക്കാരം' എന്നോ, 'എന്നാൽ ഞാൻ പോട്ടെ' എന്നോ, ആണ് പ്രയോഗിക്കാറ്. അങ്ങനെ പറയുമ്പോൾ മാത്രമേ മലയാളഭാഷയാണ് ഉപയോഗിക്കുന്നത് എന്ന തോന്നൽ ഉണ്ടാവൂ.

അതുകൊണ്ട് വിവർത്തനം ചെയ്യുമ്പോൾ പദങ്ങളുടെ കാര്യത്തിൽ ഈ നിയമവും ഓർക്കുക: സ്രോതഭാഷയിലെ പദം ഏതാശയത്തെ സൂചിപ്പിക്കുന്നുവോ, അതിന് സമാനമായ ആശയം പ്രകാശിപ്പിക്കുന്ന ലക്ഷ്യഭാഷാപദങ്ങൾ തെരഞ്ഞെടുത്ത് പ്രയോഗിക്കണം.

ലക്ഷ്യഭാഷയിൽ ഇല്ലാത്ത 'പദബന്ധങ്ങൾ' സ്രോത ഭാഷയിൽ കണ്ടെന്നുവരും. ഒന്നിലധികം പദങ്ങൾ ചേർന്ന് സമഗ്രമായ ഒരർത്ഥം പ്രകാശിപ്പിക്കുന്ന ഘടനയെയാണ് പദബന്ധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. (അഞ്ചാം ശില്പത്തിൽ പദബന്ധത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്.)

പദബന്ധങ്ങൾ രണ്ടു തരത്തിലുണ്ട്. സാധാരണം, വിശേഷം. സാധാരണമായ ഒരർത്ഥം കാണിക്കുന്നവയാണ് സാധാരണ പദബന്ധം. ഇംഗ്ലീഷിലെ 'in the morning' 'as soon as' 'as far as possible' 'back and forth' മുതലായവ ഈ വകുപ്പിൽ പെടുന്നു. ഇവയ്ക്ക് സമാനങ്ങളായ രൂപങ്ങൾ മലയാളത്തിൽ കണ്ടുപിടിക്കുന്നതിൽ പ്രയാസമില്ല. ഉദാഹരിച്ച സാധാരണ പദബന്ധങ്ങളെ 'രാവിലെ', 'ഉടനെ', 'ആവുന്നവിധം' (അല്ലെങ്കിൽ 'കഴിയുന്നവിധത്തിൽ'), 'മുമ്പോട്ടും പിറകോട്ടും' എന്നിങ്ങനെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാം. പക്ഷേ ചില പദബന്ധങ്ങൾ വിശേഷാർത്ഥങ്ങൾ പ്രകാശിപ്പിക്കും. അതായത് ഘടകപദങ്ങളുടെ അർത്ഥത്തിൽനിന്ന് പദബന്ധം സൂചിപ്പിക്കുന്ന സമഗ്രാർത്ഥം എന്താണെന്ന് മനസ്സിലാക്കാൻ കഴിയില്ല. ഇത്തരം പദബന്ധങ്ങളെയാണ് *വിശേഷാർത്ഥ പദബന്ധങ്ങൾ* എന്ന് പറയുന്നത്. ഇംഗ്ലീഷിൽ idiom എന്ന് വിളിക്കുന്നത് ഇവയെ ആണ്. മലയാളത്തിൽ 'ശൈലി' എന്ന് ഇവയെ പറയാറുണ്ട്. (ആറാം ശില്പത്തിൽ 'ശൈലി' എന്ന് പ്രസ്താവിച്ചത് ഈ അർത്ഥത്തിലല്ല എന്ന് ഓർക്കുക). വിശേഷാർത്ഥമുള്ള ഈ മാതിരി പദങ്ങളെ നമ്മുടെ ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ വളരെ ശ്രദ്ധിക്കണം. ഇംഗ്ലീഷിലെ ശൈലികളുടെ ഉദ്ദിഷ്ടാർത്ഥം ശരിക്ക് മനസ്സിലാക്കി, ആ അർത്ഥം മലയാളത്തിൽ പ്രകടിപ്പിക്കണം. ചില ഉദാഹരണങ്ങൾ കാണിക്കാം:

There are many people in our country who live from hand to mouth.

കഷ്ടിച്ച് ദിവസം കഴിക്കാൻ മാത്രം കഴിവുള്ളവരായി നമ്മുടെ നാട്ടിൽ പലരും ഉണ്ട്.

I am alive to your difficulties.

നിങ്ങളുടെ ബുദ്ധിമുട്ടുകളെക്കുറിച്ച് എനിക്ക് നല്ലവണ്ണം അറിയാം.

He rose to the occasion and gave a brilliant speech

സന്ദർഭത്തിനൊത്തവണ്ണം അവൻ നല്ലൊരു പ്രസംഗം ചെയ്തു.

വിവർത്തനക്രിയയിൽ അനുഷ്ഠിക്കേണ്ട മറ്റൊരു നിയമത്തെക്കുറിച്ചാണ് മേൽ വിവരിച്ചത്. നിയമം ഇതാണ്: ശൈലീപ്രയോഗങ്ങളെ അതേപടി തർജ്ജമ ചെയ്യാതെ അവയുടെ ആശയം ലക്ഷ്യഭാഷാപ്രയോഗങ്ങളിലൂടെ പ്രകാശിപ്പിക്കുക.

## 7-3. പ്രായോഗികനിർദ്ദേശങ്ങൾ :

വിവർത്തനം ചെയ്യുമ്പോൾ ഓർത്തിരിക്കേണ്ട ചില പ്രായോഗികനിർദ്ദേശങ്ങളും സൂചിപ്പിക്കാം. ഒരു ഖണ്ഡിക ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യണമെന്നിരിക്കട്ടെ. ആ ഖണ്ഡിക ആരംഭം മുതൽ അവസാനംവരെ ആദ്യംതന്നെ വായിക്കുക. ഒറ്റ വായനയിൽ എന്തിനെക്കുറിച്ചുള്ളതാണ് ആ ഭാഗം എന്ന് ഏതാണ്ട് മനസ്സിലാക്കാൻ കഴിയും. വീണ്ടും ഒരു പ്രാവശ്യം ആ ഭാഗം ശ്രദ്ധിച്ച് വായിക്കുക. വിശദാംശങ്ങളെക്കുറിച്ച് ഒരു സാമാന്യബോധം രണ്ടാമത്തെ വായനയിൽനിന്ന് കിട്ടണം. ഇങ്ങനെ രണ്ടു പ്രാവശ്യം വായിച്ചുകഴിഞ്ഞതിനുശേഷം മാത്രം തർജ്ജമ ചെയ്യാൻ ആരംഭിക്കുക. സ്രോതഭാഷയിലെ ആശയങ്ങൾ ചോർന്നുപോകാതെ വാക്യങ്ങളെ മലയാളത്തിലാക്കണം. സങ്കീർണ വാക്യങ്ങളെ അതേപോലെ മലയാളത്തിലാക്കണമെന്നില്ല. അവയെ രണ്ടോ മൂന്നോ കേവലവാക്യങ്ങളായി തർജ്ജമ ചെയ്താൽ വാക്യഘടനയിൽ തെറ്റുകൾ വരുത്താതെ നോക്കാൻ എളുപ്പമുണ്ട്. എല്ലാം തർജ്ജമ ചെയ്തു കഴിഞ്ഞാൽ, എഴുതിയത് ഒരു പ്രാവശ്യം വായിച്ചുനോക്കുക. ഈ വായനയിൽ തെറ്റുകളുണ്ടെങ്കിൽ തിരുത്തണം. മാത്രമല്ല. കൃത്രിമമായ വാക്യഘടകങ്ങളുണ്ടെങ്കിൽ അവ മാറ്റി എഴുതാനും നോക്കണം. അങ്ങനെ, വേണ്ട തിരുത്തലുകൾ നടത്തിയതുശേഷം അത് പകർത്തി എഴുതുകയും വേണം.

7-4. മാതൃകകൾ;

ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ചില മാതൃകകൾ താഴെ കൊടുക്കുന്നു.

(1)

You must have heard about Columbus. He was a brave man. He was born in a town in Italy. He became a sailor at the age of fifteen and did many brave deeds. He could swim long distances in the sea. Once he was on board a ship in the sea; suddenly, the ship caught fire. Columbus did not lose courage. He jumped out, and clinging to a piece of wood, began to swim. After swimming about six miles, he reached the shore.

കൊളംബസ്സിനെക്കുറിച്ച് നിങ്ങൾ കേട്ടിരിക്കും. അയാൾ ധീരനായിരുന്നു. ഇറ്റലിയിലെ ഒരു പട്ടണത്തിലാണ് അയാൾ ജനിച്ചത്. പതിനഞ്ചാമത്തെ വയസ്സിൽ കൊളംബസ് നാവികനായി. അക്കാലത്ത് അയാൾ പല ധീരകൃത്യങ്ങളും നടത്തിയിട്ടുണ്ട്. കടലിൽ വളരെ ദൂരം നീന്താൻ കഴിവുള്ള ആളായിരുന്നു, അയാൾ. ഒരിക്കൽ കൊളംബസ് കപ്പലിൽ സഞ്ചരിക്കുമ്പോൾ കപ്പലിന് പെട്ടെന്ന് തീപിടിച്ചു. ധൈര്യം നഷ്ടപ്പെടാതെ അയാൾ കടലിലേക്ക് എടുത്തുചാടി. ഒരു മരക്കഷണത്തിൽ പിടിച്ചുകൊണ്ട് അയാൾ നീന്താൻ തുടങ്ങി. ആറു നാഴികയോളം അങ്ങനെ നീന്തി കൊളംബസ് കരയ്ക്കെത്തി.

(2)

Gandhiji held his prayer meeting daily in the evening which was attended by large crowds. In Delhi on January 30, 1948, as he was wending his way to the prayer congregation, a young Hindu fanatic fired three shots at him at point blank range. He collapsed uttering - "He Ram."

Jawaharlal heard the news at his office. He rushed to Birla House, where Gandhiji lay in his last sleep. Kneeling by the side of

Bapu, as he called him, he held the Mahatma's lifeless hand and sobbed like a child.

The entire world was shocked by the news. Not only Gandhiji helped free India from a long period of foreign domination, but as a prophet of non-violence he had followers throughout the world. He had come to belong to all mankind.

"The greatest treasure that we possessed, we failed to protect", Jawaharlal said.

But as if by a miracle, Gandhiji's death brought. together Hindu and Muslim, Christian and Sikh, in the realization that they were all Indians, all brothers who must live together in peace and harmony.

എല്ലാ ദിവസവും വൈകുന്നേരം ഗാന്ധിജി പ്രാർത്ഥനായോഗം നടത്തിയിരുന്നു. ധാരാളം ആളുകൾ ആ യോഗത്തിൽ സംബന്ധിക്കും. 1948 ജനുവരി 30-ാം തീയതി ഡൽഹിയിൽ പ്രാർത്ഥനായോഗത്തിലേക്കു നടന്നു കൊണ്ടിരിക്കുമ്പോൾ മതഭ്രാന്തനായ ഒരു ഹിന്ദു ഗാന്ധിജിയുടെ അടുത്തു ചെന്ന് അദ്ദേഹത്തിൻെറ നേർക്ക് മൂന്നു പ്രാവശ്യം വെടിവെച്ചു. ''ഹേ റാം'' എന്ന് നിലവിളിച്ചു അദ്ദേഹം നിലത്തുവീണു.

ആപ്പീസിലായിരുന്ന ജവഹർലാൽ വിവരം അറിഞ്ഞ് ബിർളാ മന്ദിരത്തിലേക്ക് കുതിച്ചു. അവിടെയാണ് ഗാന്ധിജി അവസാനത്തെ ഉറക്കത്തിൽ കിടന്നുകൊണ്ടിരുന്നത്. ബാപ്പു എന്ന് താൻ വിളിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിൻെറ അടുത്ത് മുട്ടുകുത്തി ഇരുന്നുകൊണ്ട്, മഹാത്മാവിൻെറ ജീവനറ്റ കൈ എടുത്ത് പിടിച്ച്, ജവഹർലാൽ ഒരു കുട്ടിയെപ്പോലെ കരഞ്ഞു.

വാർത്ത കേട്ട് ലോകം മുഴുവൻ നടുങ്ങി. വിദേശാധിപത്യത്തിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കാൻ

സഹായിക്കുക മാത്രമല്ല ഗാന്ധിജി ചെയ്തത്. അഹിംസയുടെ പ്രവാചകൻ എന്ന നിലയിൽ അദ്ദേഹത്തിന് ലോകമെങ്ങും അനുയായികൾ ഉണ്ടായിരുന്നു. അദ്ദേഹം മാനവരാശിക്കു മുഴുവനും സ്വന്തമായിരുന്നു.

"നമ്മുടെ ഏറ്റവും മഹത്തായ നിധിയെ കാത്തുസൂക്ഷിക്കാൻ നമുക്ക് കഴിഞ്ഞില്ല" എന്ന് ജവഹർലാൽ പ്രസ്താവിച്ചു.

പക്ഷേ അത്ഭുതമെന്നു പറയട്ടെ, ഗാന്ധിജിയുടെ മരണം ഹിന്ദുക്കളെയും മുസ്ലീംങ്ങളെയും ക്രിസ്ത്യാനികളെയും സിക്കുകരെയും യോജിപ്പിച്ചു. എല്ലാവരും ഭാരതീയരാണെന്നും സഹോദരരാണെന്നും. നാമെല്ലാം സമാധാനത്തോടും സഹഭാവത്തോടും ഒന്നിച്ച് ജീവിക്കണം എന്നും ആ മരണം ഇന്ത്യക്കാരെ ബോധ്യപ്പെടുത്തി.

(3)

Among the reptiles the snake is a wonderful creature. The snake has no feet for its locomotion. It moves with the aid of rib bones. But we should not think that the snakes can move only slowly. There are snakes which move fast. Some snakes can swim and some can climb trees. Many live in holes in the earth. Since it does not have a limb like feet, it is able to live in holes.

The tongue of the snake is different from that of other animals. It is forked at the tip. Even when the mouth is closed it is capable of extending the tongue through the hole. The snake has no eye lashes. There is a popular belief that snakes have very sensitive ears. But the fact is that they do not have external ear. Even the internal ear is not capable of hearing. Yet the snake is capable of feeling even the minute vibrations on the ground.

ഇഴജന്തുക്കളിൽ പാമ്പ് ഒരത്ഭുതജീവിയാണ്. പാമ്പിന് ചലിക്കുവാൻ കാലുകളില്ല. വാരിയെല്ലുകളുടെ സഹായ

ത്താലാണ് അത് ഇഴയുന്നത്. പക്ഷേ, പാമ്പുകൾക്ക് വളരെ പതുക്കെ മാത്രമേ സഞ്ചരിക്കുവാൻ കഴിയൂ എന്ന് ധരിക്കരുത്. ചില പാമ്പുകൾ വളരെ വേഗത്തിൽ സഞ്ചരിക്കും. ചില പാമ്പുകൾക്ക് നീന്താനും കഴിയും. മരത്തിൽ ഇഴഞ്ഞു കയറുന്ന പാമ്പുകളും ഉണ്ട്. മണ്ണിലെ മാളങ്ങളിലാണ് അധികം പാമ്പുകളും താമസിക്കുന്നത്. കാലുകളില്ലാത്തതിനാൽ മാളങ്ങളിൽ താമസിക്കുവാൻ അതിന് സാധിക്കുന്നു.

മറ്റു ജീവികളിൽനിന്നും വ്യത്യസ്തമായ നാവാണ് പാമ്പിനുള്ളത്. അറ്റം പിളർന്നതാണ് അതിൻെറ നാവ് - ഒരു ഫോർക്കിൻെറ ആകൃതിപോലെ. വായ അടഞ്ഞിരിക്കുമ്പോഴും വായയുടെ ദ്വാരംവഴി നാവു നീട്ടാൻ പാമ്പിന് കഴിയും. പാമ്പിന് കൺപുരികങ്ങൾ ഇല്ല. പാമ്പുകൾക്ക് ശ്രവണശക്തിയുള്ള കാതുകളുണ്ടെന്ന് ഒരു പൊതുവിശ്വാസമുണ്ട്. യഥാർത്ഥത്തിൽ പാമ്പുകൾക്ക് ബാഹ്യമായ ചെവി ഇല്ല. ആന്തരമായ ചെവിയ്ക്കാകട്ടെ കേൾക്കാനുള്ള കഴിവും ഇല്ല. പക്ഷേ തറയിലെ ചെറിയ ചലനങ്ങൾപോലും അറിയാനുള്ള കഴിവ് പാമ്പിനുണ്ട്.

വിവർത്തനം ചെയ്യുമ്പോൾ ഓർത്തിരിക്കേണ്ട എല്ലാ നിയമങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞിട്ടില്ല. ഇവിടെ സൂചിപ്പിക്കാത്ത പല ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നേക്കും. ഒരു കാര്യം എപ്പോഴും ഓർക്കുക. വിവർത്തനം ചെയ്തു കഴിഞ്ഞാൽ അത് വിവർത്തനമാണെന്ന് തോന്നരുത്. അതായത് മറ്റൊരു ഭാഷയിൽനിന്ന് ഭാഷാന്തരണം ചെയ്തതാണ് എന്ന് സൂചിപ്പിക്കുന്ന കൃത്രിമഭാഷാപ്രയോഗങ്ങൾ വിവർത്തനത്തിൽ ഉണ്ടായിരിക്കരുത്.

# ചിഹ്നനം

## 8-1. ചിഹ്നനംകൊണ്ടുള്ള പ്രയോജനങ്ങൾ :

ചിഹ്നം എന്ന വാക്കിന് അടയാളം എന്നാണർത്ഥം. ചിഹ്നനം എന്ന് പറഞ്ഞാൽ അടയാളപ്പെടുത്തൽ. ലിഖിത ഭാഷയിൽ ലിപികൾക്കു പുറമെ ചില അടയാളങ്ങളും ഉപയോഗിച്ചുവരുന്നുണ്ടല്ലോ. ഏതെല്ലാം അടയാളങ്ങൾ ഏതെല്ലാം വിധത്തിൽ ഉപയോഗിക്കണം എന്നാണ് ഈ ശില്പത്തിലെ ചിന്താവിഷയം.

അച്ചടി വന്നതിനുശേഷമാണ് ലിഖിതഭാഷയിൽ ചിഹ്നങ്ങൾ ധാരാളമായി ഉപയോഗിക്കുവാൻ തുടങ്ങിയത്. ആദ്യ കാലങ്ങളിൽ കല്ലുകളിലും ലോഹത്തകിടുകളിലും പനയോലകളിലുമൊക്കെയാണ് എഴുതിയിരുന്നത്. അക്കാലത്ത് ലിപികൾക്കു പുറമേ ചിഹ്നങ്ങൾ ഉപയോഗിച്ചിരുന്നില്ല. പിന്നെ എന്തിനാണ് ചിഹ്നങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത് എന്ന് ചോദിക്കാം. ലിപികൾകൊണ്ട് മാത്രം പ്രകാശിപ്പിക്കാൻ കഴിയാത്ത ആശയങ്ങളെ സൂചിപ്പിക്കുക യാണ് ചിഹ്നങ്ങളുടെ പ്രാഥമിക ധർമ്മം. മറ്റൊന്ന്, വാക്യഘടനയിൽ അവ്യക്തത ഇല്ലാതാക്കുകയാണ്. മൂന്നാമതായി, സംസാരഭാഷയിൽ ശബ്ദവ്യത്യാസംകൊണ്ട് പ്രകടിപ്പിക്കുന്ന ചില അർത്ഥ വ്യത്യാസങ്ങൾ ചിഹ്നനം വഴി സൂചിപ്പിക്കാൻ കഴിയും എന്നതാണ്.

ഇംഗ്ലീഷുഭാഷയിലെ ചിഹ്നനസമ്പ്രദായം അനുകരിച്ചു കൊണ്ട് മലയാളം എഴുതുമ്പോഴും ആവശ്യമില്ലാതെ ചിഹ്നങ്ങൾ

ഉപയോഗിച്ചുവരുന്നുണ്ട്. മേല്പറഞ്ഞ മൂന്നു കാര്യങ്ങൾക്കു വേണ്ടിയല്ലാതെ അനാവശ്യമായി ചിഹ്നങ്ങൾ ഉപയോഗിക്കുന്നതിൽ പ്രയോജനമൊന്നുമില്ല. ചിഹ്നന സമ്പ്രദായത്തിലും ഒരു വ്യവസ്ഥ വേണമെന്നർത്ഥം. ആ വ്യവസ്ഥയെക്കുറിച്ചാണ് ഇവിടെ വിവരിക്കാൻ പോകുന്നത്. പ്രധാനപ്പെട്ട ചിഹ്നങ്ങളും അവ ഉപയോഗിക്കേണ്ട വിധവും താഴെ ചൂണ്ടിക്കാണിക്കുന്നു:

## 8-2. പൂർണവിരാമം (.) :

വാക്യങ്ങളുടെ അവസാനത്തിൽ പൂർണവിരാമം ഉപയോഗിക്കണം.

ഉദാ:-

തണുത്ത കാറ്റടിച്ചു. അകലെ മഴയുടെ ഇരമ്പം കേൾക്കാം. ആകാശത്തിൽ കട്ടപിടിച്ച കരിമുകിലുകൾ ഇഴഞ്ഞു നീങ്ങുന്നു.

പദങ്ങൾക്കു പകരം അവയുടെ ആദ്യത്തെ ഒന്നോ അധികമോ അക്ഷരങ്ങൾ മാത്രം ഉപയോഗിക്കുമ്പോഴും പൂർണവിരാമം ഇടണം.

| | |
|---|---|
| സ്വ. ലേ. | (സ്വന്തം ലേഖകൻ) |
| 10 കി.മീ. ദൂരം | (10 കിലോ മീറ്റർ ദൂരം) |
| ഡോ. ജെയിംസ് | (ഡോക്ടർ ജെയിംസ്) |
| റവ. ഫാ. ഡിസൂസ | (റവറൻറ് ഫാദർ ഡിസൂസ) |
| 8 രൂ. 50 ന. പ. | (8 രൂപ 50 നയാപൈസ) |
| പി. ശിവദാസ് | ('പി' എന്നത് അച്ഛൻെറ പേരിനെയോ വീട്ടുപേരിനെയോ കുറിക്കും.) |

പ്രബന്ധങ്ങൾ, കവിതകൾ, പുസ്തകങ്ങൾ ഇവയുടെ ശീർഷകങ്ങളുടെ ഒടുവിൽ പൂർണവിരാമചിഹ്നം ഇടരുത്.

### 8-3. അല്പവിരാമം (,) :

പേരു സൂചിപ്പിക്കുന്നതുപോലെ പൂർണമായി നിർത്തുന്നതിനല്ല, പകരം ചെറുതായൊന്ന് നിർത്തുന്നതിനാണ് അല്പവിരാമം ഉപയോഗിക്കേണ്ടത്.

സംബോധനാരൂപങ്ങൾക്കുശേഷം അല്പവിരാമചിത്രം ഉപയോഗിക്കാം.

ഉദാ :-

ലതേ, നീ എപ്പോഴാണ് നാട്ടിൽനിന്ന് വന്നത്?

അമ്മേ, എനിക്കിന്ന് നേരത്തെ സ്ക്കൂളിൽ പോണം.

'ഉം', 'ഓ' എന്നീ ഘടകൾ ഉപയോഗിക്കാതെ പദങ്ങളെയും വാക്യാംശങ്ങളെയും സംയോജിപ്പിക്കുമ്പോൾ അല്പവിരാമചിഹ്നം ഇടയിൽ ചേർക്കുന്നതായിരിക്കും നല്ലത്.

ഉദാ :-

സാഹിത്യം, സംഗീതം, ചിത്രകല, പ്രതിമാനിർമ്മാണം എന്നിവയെല്ലാം സുകുമാരകലകളാണ്.

വേണ്ടത്ര പാർപ്പിടസൗകര്യങ്ങളില്ലാതെ, ആവശ്യമുള്ള വൈദ്യ സഹായം ലഭിക്കാതെ, വിലക്കയറ്റത്തിൻെറ സമ്മർദത്തിന് വശംവദരായി ജീവിക്കുന്ന ദരിദ്രകോടികളെ സമുദ്ധരിക്കുന്നതിൽ നാം ഇനിയും വിജയം വരിച്ചിട്ടില്ല.

ഘടകപ്രത്യയങ്ങൾ (ഉം, ഓ) ഉപയോഗിക്കുമ്പോഴും സംയോജിപ്പിക്കുന്ന പദങ്ങളെ ഗണം തിരിച്ച് കാണിക്കേണ്ടിവരുമ്പോൾ ഗണങ്ങൾക്കിടയിൽ അല്പവിരാമ ചിഹ്നം ഉപയോഗിക്കണം.

ഉദാ :-

നൻമയും തിൻമയും, ഇരുട്ടും വെളിച്ചവും, ജനനവും മരണവും സഹാനുവർത്തികളായ പ്രതിഭാസങ്ങളാണല്ലൊ.

സംബന്ധത്തെ കാണിക്കുന്ന പ്രത്യയങ്ങളോ പദങ്ങളോ സ്പഷ്ടമായി ഉപയോഗിക്കാതെ വാക്യങ്ങളെ സംയോജിപ്പിക്കുമ്പോഴും അസ്പഷ്ടത ഇല്ലാതാക്കാൻ വേണ്ടി അല്പവിരാമചിഹ്നം ചേർത്ത് ഘടകവാക്യങ്ങളെ വേർതിരിച്ചു കാണിക്കുന്നതായിരിക്കും നല്ലത്.

ഉദാ:-

നമ്മുടെ രാജ്യത്തിൽനിന്ന് നമുക്ക് എന്ത് കിട്ടും എന്നല്ല, നമുക്ക് രാജ്യത്തിന് എന്തു കൊടുക്കാൻ കഴിയും എന്നായിരിക്കണം ദേശാഭിമാനമുള്ള പൗരർ ചിന്തിക്കേണ്ടത്.

നമുക്കത് ചെയ്യാനുള്ള കഴിവുണ്ടോ. അതാണിപ്പോൾ തീരുമാനിക്കേണ്ടത്.

പദങ്ങളെ വാക്യഘടനയിൽ അവയ്ക്കുള്ള സ്വാഭാവികമായ സ്ഥാനത്തുനിന്നും മാറ്റി വാക്യാവസാനത്തിൽ പ്രയോഗിക്കുമ്പോഴും അവയെ അല്പവിരാമചിഹ്നം ഉപയോഗിച്ച് കാണിക്കുന്നത് സൗകര്യമായിരിക്കും.

ഉദാ :-

വ്യാസഭാരതത്തിൻെറ ഭാഗമാണെങ്കിലും സ്വതന്ത്രമായ കൃതിയെന്ന നിലയിൽ പ്രചാരം നേടിയ ഒരു തത്വശാസ്ത്ര ഗ്രന്ഥമാണ്, ഭഗവദ്ഗീത.

ലോകസാഹിത്യങ്ങളിൽ അഗ്രഗണ്യമായൊരു സ്ഥാനമാണുള്ളത്, കാളിദാസൻെറ 'ശാകുന്തളം' നാടകത്തിന്. പതിന്നാലാം നൂറ്റാണ്ടിൽ രചിച്ചതും സംസ്കൃതത്തിൽ എഴുതിയതും മണിപ്രവാളലക്ഷണത്തെക്കുറിച്ചുള്ളതും ആയ ഒരു കാവ്യ ശാസ്ത്ര ഗ്രന്ഥമാണ്, 'ലീലാതിലകം'.

അച്ഛൻെറ സത്യപ്രതിജ്ഞ പരിപാലിക്കുന്നതിനുവേണ്ടി കാട്ടിലേക്ക് പുറപ്പെടാൻ തന്നെ തീരുമാനിച്ചു, ശ്രീരാമൻ.

വാക്യഘടനയിലെ പദങ്ങൾക്കെല്ലാം നിശ്ചിതങ്ങളായ ഘടനാബന്ധങ്ങൾ ഉണ്ടെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ ചില പദങ്ങൾ വാക്യത്തിലെ ഏതെങ്കിലുമൊരു പദത്തോടല്ല, വാക്യാർത്ഥം മുഴുവനോടുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. ഘടകപദങ്ങളെയല്ല ഇവിടെ പരാമർശിക്കുന്നത്. ഘടകപദങ്ങൾക്ക് വാക്യങ്ങളെ സംയോജിപ്പിക്കുക എന്ന ധർമമാണുള്ളത്. ഇവിടെ സൂചിപ്പിക്കുന്ന പദങ്ങൾക്ക് യോജിപ്പിക്കുക എന്ന ധർമമല്ല ഉള്ളത്. വാക്യം പ്രകാശിപ്പിക്കുന്ന സമഗ്രാർത്ഥവുമായാണ് ഇത്തരം പദങ്ങൾക്ക് ബന്ധം ഉള്ളത്. ഈ മാതിരി പദങ്ങളെ സൗകര്യത്തിനുവേണ്ടി വാക്യവിശേഷണങ്ങൾ എന്ന് വിളിക്കാം. വാക്യവിശേഷണങ്ങളെ അല്പവിരാമചിഹ്നം ഉപയോഗിച്ച് വേർതിരിച്ചു കാണിക്കുകയാണ് വേണ്ടത്.

ഉദ:-

ഒന്നാമതായി, നിലവിലുള്ള വ്യവസ്ഥയ്ക്കെതിരായി പ്രതിഷേധിക്കുന്നത് അച്ചടക്കത്തോടുകൂടിയായിരിക്കണം എന്ന് വിദ്യാർത്ഥികൾ മനസ്സിലാക്കണം.

അതേ, അയാൾ പറഞ്ഞത് സത്യമാണ്.

ചുരുക്കത്തിൽ, വിദ്യാർത്ഥികൾ അറിവ് വർദ്ധിപ്പിക്കുന്നതോടൊപ്പം ദേഹാരോഗ്യം നിലനിർത്തുകയും വേണം. അവസാനമായി, കലാപരിപാടികൾ ക്ഷമാപൂർവ്വം കണ്ടാസ്വദിച്ച നിങ്ങൾക്കെല്ലാം ഞങ്ങളുടെ ഹാർദമായ കൃതജ്ഞത.

ഈ വാക്യങ്ങളിലെ ഒന്നാമതായി, അതേ, ചുരുക്കത്തിൽ, അവസാനമായി എന്നീ പദങ്ങൾക്ക് അതാത് വാക്യങ്ങളിലെ ഏതെങ്കിലുമൊരു ഘടകപദവുമായി ആർത്ഥികബന്ധം (അർത്ഥപരമായ ബന്ധം) ഇല്ല എന്ന് മനസ്സിലാക്കാൻ വിഷമമില്ല. അതുകൊണ്ടാണ് അത്തരം പദങ്ങളെ വാക്യത്തിൽ അല്പവിരാമചിഹ്നം ഉപയോഗിച്ചു കാണിക്കണം എന്ന് നിർദേശിച്ചത്.

## 8-4. ചോദ്യചിഹ്നം (?) :

ചോദ്യാർത്ഥമുള്ള പൂർണവാക്യങ്ങളുടെ അവസാനം ചോദ്യചിഹ്നം ചേർക്കണം.

ഉദാ :

നീ എപ്പോൾ വന്നു?
ഇവിടെനിന്ന് കാശിക്ക് നേരിട്ട് വണ്ടി ഉണ്ടോ?
നമുക്ക് ഇക്കാര്യം അടുത്ത യോഗത്തിൽ തീരുമാനിച്ചാൽ പോരേ?
ഇത് മോളിയുടെ പേനയല്ലേ?

സങ്കീർണ്ണവാക്യത്തിൽ അംഗവാക്യങ്ങൾ ചോദ്യാർത്ഥമുള്ളതാണെങ്കിലും അവസാനം ചോദ്യചിഹ്നനം ചേർക്കില്ല..

ഉദാ :

ഞാൻ ടീമിൽ കളിക്കണോ എന്നത് സാറാണ് തീരു മാനിക്കേണ്ടത്.

നഫീസയുടെ സുഖക്കേട് ഭേദമായോ എന്ന് അമ്മ ചോദിച്ചു.

ഉദ്ധരണികൾക്കിടയിലാണ് ചോദ്യവാക്യങ്ങൾ അംഗവാക്യങ്ങളായി ഉപയോഗിക്കുന്നതെങ്കിൽ അവസാനം ചോദ്യചിഹ്നം വേർക്കണം.

ഉദാ :-

"എന്തു കരുതിയാണ് താങ്കൾ യുദ്ധം ചെയ്യാത്ത എന്നെ വരിച്ചത്?" എന്ന് കൃഷ്ണൻ അർജ്ജുനനോട് ചോദിച്ചു. എല്ലാവരോടുമായി "ആരാണ് ഈ ചതി ചെയ്തത്?" എന്ന് അയാൾ ചോദിച്ചു.

വ്യാകരണപരമായി ചോദ്യരൂപത്തിലല്ലാത്ത വാക്യങ്ങൾക്കു ശേഷവും, ആർത്ഥികമായി അവ ചോദ്യങ്ങളാണെങ്കിൽ, ചോദ്യചിഹ്നം ഉപയോഗിച്ച് ഉദ്ദിഷ്ടാർത്ഥം സ്പഷ്ടമാക്കാം.

ഉദാ:-

നിങ്ങൾക്ക് ഉടനെത്തന്നെ പോകണമെന്നില്ലല്ലോ?

രഹസ്യം നീ നേരത്തെത്തന്നെ അറിഞ്ഞു?

പ്രസ്താവിക്കുന്ന കാര്യങ്ങളെക്കുറിച്ച് സംശയം പ്രകടിപ്പിക്കണമെന്നുണ്ടെങ്കിൽ ഉചിതമായ സ്ഥാനത്ത് വലയങ്ങൾക്കുള്ളിൽ ചോദ്യചിഹ്നം ഇടാറുണ്ട്.

ഉദാ:-

വായനക്കാരെ അത്യധികം രസിപ്പിക്കുന്ന (?) ഒരു കൃതിയാണിതെന്ന് വിമർശകർ അഭിപ്രായപ്പെടുന്നു.

ക്രിസ്തുവിനുശേഷം നാലാം ശതകത്തിൽ (?) രചിക്കപ്പെട്ട 'തൊല്കാപ്പിയ'മാണ് തമിഴ്ഭാഷയിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥം.

## 8-5. ആശ്ചര്യ ചിഹ്നം (!) :

പ്രധാനമായും അത്ഭുതം എന്ന വികാരം പ്രകടിപ്പിക്കാനാണ് ആശ്ചര്യചിഹ്നം ഉപയോഗിച്ചു വരാറുള്ളതെങ്കിലും സന്തോഷം, വ്യസനം, പരിഹാസം മുതലായ വികാരങ്ങൾ പ്രകാശിപ്പിക്കാനും ഈ ചിഹ്നം പ്രയോഗിക്കാം.

ഉദാ :-

എത്ര മനോഹരമാണ് ഈ കാഴ്ച!

അങ്ങനെ ത്യാഗപൂർണമായ ആ മഹത്ജീവിതം എന്നെന്നേക്കുമായി അസ്തമിച്ചു!

പരീക്ഷയിൽ റാങ്ക് കിട്ടുമെന്നാണ് ആ മടയൻ വീമ്പു പറയുന്നത്!

ഈ അടുത്തകാലത്തായി സാഹിത്യകാരൻമാർക്ക് ആശ്ചര്യചിഹ്നത്തോട് വളരെയധികം പ്രിയം തോന്നിത്തുടങ്ങിയിട്ടുണ്ട്. ആശ്ചര്യചിഹ്നങ്ങൾ കുറെയധികം ഉപയോഗിച്ച് വികാരാധിക്യം പ്രകടിപ്പിക്കാനുള്ള ഈ വാസന എവിടെ ചെന്നവസാനിക്കും എന്നറിയില്ല. നോക്കുക, ചില പ്രയോഗങ്ങൾ:

അവൾ വിറച്ചു ! കണ്ണുകളിൽ തീപ്പൊരി പാറി !! അട്ടഹസിച്ചു !!! യക്ഷി !!!

ദാഹം ! അടങ്ങാത്ത ദാഹം !! പ്രപഞ്ചത്തെത്തന്നെ അകത്താക്കാനുള്ള ദാഹം !!!

വാക്കുകൾകൊണ്ട് വികാരപ്രകടനം നടത്താനാകാത്ത വരാണ് ചിഹ്നങ്ങൾ നിരത്തിവെക്കാൻ മുതിരുന്നത്.

## 8-6 അർദ്ധവിരാമം (;) :

അടുത്ത ബന്ധമുള്ള വ്യത്യസ്തവാക്യങ്ങൾക്കിടയിലാണ് സാധാരണമായി *അർദ്ധവിരാമചിഹ്നം* ഉപയോഗിക്കുന്നത്. വാക്യങ്ങൾ തമ്മിലുള്ള ബന്ധം ഘടകപദങ്ങൾകൊണ്ടും മറ്റും സ്പഷ്ടമാക്കുമ്പോൾ ഈ ചിഹ്നം ഒഴിവാക്കുകയായിരിക്കും ഉചിതം. മലയാളത്തെ സംബന്ധിച്ചേടത്തോളം അർദ്ധവിരാമ ചിഹ്നം പ്രയോഗിക്കേണ്ട സന്ദർഭങ്ങൾ വളരെ വിരളമാണ്.

ഉദാ:-

നിങ്ങൾക്ക് അഭിപ്രായം തുറന്നു പറയാം; ശക്തിയായ ഭാഷയിൽ പറയാം; ആരെയും ഭയപ്പെടണമെന്നില്ല; നിബന്ധനകളുടെ വേലിക്കെട്ടുകൾ നിങ്ങളെ തടസ്സപ്പെടുത്തുകയില്ല. എന്നാൽ പറയുന്ന അഭിപ്രായം മറ്റുള്ളവരെ അധിക്ഷേപിച്ചുകൊണ്ടാവരുത് എന്ന കാര്യം മറക്കരുത്.

അർദ്ധവിരാമചിഹ്നത്തിനുപകരം പൂർണവിരാമം ഉപയോഗിച്ചാലും തരക്കേടൊന്നുമില്ല.

## 8-7. അപൂർണവിരാമം (:) :

പിറകിൽ വിശദീകരണമാണ് വരുന്നത് എന്ന് കാണിക്കുകയാണ് *അപൂർണവിരാമ*ത്തിന്റെ ധർമം. ഈ ചിഹ്നത്തോട് ഒരു വരയും ചേർത്ത് :- എന്ന രീതിയും നടപ്പിലായിട്ടുണ്ട്. ഈ ഗ്രന്ഥത്തിലെ ഓരോ ശില്പത്തിനകത്തും ഉള്ള ഉപശീർഷകൾക്കുശേഷം അപൂർണവിരാമം ഉപയോഗിച്ചിട്ടുള്ളത് ശ്രദ്ധിക്കുക. ഉദാഹരണങ്ങളെ കാണിക്കുന്നതിന് മുമ്പായി 'ഉദാ:- എന്ന് എഴുതിയിരിക്കുന്നതും നോക്കുക. ഈ ചിഹ്നത്തിന്റെ ഉപയോഗക്രമത്തെ പ്രത്യേകം ഉദാഹരിച്ചുകാണിക്കേണ്ടതില്ല. പട്ടികരൂപത്തിൽ പല കാര്യങ്ങൾ എഴുതേണ്ടിവരുമ്പോഴും അപൂർണവിരാമചിഹ്നം ഉപയോഗിക്കാം.

ഉദാ:-

കുമാരനാശാന്റെ പ്രധാനപ്പെട്ട കൃതികൾ: കരുണ, നളിനി, ലീല, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, ചിന്താവിഷ്ടയായ സീത, വീണപൂവ്, പ്രരോദനം.

അദ്ധ്യാപകൻ പറഞ്ഞു: "എല്ലാവരും സയൻസ് പുസ്തകം തിങ്കളാഴ്ച കൊണ്ടുവരണം."

## ৪-৪. വലയങ്ങൾ ( ):

വാക്യം പ്രകാശിപ്പിക്കുന്ന അർത്ഥത്തിന്റെ ഏതെങ്കിലുമൊരു ഭാഗം വിശദീകരിക്കണമെങ്കിൽ വാക്യത്തിനകത്തു തന്നെ വലയങ്ങൾക്കുള്ളിൽ വിശദീകരണവാക്യം ചേർക്കാം.

ഉദാ :-

വാസ്തവത്തിൽ മന്ത്രി ആക്ഷേപകരമായി (അങ്ങനെ തെറ്റിദ്ധരിച്ചതാണ്) ഒന്നും പറഞ്ഞിട്ടില്ല.

അങ്ങനെ ഒരു പ്രതിഷേധത്തിൽനിന്നാണ് തുള്ളൽ (പിന്നീടത് മലയാളസാഹിത്യത്തിലെ എണ്ണപ്പെട്ട ഒരു പ്രസ്ഥാനമായിത്തീർന്നു) കലാരൂപത്തിൽ രംഗപ്രവേശം ചെയ്തത്.

മേലുദാഹരിച്ച സന്ദർഭങ്ങളിൽ വലയങ്ങൾക്കുപകരം വെറും രേഖകളും ഉപയോഗിക്കാം.

ഉദാ :-

വാസ്തവത്തിൽ മന്ത്രി ആക്ഷേപകരമായി - അങ്ങനെ തെറ്റിദ്ധരിച്ചതാണ് - ഒന്നും പറഞ്ഞിട്ടില്ല.

വലയങ്ങൾകൊണ്ടും രേഖകൾകൊണ്ടും വേർതിരിച്ചു കാണിക്കുന്ന വാക്യത്തിന് അത് ചേർന്നുനില്ക്കുന്ന പ്രധാനവാക്യവുമായി ഘടനാബന്ധം ഉണ്ടാവില്ല എന്ന് മനസ്സിലാക്കണം. മറ്റൊരാളുടെ അഭിപ്രായം ഉദ്ധരിക്കുമ്പോൾ ആ ആളാരാണെന്ന് വ്യക്തമാക്കുന്നതും വലയങ്ങളുപയോഗിച്ചാണ്.

ഉദാ :-

തിരിയാ ലോകരഹസ്യമാർക്കുമേ
(കുമാരനാശാൻ)
സംഭവാമിയുഗേ യുഗേ
(ഭഗവദ്ഗീത)

പാശ്ചാത്യ സാഹിത്യ സിദ്ധാന്തത്തിന്ന് അടിത്തറ പണിഞ്ഞത് അരിസ്റ്റോട്ടിൽ രചിച്ച 'പോയറ്റിക്സ്' (കാവ്യശാസ്ത്ര) എന്ന അമൂല്യഗ്രന്ഥമാണ്.

8-9. ഉദ്ധരണികൾ (' ' " ") :

ഒറ്റയും ഇരട്ടയുമായി രണ്ടു തരത്തിലുള്ള ഉദ്ധരണികൾ ഉണ്ട്. പറഞ്ഞ വാക്യങ്ങളെ അതേപടി പകർത്തുവാൻ ഇരട്ടയുദ്ധരണികൾ ഉപയോഗിക്കുന്നു.

ഉദാ :- മറിയം മുട്ടുകുത്തി പ്രാർത്ഥിച്ചു: "പിതാവേ, എന്നോട് ക്ഷമിക്കേണമേ".

വേറൊരാളുടെ അഭിപ്രായം, അയാൾ പറഞ്ഞതു പോലല്ലെങ്കിലും, ഉദ്ധരിക്കാൻവേണ്ടി ഒറ്റയുദ്ധരണിൽ ഉപയോഗിക്കുന്നു.

ഉദാ:-

'ഒരു ജാതി, ഒരു മതം, ഒരു ദൈവം' എന്നാണ് ശ്രീനാരായണഗുരു ഉദ്ബോധിപ്പിച്ചത്.

വാക്യത്തിലെ പദങ്ങളെ പ്രത്യേകമായെടുത്തു കാണിക്കാനും ഒറ്റയുദ്ധരണികൾ ഉപയോഗിക്കാം.

ഉദാ:-

പന്ത്രണ്ടാം നൂറ്റാണ്ടിൽ വിരചിതമായ 'രാമചരിതം' മലയാളസാഹിത്യത്തിലെ പ്രഥമഗ്രന്ഥമെന്ന നിലയിൽ സവിശേഷശ്രദ്ധ അർഹിക്കുന്നു.

ശത്രുക്കളെല്ലാം എനിക്ക് 'വേണ്ടപ്പെട്ടവരാ'ണ്. അവരാണ് എന്റെ ശക്തിക്ക് സാഫല്യം നേടിത്തരുന്നത്.

## 8-10. സംഗ്രഹം:

പൂർണവിരാമം, അല്പവിരാമം, ചോദ്യചിഹ്നം, ആശ്ചര്യചിഹ്നം അർദ്ധവിരാമം, അപൂർണവിരാമം, വലയങ്ങൾ എന്നീ ചിഹ്നങ്ങൾ ഉപയോഗിക്കേണ്ട വിധമാണ് ഈ ശില്പത്തിൽ വിവരിച്ചത്. പ്രത്യേകാവശ്യങ്ങൾക്ക്‌വേണ്ടി വേറേയും ചിഹ്നങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. ശാസ്ത്രവിഷയങ്ങൾ പ്രതിപാദിക്കുമ്പോൾ ഒട്ടേറെ സവിശേഷചിഹ്നങ്ങളും പ്രയോഗിക്കേണ്ടിവരും. അവയെക്കുറിച്ചൊന്നും ഇവിടെ വിസ്തരിക്കുന്നില്ല. മേൽപ്പറഞ്ഞ ചിഹ്നങ്ങൾക്കു പുറമെ വിട്ടുപോയ ഭാഗങ്ങൾ സൂചിപ്പിക്കുവാൻ കുത്തുകളിടുന്ന ഏർപ്പാടും നാം സ്വീകരിച്ചിട്ടുണ്ട്. 'ഉടൻ മഹാദേവി....... പാർശ്വസ്ഥനാകും പതിയോടുരച്ചാൾ' എന്നെഴുതിയാൽ ചില ഭാഗങ്ങൾ വിട്ടുകളഞ്ഞിരിക്കുന്നു എന്നർത്ഥം. ഈ രീതി പ്രത്യേക ചിഹ്നമല്ലാത്തതിനാൽ ചിഹ്നങ്ങളുടെ പട്ടികയിൽ പെടുത്തിയില്ലെന്നേ ഉള്ളു.

ചിഹ്നങ്ങൾ ഉപയോഗിക്കുമ്പോൾ എപ്പോഴും ശ്രദ്ധിക്കേണ്ട ഒരു കാര്യം എടുത്തു പറയേണ്ടതുണ്ട്. ആവശ്യമില്ലാത്തിടത്ത് ചിഹ്നം ചേർക്കാതിരിക്കുക. അർത്ഥസ്ഫുടതയ്ക്കും വിശദീകരണത്തിന്നുംവേണ്ടി മാത്രം ചിഹ്നങ്ങൾ ഉപയോഗിക്കുക. ഭാഷ ഉപയോഗിക്കുന്നത് പ്രധാനമായും ആശയവിനിമയത്തിനാണെന്ന് മറക്കാതിരിക്കുക.

TAMILNADU TEXTBOOK CORPORATION

LEARN THOROUGHLY

# മലയാള പാഠപുസ്തകം

(പദ്യവും ഗദ്യവും വ്യാകരണവും)

## +2 MALAYALAM
(POETRY, PROSE & GRAMMAR)

TAMILNADU TEXTBOOK CORPORATION · LEARN THOROUGHLY

**TAMILNADU**
**TEXTBOOK CORPORATION**
College Road, Chennai - 600 006

Indic Digital Archive Foundation
gpura.org